32nd Year of Service 2024

Price $1.00

# കേരളാ എക്സ്പ്രസ്
# KERALA EXPRESS

NOT OUR MERIT BUT HIS GRACE · KERALA EXPRESS

Weekly Newspaper National Edition from Chicago

3425 Cleveland St, Skokie, Illinois 60076, Tel: 630 728 7956 (24 Hrs.) e-Fax: 773 304 1917 Email: news@keralaexpress.com www.keralaexpress.com

April 26, 2024 | Vol. XXXII No. 17 | Periodicals Postage Paid






ചിക്കാഗോ മലയാളി അസ്സോസിയേഷൻ സംഘടിപ്പിച്ച കലാമേള പ്രസിഡണ്ട് ജെസ്സി റിൻസി ഉദ്ഘാടനം ചെയ്തപ്പോൾ. (ഇടത്തുനിന്ന്) അച്ചൻകുഞ്ഞ്, ഡോ. സൂസൻ ചാക്കോ, ഡോ. ബ്രിജിറ്റ് ജോർജ്, നിഷ സജി, ഷൈനി ഹരിദാസ്, സാറ അനിൽ, സെക്രട്ടറി ആൽവിൻ ഷിക്കോർ, കലാമേള ചെയർമാൻ സജി മാലിത്തുരുത്തേൽ, ജോഷി പൂവത്തൂർ, പ്രിൻസ് ചാക്കോ, വിവിഷ് ജേക്കബ്, സന്തോഷ് വി. ജോർജ്, ജോൺസൺ കണ്ണൂക്കാടൻ, കിഷോർ കണ്ണാല, ജെയ്ഡൻ ജോസ് എന്നിവരാണ് സമീപം. 1200–ൽപരം കുട്ടികൾ കലാമേളയിൽ പങ്കെടുത്തു. ഫോട്ടോ: മോനു വർഗീസ്

# KUNNATHA INJURY LAWYERS

**Free Consultation/Case Evaluation** | ATLANTA : 404 633 4200 | CHICAGO: 312 757 4700

**EXPERIENCE PERSONAL ATTENTION RESULTS**


Salu K. Kunnatha


Reena Emmanuel


Joshua Opdycke

Dedicated Lawyers Handling Serious Injuries and Wrongful Death Cases

Over 50 years of Combined Experience

No legal fees until we collect compensation for you

Millions recovered for our clients each year!

**ATLANTA**
1800 Century Boulevard NE,
Suite 1750
Atlanta, GA 30345
Ph: 404 633 4200

**CHICAGO**
708 Church St,
Suite 235
Evanston, IL 60201
Ph: 312 757 4700

www.kunnathalaw.com

# nella CONSULTING

ACCOUNTING | TAX | CONSULTING






**FOR ALL YOUR PERSONAL AND BUSINESS TAX SERVICES**

*FREE ELECTRONIC FILING*
*FULL TIME IN ACCOUNTING & TAX SERVICES*

**TOMY NELLAMATTAM, E.A.**
**Enrolled to Practice Before IRS**
Nella Consulting Inc
755 Milwaukee Ave, Glenview, IL 60025
**(847) 486-4112 (Office)**
**(847) 302-8556 (cell)**

Partner
**ALVIN NELLA, CPA, MBA**



32nd Year of Service 2024
NOT OUR MERIT BUT HIS GRACE · KERALA EXPRESS
Price $1.00
കേരളാ എക്സ്പ്രസ്
KERALA EXPRESS
Weekly Newspaper National Edition from Chicago
3425 Cleveland St, Skokie, Illinois 60076, Tel: 630 728 7956 (24 Hrs.) e-Fax: 773 304 1917 Email: news@keralaexpress.com www.keralaexpress.com

4 ഇലക്ടറൽ ബോണ്ട് വീണ്ടും കൊണ്ടുവരുമെന്ന്
6 ദക്ഷിണേന്ത്യയിൽനിന്നുള്ള എംപിമാരുടെ എണ്ണം കുറയും
8 കെ. ജി. ജയൻ ഓർമയായി
9 കേരളത്തിൽ പ്രചാരണം അവസാനഘട്ടത്തിലേക്ക്
22 സൈമൺ ചാമക്കാലയെ വിജയിപ്പിക്കണം

## കാൻഡിഡേറ്റ്സ് ചെസ് ടൂർണമെന്റിൽ ജേതാവായി ഡി. ഗുകേഷ്



കാനഡ: ലോക ചെസ് ചാംപ്യന്റെ എതിരാളിയെ നിശ്ചയിക്കുന്ന കാൻഡിഡേറ്റ്സ് ചെസിൽ ജേതാവായി ഇന്ത്യൻ താരം ഡി. ഗുകേഷ്. ടൂർണമെന്റിന്റെ ചരിത്രത്തിലെ പ്രായം കുറഞ്ഞ ചാംപ്യനാണ് പതിനേഴുകാരനായ ഗുകേഷ്. 14-ാം റൗണ്ടിൽ അമേരിക്കൻ താരം ഹികാരു നകാമുറയെ സമനിലയിൽ തളച്ചതോടെ ഒൻപത് പോയിന്റോടെയാണ് ഗുകേഷ് ഈ വർഷം അവസാനം നടക്കുന്ന ലോക ചെസ് ചാംപ്യൻഷിപ്പിന് യോഗ്യത നേടിയത്. ഗുകേഷിനെ അഭിനന്ദിച്ച മുൻ ചാംപ്യൻ വിശ്വനാഥൻ ആനന്ദ് അഭിമാനകരമായ നേട്ടമെന്ന് എക്സിൽ കുറിച്ചു.

2014-ൽ വിശ്വനാഥൻ ആനന്ദ് ജേതാവായ ശേഷം കാൻഡിഡേറ്റ്സ് ചെസ് ടൂർണമെന്റ് വിജയിക്കുന്ന രണ്ടാമത്തെ ഇന്ത്യക്കാരനെന്ന നേട്ടവും ഗുകേഷ് സ്വന്തമാക്കി. റഷ്യയുടെ യാൻ നെപ്പോമ്നിഷിയും ടോപ് സീഡായ അമേരിക്കയുടെ ഫാബിയോ കരുവാനയും തമ്മിലുള്ള മത്സരം സമനിലയിൽ അവസാനിച്ചതും ഗുകേഷിന് നേട്ടമായി. (ശേഷം 24-ാം പേജിൽ)

## മോദിയുടെ മുസ്ലീം വിരുദ്ധ പ്രസ്താവനയ്ക്കെതിരെ പ്രതിഷേധം



ന്യൂഡൽഹി: ഇന്ത്യയുടെ സ്വത്ത് മുസ്ലിങ്ങൾക്ക് കോൺഗ്രസ് നൽകുമെന്ന പ്രധാനമന്ത്രി നരേന്ദ്രമോദിയുടെ പ്രസ്താവനയ്ക്കെതിരെ കോൺഗ്രസ് പരാതി നൽകും. ആദ്യഘട്ട വോട്ടെടുപ്പിലെ തിരിച്ചടി മനസിലാക്കി മോദി വർഗീയ കാർഡ് ഇറക്കുകയാണെന്നു കോൺഗ്രസ് ആരോപിച്ചു.

ഇന്ത്യയിലെ സമ്പത്തിന്റെ പ്രധാന അവകാശികൾ മുസ്ലീങ്ങളാണെന്നാണു മുൻപ് ഭരിച്ചിരുന്നവർ പറഞ്ഞിരുന്നതെന്നും ഇന്ത്യയുടെ സമ്പത്ത് കൂടുതൽ മക്കളുള്ളവർക്ക് നൽകണമോ എന്നുമുള്ള മോദിയുടെ ചോദ്യമാണ് വിവാദത്തിലായത്. സ്ത്രീകളുടെ താലിയും സ്വർണവും തട്ടിയെടുത്ത് കൂടുതൽ കുട്ടികളുള്ളവർക്ക് വിതരണം ചെയ്യാനാണ് കോൺഗ്രസ് ആഗ്രഹിക്കുന്നത്. അനധികൃത കുടിയേറ്റക്കാർക്ക് സമ്പത്ത് നൽകേണ്ടതുണ്ടോ എന്നും മോദി ഉന്നയിച്ചു. മോദിയുടെ മുസ്ലിം വിരുദ്ധ പരാമർശത്തിനെതിരെ സമൂഹമാധ്യമങ്ങളിൽ വിമർശനം ശക്തമാണ്.

# റാഞ്ചിയിൽ ഇന്ത്യാ മുന്നണിയുടെ ശക്തിപ്രകടനം

റാഞ്ചി: പ്രതിപക്ഷത്തെ അടിച്ചമർത്താനുള്ള കേന്ദ്രസർക്കാർ നീക്കങ്ങൾ എണ്ണിപ്പറഞ്ഞ് ജാർഖണ്ഡ് തലസ്ഥാനമായ റാഞ്ചിയിൽ പ്രതിപക്ഷ കക്ഷികളുടെ പടുകൂറ്റൻ റാലി. റാഞ്ചിയിലെ പ്രഭാത് താര മൈതാനത്ത് നടന്ന റാലിയിൽ പ്രതിപക്ഷ നേതാക്കൾക്കൊപ്പം ജെഎംഎം നേതാവ് ഹേമന്ത് സോറന്റെ ഭാര്യ കൽപനയുടെയും ഡൽഹി മുഖ്യമന്ത്രി അരവിന്ദ് കെജ്രിവാളിന്റെ ഭാര്യ സുനിതയുടെയും സാന്നിധ്യം ശ്രദ്ധേയമായി.



റാഞ്ചിയിൽ പ്രതിപക്ഷ സഖ്യമായ ഇന്ത്യ മുന്നണിയുടെ ആഭിമുഖ്യത്തിൽ നടന്ന റാലിയെ അഭിവാദ്യം ചെയ്ത് നേതാക്കൾ കൈകോർത്തപ്പോൾ

കേന്ദ്രസർക്കാരിനെയും പ്രധാനമന്ത്രി നരേന്ദ്ര മോദിയെയും രൂക്ഷമായി വിമർശിച്ച് കോൺഗ്രസ് അധ്യക്ഷൻ മല്ലികാർജുൻ ഖാർഗെയാണ് ആദ്യം സംസാരിച്ചത്.

പ്രതിപക്ഷ സഖ്യം ഉപേക്ഷിക്കുന്നതിനായി ഹേമന്ത് സോറനെ ബിജെപി സമ്മർദത്തിലാക്കിയെന്നു കുറ്റപ്പെടുത്തിയ ഖാർഗെ സോറൻ ധീരനായ നേതാവായതിനാൽ മുന്നണി വിടുന്നതിനു പകരം ജയിലിൽപോകുകയായിരുന്നുവെന്നും പറഞ്ഞു.

രാമക്ഷേത്രത്തിന്റെ പ്രതിഷ്ഠാ ചടങ്ങിലും പാർലമെന്റ് മന്ദിരത്തിന്റെ ഉദ്ഘാടന ചടങ്ങിലും മാറ്റിനിർത്തുക വഴി രാഷ്ട്രപതി ദ്രൗപദി മുർമുവിനെയും ഇന്ത്യയിലെ ദളിതരെയും പ്രധാനമന്ത്രി അവഹേളിച്ചുവെന്നും ഖാർഗെ ആരോപിച്ചു. ഇന്ത്യയിലെ ദളിതർക്കും പിന്നാക്കവിഭാഗങ്ങൾക്കും ബിജെപി ഭരണത്തിൽ അവഗണന മാത്രമേ ലഭിക്കൂ എന്നുപറഞ്ഞ അദ്ദേഹം ഇത്തവണ തെരഞ്ഞെടുപ്പിൽ ബിജെപി മുന്നണി 180 സീറ്റുകളിൽ ഒതുങ്ങുമെന്നും അഭിപ്രായപ്പെട്ടു.

കെജ്രിവാളിനെ ജയിലിൽവെച്ച് വധിക്കാൻ ശ്രമം നടക്കുന്നുവെന്ന ആം ആദ്മി പാർട്ടിയുടെ ആരോപണം റാലി അഭിസംബോധന ചെയ്ത സുനിത കെജ്രിവാൾ ആവർത്തിച്ചു.

“കെജ്രിവാളിന് ജയിലിൽ ഇൻസുലിൻവരെ നിഷേധിക്കുകയാണ്. അദ്ദേഹത്തിന്റെ ഭക്ഷണം പോലും നിരീക്ഷിക്കപ്പെടുകയാണ്. (ശേഷം 24-ാം പേജിൽ)

## കേരളത്തിൽ അവസാനഘട്ട പ്രചാരണം ആവേശമാക്കി മുന്നണികൾ

തിരുവനന്തപുരം: ഏപ്രിൽ 26-ന് നടക്കുന്ന ലോക്സഭാ തെരഞ്ഞെടുപ്പിന്റെ കൊട്ടിക്കലാശത്തിന് രണ്ട്നാൾ മാ



ത്രം അവശേഷിക്കെ പ്രചാരണം കൂടുതൽ ശക്തമാക്കി മുന്നണികളുടെ തേരോട്ടം. ബുധനാഴ്ചയാണ് കൊട്ടിക്കലാശം. മൈക്ക് സ്ക്വാഡുകളും കലാപരിപാടികളുമായി കൊഴുപ്പേറുന്ന പ്രചാരണമാണ് മൂന്ന് മുന്നണികളും നടത്തുന്നത്. ഓരോദിവസവും സംഭവിച്ചുകൊണ്ടിരിക്കുന്ന സംഭവവികാസങ്ങൾ തങ്ങൾക്ക് അനുകൂലമാക്കി മാറ്റാനുള്ള ശ്രമത്തിലാണ് മുന്നണികൾ.

തൃശൂർ പൂരത്തോടനുബന്ധിച്ച് നടന്ന അനിഷ്ട സംഭവങ്ങളാണ് ഇപ്പോൾ ഏറെ ചർച്ചയായി മാറിയിരിക്കുന്നത്. മൂന്ന് മുന്നണികളും രാഷ്ട്രീയ ആരോപണങ്ങളും പ്രത്യാരോപണങ്ങളും ഉന്നയിക്കുകയാണ്. പൂരത്തിലുണ്ടായ അനിഷ്ടസംഭവങ്ങളിൽ പൂരപ്രേമികൾ അസ്വസ്ഥരാണെന്ന് അറിയാവുന്ന മുന്നണികൾ വോട്ടാക്കി മാറ്റാനാണ് ശ്രമിക്കുന്നത്. സംഭവം എൽഡിഎഫിനെ പ്രതിരോധത്തിലാക്കിയിരിക്കുകയാണ്.

തെരഞ്ഞെടുപ്പിന്റെ അഭിപ്രായ സർവേകളിൽ സംസ്ഥാനത്ത് യുഡിഎഫിന് (ശേഷം 24-ാം പേജിൽ)



# സിഎഎ റദ്ദാക്കുമെന്നു പ്രിയങ്ക ഗാന്ധി

പത്തനംതിട്ട: കോൺഗ്രസ് അധികാരത്തിലെത്തിയാൽ പൗരത്വ ഭേദഗതി നിയമം (സിഎഎ) റദ്ദാക്കുമെന്ന് എഐസിസി ജനറൽ സെക്രട്ടറി പ്രിയങ്ക ഗാന്ധി പറഞ്ഞു. പത്തനംതിട്ട മണ്ഡലത്തിലെ യുഡിഎഫ് സ്ഥാനാർത്ഥി ആന്റോ ആന്റണിയുടെ പ്രചാരണയോഗം ഉദ്ഘാടനം ചെയ്തു സംസാരിക്കുകയായിരുന്നു അവർ. മുഖ്യമന്ത്രി പിണറായി വിജയനെ പ്രിയങ്ക രൂക്ഷമായി വിമർശിച്ചു. "എതിർടീമുമായി ഒത്തുകളിക്കുന്ന ഒരാളുണ്ടെങ്കിൽ ഒരിക്കലും ഫുട്ബോൾ മത്സരം ജയിക്കാൻ കഴിയില്ല. മുഖ്യമന്ത്രി ബിജെപിയുമായി ഒത്തുകളിക്കുകയാണ്. രാഹുൽ ഗാന്ധിയെയും കോൺഗ്രസിനെയും മാത്രമാണ് മുഖ്യമന്ത്രി ആക്രമിക്കുന്നത്. അദ്ദേഹം ബിജെപിക്കെതിരെ ഒരക്ഷരം മിണ്ടുന്നില്ല. മുഖ്യമന്ത്രിയുടെ പേര് പല അഴിമതിക്കേസുകളിലും ഉയർന്നുവന്നിട്ടുണ്ട്. ലൈഫ്മിഷൻ, സ്വർണ്ണക്കടത്ത് തുടങ്ങി ഒട്ടേറെ അഴിമതിക്കേസുകളിൽ ഉൾപ്പെട്ടിട്ടും എന്തുകൊണ്ടാണ് നരേന്ദ്രമോദി സർക്കാർ അദ്ദേഹത്തിനെതിരെ കേസ് എടുക്കുകയോ റെയ്ഡ് നടത്തുകയോ ചെയ്യാത്തത്? കഴിഞ്ഞ തെരഞ്ഞെടുപ്പുകാലത്ത് കേരളത്തിലെ ബിജെപി പ്രസിഡണ്ടിനെ കൈയിൽ കോടികളുമായി പിടികൂടി. അദ്ദേഹത്തിനെതിരെ സംസ്ഥാന സർക്കാർ ഒരു നടപടിയും എടുത്തില്ല" പ്രിയങ്ക പറഞ്ഞു.



രാജ്യത്ത് ഏറ്റവും കൂടുതൽ ഇന്ധനവില കേരളത്തിലാണ്. നെല്ലിനും ന്യായവില ലഭിക്കുന്നില്ല. മത്സ്യത്തൊഴിലാളികൾക്ക് ഒരു സഹായവും കിട്ടുന്നില്ല. യുവജനങ്ങളിൽ മൂന്നിൽ ഒരാൾക്ക് കേരളത്തിൽ തൊഴിലില്ല. പാർട്ടിക്കാർക്കു മാത്രമാണ് കേരളത്തിൽ ജോലി ലഭിക്കുന്നത്. 21 ലക്ഷം മലയാളികൾ കേരളത്തിനു പുറത്തു ജോലി ചെയ്യുന്നുവെന്നാണ് കണക്ക്. നാട്ടിൽ ജോലിയുണ്ടായിരുന്നെങ്കിൽ ഇവരാരും സ്വന്തം രാജ്യം വിട്ടുപോകില്ലായിരുന്നു. ഇക്കാര്യത്തിൽ മുഖ്യമന്ത്രിയും കേന്ദ്രസർക്കാരും നിശബ്ദരാണ്. റഷ്യയിലെ കൂലിപ്പട്ടാളത്തിൽ ചേരാൻ പോലും യുവാക്കൾ നിർബന്ധിതരാകുന്ന ഗുരുതരമായ സ്ഥിതിവിശേഷമാണ് കേരളത്തിലുള്ളതെന്നും പ്രിയങ്ക ഗാന്ധി പറഞ്ഞു.

# ഇലക്ടറൽ ബോണ്ട് വീണ്ടും കൊണ്ടുവരുമെന്ന് നിർമ്മലാ സീതാരാമൻ

ന്യൂഡൽഹി: കേന്ദ്രത്തിൽ വീണ്ടും അധികാരത്തിൽ എത്തിയാൽ ബിജെപി സർക്കാർ ഇലക്ടറൽ ബോണ്ട് തിരികെ കൊണ്ടുവരുമെന്ന് കേന്ദ്ര ധനമന്ത്രി നിർമ്മല സീതാരാമൻ. ഇലക്ടറൽ ബോണ്ടുകൾ ഭരണഘടനാവിരുദ്ധവും നിയമവിരുദ്ധവുമാണെന്ന് സുപ്രീംകോടതി വിധിച്ചതാണെന്നും പൊതുജനത്തിൽ നിന്ന് 4 ലക്ഷം കോടി രൂപ തട്ടിയെടുത്ത കൊള്ള തുടരാനാണ് ബിജെപിയുടെ ശ്രമമെന്നും കോൺഗ്രസ് ദേശീയ ജനറൽ സെക്രട്ടറി ജയറാം രമേശ് കുറ്റപ്പെടുത്തി.

ഇലക്ടറൽ ബോണ്ട് വഴി കോൺഗ്രസിനും പണം ലഭിച്ചെന്നും അതും കൊള്ളയാണെന്നു രാഹുൽ ഗാന്ധി സമ്മതിക്കുമോയെന്നും കേന്ദ്ര ആഭ്യന്തരമന്ത്രി അമിത് ഷാ ചോദിച്ചു.

ബിജെപിയും കോൺഗ്രസും കൊണ്ടും കൊടുത്തും രംഗത്തിറങ്ങിയതോടെ ഇരുകക്ഷികളും തമ്മിലുള്ള മുഖ്യ പോരാട്ടങ്ങളിലൊന്നായി ഇലക്ടറൽ ബോണ്ട് മാറി. വിഷയം ലോക്സഭാ തെരഞ്ഞെടുപ്പിൽ ബിജെപിക്കെതിരെ കോൺഗ്രസ് പ്രചാരണായുധമാക്കിയതിനു പിന്നാലെയാണ് അതിൽനിന്ന് പിന്നോട്ടില്ലെന്ന് നിർമ്മല വ്യക്തമാക്കിയത്.



വിശദമായ ചർച്ചകൾക്കുശേഷം മറ്റൊരു രീതിയിൽ ഇലക്ടറൽ ബോണ്ട് തിരികെ കൊണ്ടുവരുമെന്നാണ് നിർമ്മല പറഞ്ഞത്.എല്ലാവർക്കും സ്വീകാര്യമാകുംവിധം എന്തൊക്കെ മാറ്റങ്ങൾ വേണമെന്നു പരിശോധിക്കും. ഇലക്ടറൽ ബോണ്ടുകളിലെ സുതാര്യത ഉറപ്പാക്കുമെന്നും കള്ളപ്പണം തടയുമെന്നും നിർമ്മല കൂട്ടിച്ചേർത്തു.

ഇലക്ടറൽ ബോണ്ടിൽ ക്രമക്കേടില്ലെന്നു പ്രധാനമന്ത്രി നരേന്ദ്ര മോദിയും ബിജെപിയും മുമ്പ് അവകാശപ്പെട്ടിട്ടുണ്ടെങ്കിലും ഒരുപടികൂടി കടന്ന്, അധികാരത്തിലെത്തിയാൽ അതു തിരികെ കൊണ്ടുവരുമെന്നാണ് നിർമല പറഞ്ഞത്.

ഇത് ദേശീയതലത്തിൽ ചർച്ചയാക്കാനാണ് കോൺഗ്രസ് തീരുമാനം. രാജ്യം കണ്ട ഏറ്റവും വലിയ അഴിമതിയാണ് ഇലക്ടറൽ ബോണ്ടെന്നും വീണ്ടും അധികാരത്തിലെത്തിയാൽ ബിജെപി അതുമായി മുമ്പോട്ടു പോകുമെന്നുമുള്ള പ്രചാരണം വരും ദിവസങ്ങളിൽശക്തമാക്കുമെന്നും കോൺഗ്രസ് വൃത്തങ്ങൾ പറഞ്ഞു.

# തൃശൂർ പൂരം അലങ്കോലപ്പെടുത്തൽ: പോലീസ് കമ്മീഷണർക്കെതിരെ നടപടി

തിരുവനന്തപുരം: തൃശൂർ പൂരം നടത്തിപ്പിൽ പോലീസിനു വീഴ്ചയെന്നു സ്പെഷൽ ബ്രാഞ്ച് റിപ്പോർട്ട്. കടുത്ത നിയന്ത്രണം ഏർപ്പെടുത്തിയതിനെതിരെ വിമർശനം ഉയർന്നതിനിടെയാണു റിപ്പോർട്ടിലെ സൂചനകളും പുറത്തുവന്നത്.

തൃശൂർ സിറ്റി പോലീസ് കമ്മീഷണർക്ക് ലോ ആൻഡ് ഓർഡർ കൈകാര്യം ചെയ്തു പരിചയമില്ലെന്ന് ജില്ലയിലെ ചില പോലീസുകാർതന്നെ ചൂണ്ടിക്കാട്ടി. തൃശൂർ പൂരം പോലെയുള്ള ആഘോഷത്തിന്റെ പ്രാധാന്യം അറിയാത്തതും ഉത്തരവാദപ്പെട്ട മറ്റുദ്യോഗസ്ഥർ കമ്മീഷണറെ വിവരം ധരിപ്പിക്കാതിരുന്നതും പ്രശ്നം വഷളാക്കി. കമ്മീഷണറുടെ പ്രവൃത്തിമൂലം തങ്ങൾക്കും പഴികേൾക്കേണ്ടിവന്നെന്ന പരാതിയും പോലീസിനുള്ളിൽനിന്ന് ഉയർന്നു. പൂരത്തോടനുബന്ധിച്ചു മന്ത്രിമാരടക്കം പങ്കെടുക്കുന്ന യോഗത്തിനൊപ്പം സുരക്ഷാ ക്രമീകരണങ്ങൾക്കായി ഐജിയുടെ നിയന്ത്രണത്തിൽ സിഐമാർ വരെയുള്ള ഉദ്യോഗസ്ഥർക്കും മറ്റു സേനാംഗങ്ങൾക്കും പൂരച്ചടങ്ങുകളെക്കുറിച്ചും സമയക്രമങ്ങളെക്കുറിച്ചും വിശദീകരിക്കാൻ പോലീസ് പ്രത്യേകം യോഗങ്ങൾ ചേരാറുണ്ട്. ഇക്കുറി മേലുദ്യോഗസ്ഥർക്കു മാത്രമാണു ഡ്യൂട്ടി ബ്രീഫിംഗ് നടത്തിയത്.



അങ്കിത് അശോകൻ

പോലീസ് ഇടപെടലിലൂടെ തൃശൂർ പൂരം അലങ്കോലപ്പെട്ടതിനു കമ്മീഷണർ അങ്കിത് അശോകൻ, അസിസ്റ്റന്റ് കമ്മീഷണർ കെ. സുദർശൻ എന്നിവരെ അടിയന്തരമായി സ്ഥലം മാറ്റാൻ മുഖ്യമന്ത്രി നിർദേശിച്ചു. തെരഞ്ഞെടുപ്പ് കമ്മീഷന്റെ അനുവാദത്തോടുകൂടിയാകും നടപടി. പകരം കമ്മീഷണറായി നിയമിക്കാൻ മൂന്ന് ഉദ്യോഗസ്ഥരുടെ പേരു തെരഞ്ഞെടുപ്പു കമ്മീഷന് ആഭ്യന്തരവകുപ്പു കൈമാറി.

പോലീസ് നടപടികളെക്കുറിച്ചുള്ള പരാതികൾ ക്രമസമാധാനച്ചുമതലയുള്ള എഡിജിപി എം.ആർ. അജിത് കുമാർ അന്വേഷിക്കും. ഇതു സംബന്ധിച്ച നിർദേശം എഡിജിപിക്കു കൈമാറി. ഒരാഴ്ചയ്ക്കകം റിപ്പോർട്ട് നൽകാൻ പോലീസ് മേധാവിക്കു മുഖ്യമന്ത്രി പിണറായി വിജയൻ നിർദേശം നൽകി. പൂരത്തിലുണ്ടായ വീഴ്ച സംബന്ധിച്ച് ഇന്റലിജൻസ് മേധാവി എഡിജിപി മനോജ് ഏബ്രഹാം ആഭ്യന്തരവകുപ്പിനു വിശദമായ റിപ്പോർട്ട് നൽകിയതിന്റെ അടിസ്ഥാനത്തിലാണു നടപടി. മന്ത്രി കെ. രാജന്റെ ശക്തമായ ഇടപെടലും അതിവേഗ നടപടിക്കു കാരണമായി.

എഡിജിപി എം.ആർ. അജിത്കുമാർ തൃശൂരിൽ ഉണ്ടായിരുന്നിട്ടും പൂരസമയത്തെ തർക്കങ്ങൾ അദ്ദേഹത്തെ അറിയിച്ചില്ല എന്നതും പോലീസിന്റെ വീഴ്ചയായി ആഭ്യന്തരവകുപ്പ് വിലയിരുത്തി. ഡിഐജിയും ഐജിയും സംഭവത്തിലിടപെടാൻ വൈകിയെന്നും വിമർശനമുയർന്നു.

# ഭർതൃമാതാവിന്റെ വോട്ട് മരുമകൾ ചെയ്തു; ഉദ്യോഗസ്ഥർക്ക് സസ്പെൻഷൻ

ഇലവുംതിട്ട: വീട്ടിലെത്തി വോട്ട് ചെയ്യിക്കുന്നതിനിടെ ഭർതൃമാതാവിന്റെ വോട്ട് മരുമകൾ ചെയ്ത സംഭവത്തിൽ പോളിങ് ഉദ്യോഗസ്ഥർ, ബിഎൽഒ എന്നിവരെ അന്വേഷണവിധേയമായി സസ്പെൻഡ് ചെയ്തതായി പത്തനംതിട്ട ജില്ലാ തെരഞ്ഞെടുപ്പ് ഓഫീസർ കളക്ടർ എസ്. പ്രേം കൃഷ്ണൻ അറിയിച്ചു. ഏപ്രിൽ 19-നാണ് സംഭവം. നാല് വർഷം മുൻപ് മരിച്ച കാരിത്തോട്ട വാഴയിൽ വടക്കേചരുവിൽ അന്നമ്മ ജോർജിന്റെ വോട്ട് മരുമകൾ അന്നമ്മ മാത്യു ചെയ്തെന്നു കാട്ടി എൽഡിഎഫ് ബൂത്ത് സെക്രട്ടറി സി.കെ. ജയ 20-ന് കളക്ടർക്കു പരാതി നൽകിയിരുന്നു. സ്പെഷൽ പോൾ ഓഫീസർമാരായ എ. ദീപ, കല എസ്. തോമസ്, ബിഎൽഒ പി. അമ്പിളി എന്നിവരെയാണു സസ്പെൻഡ് ചെയ്തത്.

അന്നമ്മ ജോർജ് മരിച്ചെങ്കിലും വോട്ടർപട്ടികയിൽനിന്നു പേരു നീക്കം ചെയ്തിട്ടില്ല. മെഴുവേലി 144-ാം ബൂത്ത് 874-ാം ക്രമനമ്പരിൽ പേര് ഇപ്പോഴുമുണ്ട്. കിടപ്പുരോഗിയായ മരുമകളുടെ പേരിലാണ് (ക്രമനമ്പർ 876) വീട്ടിലെ വോട്ടിന് അപേക്ഷ നൽകിയിരുന്നത്. മരുമകളുടെ പേരും മരിച്ച ആളുടെ പേരും അന്നമ്മയെന്നായതിനാൽ മാറിപ്പോയെന്നാണ് ബിഎൽഒ പി. അമ്പിളി പറയുന്നത്. വോട്ട് പരസ്പരം മാറിപ്പോയതാണെന്നും അതു ശ്രദ്ധയിൽപ്പെട്ടില്ലെന്നു വീട്ടുകാരും പറയുന്നു.

അന്നമ്മ മാത്യുവിന്റെ പേരിൽ ക്രിമിനൽ കേസ് രജിസ്റ്റർ ചെയ്യുന്നതിനു ജില്ലാ പോലീസ് മേധാവിക്കു നിർദേശം നൽകിയതായും കളക്ടർ അറിയിച്ചു. ബിഎൽഒ പി. അമ്പിളി, വോട്ട് ചെയ്ത സമയം സ്ഥലത്തുണ്ടായിരുന്നെന്നു പരാതിയിൽ ആരോപിക്കപ്പെടുന്ന കോൺഗ്രസ് പ്രതിനിധി മെഴുവേലി പഞ്ചായത്തംഗം സി. ശുഭാനന്ദൻ എന്നിവർക്കെതിരെ പോലീസ് കേസ് എടുത്തു.

കേരളാ എക്സ്പ്രസ്
KERALA EXPRESS
അമേരിക്കൻ മലയാളികളുടെ സമ്പൂർണ്ണ വാർത്താവാരിക
Weekly Newspaper National Edition From Chicago
3425 Cleveland St,
Skokie, Illinois 60076
Tel: 630 728 7956
eFax: 773.304.1917
Volume XXXII
Number 17
April 26, 2024

*Chief Editor*
K.M. Eapen
*Executive Editor*
Jose Kaniyaly
*Managing Editors*
Joseph Mathew
K.O. Jose, C.P.A.
Titus Eapen
*Circulation Manager*
Ajith Eapen
*Office Administration*
Anish Eapen

*Legal Advisor*
Selma C. D'souza
*Manager*
K.M. Thimothy
*Overseas Office*
KERALA EXPRESS
KMC 172-A
C.M.S. College Jn.
Kottayam - 686001
Kerala, India
Tel : + 91 481-2561203

*Co-ordinating Editor*
Mani Samuel
*News Editor*
Mini Mani
*Graphics*
Samuel Mani
*Consultant Editor*
Prof. Babu Poozhikunnel
*Special Correspondent*
Anil Pennukkara

KERALA EXPRESS (USPS 011-008)
is published Weekly for $54.00 per year
by Grace Publications, Inc.
3425 Cleveland St,
Skokie, Illinois 60076.

**Periodicals Postage Paid Chicago, Illinois and additional mailing offices**

**POST MASTER:**
Send Address Changes to
Kerala Express, Grace Publications, Inc.
3425 Cleveland St,
Skokie, Illinois 60076.

DISCLAIMER
The advertisements and articles published in Kerala Express denote the views and ideas expressed by the concerned authors or advertisers. Kerala Express is not responsible for the authenticity of articles or advertisements and readers are requested to verify any offers etc. directly with advertiser or author.

**മഹദ്വചനം**

നീ പുഞ്ചിരിക്കുന്നില്ലെങ്കിൽ നിന്റെ വസ്ത്രധാരണം പൂർണമല്ല.
**ഷേക്സ്പിയർ**

എല്ലാ കാര്യങ്ങളും നേരേയാക്കുന്നവളാണ് പുഞ്ചിരി.
**ഫിലിസ് ഡില്ലർ**


JAIBU MATHEW KULANGARA
& ASSOCIATES
For Personal & Business
TAX SERVICE
Jaibu Mathew Kulangara, E.A.
Entrolled to Practice before IRS
Christine Mathew
Lead Associate
7215 W.Touhy,
Suite 6
CHICAGO, IL 60631
773 792 2117 OFFICE
847 298 0786 HOME
312 718 6337 CELL
773 792 2118 FAX
E-mail:tax@jaibu.com
Web:www.jaibu.com
TAX
Free Electronic Filing


Michael Crifase
Steve Crifase
LIFE MEMBER
MILLION DOLLAR ADVOCATES FORUM
The Top Trial Lawyers In America™
Trusted Representation
Achieves Aggressive Financial Results
★Over $ 50M Recovered and Collected For Our Clients
★Top AV Peer Review Rated Since 1991 For Pre-eminent Legal Ability and Professional Ethics
★Free Confidential Consultation On All Matters Home Visits Available
★Personal Injuries-Wrongful Death - Work Injuries
Your call is Always Welcome
Crifase Law Firm
Michael Crifase and Steven Crifase
Crifase Law Firm, Ltd.
8 S. Michigan Avenue, Suite 2000
Chicago, IL 60603
312-855-0511
Serious Lawyers For Serious Cases
Call Today To See What Your Case Is Really Worth
Recent Financial Recoveries
For Our Clients And Their Families
$1,500,000.00 Jury Verdict Car Crash Neck Injury
$5,000,000.00 Car Crash – Brain Injury
$700,000.00 Medical Malpractice Stillborn Baby
$1,500,000.00 Wrongful Death – Car Crash
$750,000.00 Medical Malpractice – Fetal Injury
$600,000.00 Medical Malpractice – Fetal Injury
$200,000.00 Work Injury – Shoulder Surgery
$149,000.00 Slip and Fall – Knee Injury
$239,000.00 Work Injury – Shoulder Surgery
$190,000.00 Car Crash – Back Injury
$338,000.00 Work Injury – Shoulder/Wrist Surgery
We Want A Long Term Relationship With You
Steve Crifase
http://www.crifaselaw.com/
Steve@CrifaseLaw.com
Michael@CrifaseLaw.com
Crifase Law Firm, Ltd.
8 S. Michigan Avenue, Suite 2000
Chicago IL 60603
Phone: (312) 855-0511,
Fax: (312) 855- 0537
A+ Rating
BBB Better Business Bureau
AV PREEMINENT
Peer Rated for Highest Level of Professional Excellence 2018

കേരളാ എക്സ്പ്രസ്
KERALA EXPRESS
അമേരിക്കൻ മലയാളികളുടെ സമ്പൂർണ്ണ വാർത്താവാരിക
Weekly Newspaper National Edition From Chicago

## ഇന്ത്യ തെരഞ്ഞെടുപ്പ് ഗോദയിലേക്ക്

ഏഴു ഘട്ടമായി നടക്കുന്ന ലോക്സഭാ തെരഞ്ഞെടുപ്പിൽ നിർണായക തെരഞ്ഞെടുപ്പിന്റെ ആവേശത്തിലാണ് ഇന്ത്യ. ജനാധിപത്യ പ്രക്രിയയിലെ ഏറ്റവും വലിയ പരീക്ഷയ്ക്കുള്ള തയാറെടുപ്പുകൾ പുരോഗമിക്കുമ്പോൾ വോട്ടർമാരുടെ പ്രതികരണം അറിയാനുള്ള ആകാംക്ഷ രാഷ്ട്രീയ മാപിനിയിൽ ചൂട് വർധിപ്പിച്ചിരിക്കുന്നു. ആദ്യ ഘട്ട തെരഞ്ഞെടുപ്പിലെ വോട്ടിങ് ഒരു ട്രെൻഡ് ആയി മാറാനുള്ള സാധ്യതയുണ്ടെന്നിരിക്കെ മികച്ചൊരു തുടക്കമാണ് രാഷ്ട്രീയപാർട്ടികളുടെയും നേതാക്കളുടെയും പ്രതീക്ഷ. തെരഞ്ഞെടുപ്പുകളോട് ഇന്ത്യയിലെ യുവജനങ്ങൾക്കു താൽപര്യം കുറയുന്നതായുള്ള റിപ്പോർട്ടുകൾ എത്രമാത്രം ശരിയാണെന്ന് ആദ്യ ഘട്ടത്തിലൂടെ തന്നെ വ്യക്തമാക്കപ്പെട്ടേക്കാം.

തമിഴ്നാട് അടക്കം 21 സംസ്ഥാനങ്ങളിലെ 102 ലോക്സഭാ മണ്ഡലങ്ങളിലാണ് ആദ്യ വിധിയെഴുത്ത് നടക്കുക. 1625 സ്ഥാനാർത്ഥികളാണ് ജനവിധി തേടുന്നത്. രാജസ്ഥാൻ, ഉത്തർപ്രദേശ്, മധ്യപ്രദേശ്, ബീഹാർ, പശ്ചിമ ബംഗാൾ തുടങ്ങിയ സംസ്ഥാനങ്ങളിലെ ഏതാനും മണ്ഡലങ്ങളും ആദ്യഘട്ടത്തിൽ ഉൾപ്പെടുന്നു. ബിജെപിക്കുവേണ്ടി പ്രധാനമന്ത്രി നരേന്ദ്ര മോദി, ആഭ്യന്തര മന്ത്രി അമിത് ഷാ, കോൺഗ്രസിനായി രാഹുൽ ഗാന്ധി, പ്രിയങ്ക വാധ്ര, മല്ലികാർജുൻ ഖാർഗെ, തൃണമൂലിനുവേണ്ടി മമതാ ബാനർജി തുടങ്ങിയ താര പ്രചാരകരെല്ലാം പ്രചാരണ രംഗത്ത് സജീവമായിരുന്നു. റാലികൾ വ്യാപകമായി സംഘടിപ്പിക്കപ്പെട്ടു. ഇന്ത്യയുടെയും പൗരന്മാരുടെയും ഭാവിനിർണയമാണ്.

വോട്ടിനുവേണ്ടി ഇല്ലാത്തതു പറയരുത്, ജനങ്ങളെ തെറ്റിദ്ധരിപ്പിക്കരുത്, മതവികാരങ്ങളെ ഇളക്കിവിടരുത്. പറയുന്നത് ഏതു നേതാവായാലും അടിസ്ഥാനമുള്ളതാണോയെന്നു തിരിച്ചറിയാനുള്ള ജാഗ്രത സമ്മതിദായകരും പുലർത്തണം. തൃശൂരിൽ മത്സരിക്കുന്ന സുരേഷ് ഗോപിക്കെതിരെയും തിരുവനന്തപുരത്തു മത്സരിക്കുന്ന ശശി തരൂരിനെതിരെയും പരാതികൾ ഉയർന്നു. സുരേഷ് ഗോപി മതചിഹ്നങ്ങൾ ഉപയോഗിച്ചു വോട്ടു തേടുന്നെന്നും പ്രചാരണ നോട്ടീസിൽ പ്രിന്റിംഗ് ആൻഡ് പബ്ലിഷിംഗ് വിവരങ്ങൾ കൊടുത്തിട്ടില്ലെന്നുമായിരുന്നു പരാതി. തെരഞ്ഞെടുപ്പ് കമ്മീഷൻ അദ്ദേഹത്തോടു വിശദീകരണം തേടിയിട്ടുണ്ട് രാജീവ് ചന്ദ്രശേഖർ പണം നൽകി വോട്ടർമാരെ സ്വാധീനിക്കുന്നതായി പറഞ്ഞെന്നാണ് ശശി തരൂരിനെതിരായ ആരോപണം. ആവർത്തിക്കരുതെന്ന് തെരഞ്ഞെടുപ്പ് കമ്മീഷനു താക്കീതു ചെയ്യേണ്ടിവന്നു. വോട്ടെടുപ്പിന്റെ ദിവസമടുക്കുന്തോറും ഇത്തരം വീഴ്ചകളുടെ സാധ്യതയും അപകടവും വർധിക്കും. സമൂഹ മാധ്യമങ്ങളിലെ അണികളുടെ പോരാട്ടവും തുടരുകയാണ്.

തമിഴ്നാട്ടിലെ തെരഞ്ഞെടുപ്പ് പ്രചാരണത്തിൽ കച്ചത്തീവ് വിവാദം കത്തിക്കയറിയിരുന്നു. കച്ചത്തീവ് ശ്രീലങ്കയ്ക്കു വിട്ടുനൽകിയതിന്റെ പേരിൽ കേന്ദ്രം ഭരിച്ച മുൻ കോൺഗ്രസ് സർക്കാരിനെ കുറ്റപ്പെടുത്തി പ്രധാനമന്ത്രി നരേന്ദ്ര മോദിയാണ് വിവാദത്തിനു തുടക്കമിട്ടത്. തമിഴ്നാടിനുവേണ്ടി ബിജെപി സർക്കാർ ഒന്നും ചെയ്തിട്ടില്ലെന്നും അതിനാലാണ് കച്ചത്തീവ് വിഷയം ഏറ്റെടുത്തതെന്നും തമിഴ്നാട്ടിൽ ഇന്ത്യ മുന്നണിയുടെ മുഖമായി മാറിയ ഡി.എം.കെ. മറുപടി നൽകി. ഡൽഹി മുഖ്യമന്ത്രി അരവിന്ദ് കെജ്രിവാളിന്റെ അറസ്റ്റിനുശേഷം ഇന്ത്യാ സഖ്യം ഡൽഹിയിൽ നടത്തിയ പ്രതിഷേധപ്രകടനം ശ്രദ്ധേയമായിരുന്നു. ബിജെപിക്കെതിരെ പ്രസംഗിക്കുന്ന മുഖ്യമന്ത്രിമാരെയെല്ലാം ജയിലിലടച്ചും അവർക്കെതിരെ നടപടി സ്വീകരിച്ചും പ്രതികാരം തീർക്കുകയാണ് ബിജെപിയെന്ന് പ്രചാരണ വേദികളിലെല്ലാം ആരോപിക്കപ്പെട്ടു. ഇലക്ടറൽ ബോണ്ടിൽ ബിജെപിയെ പ്രതിക്കൂട്ടിൽ നിർത്താനായിരുന്നു ഇന്ത്യ മുന്നണിയുടെ ശ്രമം.

ഇലക്ടറൽ ബോണ്ടിന്റെ ഇരുണ്ട മൂലയ്ക്കിരുന്ന് ഇന്ത്യയിൽ അഴിമതി നിർമാർജനം ചെയ്യുമെന്നു പറയുന്നതിനേക്കാൾ, ജനാധിപത്യത്തിന്റെയും അഭിപ്രായ സ്വാതന്ത്ര്യത്തിന്റെയും തൊഴിലില്ലായ്മയുടെയും പട്ടിണിയുടെയുമൊക്കെ ആഗോള പട്ടികകളിൽ കൂപ്പുകുത്തിയിട്ടും ഇന്ത്യ പുരോഗതിയിലേക്കു കുതിക്കുകയാണെന്നു പറയുന്നതിനേക്കാൾ, നിർഭാഗ്യകരമാണ് മതത്തിന്റെ പേരിൽ വോട്ടുപിടിക്കാനുള്ള സാധ്യത ഇനിയും ചികഞ്ഞുകൊണ്ടിരിക്കുന്നത്.

ഹിന്ദി ഹൃദയഭൂമിയിൽ സർവാധിപത്യം പുലർത്തിയപ്പോഴും കഴിഞ്ഞതവണ 400 കടക്കാൻ കഴിഞ്ഞിരുന്നില്ല. ഇവിടങ്ങളിൽ അതേ പ്രകടനം ആവർത്തിക്കുമെന്ന് സർവേകൾ പറയുന്നുണ്ടെങ്കിലും ബിജെപി നേതാക്കളടക്കം ചില അപ്രതീക്ഷിത നഷ്ടങ്ങൾ പ്രതീക്ഷിക്കുന്നു. ദക്ഷിണേന്ത്യൻ സംസ്ഥാനങ്ങളിൽ നില മെച്ചപ്പെടുത്താൻ കഴിഞ്ഞില്ലെങ്കിൽ കണക്കുകൂട്ടുന്നതുപോലൊരു വിജയം ബിജെപിക്ക് പാടായി മാറും. അതുകൊണ്ടാണ് കേരളമടക്കമുള്ള ദക്ഷിണേന്ത്യൻ സംസ്ഥാനങ്ങളിൽ പ്രധാനമന്ത്രിയുടെ നേതൃത്വത്തിൽ സർവസന്നാഹത്തോടെയും ബിജെപി പ്രചാരണം കൊഴുപ്പിക്കുന്നത്. സർക്കാർ സംവിധാനങ്ങളെ ഉപയോഗിച്ചുള്ള പ്രതിപക്ഷ ഉന്മൂലന തന്ത്രങ്ങളും മതവികാരങ്ങളെ കുത്തിയുണർത്തലും രാഷ്ട്രീയ പാർട്ടികൾ പരസ്പരം നടത്തുന്ന അധിക്ഷേപങ്ങളും നുണപ്രചാരണങ്ങളുമൊക്കെ ലോകത്തെ ഏറ്റവും വലിയ ജനാധിപത്യ രാജ്യത്തെ ലോകത്തിനു മുമ്പിൽ അപഹാസ്യമാക്കുകയാണ്. നായാട്ടോ യുദ്ധമോ അല്ല, ഇതു തെരഞ്ഞെടുപ്പാണെന്ന് ഇന്ത്യ ഭരിക്കുന്നവരെയും ഭരിക്കാനിരിക്കുന്നവരെയുമൊക്കെ ഓർമിപ്പിക്കട്ടെ.

### ജനസംഖ്യാ നിയന്ത്രണ നേട്ടം കേരളത്തിന് വിനയാകും

## ദക്ഷിണേന്ത്യയിൽനിന്നുള്ള എംപിമാരുടെ എണ്ണം കുറയും

ന്യൂഡൽഹി: ജനസംഖ്യയിലെ കുതിച്ചുചാട്ടത്തോടൊപ്പം വനിതാ സംവരണ നിയമം നടപ്പാക്കുകകൂടി ചെയ്യുമ്പോൾ ഇന്ത്യയുടെ തെരഞ്ഞെടുപ്പ് ഭൂപടം അപ്പാടെ മാറും.

ജനസംഖ്യാ നിയന്ത്രണം ഫലപ്രദമായി നടപ്പാക്കിയ കേരളത്തിന് ലോക്സഭാ സീറ്റുകളുടെ എണ്ണം 20-ൽ നിന്ന് 19 ആയി കുറയുമ്പോൾ, നിലവിൽ തന്നെ 80 സീറ്റുകളുള്ള യുപിയിൽ നിന്നുള്ള എംപിമാരുടെ എണ്ണം 128 ആയി കൂടും. ഇന്ത്യയിലെ മൊത്തം ലോക്സഭാ സീറ്റുകളുടെ എണ്ണം 543-ൽ നിന്ന് 753 ആയി ഉയരും.

2026-ൽ നടപ്പാക്കുമെന്നു പാർലമെന്റിൽ പ്രഖ്യാപിച്ച പുതിയ സെൻസറും മണ്ഡല പുനർനിർണയവും പൂർത്തിയാകുന്നതോടെ ദക്ഷിണേന്ത്യയും ഉത്തരേന്ത്യയും തമ്മിലുള്ള വിടവ് കൂടും. പാർലമെന്റിലും കേന്ദ്രസർക്കാരിലും യു.പി, ബിഹാർ, മഹാരാഷ്ട്ര, മധ്യപ്രദേശ് അടക്കമുള്ള ഹിന്ദി സംസ്ഥാനങ്ങൾക്കു വൻ മേധാവിത്വം ലഭിക്കുന്നതോടെ കേരളം പോലുള്ള സംസ്ഥാനങ്ങൾക്ക് അവഗണന വീണ്ടും കൂടുമെന്ന ആശങ്കയും ചെറുതല്ല. കേരളത്തിൽതന്നെ ജനസംഖ്യ കൂടിവരുന്ന മലപ്പുറം, കോഴിക്കോട്, കണ്ണൂർ, കാസർഗോഡ് അടക്കമുള്ള വടക്കൻ ജില്ലകളിലെ ലോക്സഭാ മണ്ഡലങ്ങളുടെ എണ്ണം വീണ്ടും കൂടുകയും കോട്ടയം, പത്തനംതിട്ട, ഇടുക്കി, ആലപ്പുഴ അടക്കമുള്ള തെക്കൻ ജില്ലകളിൽ ഒരു സീറ്റെങ്കിലും കുറയുകയും ചെയ്തു.

കേരളം ഒഴികെ തമിഴ്നാട്, ആന്ധ്ര, തെലങ്കാന തുടങ്ങി ദക്ഷിണേന്ത്യൻ സംസ്ഥാനങ്ങളിൽനിന്നുള്ള എംപിമാരുടെ എണ്ണം കൂടുമെങ്കിലും ഉത്തരേന്ത്യയിലെ എംപിമാരുടെ വർധനവുമായി തട്ടിച്ചുനോക്കുമ്പോൾ പിന്നിലാകും. പാർലമെന്റിലെ പ്രാതിനിധ്യത്തിന്റെയും കേന്ദ്രസർക്കാരിലെ സ്വാധീനത്തിന്റെയും കാര്യത്തിൽ ദക്ഷിണേന്ത്യയെ കൂടുതൽ പിന്നോട്ടു തള്ളുന്നതാകും ഭാവി.

2026-ൽ ഇന്ത്യയിലെ മൊത്തം ജനസംഖ്യ 142 കോടിയാകും. ഇക്കാര്യത്തിൽ ചൈനയെ മറികടന്ന ഇന്ത്യക്ക് 2030 വരെയെങ്കിലും ജനസംഖ്യ കൂടുമെന്നാണു പ്രതീക്ഷ. പാർലമെന്റ് പാസാക്കി 10 വർഷത്തിനകം നടപ്പാക്കേണ്ട വനിതാ സംവരണം പ്രാബല്യത്തിലാകുന്നതിനു മുമ്പായി പുതിയ കാനേഷുമാരിയും തുടർന്ന് മണ്ഡല പുനർവിഭജനവും നടപ്പാക്കും. കോവിഡിന്റെ പേരിൽ നടത്താതെപോയ കഴിഞ്ഞ സെൻസസിനു പകരമാകും 2026-ലെ ജനസംഖ്യാ കണക്കെടുപ്പ്.

ജൂണിൽ പൂർത്തിയാകുന്ന പൊതു തെരഞ്ഞെടുപ്പിനു ശേഷം സെൻസസും അതിർത്തിനിർണയവും നടത്തുമെന്ന് കേന്ദ്ര ആഭ്യന്തരമന്ത്രി അമിത് ഷാ കഴിഞ്ഞ സെപ്റ്റംബർ 20-ന് ലോക്സഭയിൽ പ്രഖ്യാപിച്ചിരുന്നു. എന്നാൽ, പാർലമെന്റിലെ പ്രാതിനിധ്യത്തിന്റെ കാര്യത്തിൽ ഉണ്ടാകുന്ന വടക്ക്-തെക്ക് വിഭജനവും വൈരുധ്യവും പരിഹരിക്കുന്നതെങ്ങനെയെന്ന് അദ്ദേഹം വിശദീകരിച്ചില്ല.

സംവരണം നടപ്പിലാകുന്നതോടെ ലോക്സഭയിൽ ചുരുങ്ങിയത് 181 വനിതാ എംപിമാർ ഉണ്ടാകും. 1977-നുശേഷം ലോക്സഭയിലെ എംപിമാരുടെ എണ്ണം വർധിച്ചിട്ടില്ല. സംസ്ഥാന നിയമസഭകളിലും 33 ശതമാനം വനിതാ സംവരണം നടപ്പാക്കും. ജനസംഖ്യ കൂടുന്നതോടെ മണ്ഡല പുനർവിഭജനത്തിലും അതിന്റെ മാറ്റങ്ങൾ അനിവാര്യമാണ്. സെൻസസിനു ശേഷം ഡീലിമിറ്റേഷൻ കമ്മീഷൻ രാഷ്ട്രപതി രൂപീകരിക്കും. സുപ്രീംകോടതിയിലെ വിരമിച്ച ജഡ്ജിമാർ അംഗങ്ങളായിരിക്കും. കമ്മീഷന്റെ തീരുമാനത്തെ വെല്ലുവിളിക്കാനാകില്ല. തെരഞ്ഞെടുപ്പു കമ്മീഷനുമായി ചേർന്നാകും ഈ കമ്മീഷന്റെ പ്രവർത്തനം.

1952, 1963, 1973, 2002 വർഷങ്ങളിലാണ് മുമ്പ് മണ്ഡല പുനർനിർണയത്തിനായി ഡീലിമിറ്റേഷൻ കമ്മീഷൻ രൂപീകരിച്ചത്. 1981-ലെയും 1991-ലെയും സെൻസസിനുശേഷം മണ്ഡല പുനർവിഭജനം ഉണ്ടായില്ല. 2001-ലെ സെൻസസിനു പിന്നാലെ 2002-ൽ ലോക്സഭാ മണ്ഡലങ്ങൾ പുനർനിർണയിച്ചെങ്കിലും സീറ്റുകളുടെ എണ്ണം വർധിച്ചിട്ടില്ല.

## കാവി നിറത്തിൽ ദൂരദർശൻ ലോഗോ

ന്യൂഡൽഹി: കേന്ദ്ര സർക്കാരിന്റെ കീഴിലുള്ള ദൂരദർശന്റെ ലോഗോയുടെ നിറം മാറി. കാവി നിറത്തിലേക്കാണ് ലോഗോ മാറിയത്. ഇംഗ്ലീഷ്, ഹിന്ദി വാർത്താ ചാനലുകളുടെ ലോഗോയിലാണ് മാറ്റം വരുത്തിയത്. നേരത്തെ റൂബി റെഡ് നിറത്തിലായിരുന്നു. ഡിഡി ന്യൂസ് തന്നെയാണ് പുതിയ ലോഗോ പുറത്തുവിട്ടത്.




ഭരണപക്ഷത്തിന് അനുകൂലമായ വാർത്തകളും പരിപാടികളും സംപ്രേഷണം ചെയ്യുന്നുവെന്ന പ്രതിപക്ഷത്തിന്റെ ആരോപണം നിലനിൽക്കെയാണ് ലോഗോയുടെ നിറത്തിലും മാറ്റം വരുന്നത്.

## സഞ്ചിയിൽ ബാലറ്റ്: പരാതി നിഷേധിച്ച് കമ്മീഷൻ

തിരുവനന്തപുരം: ലോക്സഭാ തെരഞ്ഞെടുപ്പിൽ വീട്ടിലിരുന്നു വോട്ട് രേഖപ്പെടുത്തിയ ബാലറ്റുകൾ ക്യാരി ബാഗുകളിലും തുറന്ന സഞ്ചികളിലും കൊണ്ടുപോകുന്നതിൽ ഇടപെടൽ ആവശ്യപ്പെട്ട് പ്രതിപക്ഷ നേതാവ് വി.ഡി. സതീശൻ മുഖ്യ തെരഞ്ഞെടുപ്പ് ഓഫീസർക്ക് പരാതി നൽകി. തെരഞ്ഞെടുപ്പ് പ്രക്രിയ അട്ടിമറിക്കപ്പെടാതിരിക്കാൻ ബാലറ്റുകൾ സീൽ ചെയ്ത പെട്ടികളിൽ സൂക്ഷിക്കുന്നുവെന്ന് കമ്മീഷൻ ഉറപ്പാക്കണമെന്നു പ്രതിപക്ഷ നേതാവ് ആവശ്യപ്പെട്ടു.

എന്നാൽ, വീട്ടിൽ വോട്ട് ചെയ്തവരുടെ ബാലറ്റുകൾ തുറന്ന സഞ്ചികളിൽ കൊണ്ടുപോയെന്ന പ്രചാരണം തെറ്റാണെന്ന് മുഖ്യ തെരഞ്ഞെടുപ്പ് ഓഫീസർ സഞ്ജയ് കൗൾ പറഞ്ഞു. അത്തരത്തിൽ പ്രചരിക്കുന്ന ചിത്രങ്ങളിൽ തുറന്ന സഞ്ചികളിൽ ബാലറ്റ് കാണാൻ കഴിയില്ലെന്നും അദ്ദേഹം പറഞ്ഞു.

കോഴിക്കോട് നടുവണ്ണൂരിൽ ബാലറ്റുകൾ നിക്ഷേപിച്ച പെട്ടി സീൽ ചെയ്യാതെ പൂട്ടുക മാത്രം ചെയ്തതിൽ തർക്കമുണ്ടായി. തർക്കം സംഘർഷത്തിലേക്കു നീങ്ങുമെന്ന് ആശങ്ക ഉയർന്നതോടെ പോളിങ് ഉദ്യോഗസ്ഥസംഘത്തെ എആർഒ തിരിച്ചുവിളിച്ചു. കൊല്ലം ജില്ലയിലെ ചിതറ പഞ്ചായത്തിൽ കണ്ണങ്കോട് 155-ാം നമ്പർ ബൂത്തിൽ പ്രിസൈഡിങ് ഓഫീസർ സ്ഥലത്തുള്ള സിപിഎം പ്രതിനിധിയുമായി എത്തി വോട്ട് ചെയ്യിച്ചെന്നു യുഡിഎഫ് പരാതിപ്പെട്ടു. കൊല്ലത്ത് ബാലറ്റ് പേപ്പറിൽ യുഡിഎഫ് സ്ഥാനാർത്ഥി എൻ.കെ. പ്രേമചന്ദ്രന്റെ ചിഹ്നമായ 'മൺവെട്ടിയും മൺകോരികയും' തെളിച്ചമില്ലാതെയാണ് അച്ചടിച്ചതെന്ന് യുഡിഎഫ് കമ്മീഷനു പരാതി നൽകി. എൽഡിഎഫ്, എൻഡിഎ സ്ഥാനാർത്ഥികളുടെ ചിഹ്നങ്ങൾ വ്യക്തമാണെന്നാണ് ആരോപണം.

## ലോക്സഭാ തെരഞ്ഞെടുപ്പ്; നാലാംഘട്ട വിജ്ഞാപനമായി

ന്യൂഡൽഹി: ലോക്സഭാ തെരഞ്ഞെടുപ്പിലെ നാലാംഘട്ട വോട്ടെടുപ്പിനുള്ള വിജ്ഞാപനം തെരഞ്ഞെടുപ്പു കമ്മീഷൻ പുറത്തിറക്കി. മേയ് 13-നാണ് നാലാംഘട്ട വോട്ടെടുപ്പു നടക്കുന്നത്. ഒമ്പത് സംസ്ഥാനങ്ങളിലും ഒരു കേന്ദ്രഭരണ പ്രദേശത്തുമടക്കം 96 മണ്ഡലങ്ങളിലേക്കുള്ള വോട്ടെടുപ്പാണ് നാലാം ഘട്ടത്തിൽ നടക്കുന്നത്. നാമനിർദേശ പത്രിക സമർപ്പിക്കാനുള്ള അവസാന തീയതി ഈ മാസം 25 ആണ്. 26-ന് സൂക്ഷ്മപരിശോധന നടക്കും. 29 വരെ നാമനിർദേശ പത്രിക പിൻവലിക്കാം.

ആന്ധ്രപ്രദേശ്-25, ബിഹാർ-5, ജാർഖണ്ഡ്-4, മധ്യപ്രദേശ്-8, മഹാരാഷ്ട്ര-11, ഒഡീഷ-4, തെലങ്കാന-17, ഉത്തർപ്രദേശ്-13, പശ്ചിമബംഗാൾ-8, ജമ്മു കാശ്മീർ-ഒന്ന് എന്നിങ്ങനെ മണ്ഡലങ്ങളിലാണ് നാംലാംഘട്ട വോട്ടെടുപ്പ്.





## INDIA PENTECOSTAL ASSEMBLY
**544 TIPTON RD**
**IRVING TX 75060**


### Youth Pastor Job Summary


We are seeking a committed, spirit-filled, Youth Pastor to provide leadership and care to our church's youth ministry. The Youth Pastor will be responsible for fostering spiritual growth, planning and leading activities, and providing guidance to young people in our church. The successful candidate is a committed Christian leader who is passionate about helping young people grow in their faith.

### Youth Pastor Requirements and Qualifications

- Bachelor's or master's degree in theology, ministry, or related field from a reputed Bible college
- Minimum 2 years of experience in youth ministry and ordination preferred.
- A deep knowledge of the Bible and Christian theology
- Teach the Word of God to the youth with conviction, compassion, and care.
- Able to effectively communicate with young people, adults, and families as well as work with the Senior pastor
- Exceptional organizational, leadership skills and Fluent in English and understand Malayalam
- A passion for helping young people grow in their faith.Youth Ministry in the US preferred
- Age Between 25-40 years and married.


**Email resume to:**
**pastorsearchipa@gmail.com**

# കെ.ജി. ജയൻ ഓർമയായി

തൃപ്പൂണിത്തുറ: സംഗീതജ്ഞൻ കെ.ജി. ജയൻ (ജയവിജയ-90) അന്തരിച്ചു. തൃപ്പൂണിത്തുറ എരൂർ എസ്എംപി കോളനി റോഡിലുള്ള വിൻയാർഡ് മെഡോസിലുള്ള വസതിയിൽ ഏപ്രിൽ 16-ന് പുലർച്ചെ 5.26-നായിരുന്നു അന്ത്യം.



ഭാര്യ: പരേതയായ വി.കെ. സരോജിനി (റിട്ട. അധ്യാപിക). ബിജു കെ. ജയൻ, നടൻ മനോജ് കെ. ജയൻ എന്നിവർ മക്കളും പ്രിയ ബിജു, ആശ മനോജ് എന്നിവർ മരുമക്കളുമാണ്.

കർണാടക സംഗീതത്തിലൂടെ കടന്നുവന്ന് ഭക്തിഗാനങ്ങളിലും ചലച്ചിത്ര ഗാനങ്ങളിലും ഒരുപോലെ മികവു തെളിയിച്ച് ആസ്വാദകരുടെ മനംകവർന്ന സംഗീതപ്രതിഭയായിരുന്നു കെ.ജി. ജയൻ. സംഗീതജീവിതത്തിന്റെ 63-ാം വർഷത്തിലേക്കു കടന്നിരുന്ന കെ.ജി. ജയന്റെ നവതി കഴിഞ്ഞ ഡിസംബറിൽ ആഘോഷിച്ചിരുന്നു. ഇരട്ട സഹോദരന്മാരായ കെ.ജി. ജയന്റെയും കെ.ജി. വിജയന്റെയും പേരുകൾ ചുരുക്കി 'ജയവിജയ' എന്ന പേരിൽ കർണാടക സംഗീതരംഗത്ത് തങ്ങളുടേതായ സാമ്രാജ്യമുണ്ടാക്കിയ ഇവരുടെ ഗാനങ്ങൾ ആസ്വാദകരുടെ മനം കവർന്നിരുന്നു.

അയ്യപ്പനു ഗാനാർച്ചനയൊരുക്കി സംഗീതയാത്രയ്ക്കു തുടക്കമിട്ട ജയവിജയന്മാരുടെ ഭക്തിഗാന ആൽബം ശബരിമല അയ്യപ്പൻ ഏറ്റവും ഹിറ്റായ ഗാനങ്ങളിലൊന്നാണ്. സന്നിധാനത്ത് നട തുറക്കുമ്പോൾ കേൾപ്പിക്കുന്ന 'ശ്രീ കോവിൽ നടതുറന്നു' എന്ന ഗാനവും ഇവർ ഈണമിട്ട് പാടിയതാണ്. 1988-ൽ തരംഗിണി പുറത്തിറക്കിയ, കെ.ജി. ജയൻ സംഗീതം നല്കിയ മയിൽപ്പീലി എന്ന ഭക്തിഗാന ആൽബം എക്കാലത്തെയും മികച്ച ഗുരുവായൂരപ്പ ഭക്തിഗാനങ്ങളാണ്. സിനിമകൾക്കും സംഗീത സംവിധാനം നിർവഹിച്ചിട്ടുണ്ട്. നക്ഷത്രദീപങ്ങൾ തിളങ്ങി (നിറകുടം), ഹൃദയം ദേവാലയം (തെരുവുഗീതം), കണ്ണാടിയമ്മാ ഉൻ ഇദയം... (പാദപൂജ) തുടങ്ങിയവ ശ്രദ്ധേയമായ സിനിമ ഗാനങ്ങളാണ്. ഇരൈവനുക്കും പെയരേ വൈയ്ത്താൻ ഒരു മനിതൻ ഇങ്കേ... (ഷൺമുഖപ്രിയ), പാദപൂജ, പാപ്പാത്തി എന്നീ തമിഴ് ചിത്രങ്ങൾക്കും ഈണം പകർന്നു.

1972-ൽ തിരുവിതാംകൂർ ദേവസ്വം ബോർഡ് കലാരത്നപട്ടം നൽകി ജയനെ ആദരിച്ചു. 2019-ൽ പദ്മശ്രീ പുരസ്കാരം നേടിയ കെ.ജി. ജയന് 1991-ൽ സംഗീതനാടക അക്കാദമി പുരസ്കാരവും 2013-ൽ ഹരിവരാസനം പുരസ്കാരവും ലഭിച്ചു.

# ബിജെപി പ്രകടന പത്രിക പുറത്തിറക്കി

ന്യൂഡൽഹി: മോദി കി ഗാരന്റി എന്ന പേരിൽ ലോക്സഭാ തെരഞ്ഞെടുപ്പ് പ്രകടന പത്രിക ഏപ്രിൽ 14-ന് ബിജെപി പുറത്തിറക്കി. ഡൽഹി ബിജെപി ആസ്ഥാനത്തു നടന്ന ചടങ്ങിൽ പ്രധാനമന്ത്രി നരേന്ദ്ര മോദിയാണ് പ്രകടന പത്രിക പുറത്തിറക്കിയത്. കേന്ദ്ര ആഭ്യന്തരമന്ത്രി അമിത് ഷാ, പ്രതിരോധമന്ത്രി രാജ്നാഥ് സിംഗ്, ബിജെപി അധ്യക്ഷൻ ജെ.പി. നഡ്ഡ എന്നിവർ ചടങ്ങിൽ പങ്കെടുത്തു.

ഏകീകൃത സിവിൽ കോഡ്, പൗരത്വ രജിസ്ട്രേഷൻ, ഒരു രാജ്യം ഒരു തെരഞ്ഞെടുപ്പ് എന്നിവ നടപ്പിലാക്കുമെന്ന് പ്രകടന പത്രികയിൽ പറയുന്നു. സ്ത്രീകൾ, പാവപ്പെട്ടവർ, യുവാക്കൾ എന്നിവർക്ക് കൂടുതൽ പ്രാമുഖ്യം നൽകുമെന്ന് 69 പേജുള്ള പ്രകടന പത്രികയിൽ പറയുന്നു. ഇന്ധനവില കുറയ്ക്കുമെന്നും അഴിമതിക്കെതിരേയുള്ള പോരാട്ടം തുടരുമെന്നും 6 ജി നടപ്പാക്കുമെന്നും പ്രകടന പത്രികയിലുണ്ട്.

ആഭ്യന്തരം, സുരക്ഷ, വിദ്യാഭ്യാസം, ആരോഗ്യസേവനം, വ്യവസായം, ഗ്രാമീണ സമ്പദ്‌വ്യവസ്ഥ എന്നിവ ഉൾപ്പെടെ 14 മേഖലകൾക്ക് കൂടുതൽ ഊന്നൽ നൽകും. സൗജന്യ റേഷൻ വിതരണവും ആയുഷ്മാൻ ഭാരതിലൂടെയുള്ള മരുന്നു വിതരണവും അഞ്ചു വർഷത്തേക്കുകൂടി തുടരും. എല്ലാ വീടുകളിലും ശുദ്ധജലം എത്തിക്കും. നഗരങ്ങളെ തരംതിരിച്ച് സ്റ്റാർട്ടപ് പദ്ധതി നടപ്പിലാക്കും.

ഇന്ത്യയെ ദേശീയ ശക്തിയാക്കി മാറ്റും. യുഎൻ രക്ഷാസമിതിയിൽ സ്ഥിരാംഗത്വം ഉറപ്പുവരുത്തും. ഇന്ത്യയിൽനിന്ന് കടത്തിക്കൊണ്ടുപോയ വിഗ്രഹങ്ങൾ തിരികെ എത്തിക്കും. തിരുവള്ളുവർ സാംസ്കാരിക കേന്ദ്രം ആഗോളതലത്തിൽ ആരംഭിക്കും.

പൗരത്വ നിയമ ഭേദഗതി നടപ്പിലാക്കും. സൈന്യത്തിനു തീയേറ്റർ കമാൻഡന്റ് ആരംഭിക്കും. നാഷണൽ ഫോറൻസിക് മിഷൻ നടപ്പിലാക്കും. ഏകീകൃത സിവിൽ കോഡ് നടപ്പിലാക്കും. ഒരു രാജ്യം ഒരു തെരഞ്ഞെടുപ്പിലേക്ക് നീങ്ങും. പൊതുവോട്ടർപട്ടിക തയാറാക്കും. ചന്ദ്രനിലേക്ക് മനുഷ്യനെ അയയ്ക്കും. ഗ്ലോബൽ സ്പേസ് അക്കാഡമി രൂപീകരിക്കും. കാലാവസ്ഥാ പഠനത്തിനായി പദ്ധതി രൂപീകരിക്കും. ലോകത്തെ മൂന്നാമത്തെ ഏറ്റവും വലിയ സാമ്പത്തികശക്തിയായി ഇന്ത്യയെ ഉയർത്തും.

# ഇന്ത്യയുടെ ജനസംഖ്യ 144.17 കോടി

ന്യൂഡൽഹി: ഇന്ത്യയുടെ ജനസംഖ്യ 144.17 കോടിയാണെന്ന് യുണൈറ്റഡ് നേഷൻസ് പോപ്പുലേഷൻ ഫണ്ട് റിപ്പോർട്ട്. ജനസംഖ്യയിൽ ഇന്ത്യ ലോകത്ത് ഒന്നാം സ്ഥാനത്ത് തുടരുന്നു. 142.5 കോടിയോടെ ചൈന രണ്ടാം സ്ഥാനത്താണ്. യുഎൻഎഫ്പിഎ (യുണൈറ്റഡ് നേഷൻസ് ഫണ്ട് ഫോർ പോപ്പുലേഷൻ ആക്ടിവിറ്റീസ്) തയ്യാറാക്കിയ 'ലോക ജനസംഖ്യയുടെ സ്ഥിതി-2024' റിപ്പോർട്ടിലാണ് കണക്കുകൾ. ഇന്ത്യയുടെ ജനസംഖ്യയിൽ 24 ശതമാനം പേർ 14 വയസ്സുവരെ പ്രായമുള്ളവരും 17 ശതമാനം പേർ 10 വയസ്സുമുതൽ 19 വയസ്സുവരെ പ്രായമുള്ളവരുമാണ്. 77 വർഷംകൊണ്ട് ഇന്ത്യയുടെ ജനസംഖ്യ ഇരട്ടിയായെന്ന് റിപ്പോർട്ട് ചൂണ്ടിക്കാട്ടുന്നു.

ഇന്ത്യയിൽ 10 വയസ്സുമുതൽ 24 വയസ്സുവരെ പ്രായമുള്ളവർ 26 ശതമാനമുണ്ട്. 15 മുതൽ 64 വയസ്സുവരെയുള്ളവർ 68 ശതമാനമാണ്. ഏഴുശതമാനം 65 വയസ്സോ അതിൽ കൂടുതലോ പ്രായമുള്ളവരാണ്. പുരുഷൻമാരുടെ ആയുർദൈർഘ്യം 71 വയസ്സും സ്ത്രീകളുടെ ആയുർദൈർഘ്യം 74 വയസ്സുമാണ്.

2006-നും 2023-നും ഇടയിൽ ഇന്ത്യയിൽ ശൈശവവിവാഹത്തിന്റെ തോത് 23 ശതമാനമാണ്. ഇന്ത്യയിൽ പ്രസവത്തോടനുബന്ധിച്ച മരണനിരക്ക് വൻതോതിൽ കുറഞ്ഞിട്ടുണ്ട്. ലോകവ്യാപകമായി എട്ടുശതമാനമാണ് ഇത്തരത്തിലുള്ള മരണത്തിന്റെ തോത്. കാര്യക്ഷമമായ ആരോഗ്യപരിരക്ഷ എളുപ്പത്തിൽ അമ്മമാർക്ക് ലഭിക്കുന്നതും ലിംഗവിവേചനപ്രശ്നങ്ങൾ കൃത്യമായി പരിഹരിക്കുന്നതുമാണ് ഇന്ത്യയുടെ ഈ നേട്ടത്തിന് കാരണമെന്ന് റിപ്പോർട്ടിൽ പറയുന്നു.

# കോൺഗ്രസുകാരും കമ്യൂണിസ്റ്റുകാരും അവസരവാദികളെന്ന് മോദി

അഗർത്തല: കേരളത്തിലെ സാഹചര്യം ചൂണ്ടിക്കാട്ടി കോൺഗ്രസ്-സിപിഎം സഖ്യത്തിനെതിരെ ആഞ്ഞടിച്ച് പ്രധാനമന്ത്രി നരേന്ദ്ര മോദി. സിപിഎമ്മും കോൺഗ്രസും ഭരണപക്ഷത്തും പ്രതിപക്ഷത്തുമായിരുന്നപ്പോൾ അവിടെ അഴിമതി പൂവിട്ടുകൊണ്ടിരിക്കുകയായിരുന്നു. ഇന്ന് അവരുടെ കൊള്ളയടിയുടെ കട സംരക്ഷിക്കാൻ രണ്ടുകൂട്ടരും ഒന്നിച്ചു വന്നിരിക്കുകയാണെന്ന് മോദി പറഞ്ഞു.

കോൺഗ്രസും കമ്യൂണിസ്റ്റും എത്ര വലിയ അവസരവാദികളാണ്. ത്രിപുരയിൽ ഒന്നിച്ചു നിൽക്കുന്ന ഇവർ കേരളത്തിൽ കടുത്ത ശത്രുക്കളാണ്. കേരളത്തിൽ കോൺഗ്രസ് എല്ലാ ദിവസവും പ്രസംഗത്തിൽ കമ്യൂണിസ്റ്റുകളെ തീവ്രവാദികൾ എന്നാണ് വിളിക്കുന്നത്. കോൺഗ്രസ് വമ്പൻ അഴിമതിക്കാരാണെന്ന് കമ്യൂണിസ്റ്റുകളും പറയുന്നു. അവിടത്തെ പത്രങ്ങൾ നോക്കിയാൽ നിങ്ങൾക്കത് മനസ്സിലാകും.

കോൺഗ്രസിന്റെ യുവരാജാവ് ഉത്തർപ്രദേശിൽ തെരഞ്ഞെടുപ്പ് തോറ്റ ശേഷം തന്റെ അഭിമാനം രക്ഷിക്കാൻ കേരളത്തിലേക്ക് ഓടി രക്ഷപ്പെട്ട കാര്യം എല്ലാവർക്കും അറിയാമല്ലോ. ഈ ദിവസങ്ങളിൽ കേരളത്തിലെ മുഖ്യമന്ത്രി കോൺഗ്രസിന്റെ യുവരാജാവിന് എതിരു പറഞ്ഞിരുന്നു. ഇതിൽ നിരാശ തോന്നിയ യുവരാജാവ് പറയുന്നത് കേരളത്തിലെ മുഖ്യമന്ത്രി അഴിമതിയിൽ മുങ്ങിക്കുളിച്ചിരിക്കുകയാണെന്നും അദ്ദേഹത്തെ ജയിലിലാക്കണമെന്നുമാണ്. എപ്പോഴും കേന്ദ്ര ഏജൻസികളെ ചെളിവാരിയെറിയുന്ന യുവരാജാവ് ഇപ്പോൾ കേരളത്തിലെ മുഖ്യമന്ത്രിക്കെതിരെ നടപടി ആവശ്യപ്പെടുന്നു: മോദി പറഞ്ഞു.

# സിഎംആർഎൽ രേഖകൾ കൈമാറുന്നില്ലെന്ന് ഇഡി

കൊച്ചി: മാസപ്പടി കേസിൽ എക്സാലോജിക്കുമായുള്ള ഇടപാടിന്റെ പൂർണ്ണ രേഖകൾ സി.എം.ആർ.എൽ കൈമാറുന്നില്ലെന്ന് ഇഡി കോടതിയിൽ അറിയിച്ചു. സാമ്പത്തിക ഇടപാടുകളുടെ രേഖകളും കരാർ രേഖകളുമാണ് ഇഡി ആവശ്യപ്പെട്ടത്. പക്ഷേ, ചീഫ് ഫിനാൻസ് മാനേജർ പി. സുരേഷ്കുമാർ കരാർരേഖ ഹാജരാക്കിയില്ല.

ആവശ്യപ്പെട്ട രേഖകൾ ആദായനികുതി വകുപ്പിന്റെ ഇന്ററീം സെറ്റിൽമെന്റ് ബോർഡ് പരിശോധിച്ചു തീർപ്പാക്കിയതാണെന്നാണ് സുരേഷ്കുമാർ ചോദ്യം ചെയ്യലിൽ പറഞ്ഞത്. എക്സാലോജിക്കുമായി ബന്ധപ്പെട്ട ചോദ്യങ്ങൾക്ക് അറിയില്ലെന്ന മറുപടിയാണ് ഉദ്യോഗസ്ഥർ നല്കുന്നതെന്നും ഇഡി പറയുന്നു.






# കേരളത്തിൽ പ്രചാരണം അവസാനഘട്ടത്തിലേക്ക്

## പൊന്നാനിയിൽ ഉശിരൻ പോരാട്ടം

കാറ്റും കോളും പിടിച്ച അറബിക്കടലിനെപ്പോലെയാണു പൊന്നാനിയിൽ തെരഞ്ഞെടുപ്പ് കാലം. മുസ്‌ലിം ലീഗിന്റെ കരുത്തിൽ യുഡിഎഫ് വെന്നിക്കൊടി പാറിച്ചു വരുന്ന പൊന്നാനി ലോക്സഭാ മണ്ഡലം കുറച്ചു കാലമായി സിപിഎം രാഷ്ട്രീയ പരീക്ഷണങ്ങൾക്ക് വേദിയാക്കുന്നു. ആ പരീക്ഷണങ്ങളിലൂടെ പൊന്നാനിയിൽ തോൽവിയുടെ ആഘാതം കുറച്ചു കൊണ്ടുവരാൻ അവർക്ക് കഴിഞ്ഞിട്ടുമുണ്ട്.


എ.പി. അബ്ദുസമദ് സമദാനി


കെ.എസ്. ഹംസ


നിവേദിത സുബ്രഹ്മണ്യൻ


ഇടതുമുന്നണി കുറച്ചു കാലമായി ഇവിടെ സ്വതന്ത്രന്മാരെ ഇറക്കിയുള്ള പരീക്ഷണമാണ് നടത്തുന്നത്. ഇതിൽ വലിയ രാഷ്ട്രീയ നേട്ടമുണ്ടാക്കാനും അവർക്കായിട്ടുണ്ട്. നേരത്തേ സിപിഐ മത്സരിച്ചിരുന്ന സീറ്റിൽ പിന്നീട് സ്വതന്ത്ര സ്ഥാനാർത്ഥികളെയാണ് ഇടതുമുന്നണി മത്സരിപ്പിക്കുന്നത്. 2014-ൽ സിറ്റിംഗ് എംപിയായ ഇ.ടി. മുഹമ്മദ് ബഷീറിനെതിരേ കോൺഗ്രസ് വിമതനായിരുന്ന വി. അബ്ദുറഹ്മാനെ രംഗത്തിറക്കി പൊന്നാനിയുടെ കളത്തിൽ ഇടതുപക്ഷം വേറിട്ടൊരു പോരാട്ടത്തിന് വഴിവെട്ടി.

മുസ്‌ലിം ലീഗിലെ മുൻ നേതാവ് കെ.എസ്. ഹംസയെ പാർട്ടി ചിഹ്നത്തിൽത്തന്നെ മത്സരിപ്പിക്കാനാണ് സിപിഎം തീരുമാനിച്ചത്. നേരത്തേ മുസ്‌ലിം ലീഗിലുണ്ടായിരുന്നപ്പോൾ പ്രവർത്തകരും നേതാക്കളുമായി കെ.എസ്. ഹംസയ്ക്കുണ്ടായിരുന്ന അടുപ്പം, മുസ്‌ലിം സമുദായ നേതാക്കളുമായുള്ള ബന്ധം, സാമ്പത്തികശേഷി എന്നിവയാണ് സ്ഥാനാർത്ഥിയുടെ മികവായി സിപിഎം കാണുന്നത്. പാർട്ടി സംവിധാനം മികച്ച രീതിയിൽ ചലിച്ചാൽ ഇത്തവണ പൊന്നാനിയിൽ വിജയം കൂടെപ്പോരുമെന്നാണ് സിപിഎം കണക്കുകൂട്ടുന്നത്.

## കോഴിക്കോടിന്റെ മണ്ണിൽ ആര് ജയിക്കും

സാമൂതിരിയുടെ തട്ടകത്തിലെ നാലാമത്തെ അങ്കമാണ് എം.കെ. രാഘവന്. എം.കെ. രാഘവന്റെ മുഖമുദ്ര ജനകീയതയാണ്. മരണവീടുകളിലും വിവാഹവീടുകളിലുമെല്ലാം സ്ഥിരസാന്നിധ്യം. സഹായം തേടി എത്തുന്നവർക്കു പ്രതീക്ഷാ മുനമ്പ്. വിദൂര ട്രെയിൻ യാത്രകൾക്കു റിസർവേഷൻ ഇക്യൂ ടിക്കറ്റ് കിട്ടാൻ എംപി ഓഫീസിൽ എത്തുന്നവർ ഏറെ. അവർക്കൊക്കെ ആശ്വാസം നൽകാനുള്ള മനസാണു രാഘവന്റേത്. ആരെയും നിരാശപ്പെടുത്താറില്ല.


എം.കെ. രാഘവൻ


എളമരം കരീം


എം.ടി. രമേശ്

തൊഴിലാളി നേതാവിന്റെ സംഘടനാ പാടവമാണ് എളമരം കരീമിന്റെ കരുത്ത്. സമരത്തീച്ചൂളയിലൂടെ വളർന്നുവന്ന നേതാവിന്റെ പക്വതയും അനുഭവസമ്പത്തുമാണ് കരീമിനെ വ്യത്യസ്തനാക്കുന്നത്. രാഘവന്റെ പടയോട്ടത്തിനു കടിഞ്ഞാണിടാൻ കരീമിനെപ്പോലെ തലയെടുപ്പുള്ള ഒരു നേതാവു വേണമെന്ന് സിപിഎം നേതൃത്വം തീരുമാനിച്ചതും അതുകൊണ്ടുതന്നെയാണ്.

കേന്ദ്ര സർക്കാർ നടപ്പാക്കിയ പദ്ധതികളുടെയും മോദി സർക്കാരിന്റെ നേട്ടങ്ങളുടെയും തണലിലാണ് എം.ടി. രമേശ് ജനങ്ങൾക്കിടയിലേക്ക് ഇറങ്ങുന്നത്. അട്ടിമറി വിജയമൊന്നും എൻഡിഎ ഇവിടെ പ്രതീക്ഷിക്കുന്നില്ല. ഓരോ തെരഞ്ഞെടുപ്പു കഴിയുന്തോറും ബിജെപി സ്ഥാനാർത്ഥികളുടെ വോട്ടു ശതമാനം വർധിക്കുന്നുവെന്നതു യാഥാർഥ്യമാണ്.

## മലപ്പുറത്ത് അടിയൊഴുക്കുകളില്ല

യുഡിഎഫിനായി മുസ്‌ലിം ലീഗിന്റെ ഇ.ടി. മുഹമ്മദ് ബഷീറും എൽഡിഎഫിനായി ഡിവൈഎഫ്ഐ സംസ്ഥാന പ്രസിഡണ്ട് വി. വസീഫും എൻഡിഎക്കായി കാലിക്കറ്റ് സർവകലാശാല മുൻ വൈസ് ചാൻസലർ ഡോ. എം. അബ്ദുസലാമുമാണ് പ്രധാന സ്ഥാനാർത്ഥികൾ. സംസ്ഥാനത്തുതന്നെ സ്ഥാനാർത്ഥികളിൽ പ്രായംകൊണ്ടു മുന്നിലുള്ള ഇ.ടി. മുഹമ്മദ് ബഷീറിനെ നേരിടാൻ യുവ പോരാളിയായ വസീഫിനെ ഇടതുപക്ഷം രംഗത്തിറക്കിയത് മണ്ഡലത്തിലെ യുവ വോട്ടർമാരുടെ പിന്തുണ ഉന്നം വെച്ചാണ്.


ഇ.ടി. മുഹമ്മദ് ബഷീർ


വി. വസീഫ്


ഡോ. എം. അബ്ദുൾസലാം

മണ്ഡലത്തിൽ ഭൂരിപക്ഷമുള്ള മുസ്‌ലിം വോട്ടുകളിൽതന്നെയാണ് എല്ലാവരുടെയും കണ്ണ്. അതുകൊണ്ടുതന്നെ ന്യൂനപക്ഷ വിഷയങ്ങൾ തന്നെയാണു പ്രധാന പ്രചാരണ ആയുധം.

ദേശീയതലത്തിൽ ഏറെ വിവാദമായ പൗരത്വ ഭേദഗതി നിയമവും കേന്ദ്രത്തിലെ ബിജെപി സർക്കാരിന്റെ ന്യൂനപക്ഷ വിരുദ്ധതയുമെല്ലാം യുഡിഎഫും എൽഡിഎഫും വോട്ട്പിടിക്കാൻ ഉപയോഗിക്കുന്നു.

മുസ്‌ലിം ലീഗ് ആകട്ടെ പരമ്പരാഗത പാർട്ടി വോട്ടുകൾക്ക് പുറമേ സുന്നി, മുജാഹിദ് വിഭാഗങ്ങളുടെ പിന്തുണയിൽ വിശ്വാസമർപ്പിക്കുകയും ചെയ്യുന്നു. വിവിധ മുസ്‌ലിം സംഘടനകളുടെ പിന്തുണ യുഡിഎഫിന് മലപ്പുറത്ത് ഗുണം ചെയ്തേക്കും.

കഴിഞ്ഞ തെരഞ്ഞെടുപ്പിൽ അരലക്ഷത്തോളം വോട്ടുകൾ നേടിയ എസ്ഡിപിഐ ഇത്തവണ മത്സരരംഗത്തില്ല. അവർ യുഡിഎഫിനു പിന്തുണ പ്രഖ്യാപിച്ചത് ഇടതുപക്ഷത്തിന് തിരിച്ചടിയാകും. കഴിഞ്ഞ തവണ ബിജെപിക്ക് വേണ്ടി എ.പി. അബ്ദുള്ളക്കുട്ടി മത്സരിച്ചെങ്കിലും 68,935 വോട്ടാണ് എൻഡിഎയ്ക്കു ലഭിച്ചത്.

## ചാലക്കുടി ആർക്കൊപ്പം

കഴിഞ്ഞ തെരഞ്ഞെടുപ്പിൽ മണ്ഡലചരിത്രത്തിലെ ഏറ്റവും വലിയ ഭൂരിപക്ഷം കുറിച്ചിട്ട് ഡൽഹിയിലേക്കു ടിക്കറ്റെടുത്ത ബെന്നി ബഹനാനെ പിടിച്ചുകെട്ടാൻ സിപിഎം, ഒന്നാം പിണറായി മന്ത്രിസഭയിൽ മികച്ച വിദ്യാഭ്യാസമന്ത്രിയായി പേരെടുത്ത പ്രഫ. സി. രവീന്ദ്രനാഥിനെ ഇത്തവണ കളത്തിലിറക്കിയതുതന്നെ കടുത്ത പോരാട്ടത്തിന്റെ വിളംബരമാണ്. ഇരുവർക്കും ശക്തമായ വെല്ലുവിളി ഉയർത്തി എൻഡിഎ സ്ഥാനാർത്ഥിയായി ബിഡിജെഎസ് സംസ്ഥാന ജനറൽ സെക്രട്ടറി കെ.എ. ഉണ്ണിക്കൃഷ്ണനും ട്വന്റി 20 സ്ഥാനാർത്ഥിയായി അഭിഭാഷകനും ട്രെയിനറുമായ ചാർളി പോളുംകൂടി ചേരുമ്പോൾ ചാലക്കുടിയിൽ തെരഞ്ഞെടുപ്പ് പോരിന്റെ ആവേശം കൊടുമുടി കയറും.


ബെന്നി ബഹനാൻ


സി. രവീന്ദ്രനാഥ്


കെ.എ. ഉണ്ണിക്കൃഷ്ണൻ

മണ്ഡലത്തിൽ വിശാല ബന്ധങ്ങളുള്ള ബെന്നി ബഹനാനും പ്രഫ. രവീന്ദ്രനാഥും അഡ്വ. ചാർളി പോളും തെരഞ്ഞെടുപ്പ് പ്രഖ്യാപനത്തിനു മുമ്പുതന്നെ കളത്തിൽ സജീവമായി. ഇക്കുറി എന്തു വിലകൊടുത്തും ജനകീയനായ രവീന്ദ്രനാഥിലൂടെ മണ്ഡലം പിടിച്ചെടുക്കുമെന്നാണു സിപിഎമ്മിന്റെ അവകാശവാദം. മണ്ഡലത്തിലെ വികസനമുരടിപ്പും ഇടതുപക്ഷം ആയുധമാക്കുന്നു. അതേസമയം ഭൂരിപക്ഷം അല്പം കുറഞ്ഞാലും ബെന്നി ബെഹനാൻ തന്നെയാകും പാർലമെന്റിൽ വീണ്ടും ചാലക്കുടിയുടെ ശബ്ദമാകുകയെന്നു കോൺഗ്രസ് ഉറപ്പിക്കുന്നു. ശക്തമായ പ്രചാരണത്തിലൂടെ കഴിഞ്ഞ തവണ എ.എൻ. രാധാകൃഷ്ണൻ നേടിയ 1,28,996 വോട്ട് മറികടക്കാനാകും രണ്ടുവട്ടം ചാലക്കുടി നിയമസഭാ മണ്ഡലത്തിൽ മത്സരിച്ച ഉണ്ണിക്കൃഷ്ണന്റെ ശ്രമം. വികസനത്തിനൊപ്പം കാർഷികപ്രശ്നങ്ങളും വന്യമൃഗശല്യവുമൊക്കെയാകും പ്രചാരണത്തിൽ മുഖ്യവിഷയങ്ങളാകുക.

കേരളത്തിൽ കോൺഗ്രസിന് ഏറ്റവും കൂടുതൽ എംഎൽഎമാരുള്ള ലോക്സഭാ മണ്ഡലവും ചാലക്കുടിയാണെന്നതാണു ശ്രദ്ധേയം. നാലു യുഡിഎഫ് എംഎൽഎമാർ കോൺഗ്രസുകാരാണ്.

## പത്തനംതിട്ടയിൽ കടുത്ത മത്സരം

പതിനഞ്ചു വർഷത്തെ മണ്ഡലപരിചയവും ഉറച്ച വ്യക്തിബന്ധങ്ങളുമാണ് യുഡിഎഫ് സ്ഥാനാർത്ഥിയായ ആന്റോ ആന്റണിയുടെ കരുത്ത്. ജനകീയ ഇടപെടലുകൾക്കൊപ്പം കേരള സർക്കാരിനെതിരായ ജനവികാരം കൂടിയാകുമ്പോൾ ജയം കൂടെപ്പോരുമെന്നാണു യുഡിഎഫ് പ്രതീക്ഷ. രൂപീകൃതമായ 2009 മുതൽ ആന്റോ ആന്റണിയാണ് പത്തനംതിട്ട എംപി. ഓരോ തവണയും യുഡിഎഫ് ഭൂരിപക്ഷത്തിലുണ്ടാകുന്ന ഇടിവും ബിജെപി വോട്ടുകളിലുണ്ടാകുന്ന വർധനയുമാണ് മണ്ഡലത്തെ ശ്രദ്ധാകേന്ദ്രമാക്കുന്നത്. 2009-ൽ ആന്റോയുടെ ഭൂരിപക്ഷം 1,11,206. 2014-ൽ അത് 56,191 ആയി. 2019-ൽ 44,243.


ആന്റോ ആന്റണി


തോമസ് ഐസക്


അനിൽ കെ. ആന്റണി

കേരള കോൺഗ്രസി(എം)ന്റെ മുന്നണിമാറ്റത്തോടെ മണ്ഡലത്തിന്റെ രാഷ്ട്രീയചിത്രത്തിലുണ്ടായ വ്യത്യാസം നേട്ടമാകുമെന്നാണ് എൽഡിഎഫിന്റെ കണക്കുകൂട്ടൽ. നിയമസഭാ തെരഞ്ഞെടുപ്പിൽ ലോക്സഭാ സീറ്റിന്റെ പരിധിയിലെ ഏഴ് മണ്ഡലങ്ങളിലും എൽഡിഎഫിനായിരുന്നു ജയം. താനും ഈ ഏഴ് എംഎൽഎമാരും അടങ്ങുന്ന 'ടീം പത്തനംതിട്ട'യിലൂടെയുള്ള മണ്ഡലം വികസനമാണ് തോമസ് ഐസക് മുന്നോട്ടുവെക്കുന്നത്. ആന്റോ ആന്റണിക്കു നിർണായക ലീഡ് നൽകുന്ന കാഞ്ഞിരപ്പള്ളി, പൂഞ്ഞാർ മണ്ഡലങ്ങളിലെ വോട്ടുകളിൽ ഒരു വിഹിതം സമാഹരിക്കാൻ കേരള കോൺഗ്രസിനു (എം) കഴിഞ്ഞാൽ മത്സരം കടുക്കുമെന്നാണ് എൽഡിഎഫ് വിലയിരുത്തൽ.

ശബരിമല വിഷയവുമായി ബന്ധപ്പെട്ടു ദേശീയ ശ്രദ്ധയാകർഷിച്ച മണ്ഡലത്തിൽ കേന്ദ്ര നേതൃത്വത്തിന്റെ പ്രത്യേക താൽപര്യപ്രകാരമാണ് അനിൽ കെ. ആന്റണി സ്ഥാനാർത്ഥിയാകുന്നത്. കേന്ദ്ര സർക്കാർ നടപ്പാക്കിയ വികസന പ്രവർത്തനങ്ങൾ എണ്ണിപ്പറഞ്ഞും യുവാക്കളും വിദ്യാർത്ഥികളുമായി സംവാദം നടത്തിയുമാണ് അനിലിന്റെ പ്രചാരണം. പ്രധാനമന്ത്രി നരേന്ദ്ര മോദി തന്നെ പ്രചാരണത്തിനെത്തുകയും ചെയ്തു.

## ഇടുക്കിയിൽ ഇഞ്ചോടിഞ്ച് പോരാട്ടം

ഇടുക്കി ലോക്സഭാ മണ്ഡലത്തിൽ കൂടുതൽ തവണ യുഡിഎഫ് വിജയിച്ചതിന്റെ ആത്മവിശ്വാസമാണ് ഡീനിന്റെ കൈമുതലും കരുത്തും. പരമ്പരാഗതമായി യുഡിഎഫിനെ വൻഭൂരിപക്ഷത്തിൽ വിജയിപ്പിക്കുന്ന മലയോര ജനതയുടെ മനസ് ഇത്തവണയും തങ്ങൾക്കൊപ്പമാകുമെന്നാണ് യുഡിഎഫിന്റെ കണക്കുകൂട്ടൽ.

ഒരുവേള ജില്ലയെ ഇളക്കിമറിച്ച കസ്തൂരിരംഗൻ-ഗാഡ്ഗിൽ റിപ്പോർട്ടുകളെത്തുടർന്നു ഹൈറേഞ്ച് സംരക്ഷണ സമിതിയുടെ നേതൃത്വത്തിൽ സമരപരമ്പരകളുടെ വേലിയേറ്റംതന്നെ സൃഷ്ടിച്ചപ്പോൾ അതിന്റെ മുൻനിരയിൽനിന്നു പ്രവർത്തിച്ചയാളാണ് എൽഡിഎഫ് സ്ഥാനാർത്ഥി ജോയ്സ് ജോർജ്. സിറ്റിംഗ് എംപിയായിരുന്ന പി.ടി. തോമസിനു ശക്തനായ എതിരാളിയെ കളത്തിലിറക്കാൻ എൽഡിഎഫ് നടത്തിയ അന്വേഷണത്തിനൊടുവിലാണ് ഹൈറേഞ്ച് സംരക്ഷണ സമിതി ലീഗൽ അഡ്വൈസറായിരുന്ന ജോയ്സിനു നറുക്കു വീണത്.


ഡീൻ കുര്യാക്കോസ്


ജോയ്സ് ജോർജ്


സംഗീത വിശ്വനാഥൻ

കേന്ദ്രത്തിൽ മോദി സർക്കാർ വീണ്ടും അധികാരത്തിൽ വരുമെന്നും അതിന് ഇടുക്കി ലോക്സഭാ മണ്ഡലത്തിൽനിന്നു ജനങ്ങളുടെ അംഗീകാരം നൽകണമെന്ന അഭ്യർത്ഥനയുമായാണ് എൻഡിഎ സ്ഥാനാർത്ഥിയായ സംഗീത വിശ്വനാഥന്റെ പ്രചാരണം.

(ശേഷം 30-ാം പേജിൽ)


# സിവിൽ സർവീസസ് പരീക്ഷയിൽ മലയാളിത്തിളക്കം

ന്യൂഡൽഹി: യൂണിയൻ പബ്ലിക് സർവീസ് കമ്മീഷൻ (യുപിഎസ്‌സി) സിവിൽ സർവീസസ് പരീക്ഷ 2023 ഫലം പ്രഖ്യാപിച്ചു. ആദിത്യ ശ്രീവാസ്തവ ഒന്നാം റാങ്കും അനിമേഷ് പ്രധാൻ രണ്ടാം റാങ്കും അനന്യ റെഡ്ഡി മൂന്നാം റാങ്കും മലയാളിയായ എറണാകുളം സ്വദേശി പി.കെ. സിദ്ധാർഥ് രാംകുമാർ നാലാം റാങ്കും നേടി. 2022 സിവിൽ സർവീസസ് പരീക്ഷയിൽ 121-ാം റാങ്ക് നേടിയ സിദ്ധാർഥ് നിലവിൽ ഹൈദരാബാദിൽ ഐപിഎസ് ട്രെയിനിങ്ങിലാണ്. ബിആർക് ബിരുദധാരിയാണ്. ഒന്നാം റാങ്ക് നേടിയ ലക്നോ സ്വദേശിയായ ആദിത്യ ശ്രീവാസ്തവയ്ക്കും 2022-ൽ 236-ാം റാങ്കോടെ ഐപിഎസ് ലഭിച്ചിരുന്നു. ബംഗാൾ കേഡർ ഐപിഎസ് ഉദ്യോഗസ്ഥനായ ഇദ്ദേഹം ഇപ്പോൾ ഹൈദരാബാദിൽ പരിശീലനത്തിലാണ്. ഐപിഎസ് ട്രെയിനിങ്ങിന് ഇടയിലാണ് പരിശീലനത്തിന് സമയം കണ്ടെത്തിയിരുന്നത്. ഐഐടി കാൺപൂരിൽനിന്ന് ബിടെക്, എംടെക് ബിരുദം നേടിയ ആദിത്യ നിരവധി സ്വകാര്യ കമ്പനികളിൽ ജോലി ചെയ്തിട്ടുണ്ട്.


ആദിത്യ ശ്രീവാസ്തവ


അനിമേഷ് പ്രധാൻ


അനന്യ റെഡ്ഡി


പി.കെ. സിദ്ധാർഥ് രാംകുമാർ

ഉയർന്ന റാങ്ക് നേടിയ മറ്റു മലയാളികൾ: വിഷ്ണു ശശികുമാർ (31), പി.പി. അർച്ചന (40), ആർ. രമ്യ (45), ബെൻജോ പി. ജോസ് (59), കസ്തൂരി ഷാ (68), ഷാബി റഷീദ് (71), എസ്. പ്രശാന്ത് (78), ആനി ജോർജ് (93), ജി. ഹരിശങ്കർ (107), ഫെബിൻ ജോസ് തോമസ് (133), മഞ്ജുഷ ബി. ജോർജ് (195), നെവിൻ കുരുവിള തോമസ് (225), പി. മഞ്ജിമ (235), പാർവതി ഗോപകുമാർ (282), ഫാത്തിമ ഷിംന (317), എസ്. അമൃത (398), ഗോകുൽ കൃഷ്ണ (895), എ.കെ. ശാരിക (922).

# വോട്ടിംഗ് മെഷീനിൽ തിരിമറി സാധിക്കില്ലെന്ന് കമ്മീഷൻ

ന്യൂഡൽഹി: ഇലക്ട്രോണിക്സ് വോട്ടിംഗ് മെഷീനുകളിൽ തിരിമറി സാധിക്കില്ലെന്ന് തെരഞ്ഞെടുപ്പ് കമ്മീഷൻ. ബാലറ്റ് പേപ്പറിലേക്ക് മടങ്ങണമെന്ന ഹർജിക്കാരുടെ ആവശ്യം പിന്തിരിപ്പനാണെന്നും തെരഞ്ഞെടുപ്പു കമ്മീഷനു വേണ്ടി ഹാജരായ അഭിഭാഷകൻ സുപ്രീംകോടതിയെ ബോധിപ്പിച്ചു.

എല്ലാ ഇലക്ട്രോണിക്സ് വോട്ടിംഗ് മെഷീനുകളിലെയും വിവിപാറ്റ് സ്ലിപ്പുകൾ എണ്ണണമെന്ന ഹർജിയിൽ സുപ്രീം കോടതിയിൽ നടന്ന വാദത്തിനിടെയായിരുന്നു തെരഞ്ഞെടുപ്പ് കമ്മീഷൻ നിലപാട് വ്യക്തമാക്കിയത്.

വാദത്തിനിടെ ഇവിഎമ്മിന്റെ പ്രത്യേകതകളെക്കുറിച്ച് കോടതിയിൽ ഹാജരായ തെരഞ്ഞെടുപ്പ് കമ്മീഷൻ ഉദ്യോഗസ്ഥരോട് ഡിവിഷൻ ബെഞ്ച് ചോദിച്ചു. 17 ലക്ഷത്തോളം വിവിപാറ്റ് മെഷീനുകൾ ക്രമീകരിച്ചിട്ടുണ്ട്. ഏതു മെഷീൻ ഏതു മണ്ഡലത്തിലേക്കാണ് പോകുന്നതെന്ന് നിർമാതാക്കൾക്ക് അറിയില്ല.

തെരഞ്ഞെടുപ്പിന് ഏഴു ദിവസം മുമ്പ് ഇതു സ്ഥാനാർത്ഥിയുടെ സാന്നിദ്ധ്യത്തിൽ പരിശോധിക്കും. കംപ്യൂട്ടറുകളുമായോ ലാപ്ടോപ്പുകളുമായോ ഇവ ബന്ധിപ്പിക്കുന്നില്ല. സോഫ്റ്റ്‌വേർ ഇല്ലാത്ത ഒരു പ്രിന്റർ മാത്രമാണ് ഇത്. അതിനാൽ തിരിമറി സാധിക്കില്ലെന്ന് തെരഞ്ഞെടുപ്പ് കമ്മീഷൻ ഉദ്യോഗസ്ഥർ കോടതിയെ അറിയിച്ചു.

വിവിപാറ്റ് മെഷീനിലെ സ്ലിപ്പുകൾ എണ്ണാൻ ഉദ്ദേശിച്ചു നിർമ്മിച്ചവയല്ലെന്നും വോട്ടർ ഏതു സ്ഥാനാർത്ഥിക്കാണ് വോട്ട് നല്കിയതെന്ന് ഉറപ്പുവരുത്താൻ വേണ്ടിയാണെന്നും കമ്മീഷൻ വ്യക്തമാക്കി. പോളിംഗ് ഉദ്യോഗസ്ഥൻ പെരുമാറ്റച്ചട്ട ലംഘനം നടത്തിയാൽ 500 രൂപ പിഴ ചുമത്താൻ ജനപ്രാതിനിധ്യ നിയമത്തിൽ വ്യവസ്ഥയുണ്ടെന്നും തെരഞ്ഞെടുപ്പ് കമ്മീഷൻ അഭിഭാഷകൻ കോടതിയെ അറിയിച്ചു.

തെരഞ്ഞെടുപ്പിനെ അപകീർത്തിപ്പെടുത്താനാണ് വോട്ടെടുപ്പിന് തലേന്ന് ഇത്തരം ഹർജികളുമായി വരുന്നതെന്ന് സോളിസിറ്റർ ജനറൽ തുഷാർ മേത്ത കോടതിയിൽ പറഞ്ഞു. വിവിപാറ്റിൽ നിന്നു ലഭിക്കുന്ന സ്ലിപ്പുകൾ നേരിട്ട് ബോക്സിൽ നിക്ഷേപിക്കാൻ വോട്ടർമാരെ അനുവദിക്കണമെന്ന് ഹർജിക്കാർക്കു വേണ്ടി ഹാജരായ അഭിഭാഷകൻ നിസാം പാഷ ആവശ്യപ്പെട്ടു. വിവിപാറ്റ് വിഷയത്തിൽ നേരത്തെ സുപ്രീംകോടതി വാദം കേട്ടിരുന്നു. വിവിപാറ്റ് സ്ലിപ്പുകൾ പൂർണ്ണമായി എണ്ണാൻ സാധിക്കില്ലെന്ന് അന്ന് കോടതി വാക്കാൽ നിരീക്ഷിച്ചിരുന്നു.

പാർലമെന്റ് തെരഞ്ഞെടുപ്പിൽ കൂടുതൽ വിവിപാറ്റ് മെഷീനുകളിലെ സ്ലിപ്പുകൾ എണ്ണണമെന്ന് സിപ്രീംകോടതി 2019-ൽ ഉത്തരവിട്ടതായി ഹർജിക്കാർ ചൂണ്ടിക്കാട്ടി.

# തെരഞ്ഞെടുപ്പിന് കേരളത്തിൽ 50 നിരീക്ഷകർ

തിരുവനന്തപുരം: ലോക്സഭാ തെരഞ്ഞെടുപ്പ് സ്വതന്ത്രവും സുതാര്യവുമായി പൂർത്തീകരിക്കാൻ സംസ്ഥാനത്ത് പ്രവർത്തിക്കുന്നത് 50 തെരഞ്ഞെടുപ്പ് നിരീക്ഷകർ. 20 പൊതുനിരീക്ഷകരും 20 ചെലവ് നിരീക്ഷകരും 10 പോലീസ് നിരീക്ഷകരുമാണ് സംസ്ഥാനത്ത് പ്രവർത്തിക്കുന്നത്. ഓരോ ലോക്സഭാ മണ്ഡലത്തിനും ഒരാൾവീതം പൊതു, ചെലവ് നിരീക്ഷകരും രണ്ട് മണ്ഡലങ്ങൾക്ക് ഒരാൾ വീതം പോലീസ് നിരീക്ഷകരുമാണുള്ളത്.

ഇതര സംസ്ഥാന കേഡറുകളിലുള്ള ഐഎഎസ്, ഐആർഎസ്, ഐപിഎസ് ഉദ്യോഗസ്ഥരാണ് ഈ മൂന്നു വിഭാഗങ്ങളിലും യഥാക്രമം പ്രവർത്തിക്കുന്നത്. മാർച്ച് മൂന്നു മുതൽ തുടങ്ങിയ നിരീക്ഷകരുടെ പ്രവർത്തനം വോട്ടെണ്ണൽ പൂർത്തിയാകുന്നതു വരെ തുടരും.

# ഇറാൻ പിടിച്ചെടുത്ത കപ്പലിലെ മലയാളി യുവതിയെ മോചിപ്പിച്ചു

നെടുമ്പാശേരി: ഒമാനു സമീപം ഹോർമുസ് കടലിടുക്കിൽനിന്ന് ഇറാൻ പിടിച്ചെടുത്ത ചരക്കുകപ്പലിലുണ്ടായിരുന്ന മലയാളി യുവതി മോചിതയായി നാട്ടിൽ മടങ്ങിയെത്തി. തൃശൂർ വെളുത്തൂർ സ്വദേശി ആൻ ടെസ ജോസഫ് (21) ആണ് ഏപ്രിൽ 18-ന് ദോഹയിൽനിന്നുള്ള വിമാനത്തിൽ നെടുമ്പാശേരിയിൽ എത്തിയത്. വിദേശകാര്യമന്ത്രാലയ ഉദ്യോഗസ്ഥർ ചേർന്ന് ഇവരെ സ്വീകരിച്ചു. ഒരുവർഷം മുമ്പാണ് ആൻ ടെസ മുംബൈയിലെ എംഎസ്‌സി ഷിപ്പിംഗ് കമ്പനിയിൽ ജോലിയിൽ പ്രവേശിച്ചത്. പരിശീലനത്തിന്റെ ഭാഗമായി ഒമ്പത് മാസം മുമ്പാണ് ഈ കപ്പലിൽ എത്തിയത്.



മോചനം സാധ്യമായതിൽ എല്ലാവരോടും നന്ദിയുണ്ട്. കപ്പലിൽ മോശം അനുഭവമുണ്ടായില്ല. മാന്യമായ പെരുമാറ്റമാണ് ഉണ്ടായത്. കപ്പൽ പിടിച്ചെടുത്ത വേളയിൽ ആദ്യം ഭയന്നിരുന്നു. ഭക്ഷണവും കുടിവെള്ളവും എല്ലാം ലഭ്യമായിരുന്നു. വീട്ടിൽ മടങ്ങിയെത്താൻ കഴിഞ്ഞതിൽ അതിയായ സന്തോഷമുണ്ടെന്നും സ്ത്രീ എന്ന പരിഗണന തനിക്ക് ലഭിച്ചിരുന്നു. അതാണ് മോചനം വേഗത്തിലായതെന്നും വീട്ടിലെത്തിയ ശേഷം ആൻ ടെസ ജോസഫ് മാധ്യമങ്ങളോട് പറഞ്ഞു.

ടെഹ്‌റാനിലെ ഇന്ത്യൻ ദൗത്യം തുടരുകയാണെന്നും ശേഷിക്കുന്ന 16 ഇന്ത്യൻ ക്രൂ അംഗങ്ങളുമായി ബന്ധപ്പെടുന്നുണ്ടെന്നും വിദേശകാര്യ മന്ത്രാലയം അറിയിച്ചു. ആൻ ടെസയെക്കൂടാതെ സെക്കൻഡ് ഓഫീസർ വയനാട് മാനന്തവാടി സ്വദേശി പി.വി. ധനേഷ് (32), സെക്കൻഡ് എഞ്ചിനിയർ കോഴിക്കോട് മാവൂർ സ്വദേശി ശ്യാം നാഥ് (31), തേഡ് എഞ്ചിനീയറായ പാലക്കാട് കേരളശേരി സ്വദേശി എസ്. സുമേഷ് (31) എന്നിവരാണ് കപ്പലിലുള്ള മറ്റു മലയാളികൾ.







# ഫ്രാൻസിസ് ജോർജിന്റെ തെരഞ്ഞെടുപ്പ് പ്രചാരണത്തിനായി രാഹുൽ കോട്ടയത്തെത്തി

കോട്ടയം: അക്ഷരനഗരിക്കും ഐക്യജനാധിപത്യമുന്നണിക്കും തെരഞ്ഞെടുപ്പ് ആവേശം പകർന്ന് രാഹുൽ ഗാന്ധി. യുഡിഎഫ് സ്ഥാനാർത്ഥി ഫ്രാൻസിസ് ജോർജിന്റെ തെരഞ്ഞെടുപ്പ് പ്രചാരണത്തിന്റെ ഭാഗമായി കോട്ടയം തിരുനക്കര ബസ് സ്റ്റാൻഡ് മൈതാനിയിലായിരുന്നു രാഹുൽ ഗാന്ധിയുടെ പൊതുസമ്മേളനം.

നെഹ്റു സ്റ്റേഡിയത്തിൽ ഹെലികോപ്റ്ററിൽ വന്നിറങ്ങിയ രാഹുൽ ഗാന്ധിയെ ഡിസിസി പ്രസിഡണ്ട് നാട്ടകം സുരേഷ് പൊന്നാട അണിയിച്ചു



സ്വീകരിച്ചു. തുടർന്ന് ശാസ്ത്രി റോഡു വഴി സെൻട്രൽ ജംഗ്ഷനിലെത്തി ബസ് സ്റ്റാൻഡ് മൈതാനത്തിന്റെ പടിഞ്ഞാറു വശത്തെ പ്രത്യേക വഴിയിലൂടെ വേദിയിലെത്തുകയായിരുന്നു. തിങ്ങിനിറഞ്ഞ പ്രവർത്തകരെ കൈവീശി അഭിവാദ്യം ചെയ്തപ്പോൾ ത്രിവർണ കൊടികളും രാഹുൽ ഗാന്ധിയുടെ ഫോട്ടോയും ത്രിവർണ ബലൂണുകളുമായി പന്തലിലും പരിസരത്തുമുള്ള ആയിരങ്ങൾ രാഹുൽ ഗാന്ധി കീ ജയ് എന്നു വിളിച്ച് പ്രതി അഭിവാദ്യം ചെയ്തു.

തിരുവഞ്ചൂർ രാധാകൃഷ്ണന്റെ അധ്യക്ഷതയിൽ ചേർന്ന യോഗത്തിൽ പ്രതിപക്ഷ നേതാവ് വി.ഡി. സതീശനും കേരള കോൺഗ്രസ് ചെയർമാൻ പി.ജെ. ജോസഫും ആമുഖമായി രാഹുലിനു മുമ്പേ പ്രസംഗിച്ചു. ഈ സമയത്തെല്ലാം പ്രവർത്തകരെ അഭിവാദ്യം ചെയ്തു പുഞ്ചിരി തൂകിയിരുന്നു രാഹുൽ. സ്ഥാനാർത്ഥി കെ. ഫ്രാൻസിസ് ജോർജിനെയും വേദിയിലെ നേതാക്കളെയും പേരെടുത്ത് പറഞ്ഞാണ് പ്രസംഗം തുടങ്ങിയത്. ഡിസിസി പ്രസിഡണ്ട് നാട്ടകം സുരേഷ് സ്വാഗതവും മോൻസ് ജോസഫ് എംഎൽഎ നന്ദിയും പറഞ്ഞു. കോട്ടയം പാർലമെന്റ് മണ്ഡലത്തിലെ നിയോജകമണ്ഡലങ്ങളിലെ യുഡിഎഫ് തെരഞ്ഞെടുപ്പ് കമ്മിറ്റിയുടെ നേതൃത്വത്തിലാണ് സ്ത്രീകളും കുട്ടികളുമടങ്ങിയ ആയിരക്കണക്കിനു പ്രവർത്തകർ സമ്മേളനത്തിനെത്തിയത്.

# അനിൽ ആന്റണിയുടെ ഭാവി സുരക്ഷിതമെന്ന് രാജ്നാഥ് സിങ്

കാഞ്ഞിരപ്പള്ളി: അനിൽ കെ. ആന്റണിയുടെ ഭാവി ബിജെപിയുടെ കയ്യിൽ സുരക്ഷിതമായിരിക്കുമെന്നാണ് എ.കെ. ആന്റണിയോടു പറയാനുള്ളതെന്നു കേന്ദ്ര പ്രതിരോധമന്ത്രി രാജ്നാഥ് സിങ്.

പത്തനംതിട്ട പാർലമെന്റ് മണ്ഡലം എൻഡിഎ സ്ഥാനാർത്ഥി അനിൽ ആന്റണിയുടെ തെരഞ്ഞെടുപ്പു പ്രചാരണത്തിന്റെ ഭാഗമായി നടന്ന യോഗം ഉദ്ഘാടനം ചെയ്യുകയായിരുന്നു അദ്ദേഹം.

എ.കെ. ആന്റണി എന്ന നല്ല നേതാവിനോടു ബഹുമാനമുണ്ട്. പക്ഷേ, മകൻ അനിൽ ആന്റണി തെരഞ്ഞെടുപ്പിൽ തോൽക്കും എന്ന പ്രസ്താവന ബഹുമാനം നഷ്ടപ്പെടുത്തുന്ന വാക്കുകളാണ്. അദ്ദേഹത്തിന്റെ പാർട്ടി സമ്മർദം ചെലുത്തുന്നതുകൊണ്ടാകും അങ്ങനെ പറഞ്ഞത്. എങ്കിലും അദ്ദേഹത്തിന്റെ വ്യക്തിപരമായ നിലപാട് മകനൊപ്പം നിൽക്കുമെന്നാണു പ്രതീക്ഷ.

നരേന്ദ്ര മോദി നയിക്കുന്ന കേന്ദ്ര സർക്കാരിന്റെ ഭരണത്തെ ലോകരാജ്യങ്ങൾ അഭിനന്ദിച്ചുകഴിഞ്ഞു. ബിജെപി മത-സാമുദായിക പാർട്ടിയല്ല. സമൂഹത്തിൽ മാറ്റങ്ങൾ വരുത്തുന്നതിനുള്ള കൂട്ടായ്മയാണ്. നീതിയുടെയും സമത്വത്തിന്റെയും അടിസ്ഥാനത്തിലാണു ബിജെപിയുടെ പ്രവർത്തനം. നെഹ്റുവിന്റെ കാലം മുതൽ ദാരിദ്ര്യനിർമാർജനത്തിന് ഇന്ത്യയിൽ പദ്ധതി ഉണ്ടായെങ്കിലും അതു നടപ്പാക്കിയതു നരേന്ദ്ര മോദിയുടെ കാലത്താണ്.

പൗരത്വ ഭേദഗതി ബിൽ, അയോധ്യ രാമക്ഷേത്രം തുടങ്ങിയ വിഷയങ്ങളിൽ ജനങ്ങളെ തെറ്റിദ്ധരിപ്പിക്കാനാണു മറ്റു രാഷ്ട്രീയപാർട്ടികളുടെ ശ്രമം. പൗരത്വ ബിൽ ജനങ്ങളുടെ പൗരത്വം ഇല്ലാതാക്കാനുള്ളതല്ല. ജനങ്ങളെ സംരക്ഷിക്കുന്നതിനാണെന്നും അദ്ദേഹം പറഞ്ഞു.



പത്തനംതിട്ട പാർലമെന്റ് മണ്ഡലം എൻഡിഎ മുന്നണിയുടെ തെരഞ്ഞെടുപ്പു പ്രചാരണത്തിന്റെ ഭാഗമായി കാഞ്ഞിരപ്പള്ളിയിലെത്തിയ കേന്ദ്രമന്ത്രി രാജ്നാഥ് സിങ് സ്ഥാനാർത്ഥി അനിൽ കെ. ആന്റണിയുമായി സംഭാഷണത്തിൽ

സമ്മേളനവേദിയിൽ രാജ്നാഥ് സിങ്ങിനെ സ്ഥാനാർത്ഥി അനിൽ ആന്റണി പൊന്നാടയണിയിച്ചു സ്വീകരിച്ചപ്പോൾ അതു തിരികെ അനിൽ ആന്റണിയുടെ കഴുത്തിൽ അണിയിച്ചു.

കണ്ടും കേട്ടും പഴകിയ അവികസിത കാഴ്ചപ്പാടുകൾക്കു മാറ്റം വരുത്തുക എന്നതാണു താൻ ജയിച്ചാൽ ആദ്യം ചെയ്യുകയെന്ന് അനിൽ ആന്റണി പ്രസംഗത്തിൽ പറഞ്ഞു.



# മാവേലിക്കരക്കാരി കെസിയ മിസ് ടീൻ ഇന്റർനാഷണൽ ഇന്ത്യ

കോട്ടയം: രാജ്യത്തെ കൗമാരക്കാരിലെ സൗന്ദര്യപട്ടം മലയാളിയായ കെസിയ മെജോയ്ക്ക്. ജയ്പൂരിൽ നടന്ന മിസ് ടീൻ ഇന്റർനാഷണൽ ഇന്ത്യ പട്ടമാണ് അബുദാബിയിൽ താമസിക്കുന്ന മാവേലിക്കര സ്വദേശിയായ കെസിയ സ്വന്തമാക്കിയത്.

വിവിധ നഗരങ്ങളിൽ നിന്നുള്ള 29 പെൺകുട്ടികളാണ് ഫൈനൽ റൗണ്ട് മത്സരത്തിൽ അണിനിരന്നത്. മാവേലിക്കര കരിപ്പുഴ കിണറ്റുകര മെജോ ഏബ്രഹാമിന്റെയും സുജ മെജോയുടെയും മകളായ കെസിയ അബുദാബി ഇന്ത്യൻ സ്കൂളിൽ പ്ലസ്ടു വിദ്യാർത്ഥിനിയാണ്.

മമ്മൂട്ടിയുടെ ഷൈലോക്ക് എന്ന ചിത്രത്തിൽ അഭിനയിച്ചിട്ടുണ്ട്. മിസ് ടീൻ ഇന്റർനാഷണൽ പട്ടം സ്വന്തമാക്കാനുള്ള മത്സരത്തിൽ കെസിയ രാജ്യത്തെ പ്രതിനിധീകരിക്കും.

# കന്നിവോട്ടർമാർക്ക് കിഴിവുമായി എയർ ഇന്ത്യ എക്സ്പ്രസ്

കൊച്ചി: ലോക്സഭാ തെരഞ്ഞെടുപ്പിൽ വോട്ട് ചെയ്യാൻ നാട്ടിലെത്തുന്ന കന്നിവോട്ടർമാർക്ക് 19 ശതമാനം കിഴിവിൽ ടിക്കറ്റൊരുക്കി എയർ ഇന്ത്യ എക്സ്പ്രസ്. 18–22 പ്രായപരിധിയിലെ വോട്ടർമാർക്ക് അവരുടെ മണ്ഡലത്തിന് ഏറ്റവും അടുത്ത വിമാനത്താവളത്തിലേക്ക് എയർ ഇന്ത്യ എക്സ്പ്രസ് വെബ്സൈറ്റിലൂടെയോ മൊബൈൽ ആപ്പിലൂടെയോ ജൂൺ ഒന്നുവരെ ഓഫർ നിരക്കിൽ ടിക്കറ്റ് ബുക്ക് ചെയ്യാം. ആഭ്യന്തര രാജ്യാന്തര സർവീസുകളിൽ ഓഫർ ലഭിക്കും. യുവാക്കളിലെ ജനാധിപത്യബോധം വളർത്താനും രാജ്യത്തിന്റെ ഭാവി രൂപപ്പെടുത്തുന്നതിൽ അവരെ പങ്കാളിയാക്കാനുമുള്ള തങ്ങളുടെ പ്രതിബദ്ധതയുടെ ഭാഗമാണ് 19-ാം വാർഷികത്തിൽ നടത്തുന്ന 'വോട്ട് ആസ് യു ആർ' ക്യാപെയ്ൻ എന്ന് എയർ ഇന്ത്യ എക്സ്പ്രസ് ചീഫ് കൊമേഴ്സ്യൽ ഓഫീസർ ഡോ. അങ്കുർ ഗാർഗ് പറഞ്ഞു.



# ഫാ. ജോൺസ് ഏബ്രഹാം കോനാട്ട് റീശ് കോറെപ്പിസ്കോപ്പ

കോട്ടയം: മലങ്കര ഓർത്തഡോക്സ് സഭാ മുൻ വൈദികട്രസ്റ്റിയും വൈദിക സെമിനാരി മുൻ പ്രിൻസിപ്പലുമായ ഫാ. ഡോ. ജോൺസ് ഏബ്രഹാം കോനാട്ടിന് റീശ് കോറെപ്പിസ്കോപ്പ സ്ഥാനം നല്കും. 30-ന് പാമ്പാക്കുട സെ. ജോൺസ് വലിയ പള്ളിയിൽ പരിശുദ്ധ ബസേലിയോസ് മാർത്തോമ്മാ മാത്യൂസ് തൃതീയൻ കാതോലിക്കാ ബാവ സ്ഥാനാരോഹണം നടത്തും. ഇതിനൊപ്പം മലങ്കര മല്പാൻ സ്ഥാനവും നല്കും. 'റീശ്' എന്ന സുറിയാനി വാക്കിന്റെ അർത്ഥം തലവൻ എന്നാണ്. സഭയിൽ ആദ്യമായാണ് ഈ സ്ഥാനം നല്കുന്നതെന്ന് അധികൃതർ അറിയിച്ചു.



പരിശുദ്ധ കാതോലിക്കാ ബാവയുടെ പ്രിൻസിപ്പൽ സെക്രട്ടറിയും സഭാ വക്താവുമാണ് ഫാ. ഡോ. ജോൺസ് ഏബ്രഹാം. മലങ്കര സഭയുടെ ആരാധനാക്രമം സുറിയാനിയിൽ നിന്ന് മലയാളത്തിലേക്ക് തർജ്ജമ ചെയ്യുന്നതിനു നേതൃത്വം നല്കിയ പാമ്പാക്കുട മല്പാന്മാരുടെ പിൻഗാമിയാണ്. പഴയസെമിനാരി അദ്ധ്യാപകനായിരുന്ന മലങ്കര മല്പാൻ ഞാറത്താങ്കൽ കോരുത് കശീശയുടെ മകൾ നിസി ജോൺ ആണ് ഭാര്യ. മക്കൾ: ഫാ. പോൾ ജോൺ, സാമുവൽ ജോൺ. മരുമക്കൾ: നികിത പോൾ, നവോമി.

# വീട്ടിലെ വോട്ടിൽ കള്ളം; ഉദ്യോഗസ്ഥർക്ക് സസ്പെൻഷൻ

കണ്ണൂർ: വീട്ടിലെത്തി മുതിർന്ന പൗരന്മാരുടെ വോട്ട് ചെയ്യിക്കുന്നതിനിടെ വയോധികയുടെ വോട്ട് ചെയ്ത സിപിഎം നേതാവിനും അഞ്ച് പോളിംഗ് ഉദ്യോഗസ്ഥർക്കുമെതിരെ കേസ്. ഉദ്യോഗസ്ഥർക്കൊപ്പമെത്തിയ സിപിഎം ബൂത്ത് ഏജന്റ് വയോധികയുടെ വോട്ട് ചെയ്യുന്നതിന്റെ സിസിടിവി ദൃശ്യങ്ങൾ പുറത്തു വന്നതിനു പിന്നാലെ ഉദ്യോഗസ്ഥരെ സസ്പെൻഡ് ചെയ്തിരുന്നു. തുടർന്നാണ് കേസെടുത്തത്.

കാസർഗോഡ് ലോക്സഭാ മണ്ഡലത്തിലെ കല്യാശേരി നിയമസഭാ മണ്ഡലത്തിൽ ഉൾപ്പെടുന്ന കല്യാശേരി പഞ്ചായത്തിലെ 164-ാം ബൂത്തിൽപ്പെട്ട വീട്ടിലാണ് സംഭവം. എടക്കാടൻ ഹൗസിൽ ദേവി (92)യുടെ വീട്ടിലെത്തി വോട്ട് ചെയ്യിക്കുമ്പോൾ ദേവിയുടെ വോട്ട് സിപിഎം മുൻ ബ്രാഞ്ച് സെക്രട്ടറി ഗണേശൻ ചെയ്യുന്നതിന്റെ ദൃശ്യങ്ങളാണ് പുറത്തുവന്നത്. സിപിഎം ബൂത്ത് ഏജന്റു കൂടിയാണ് ഗണേശൻ. വോട്ട് അസാധുവാക്കുമെന്ന് വരണാധികാരി കൂടിയായ ജില്ലാ കളക്ടർ അരുൺ കെ. വിജയൻ അറിയിച്ചു.

വോട്ട് ചെയ്യിക്കുന്ന പ്രക്രിയയിൽ വോട്ടിന്റെ രഹസ്യസ്വഭാവം നഷ്ടപ്പെടുത്തിക്കൊണ്ടുള്ള ബാഹ്യഇടപെടൽ തടയാതിരുന്ന പോളിംഗ് സംഘത്തിലെ ഉദ്യോഗസ്ഥരെ അസി. റിട്ടേണിംഗ് ഓഫീസറായ കെ. അജിത്കുമാറിന്റെ റിപ്പോർട്ടിന്റെ അടിസ്ഥാനത്തിലാണ് ജില്ലാ തെരഞ്ഞെടുപ്പ് ഓഫീസർ കൂടിയായ ജില്ലാ കളക്ടർ സസ്പെൻഡ് ചെയ്തത്.

നിയമവിരുദ്ധമായി പ്രവർത്തിച്ച വ്യക്തിക്കും തെരഞ്ഞെടുപ്പ് സംഘത്തിനുമെതിരെ നടപടി ആവശ്യപ്പെട്ട് അസി. റിട്ടേണിംഗ് ഓഫീസർ നല്കിയ പരാതിയിൽ സിറ്റി പോലീസ് കമ്മീഷണറുടെ നിർദേശാനുസരണം ഗണേശനെതിരെയും അഞ്ച് പോളിംഗ് ഉദ്യോഗസ്ഥർക്കെതിരെയും കണ്ണപുരം പോലീസ് കേസെടുത്തു.

കല്യാശേരിക്കു പിന്നാലെ പയ്യന്നൂർ നിയോജകമണ്ഡലത്തിലും വീടുകളിൽ എത്തി വോട്ട് ചെയ്യിക്കുന്ന സംവിധാനം ബാഹ്യശക്തികളിടപെട്ട് അട്ടിമറിച്ചതായി പരാതിയുണ്ട്. ഇതു സംബന്ധിച്ച് യുഡിഎഫ് തെരഞ്ഞെടുപ്പ് കമ്മീഷന് പരാതി നല്കി.

# നവകേരള ബസ് അന്തർസംസ്ഥാന സർവീസിന്

തിരുവനന്തപുരം: നവകേരള ബസ് മ്യൂസിയത്തിൽ വെക്കാനില്ല; വാടകയ്ക്കു കൊടുക്കാനുമില്ല. ബസ് വാങ്ങാൻ ചെലവായ പണം കുറച്ചെങ്കിലും തിരിച്ചുപിടിക്കാൻ സംസ്ഥാനാന്തര സർവീസിന് അയയ്ക്കാൻ തീരുമാനിച്ചു. കോഴിക്കോട്-ബെംഗ്ളൂരു റൂട്ടിൽ സർവീസ് നടത്തുമെന്ന് മന്ത്രി കെ.ബി. ഗണേഷ്കുമാർ പറഞ്ഞു. ഇതിനായി ഈ ബസ് കോൺട്രാക്ട് കാര്യേജിൽനിന്നു മാറ്റി സർവീസ് നടത്തുന്നതിനുള്ള സ്റ്റേറ്റ് കാര്യേജ് ലൈസൻസ് എടുക്കണം. ഇതിനായി ബസ് മൂന്നാഴ്ച മുമ്പ് ബംഗ്ളൂരുവിൽ നിന്ന് തിരുവനന്തപുരത്ത് എത്തിച്ചെങ്കിലും നടപടിക്രമങ്ങൾ പൂർത്തിയായിട്ടില്ല.




നവകേരളയാത്ര കഴിഞ്ഞയുടൻ ഈ ബസ് ആർക്കും വാടകയ്ക്ക് എടുത്ത് ടൂർ പോകാമെന്നായിരുന്നു അന്നു മന്ത്രിയായിരുന്ന ആന്റണി രാജുവും സിഎംഡിയായിരുന്ന ബിജു പ്രഭാകറും പറഞ്ഞത്. ബസിനെച്ചൊല്ലി വിവാദമുയർന്നപ്പോൾ മുഖ്യമന്ത്രി സഞ്ചരിച്ച ബസ് മ്യൂസിയത്തിൽ വെച്ചാൽ പോലും കാണാൻ ആളെത്തുമെന്നും സിപിഎം നേതാക്കൾ തന്നെ അഭിപ്രായപ്പെട്ടിരുന്നു. 1.15 കോടി ചെലവിട്ടാണ് ഈ ബസ് വാങ്ങിയത്. ഇപ്പോൾ ബെഗ്ലൂരുവിലെത്തിച്ച് സീറ്റ് മാറ്റി പരിഷ്കരിച്ചതിന് രണ്ട് ലക്ഷത്തോളം രൂപ ചെലവായി.

നവകേരള ബസിനു പുറമെ ബെൻസിന്റെ രണ്ട് ബസുകൾക്കു കൂടി കെഎസ്ആർടിസി കരാർ നല്കിയെന്നാണ് അന്ന് കെഎസ്ആർടിസി അറിയിച്ചത്. ബജറ്റ് ടൂറിസത്തിനും സ്വകാര്യ വ്യക്തികൾക്കുൾപ്പെടെ വാടകയ്ക്കു നല്കുന്നതിനാണ് ഇതെന്നായിരന്നു എംഡി വിശദീകരിച്ചത്.

ബെൻസിന്റെ സ്ലീപ്പറും സീറ്റർ ടൈപ്പുമാണ് വാങ്ങാൻ പോകുന്നതെന്നു പറഞ്ഞെങ്കിലും പുതിയ സാഹചര്യത്തിൽ അതിനു സാദ്ധ്യതയില്ല.

# അൾത്താരയിലെ നിശ്ശബ്ദ വിപ്ലവം

ഏറ്റുമാനൂർ: മേയ് രണ്ടിന് ഉച്ചയ്ക്ക് രണ്ട് മണിക്കു തൃശൂർ വ്യാകുലമാതാ ബസിലിക്കയിൽ ആർച്ച് ബിഷപ് മാർ ആൻഡ്രൂസ് താഴത്തിൽനിന്നു തിരുപ്പട്ടം സ്വീകരിച്ചശേഷം ഡീക്കൻ ജോസഫ് തേർമഠം (36) ആംഗ്യഭാഷയിൽ കുർബാന അർപ്പിക്കുമ്പോൾ ഭാരത കത്തോലിക്കാ സഭയിൽ ചരിത്രം പിറക്കും. കേൾവി-സംസാര വെല്ലുവിളി നേരിടുന്നവർക്കിടയിൽനിന്നു പുരോഹിത പദവിയിലെത്തുന്ന ആദ്യ ഇന്ത്യക്കാരൻ എന്ന വിശേഷണം ജോസഫച്ചനു സ്വന്തമാകും. കോൺഗ്രിഗേഷൻ ഓഫ് ഹോളിക്രോസ് എന്ന സന്യാസി സമൂഹത്തിലെ അംഗമാണു ഡീക്കൻ ജോസഫ്.

തൃശൂർ കേച്ചേരി തേർമഠത്തിൽ ടി. എൽ. തോമസിന്റെയും റോസിയുടെയും ഇളയമകനായ ജോസഫിനു ജന്മനാ കേൾവിശേഷിയും സംസാരശേഷിയുമില്ല. ബന്ധുക്കൾക്കൊപ്പം താമസിച്ചു മുംബൈയിലായിരുന്നു പഠനം. ഡിഗ്രിക്കുശേഷം 2008-ൽ യുഎസിലേക്കു പോയി.

വൈദികനാകണമെന്നു ചെറുപ്പം മുതലേ മോഹമുണ്ടായിരുന്നതിനാൽ അവിടെയെത്തി ഡൊമിനിക്കൻ മിഷണറീസ് ഓഫ് ദ് ഡെഫ് സന്യാസസമൂഹത്തിന്റെ സെമിനാരിയിൽ ചേർന്നു. 2012-ൽ നിത്യവ്രതമെടുത്തു. കേൾവി വെല്ലുവിളി നേരിടുന്നവർക്കിടയിൽ



പ്രവർത്തിക്കുന്ന ഹോളിക്രോസ് സഭയെപ്പറ്റി അറിഞ്ഞതോടെ ഡൊമിനിക്കൻ സഭയിൽനിന്ന് ഇളവുവാങ്ങി. 2017-ൽ ഹോളി ക്രോസിൽ ചേർന്നു.

പിന്നീടാണു ഫാ. ബിജു മൂലക്കര എന്ന ഹോളിക്രോസ് വൈദികൻ അയ്മനത്തു സ്ഥാപിച്ച 'നവധ്വനി'യെപ്പറ്റി അറിയുന്നത്. കേൾവി, സംസാര വെല്ലുവിളി നേരിടുന്നവർക്കായുള്ള ക്ലാസുകളും പരിശീലനങ്ങളുമാണു നവധ്വനിയിൽ നടത്തുന്നത്. 2008-ൽ പ്രഥമ കുർബാന ആംഗ്യഭാഷയിൽ അർപ്പിച്ചയാളാണു ഫാ. ബിജു. നവധ്വനിയിലെത്തി ജോസഫ് പരിശീലനം നേടി. പിന്നീടു പൂണെയിലെ ഹോളിക്രോസ് സെമിനാരിയിൽ വൈദികപഠനം പൂർത്തിയാക്കി ഡീക്കൻ പട്ടം സ്വീകരിച്ചു.

ആദ്യകുർബാനയ്ക്കു 'ശബ്ദം നൽകാൻ' ഫാ. ബിജു ഒപ്പമുണ്ടാകും. തുടർന്ന് സഭയിൽനിന്ന് ഒരാളെ ജോസഫിനൊപ്പം നിയോഗിക്കും.

FAMILY DENTAL Practice

9709 N. Milwaukee Ave, Glenview, Il-60025, (Northwest Corner of Milwaukee & Greenwood



Office: (847) 581-1418, Fax: (847) 581-1445

GENERAL DENTIST, IMPLANT, ORTHODONTIC TREATMENT, GUM SURGERY, WISDOM TOOTH EXTRACTIONS

- WHITENING, VENEERS, BONDING, ROOT CANALS, GUM DISEASE, CLEANING, WHITE FILLINGS, DENTURES/PARTIALS, RELINE, CROWNS, BRIDGES, INTRA-ORAL CAMERA DIGITAL IMAGE, STATE OF THE ART STERILIZATION SYSTEM
- ORTHODONTICS (BRACES & INVISALIGN) for Children and Adult
- DISCOUNTS AVAILABLE



Dr. Susan Edukutharayil B.D.S, D.D.S

(University of Illinois Graduate) Practicing Dentistry in Chicago land area for the past 25 years!!

www.MyDentistToday.com

ACHIEVE REAL ESTATE GROUP, INC.

Achieve Real Estate

For All Your Real Estate Needs Please Call ...

Thomas Kuruvilla Karikulam

Real Estate Broker

1-847-219-6050

834 Rand Rd Mount Prospect IL 60056



FULL TIME REALTOR

# ടികെഎഫ് ഓണാഘോഷക്കമ്മിറ്റി പ്രവർത്തനോദ്ഘാടനവും കിക്കോഫും

**സുമോദ് തോമസ് നെല്ലിക്കാല**

ഫിലാഡൽഫിയ: ട്രൈസ്റ്റേറ്റ് കേരള ഫോറം 2024-ലെ ഓണാഘോഷ പരിപാടികൾക്ക് തുടക്കം കുറിച്ചുകൊണ്ട് ഓണാഘോഷ കമ്മിറ്റിയുടെ പ്രവർത്തനോദ്ഘാടനവും ടിക്കറ്റ് കിക്കോഫും ഫിലാഡൽഫിയ സീറോമലബാർ ഓഡിറ്റോറിയത്തിൽ വെച്ച് നടത്തി. പെൻസിൽവേനിയ, ഡെലവെർ ന്യൂജേഴ്സി ട്രൈസ്റ്റേറ്റ് ഏരിയായിലെ പതിനഞ്ചിൽപ്പരം മലയാളി സംഘടനകളുടെ ഒരുമയുടെ ആരവമായ ട്രൈസ്റ്റേറ്റ് കേരള ഫോറത്തിന്റെ നേതൃത്വത്തിൽ ഓഗസ്റ്റ് 31-ന് ഫിലാഡൽഫിയ സീറോമലബാർ ഓഡിറ്റോറിയത്തിൽ വെച്ച് നടത്തപ്പെടുന്ന ഓണാഘോഷ പരിപാടികൾക്ക് 'ആരവം 2024' എന്നാണ് നാമകരണം ചെയ്യപ്പെട്ടിരിക്കുന്നത്.



ഇത്തവണത്തെ ഓണാഘോഷ പരിപാടികളുടെ ഗംഭീര നടത്തിപ്പിനായി ജോബി ജോർജ് ഓണാഘോഷ ചെയർമാനും വിൻസെന്റ് ഇമ്മാനുവേൽ പ്രോഗ്രാം കോ-ഓർഡിനേറ്ററുമായ വിപുലമായ കമ്മിറ്റിക്കാണ് രൂപം നല്കിയിരിക്കുന്നതെന്ന് ടി.കെ.എഫ് ചെയർമാൻ അഭിലാഷ് ജോൺ അറിയിച്ചു. എന്നും പുതുമകൾകൊണ്ട് വേറിട്ട് നിൽക്കുന്ന ടി.കെ.എഫ് ഓണം ഇത്തവണയും വൈവിദ്ധ്യമാർന്ന പരിപാടികളെക്കൊണ്ട് സമ്പുഷ്ടമാക്കുമെന്ന് ഓണാഘോഷ കമ്മിറ്റി ചെയർമാൻ ജോബി ജോർജ്, പ്രോഗ്രാം കോ-ഓർഡിനേറ്റർ വിൻസെന്റ് ഇമ്മാനുവേൽ എന്നിവർ സംയുക്ത പ്രസ്താവനയിലൂടെ അറിയിച്ചു.

ഓണാഘോഷത്തിന്റെ ഭാഗമായി എല്ലാ വർഷവും നല്കിവരുന്ന ടി.കെ.എഫ് അവാർഡിനായി നാമനിർദേശം നല്കാൻ ഇത്തവണ പൊതുജനങ്ങൾക്കും അവസരമുണ്ടായിരിക്കുന്നതാണ്. സാമൂഹിക രംഗത്തോ ബിസിനസ് രംഗത്തോ തനതായ വ്യക്തിമുദ്ര പതിപ്പിച്ചിട്ടുള്ള അമേരിക്കൻ മലയാളികളെയാണ് അവാർഡിനായി തെരഞ്ഞെടുക്കുക. ഓഗസ്റ്റ്മാസം 15 വരെയാണ് നാമനിർദേശം സ്വീകരിക്കപ്പെടുകയെന്ന് അവാർഡ് കമ്മിറ്റി ചെയർമാൻ റോണി വർഗീസ് അറിയിച്ചു.

വിൻസെന്റ് ഇമ്മാനുവേൽ, ജോബി ജോർജ്, ജോർജ് നടവയൽ, സാജൻ വർഗീസ്, രാജൻ സാമുവേൽ, ജോർജ് ഓലിക്കൽ, സുരേഷ് നായർ, അലക്സ് തോമസ്, സുധാ കർത്താ, സുമോദ് നെല്ലിക്കാല ഉൾപ്പെടെ ഫൊക്കാനാ, ഫോമാ, ഐപിസിസിഎൻഎ ഭാരവാഹികൾ ആശംസകൾ അറിയിച്ചു. ടി.കെ.എഫ് ജനറൽ സെക്രട്ടറി ബിനു മാത്യു സ്വാഗതവും ട്രഷറർ ഫിലിപ്പോസ് ചെറിയാൻ കൃതജ്ഞതയും അറിയിച്ചു.

# ഡിട്രോയിറ്റ് കേരള ക്ലബ് സ്റ്റീഫൻ ദേവസ്സി ഷോ മെയ് 31–ന്

**അലൻ ചെന്നിത്തല**

മിഷിഗൺ: ഡിട്രോയിറ്റ് കേരള ക്ലബിന്റെ ആഭിമുഖ്യത്തിൽ മെയ് 31-ന് വെള്ളിയാഴ്ച വൈകിട്ട് 7-ന് സ്റ്റെർലിങ് ഹൈറ്റ്സ് ഹെൻറി ഫോർഡ്-II ഹൈസ്കൂൾ ഓഡിറ്റോറിയത്തിൽ വെച്ച് നടത്തപ്പെടുന്ന സ്റ്റീഫൻ ദേവസ്സി ഷോയുടെ ടിക്കറ്റ് വില്പനയുടെ ഉദ്ഘാടനം കേരള ക്ലബ് ഓഫീസിൽ വെച്ച് നടത്തപ്പെട്ടു. ഒതെന്റിക്ക ഇന്ത്യൻ കുസീൻ മാനേജിങ് പാർട്ട്നേഴ്സ് സുമിത് കൻഡൽവൽ, അനിൽ പ്രാട്ടി, ഭാരത് ബുസ്സു എന്നിവർ കേരള ക്ലബിന്റെ പ്രസിഡണ്ട് ആശാ മനോഹരനിൽ നിന്നും ആദ്യടിക്കറ്റ് ഏറ്റുവാങ്ങി.

സംഗീത മാസ്മരികതകൊണ്ട് കേരളത്തിലെ സംഗീതപ്രേമികളെ ഇളക്കിമറിച്ച സ്റ്റീഫൻ ദേവസ്സിയുടെ നേതൃത്വത്തിൽ സിദ്ധാർത്ഥ് മേനോൻ, ശ്യാം പ്രസാദ്, അമൃത സുരേഷ് എന്നീ പ്രശസ്ത ഗായകർ ഈ ഷോയിൽ




പങ്കെടുക്കുന്നു. അത്യാധുനിക ശബ്ദസംവിധാനവും സംഗീത ഉപകരണങ്ങളും ഉപയോഗിച്ചുകൊണ്ട് സംഗീതത്തിന്റെ നവ്യാനുഭവങ്ങൾ സൃഷ്ടിക്കുന്ന സ്റ്റീഫൻ ദേവസ്സിയും സംഘവും നയിക്കുന്ന ഈ സംഗീത സന്ധ്യയിലേക്ക് ഏവരേയും കേരള ക്ലബ് സ്വാഗതം ചെയ്യുന്നു.

ഈ ഷോയുടെ മെഗാ സ്പോൺസേഴ്സ് കോശി ജോർജ്-റീമാക്സ്, നാഷണൽ ഗ്രോസറീസ്, ഒതെന്റിക്ക ഇന്ത്യൻ കുസീൻ, നോവായ് എനർജി എന്നിവരാണ്.

അജയ് അലക്സ്, റോജൻ പണിക്കർ, സ്വപ്ന ഗോപാലകൃഷ്ണൻ, ധന്യ മേനോൻ, ആശാ മനോഹരൻ, പ്രീതി പ്രേംകുമാർ, ഗൗതം ത്യാഗരാജൻ, സുജിത് നായർ, ഷിബു ദേവപാലൻ, ജോളി ദാനിയേൽ എന്നിവരുടെ നേതൃത്വത്തിൽ വിവിധ കമ്മിറ്റികൾ ഈ മെഗാ ഷോയുടെ ക്രമീകരണങ്ങൾക്ക് നേതൃത്വം നല്കുന്നു.

# അറ്റ്ലാന്റയിൽ ഓഗസ്റ്റ് 2,3,4 തീയതികളിൽ 'സ്വർഗീയ നാദം സംഗമം 2024'

**പി.പി. ചെറിയാൻ**

അറ്റ്ലാന്റ: അറ്റ്ലാന്റ ആസ്ഥാനമായി പ്രവർത്തിക്കുന്ന സ്വർഗീയ നാദം എന്ന ക്രിസ്ത്യൻ ഡിവോഷണൽ ലൈവ് സൂം പ്രോഗ്രാമിന്റെ ആഭിമുഖ്യത്തിൽ 'സ്വർഗീയ നാദം സംഗമം 2024' സംഘടിപ്പിക്കുന്നു. അമേരിക്കയിൽ ആദ്യമായി ക്രിസ്തീയ പാട്ടുകാരുടെയും പാട്ടിനോടും അഭിരുചിയുള്ള ആളുകളുടെയും മൂന്നുദിവസം നീണ്ടുനിൽക്കുന്ന സംഗമം 2024 ഓഗസ്റ്റ് മാസം 2, 3, 4 തീയതികളിൽ ജോർജിയയിലെ ക്യാമ്പ് അടുത്തുള്ള ക്യാമ്പ് ജോൺ ഹോപ്പ് സെന്ററിൽ വെച്ച് (Camp John Hope FFA-FCCLA Cener) നടത്തപ്പെടുന്നതാണ്. വിവിധ ആത്മീയ നേതാക്കളോടൊപ്പം വേൾഡ് പീസ് മിഷൻ ചെയർമാനും പ്രശസ്ത സംഗീതജ്ഞനുമായ ഡോ. സണ്ണി സ്റ്റീഫൻ പ്രോഗ്രാമിന് നേതൃത്വം നല്കുന്നു. അമേരിക്കയുടെ വിവിധ ഭാഗങ്ങളിൽ നിന്നും നിരവധി പേർ പങ്കെടുക്കുന്ന പ്രസ്തുത കൂട്ടായ്മയിലേക്ക് എല്ലാവരെയും താല്പര്യപൂർവം ക്ഷണിക്കുന്നതായി സംഘാടകർ അറിയിച്ചു.




വിശദവിവരങ്ങൾക്ക് സംഗമം ജിമെയിൽ ഡോട്ട് കോം എന്ന വെബ്സൈറ്റിൽ ബന്ധപ്പെടുക. സണ്ണി പറവനേത് 678 866 5336, തോമസ് ജേക്കബ് 631 747 7862.

# മാധ്യമപ്രവർത്തകൻ പി.പി. ചെറിയാനെ ആദരിച്ചു

**അനശ്വരം മാമ്പിള്ളി**

ഡാളസ്: ഇന്ത്യ പ്രസ്ക്ലബ് ഓഫ് നോർത്ത് ടെക്സസ് പ്രവർത്തനോദ്ഘാടനത്തോടനുബന്ധിച്ച് സംഘടിപ്പിച്ച പരിപാടിയിൽ അമേരിക്കയിലെ മുതിർന്ന മാധ്യമപ്രവർത്തകൻ പി.പി. ചെറിയാനെ ആദരിച്ചു. വർത്തമാനകാലത്ത് അമേരിക്കൻ ഐക്യനാടുകളിൽ നടക്കുന്ന സംഭവങ്ങൾ ഒട്ടും വൈകാതെ തന്നെ ജനങ്ങളിൽ എത്തിക്കുന്ന പി.പി. ചെറിയാൻ കഴിഞ്ഞ 22 വർഷങ്ങളായി വിവിധ മാധ്യമങ്ങളിലൂടെ വാർത്തകൾ അറിയിച്ചുപോരുന്നു.

അമേരിക്കൻ മാധ്യമപ്രവർത്തകരിൽ സൗമ്യനും നല്ല സമീപനവുമുള്ള ആൾ എന്നു പരക്കെ അറിയപ്പെടുന്ന പി.പി. ചെറിയാൻ ഗുണകരവും ഗവേഷണപരവുമായ വാർത്തകൾ കൂടാതെ നിരവധി ലേഖനങ്ങളും എഴുതിയിട്ടുണ്ട്.

പ്രവർത്തനോദ്ഘാടനത്തോടനുബന്ധിച്ചു സംഘടിപ്പിച്ച പരിപാടിയിലെ അപ്രഖ്യാപന ഇനമായിരുന്നു ഈ ആദരവ്.

പ്രസിഡണ്ട് സണ്ണി മാളിയേക്കൽ അദ്ധ്യക്ഷത വഹിച്ച ഈ പരിപാടിയിൽ മുഖ്യാതിഥിയായി സണ്ണിവെയ്ൽ സിറ്റി കൗൺസിൽ അംഗം മനു ഡാനി, കേരള അസോസിയേഷൻ പ്രസിഡണ്ട് പ്രദീപ് നാഗനൂലിൽ, ഇന്ത്യ കൾച്ചറൽ ആൻഡ് എഡ്യൂക്കേഷൻ സെന്റർ പ്രസിഡണ്ട് ഷിജു ഏബ്രഹാം, കേരള ലിറ്റററി അസോസിയേഷൻ പ്രതിനിധി സി.വി. ജോർജ്, ലാന പ്രതിനിധി ഹരിദാസ് തങ്കപ്പൻ, വേൾഡ് മലയാളി പ്രതിനിധി ഗോപാലകൃഷ്ണപിള്ള, ഇന്തോ-അമേരിക്കൻ പ്രസ്ക്ലബ് പ്രതിനിധി മീന ചിറ്റിലപ്പിള്ളി, നേഴ്സസ് അസോസിയേഷൻ ഓഫ് നോർത്ത് ടെക്സാസ് സെക്രട്ടറി എയ്ഞ്ചൽ ജ്യോതി, സൗഹൃദവേദി പ്രതിനിധി സുകു വർഗീസ്, അജയ്കുമാർ, കവി ജോസ് ഓച്ചാലിൽ, ബോബൻ കൊടുവത്ത്, യൂത്ത് ഓഫ് ഡാളസ് പ്രതിനിധി ജിജി പി. സ്കറിയ തുടങ്ങി നിരവധി സാമൂഹിക സാംസ്കാരിക പ്രതിനിധികൾ പങ്കെടുത്തു.



സെക്രട്ടറി ബിജിലി ജോർജ് നന്ദി അറിയിച്ചു. കൂടാതെ ഐപിസിഎൻറ്റി ഭാരവാഹികളായ സിജു വി. ജോർജ്, പ്രസാദ് തിയോടിക്കൽ, ലാലി ജോസഫ്, ഡോ. അഞ്ജു ബിജിലി, സാം മാത്യു, അഡ്വൈസറി ബോർഡ് ചെയർമാൻ ബെന്നി ജോൺ, തോമസ് ചിറമേൽ, ജോജോ കോട്ടക്കൽ, ടി.സി. ചാക്കോ എന്നിവരും പങ്കെടുത്തു.

# 'ചിത്രശലഭം പദ്ധതി' വഴിത്തിരിവായി; സെറിബ്രൽ പാൾസിയെ അതിജീവിച്ച് ശാരിക ഇന്ത്യൻ സിവിൽ സർവീസിലേക്ക്

വടകര: സെറിബ്രൽ പാൾസിയെ അതിജീവിച്ച് ഇന്ത്യൻ സിവിൽ സർവീസിലെത്തുന്ന ആദ്യത്തെ വ്യക്തിയായി വടകര കീഴരിയൂർ സ്വദേശിനി ശാരിക എ.കെ. ജന്മനാ സെറിബ്രൽ പാൾസി രോഗബാധിതയായ ശാരിക വീൽ ചെയറിൽ ഇരുന്നാണ് ഈ സ്വപ്നനേട്ടം സ്വന്തമാക്കിയത്.




ഭിന്നശേഷിക്കാരായ വിദ്യാർത്ഥികൾക്ക് സൗജന്യ സിവിൽ സർവീസ് പരിശീലനം നല്കാൻ അബ്സൊല്യൂട്ട് ഐഎഎസ് അക്കാദമിയുടെ സ്ഥാപകനായ എഴുത്തുകാരനും മോട്ടിവേഷണൽ സ്പീക്കറുമായ ഡോ. ജോബിൻ എസ്. കൊട്ടാരം ആരംഭിച്ച പ്രൊജക്റ്റ് 'ചിത്രശലഭം' എന്ന പരിശീലന പദ്ധതിയിലേക്ക് തെരഞ്ഞെടുക്കപ്പെട്ടതാണ് ശാരികയുടെ ജീവിതത്തിൽ വഴിത്തിരിവായത്. കഴിഞ്ഞവർഷം വീൽ ചെയറിൽ നിന്നും സിവിൽ സർവീസ് ലഭിച്ച ഷെറിൻ ഷഹാനയും അബ്സൊല്യൂട്ട് അക്കാദമിയുടെ ചിത്രശലഭം പദ്ധതിയുടെ ഭാഗമായിരുന്നു.

ശാരികയ്ക്ക് ഇടതുകൈയുടെ മൂന്ന് വിരലുകൾ മാത്രമേ ചലിപ്പിക്കാൻ കഴിയുകയുള്ളൂ. ഈ പരിമിതികളെയൊക്കെ അതിജീവിച്ചാണ് ശാരിക ഇപ്പോൾ സിവിൽ സർവീസ് എന്ന ലക്ഷ്യം കീഴടക്കിയിരിക്കുന്നത്. കീഴരിയൂർ എരേമ്മൻകണ്ടി ശശിയുടെയും രാഖിയുടെയും മകളാണ്. പ്ലസ് ടു വിദ്യാർത്ഥിനിയായ ദേവിക സഹോദരിയാണ്. 2024-ലെ സിവിൽ സർവീസ് മെയിൻസ് പരീക്ഷ പാസായി. തുടർന്ന് ജനുവരി 30-ന് ഡൽഹിയിൽ വെച്ച് നടന്ന ഇന്റർവ്യൂവിൽ മികവ് തെളിയിച്ചു. ഓൺലൈനായും തിരുവനന്തപുരത്ത് നേരിട്ടുമായിരുന്നു പരിശീലനം. ഇന്ത്യയിൽ മൂന്നു കോടിയോളം ഭിന്നശേഷിക്കാരായ വ്യക്തികളുണ്ട്.

എന്നാൽ, സിവിൽ സർവീസ് അടക്കമുള്ള നേതൃരംഗത്ത് അവരുടെ പ്രാതിനിധ്യം വളരെ കുറവാണ്. ഇതു കണക്കിലെടുത്ത് ഭിന്നശേഷിക്കാരായ വ്യക്തികളെ സമൂഹത്തിന്റെ മുഖ്യധാരയിൽ എത്തിക്കുന്നതിനാണ് മൂന്നു വർഷം മുമ്പ് ഡോ. ജോബിൻ എസ് കൊട്ടാരം 'പ്രൊജക്റ്റ് ചിത്രശലഭം' ആരംഭിച്ചത്. പ്രതിസന്ധികളോടും ജീവിതാവസ്ഥകളോടും പടവെട്ടി ശാരിക എ.കെ. സിവിൽ സർവീസിലെത്തുമ്പോൾ അത് ഈ അദ്ധ്യാപകനും സംതൃപ്തിയുടെ നിമിഷമായി മാറുകയാണ്.

922-ാം റാങ്ക് നേടിയാണ് ശാരിക സിവിൽ സർവീസ് എന്ന ലക്ഷ്യം സ്വന്തമാക്കിയിരിക്കുന്നത്. അബ്സൊല്യൂട്ട് ഐഎഎസ് അക്കാദമിയിൽ മുൻ ഡിജിപിമാരായ ഋഷിരാജ് സിംഗ് ഐപിഎസ്, ഡോ. ബി. സന്ധ്യ ഐപിഎസ്, മുൻ വൈസ് ചാൻസലറും യുപിഎസ്സി ഇന്റർവ്യൂ ബോർഡ് മുൻ എക്സ്റ്റേണൽ അംഗവുമായ ഡോ. എം.സി. ദിലീപ് കുമാർ, പ്രശാന്ത് നായർ ഐഎഎസ്, നിഷാന്ത് കെ.ഐ, ആർ.എസ് ലിപിൻരാജ് തുടങ്ങിയവരുടെ നേതൃത്വത്തിലാണ് ഇന്റർവ്യൂ പരിശീലനം നല്കിയത്.

# വിൻസെന്റ് ലൂക്കോസിന്റെ നിര്യാണത്തിൽ അനുശോചിച്ചു

പി.പി. ചെറിയാൻ

സൗത്ത് ഫ്ളോറിഡ: നവകേരള മലയാളി അസോസിയേഷൻ ഓഫ് സൗത്ത് ഫ്ളോറിഡയുടെ മുൻ പ്രസിഡണ്ട് വിൻസെന്റ് ലൂക്കോസ് വേലശേരിയുടെ (67) നിര്യാണത്തിൽ സംഘടന അനുശോചിച്ചു. നവകേരളയുടെ വളർച്ചയ്ക്കും ഉന്നമനത്തിനുമായി പ്രവർത്തിച്ച മഹദ് വ്യക്തിയായിരുന്നു വിൻസെന്റ് എന്ന് പ്രസിഡണ്ട് പനങ്ങയിൽ ഏലിയാസ് അനുസ്മരിച്ചു.



സൗത്ത് ഫ്ളോറിഡയിലെ നിറസാന്നിദ്ധ്യമായിരുന്ന വിൻസെന്റിന്റെ വേർപാട് നവകേരളയ്ക്ക് മാത്രമല്ല, മലയാളി സമൂഹത്തിനാകെ നികത്താനാവാത്ത വിടവാണ് സൃഷ്ടിച്ചിരിക്കുന്നതെന്ന് സെക്രട്ടറി കുര്യൻ വർഗീസ് അനുസ്മരിച്ചു. ഇന്ത്യൻ കാത്തലിക് അസോസിയേഷന്റെ ആദ്യത്തെ പ്രസിഡണ്ട്, നവകേരള മലയാളി അസോസിയേഷന്റെ ശില്പികളിൽ ഒരാളും 1999 -ലെ നവകേരള പ്രസിഡണ്ട്, ഫോമയുടെ ആദ്യകാലപ്രവർത്തകനുമായിരുന്ന വിൻസെന്റിന്റെ നിര്യാണം നവകേരളയ്ക്കു മാത്രമല്ല ഫോമയ്ക്കും തീരാനഷ്ടമാണെന്ന് ഫോമാ നാഷണൽ കമ്മിറ്റി അംഗം ബിജോയ് സേവ്യർ അനുശോചന സന്ദേശത്തിൽ അറിയിച്ചു. യോഗത്തിൽ മുൻ പ്രസിഡണ്ടുമാരായ ഷാന്റി വർഗീസ്, സജോ ജോസ് പല്ലിശേരി എന്നിവരെ കൂടാതെ സജീവ് മാത്യു, ഗോപൻ നായർ തുടങ്ങിയവരും അനുശോചിച്ചു.

കൂത്താട്ടുകുളം പുതുവേലി വേളാശ്ശേരിൽ കുടുംബാംഗമായ പരേതനായ വി.വി. ലൂക്കോസിന്റെയും ഏലിക്കുട്ടിയുടെയും മകനാണ്. ഭാര്യ ബെറ്റ്സി. മകൾ: ക്രിസ്റ്റൽ. സഹോദരങ്ങൾ: വി.എൽ. സിറിയക്, മേരി കോര, സോഫി ജോസ്, പരേതയായ സാറാമ്മ.

# ബെൻസൻവില്ലിൽ മുതിർന്നവർക്കായി ഒരു സ്നേഹക്കൂട്ടായ്മ

ലിൻസ് താന്നിച്ചുവട്ടിൽ

ചിക്കാഗോ: ബെൻസൻവിൽ തിരുഹൃദയ ക്നാനായ കത്തോലിക്കാ ഇടവക ദേവാലയത്തിൽ മുതിർന്നവർക്കായി ഒരു സ്നേഹക്കൂട്ടായ്മ. 'ജോയ്' എന്നു പേരിട്ട് രൂപീകരിച്ച ഈ കൂട്ടായ്മ വികാരി ഫാ. തോമസ് മുളവനാൽ ഉദ്ഘാടനം ചെയ്തു.



പരസ്പരമുള്ള കരുതലിന്റെ സന്ദേശമാകണം ഈ സ്നേഹക്കൂട്ടായ്മ എന്നും മറ്റുള്ളവർക്ക് താങ്ങായി മാറുന്നതാകണം ജോയ് കൂട്ടായ്മ എന്നും ഉദ്ഘാടനപ്രസംഗത്തിൽ അദ്ദേഹം പറഞ്ഞു. അസി. വികാരി ഫാ. ബിൻസ് ചേത്തലിൽ ആശംസകൾ അർപ്പിച്ചു. കൂട്ടായ്മയുടെ പേരു സൂചിപ്പിക്കുന്നതുപോലെ ജോയി ആയി ജോളിയായി നമ്മെ മാറ്റുന്നതാകണം ഈ ഒത്തുചേരൽ എന്ന് തന്റെ ആശംസാ സന്ദേശത്തിൽ സൂചിപ്പിച്ചു.

തോമസ് കുന്നുംപുറം, കുര്യൻ നെല്ലാമറ്റം, റീത്താമ്മ ആക്കാത്തറ എന്നിവർ കർമ്മപരിപാടികൾക്ക് രൂപം നല്കി. കൂട്ടായ്മയുടെ ഭാഗമായി വിവിധ മത്സരങ്ങൾ നടത്തപ്പെട്ടു. എല്ലാവരും ഒരുമിച്ചു ചേർന്ന് പാകം ചെയ്ത ചെണ്ടമുറിയനും മുളക് പൊട്ടിച്ചതും ഏവരും ആസ്വദിച്ചു.

അമ്പതോളം പേർ കൂട്ടായ്മയിൽ പങ്കെടുത്തു. എല്ലാ ആദ്യശനിയാഴ്ചയും ജോയ് കൂട്ടായ്മ തുടർന്നും സംഘടിപ്പിക്കുവാനാണ് തീരുമാനം.

# ചിക്കാഗോ എക്യുമെനിക്കൽ സഭകളുടെ കുടുംബസംഗമം ജൂൺ ഒന്നിന്

ചിക്കാഗോ: ബെൽവുഡിലുള്ള മാർത്തോമ്മാ ശ്ലീഹാ സീറോമലബാർ കത്തീഡ്രൽ ഹാളിൽ ജൂൺ മാസം ഒന്നാം തീയതി ശനിയാഴ്ച വൈകിട്ട് 5 മണി മുതൽ എല്ലാ എക്യുമെനിക്കൽ ഇടവകകളും ചേർന്ന് കുടുംബസംഗമദിനമായി കൊണ്ടാടുവാൻ തീരുമാനിച്ചിരിക്കുന്നു.

വിഭവസമൃദ്ധമായ സദ്യയോടു കൂടി ആരംഭിക്കുന്ന ഈ കുടുംബ കൂട്ടായ്മയിൽ ചിക്കാഗോയിലെ എല്ലാ ഇടവകകളിൽ നിന്നും വിവിധ കലാപരിപാടികൾ അരങ്ങേറുന്നതാണ്. തദവസരത്തിൽ എക്യുമെനിക്കൽ ഇടവകകളിൽപ്പെട്ട തൊണ്ണൂറോ അതിൽ അധികമോ പ്രായമുള്ള അംഗങ്ങളെ ആദരിക്കാനും തീരുമാനിച്ചിട്ടുണ്ട്.

റവ. ജോ വർഗീസ് മലയിലിന്റെ നേതൃത്വത്തിൽ ജനറൽ കൺവീനറായി മാത്യു മാപ്ലേറ്റ്, പ്രോഗ്രാം കോ-

ഏലിയാമ്മ പുന്നൂസ്

ഓർഡിനേറ്റേഴ്സായി റീന ജെയിംസ്, ജോയ്സ് ചെറിയാൻ എന്നിവർ ഉൾപ്പെടുന്ന 28 പേരടങ്ങുന്ന പ്രത്യേക കമ്മിറ്റി ഈ പ്രോഗ്രാമിന്റെ വിജയത്തിനായി പ്രവർത്തനം ആരംഭിച്ചു.



എല്ലാവരും കുടുംബമായി വന്ന് മനസ്സിനും ശരീരത്തിനും ഉന്മേഷം പകർന്ന് ചിരിക്കുവാനും ചിന്തിക്കുവാനുമുള്ള ഒരു സുവർണ്ണാവസരമായി ഇടയാകട്ടെ.

എല്ലാവരുടെയും ആത്മാർത്ഥമായ സഹകരണം പ്രതീക്ഷിക്കുന്നതായി പ്രസിഡണ്ട് വെരി റവ. സ്കറിയ തേലപ്പിള്ളിൽ കോർ എപ്പിസ്കോപ്പ ഓർമ്മിപ്പിച്ചു.

# നായർ അസ്സോസിയേഷൻ വിഷു ആഘോഷിച്ചു

ചിക്കാഗോ: നായർ അസ്സോസിയേഷൻ ഓഫ് ഗ്രേറ്റർ ചിക്കാഗോയുടെ ആഭിമുഖ്യത്തിൽ വിഷു ആഘോഷം നൈൽസിലുള്ള ഗോൾഫ് മെയ്നി പാർക്ക് ഡിസ്ട്രിക് ഓഡിറ്റോറിയത്തിൽ വെച്ച് നടന്നു. ശ്രേയ മഹേഷിന്റെ ഈശ്വരപ്രാർത്ഥനയോടു കൂടി ആരംഭിച്ച ചടങ്ങിൽ അസോസിയേഷൻ പ്രസിഡണ്ട് അരവിന്ദ് പിള്ള ഏവരേയും സ്വാഗതം ചെയ്യുകയും ഏവർക്കും വിഷു ആശംസകൾ നേരുകയും ചെയ്തു. കമ്മിറ്റിയംഗം ചന്ദ്രൻ പിള്ള ഏവർക്കും വിഷുക്കൈനീട്ടം നല്കി. സതീശൻ നായർ വിഷുവിന്റെ പ്രത്യേകതകളെക്കുറിച്ച് സംസാരിക്കുകയും ഏവർക്കും വിഷുദിനാശംസകൾ നേരുകയും ചെയ്തു. സെറാഫിൻ ബിനോയിയുടെ നേതൃത്വത്തിൽ നടന്ന നൃത്തനൃത്യങ്ങൾ, ശ്രേയാ മഹേഷും ശ്രുതി മഹേഷും കൂടി ആലപിച്ച ഗാനങ്ങൾ, മഞ്ജു പിള്ളയുടെ ഗാനാലാപനം, ദീപു നായരും ധന്യ ദീപുവും കൂടി ആലപിച്ച ഗാനങ്ങൾ തുടങ്ങി വിവിധ പരിപാടികൾ ചടങ്ങിനെ അവിസ്മരണീയമാക്കി.



**സതീശൻ നായർ**

വിവിധ പരിപാടികൾക്ക് രഘു നായർ, ദീപക് നായർ, രാജഗോപാലൻ നായർ, പ്രസാദ് പിള്ള, അജി പിള്ള, ജിതേന്ദ്ര കൈമൾ, ചന്ദ്രൻ പിള്ള, സുരേഷ് ബാലചന്ദ്രൻ, ഗോപാൽ തുപ്പലിക്കാട്ട് തുടങ്ങിയവർ നേതൃത്വം നല്കി. ദീപു നായർ ചടങ്ങിൽ എംസിയായിരുന്നു. വിഭവസമൃദ്ധമായ കേരളത്തനിമയാർന്ന ഭക്ഷണത്തോടു കൂടി സമാപിച്ച ചടങ്ങിൽ ജനറൽ സെക്രട്ടറി മഹേഷ് കൃഷ്ണൻ ഏവർക്കും നന്ദി രേഖപ്പെടുത്തി.

# ഹൂസ്റ്റൺ ശ്രീഗുരുവായൂരപ്പൻ ക്ഷേത്രോത്സവം; ഭക്തിയുടെയും പാരമ്പര്യത്തിന്റെയും നേർകാഴ്ച

**ശങ്കരൻകുട്ടി**

ഹൂസ്റ്റൺ: എല്ലാവർഷവും മെയ് 11-ന് നടത്തിവരാറുള്ള പ്രതിഷ്ഠാദിനം എല്ലാ ഭക്തജനങ്ങളുടെയും സാന്നിദ്ധ്യത്തിൽ ഒരു ആഘോഷമാക്കി മാറ്റാൻ എല്ലാവരുടെയും സാന്നിദ്ധ്യം സവിനയം ക്ഷണിക്കുന്നു.

ടെക്സസിന്റെ ഹൃദയഭാഗത്ത് ഹൂസ്റ്റണിൽ പച്ചപ്പിനും ചുറ്റുപാടുകളുടെ പ്രശാന്തതയ്ക്കും ഇടയിൽ ആദരണീയമായ ശ്രീഗുരുവായൂരപ്പൻ ക്ഷേത്രം സ്ഥിതി ചെയ്യുന്നു. ഭഗവാൻ കൃഷ്ണനെ പ്രതിഷ്ഠിച്ചിരിക്കുന്ന ഈ ക്ഷേത്രം കേവലം ഒരു ആരാധനാലയം മാത്രമല്ല, സമൂഹത്തിന്റെ നാനാതുറകളിലുള്ള ഭക്തർക്ക് ആത്മീയതയുടെയും സംസ്കാരത്തിന്റെയും വെളിച്ചമാണ്. ഇവിടെ ആഘോഷിക്കപ്പെടുന്ന നിരവധി ഉത്സവങ്ങളിൽ ഭക്തിയുടെയും പാരമ്പര്യത്തിന്റെയും മഹത്തായ കാഴ്ചയായി ഗുരുവായൂർ ഉത്സവം നിലകൊള്ളുന്നു; ദശലക്ഷക്കണക്കിനു ഹൃദയങ്ങളെ കീഴടക്കുന്നു.

ഹൂസ്റ്റൺ ഗുരുവായൂർ ക്ഷേത്ര ഉത്സവം സമാനതകളില്ലാത്ത ആവേശത്തോടെ ആഘോഷിക്കപ്പെടുന്നു. രാജ്യത്തിനകത്തും പുറത്തുനിന്നുമുള്ള ഭക്തരെ ആകർഷിക്കുന്നു. ചടങ്ങുകൾ, ഘോഷയാത്രകൾ, സാംസ്കാരിക പ്രകടനങ്ങൾ, കേരളത്തിന്റെ സമ്പന്നമായ പൈതൃകത്തിന്റെ ഊർജസ്വലമായ പ്രദർശനം എന്നിവയിൽ നിറഞ്ഞുനിൽക്കുന്ന ഉത്സവം സാധാരണയായി 10 ദിവസങ്ങൾ നീണ്ടുനിൽക്കും. മെയ് 16-ന് ശനിയാഴ്ച ആരംഭിച്ച് മെയ് 25 വരെ നീണ്ടുനിൽക്കുന്ന ഈ ആഘോഷവേള സമ്പന്നമാക്കുവാൻ എല്ലാ സനാതന ധർമ വിശ്വാസികളെയും സഹർഷം സ്വാഗതം ചെയ്യുന്നു.

ഉത്സവബലി മെയ് 19-ന് ഞായറാഴ്ച ശ്രീഗുരുവായൂരപ്പന്റെ അനുഗ്രഹത്തിനായി പ്രാർത്ഥനകളും യാഗങ്ങളും അർപ്പിക്കുന്ന പ്രധാന ചടങ്ങും നടക്കുന്നതാണ്.

ഉത്സവത്തിന്റെ ആരംഭം സൂചിപ്പിക്കുന്ന കൊടിയേറ്റ് ചടങ്ങ് മെയ് 16-ന് വ്യാഴാഴ്ച ആചാരപരമായ പതാക ഉയർത്തലോടെ ആരംഭിക്കും. ശുദ്ധീകരണത്തെയും നവീകരണത്തെയും സൂചിപ്പിക്കുന്ന ആറാട്ട് മെയ് 25-ന് ശനിയാഴ്ച വൈകുന്നേരം ആരംഭിക്കും. ഉത്സവത്തോടനുബന്ധിച്ച് നടത്താറുള്ള ഉദയാസ്തമനപൂജ മെയ് 12 മുതൽ 15 വരെയും മെയ് 27 മുതൽ ജൂൺ 1 വരെയും ക്രമീകരിച്ചിരിക്കുന്നു. ഒരു വർഷത്തിൽ ഉത്സവത്തോടനുബന്ധിച്ച് വെറും പത്തു ദിവസങ്ങൾ മാത്രം നടത്തുന്ന ദിവ്യവും വിലമതിക്കാനാവാത്തതുമായ ഈ മഹത് പൂജയിൽ ആദ്യം രജിസ്റ്റർ ചെയ്യുന്ന പത്തു പേർക്കു മാത്രമേ പങ്കെടുക്കുവാൻ കഴിയൂ. ഉത്സവത്തിന്റെ ഔദ്യോഗിക തുടക്കം കുറിക്കുന്ന കൊടിയേറ്റം എന്ന ചടങ്ങോടെയാണ് ഉത്സവം ആരംഭിക്കുന്നത്. ഈ മംഗളകരമായ കർമ്മം ഉദയാസ്തമനപൂജ ഉൾപ്പെടെയുള്ള വിവിധ പരമ്പരാഗത ആചാരങ്ങൾ പിന്തുടരുന്നു. അത്യധികം ഭക്തിയോടെ നടത്തുന്ന പ്രത്യേക ആരാധന ഉത്സവത്തിലുടനീളം ക്ഷേത്രം വേദ സ്തുതികളുടെ ആത്മാവിനെ ഉത്തേജിപ്പിക്കുന്ന കീർത്തനങ്ങളാലും ഭക്തിഗാനങ്ങളുടെ ശ്രുതിമധുരമായ ആലാപനത്താലും പ്രതിധ്വനിക്കുന്നു. ഇത് ആത്മീയത നിറഞ്ഞ അന്തരീക്ഷം സൃഷ്ടിക്കുന്നു.




രാത്രിയിലെ ആകാശത്തെ പ്രകാശിപ്പിക്കുന്ന ആയിരക്കണക്കിന് വിളക്കുകൾ അലങ്കരിച്ചിരിക്കുന്ന കാഴ്ച ദിവ്യത്വവും വിസ്മയിപ്പിക്കുന്ന സൗന്ദര്യവും ഉണർത്തുന്നു. വിവിധ പശ്ചാത്തലങ്ങളിൽ നിന്നുള്ള ആളുകൾ ദൈവഭക്തിയിൽ ഒത്തുചേരുന്ന ഐക്യത്തിന്റെയും ഭക്തിയുടെയും നിമിഷമാണിത്. മതപരമായ ചടങ്ങുകൾക്കും ഘോഷയാത്രകൾക്കും പുറമെ, വിവിധ കലാരൂപങ്ങളിലൂടെയും പ്രകടനങ്ങളിലൂടെയും ഹൂസ്റ്റൺ ഗുരുവായൂർ ഉത്സവം കേരളത്തിന്റെ സമ്പന്നമായ സാംസ്കാരിക പൈതൃകവും പ്രദർശിപ്പിക്കുന്നു. ക്ലാസിക്കൽ നൃത്തനാടകമായ കഥകളിയും പരമ്പരാഗത ആക്ഷേപഹാസ്യ കലാരൂപമായ ഓട്ടംതുള്ളലും ഉത്സവത്തെ മനോഹരമാക്കുന്ന സാംസ്കാരിക ഘോഷയാത്രകളിൽ ഉൾപ്പെടുന്നു. അവരുടെ ചാരുത പ്രേക്ഷകരെ ആകർഷിക്കുന്നു.

കൂടാതെ, സാമൂഹിക പ്രതിബദ്ധതയോടുള്ള ക്ഷേത്രത്തിന്റെ പ്രതിബദ്ധത പ്രതിഫലിപ്പിക്കുന്ന ജീവകാരുണ്യ പ്രവർത്തനങ്ങളുടെയും സാമൂഹിക ക്ഷേമ പരിപാടികളുടെയും വേദിയായി ഉത്സവം പ്രവർത്തിക്കുന്നു. സൗജന്യ ഭക്ഷണം മുതൽ ആരോഗ്യസേവനങ്ങൾ നല്കുന്ന മെഡിക്കൽ ക്യാമ്പുകൾ വരെ, ഭഗവാൻ കൃഷ്ണന്റെ ഉപദേശങ്ങളിൽ വേരൂന്നിയ അനുകമ്പയുടെയും സേവനത്തിന്റെയും ചൈതന്യം ഈ ഉത്സവം ഉൾക്കൊള്ളുന്നു.

സാരാംശത്തിൽ, ഹൂസ്റ്റൺ ഗുരുവായൂർ ഉത്സവം കേവലം ഒരു മതപരമായ ചടങ്ങല്ല, മറിച്ച് വിശ്വാസത്തിന്റെയും സംസ്കാരത്തിന്റെയും പാരമ്പര്യത്തിന്റെയും ആഘോഷമാണ്.

(ശേഷം 30-ാം പേജിൽ)

# വാഷിങ്ടൺ ഡിസിയിൽ ശ്രീനാരായണ മിഷൻ സെന്റർ വിഷു കൊണ്ടാടി

**സന്ദീപ് പണിക്കർ**

വാഷിങ്ടൺ ഡിസി: പാരമ്പര്യത്തിന്റെയും സാമുദായിക ചൈതന്യത്തിന്റെയും വർണ്ണാഭമായ ചടങ്ങുകളോടെ വാഷിങ്ടൺ ഡിസിയിലെ ശ്രീനാരായണ മിഷൻ സെന്റർ ഇക്കഴിഞ്ഞ ഏപ്രിൽ 13-ാം തീയതി വിഷു ആഘോഷം സംഘടിപ്പിച്ചു. തലമുറകളായി കൈമാറ്റം ചെയ്യപ്പെട്ട സമ്പന്നമായ ഈ സാംസ്കാരിക പൈതൃകത്തെ അതിന്റെ തനതായ രീതിയിൽ ആഘോഷിക്കാൻ കഴിയുന്നതിൽ ഈശ്വരനോട് നന്ദി പറഞ്ഞുകൊണ്ടും ഈ വിഷുദിനം എല്ലാ കുടുംബാംഗങ്ങൾക്കും സമാധാനവും ഐശ്വര്യവും സന്തോഷവും നല്കട്ടെയെന്ന് ആശംസിച്ചുകൊണ്ട് ശ്രീനാരായണ മിഷൻ സെന്റർ പ്രസിഡണ്ട് എല്ലാവരെയും സ്വാഗതം ചെയ്തു. പരിപാടിയുടെ വിജയത്തിനായി സഹകരിച്ച എല്ലാവർക്കും സെക്രട്ടറി കൃതജ്ഞത രേഖപ്പെടുത്തി. ആഘോഷങ്ങളുടെ കേന്ദ്രബിന്ദു വിഷുക്കണി, വരാനിരിക്കുന്ന വർഷത്തേക്കുള്ള ഐശ്വര്യത്തിന്റെയും സമൃദ്ധിയുടെയും പ്രതീകമായി. ഗുരുദേവ പ്രാർത്ഥനയോടെ വിഷു ആഘോഷം സമാരംഭിച്ചു. പ്രായഭേദമെന്യേ ആഘോഷത്തിൽ പങ്കെടുത്ത എല്ലാവർക്കും വിഷുക്കൈനീട്ടം നല്കി. കുടുംബാംഗങ്ങളും കുട്ടികളും ചേർന്നൊരുക്കിയ വർണ്ണശബളമായ കലാവിരുന്ന് കേരളത്തിന്റെ സമ്പന്നമായ സാംസ്കാരിക പൈതൃകത്തിന്റെയും കാലാതീതമായ പാരമ്പര്യങ്ങളുടെയും പ്രതീകമായി വർത്തിച്ചു. അംഗങ്ങൾ സ്നേഹപൂർവം സ്വന്തം ഭവനങ്ങളിൽ പാകംചെയ്ത സമൃദ്ധമായ വിഭവങ്ങൾ വിഷുസദ്യയുടെ മാറ്റുകൂട്ടി.



ആഘോഷങ്ങൾ സമാപിച്ചപ്പോൾ ഹൃദയങ്ങൾ വിഷുവിന്റെ അനുഗ്രഹങ്ങളാൽ നിറഞ്ഞു. പങ്കെടുത്തവർ മടങ്ങിപ്പോകുമ്പോൾ വാഷിങ്ടൺ ഡിസിയിലെ ശ്രീനാരായണ മിഷൻ സെന്റർ നിർവചിക്കുന്ന സാമൂഹിക ഐക്യം, പാരമ്പര്യം എന്നിവയുടെ ചൈതന്യത്തെ ഉദാഹരിക്കുന്ന ഒരു ആഘോഷത്തിന്റെ സ്മരണകൾ അവർക്കൊപ്പം കൊണ്ടുപോയി. ശ്രീനാരായണ മിഷൻ സെന്റർ ട്രഷറർ നന്ദി പറഞ്ഞതോടെ ആഘോഷങ്ങൾ സമാപിച്ചു.









**'ഒരു യഥാർത്ഥ നേതാവിന് ഒറ്റയ്ക്ക് നിൽക്കുവാനുള്ള ആത്മ വിശ്വാസം, കഠിനമായ തീരുമാനങ്ങൾ എടുക്കുവാനുള്ള ധൈര്യം, മറ്റുള്ളവരുടെ ആവശ്യങ്ങൾ ശ്രദ്ധിക്കാനുള്ള അനുകമ്പ എന്നിവയുണ്ട്'**



# ഫോമയുടെ അമരത്തേക്ക്
# തോമസ് റ്റി. ഉമ്മൻ

'സാമൂഹ്യസേവനം പാവനമായ ഒരു പുണ്യകർമ്മമാണ്' പ്രതിഫലേച്ഛ കൂടാതെ സമൂഹത്തിന്റെ പ്രശ്നങ്ങളേയും ആവശ്യങ്ങളേയും മനസ്സിലാക്കി അവ പരിഹരിക്കുവാൻ ശ്രമിക്കുന്നവർ ദീർഘവീക്ഷണമുള്ള ഒരു ശ്രേഷ്ഠ നിരയുടെ ഭാഗമാണ്. ആ ശ്രേഷ്ഠ നിരയുടെ അവഗണിക്കാനാവാത്ത ഒരു കണ്ണിയാണ് തോമസ് റ്റി. ഉമ്മൻ. 2024 – 2026 വർഷത്തെ ഫോമയുടെ പ്രസിഡന്റ് സ്ഥാനാർത്ഥി. നാല് പതിറ്റാണ്ടോളം അമേരിക്കൻ പ്രവാസ സമൂഹത്തിലെ നിറഞ്ഞ സാന്നിദ്ധ്യമായ തോമസ് റ്റി. ഉമ്മൻ, നിരവധി സംഘടനകളുടെ നേതൃത്വ നിരയിലുള്ള യുവജനങ്ങൾക്ക് എന്നും ഒരു പ്രചോദനമാണ്. അമേരിക്കൻ പ്രവാസി സംഘടനകളുടെ പ്രവർത്തനങ്ങൾക്ക് ശക്തമായ പിന്തുണ നൽകുന്നതോടൊപ്പം കേരളത്തിലെ നിരാലംബരായ സാധാരണക്കാരന്റെ കണ്ണീരൊപ്പുവാൻ, അവരെ പ്രതീക്ഷയിലേക്ക് നയിക്കുവാൻ പര്യാപ്തമായ ജീവകാരുണ്യ പ്രവർത്തനങ്ങൾക്ക് ചുക്കാൻ പിടിക്കുന്ന സാമൂഹ്യ പ്രവർത്തകനാണ് തോമസ് റ്റി. ഉമ്മൻ. അദ്ദേഹത്തിന്റെ ജീവിത വഴികളിലൂടെ...

തിരുവല്ല തുകലശ്ശേരി പുരാതന കുടുംബമായ തോട്ടത്തിൽ സ്കൂൾ ഹെഡ്മാസ്റ്ററും സുവിശേഷ പ്രവർത്തകനുമായ ടി.ഒ ഉമ്മൻ സാറിന്റെയും അധ്യാപികയായ ചിന്നമ്മയുടേയും മകനായി ജനനം. ഒന്നു മുതൽ ഏഴ് വരെ തുകലശേരി സി.എം.എസ്. സ്കൂളിലും, എട്ട് മുതൽ പത്താം ക്ലാസ് വരെ തിരുമൂലപുരം സെന്റ് തോമസ് ഹൈസ്കൂളിലും പ്രീഡിഗ്രി തിരുവല്ല മാർത്തോമ്മ കോളേജിലും, ഡിഗ്രിക്ക് ചെങ്ങന്നൂർ ക്രിസ്ത്യൻ കോളേജിലും പഠനം. 1970–ൽ കാൻസർ ബാധിതനായി പിതാവിന്റെ മരണം തോമസ് ടി. ഉമ്മനെ തളർത്തി. മൂത്ത സഹോദരൻ വൈദിക പഠനത്തിനായി പോയ കാലം. കുടുംബത്തിന്റെ ഉത്തരവാദിത്വം തോമസ് ടി. ഉമ്മൻ ഏറ്റെടുത്തു. തിരുവനന്തപുരം ലോ കോളേജിൽ എൽ.എൽ.ബിക്ക് ചേരുന്നത് തുടരാനായില്ല. അമേരിക്കയിൽ നേഴ്സായ കവിയൂർ കരിമ്പിൽ മത്തായിയുടേയും അന്നമ്മയുടേയും മകളായ ലിസിയുമായി വിവാഹം. ജീവിതത്തിന്റെ വഴിത്തിരിവും നിയോഗവുമായി അമേരിക്കയിലേക്ക്.

### ബാലജനസഖ്യം മുതൽ സോഷ്യൽ സർവീസ് ലീഗ് വരെ

ചെറുപ്പം മുതൽക്കേ തോമസ് ടി. ഉമ്മന്റെ കൈമുതലാണ് നേതൃത്വപാടവം. സ്കൂൾ ഹെഡ്മാസ്റ്ററും സുവിശേഷകനുമായിരുന്ന പിതാവിൽ നിന്ന് ലഭിച്ച സംഘടനാ പാടവത്തിന് പുറമെ അദ്ദേഹത്തിലെ നേതാവിനെ രൂപപ്പെടുത്തിയെടുത്തത് അഖില കേരള ബാലജന സഖ്യമാണ്. ബാലജനസഖ്യം തിരുവല്ല യൂണിയൻ പ്രസിഡന്റായപ്പോൾ മുപ്പതോളം ശാഖകകളുടെ നേതൃത്വമാണ് തോമസ് ടി. ഉമ്മൻ ഏറ്റെടുത്തത്. അന്ന് തന്നെ സംഘടനാ പ്രവർത്തനത്തെ ഒരു ജീവകാരുണ്യ പ്രവർത്തനമായി ഏറ്റെടുത്ത തോമസ് തിരുവല്ല താലൂക്ക് ആശുപത്രിയുടെ ശുചീകരണ പ്രവർത്തനങ്ങൾ ബാലജനസഖ്യത്തിന്റെ പ്രവർത്തനങ്ങളിൽ ഒന്നാക്കി മാറ്റിയത് ഏറെ ശ്രദ്ധ നേടി. ചെങ്ങന്നൂർ ക്രിസ്ത്യൻ കോളേജ് സോഷ്യൽ സർവീസ് ലീഗ് സെക്രട്ടറിയും, തുടർന്ന് കോളജ് യൂണിയൻ സെക്രട്ടറിയുമായി പ്രവർത്തിച്ചപ്പോഴും സാമൂഹ്യ പ്രവർത്തനങ്ങളിൽ വിദ്യാർത്ഥികളെ പങ്കാളികളാക്കുക എന്നതായിരുന്നു തോമസ് ടി. ഉമ്മന്റെ ലക്ഷ്യം. തിരുവല്ലയിൽ അന്നും ഇന്നും ഏറ്റവും പ്രമുഖ സാമൂഹ്യ സംഘടനയായ സോഷ്യൽ സർവീസ് ലീഗിന്റെ ജനറൽ സെക്രട്ടറിയായി പ്രവർത്തിച്ച കാലം സംഘടനാ പ്രവർത്തനത്തിന്റെ സുവർണ്ണ കാലമെന്ന് അദ്ദേഹം വിലയിരുത്തുന്നു. അത്രത്തോളം സമൂഹവുമായി അടുത്തിടപഴകുവാൻ അദ്ദേഹത്തിന് കഴിഞ്ഞിരുന്നു. കുറച്ചു കാലം കോളേജ് അദ്ധ്യാപകനായി തുടർന്നപ്പോഴും സംഘടനാ പ്രവർത്തനങ്ങൾ ഒന്നും ഉപേക്ഷിച്ചിരുന്നില്ല.

### 1975 മുതൽ 2024 വരെ; സംഘടനാ പ്രവർത്തനത്തിന്റെ അൻപതാമത് വർഷത്തിലേക്ക്

വഴിത്താരയിൽ ഇന്ന് വരെ പരിചയപ്പെടുത്തിയ വ്യക്തികളിൽനിന്ന് വളരെ വ്യത്യസ്തമാണ് തോമസ് ടി. ഉമ്മന്റെ സംഘടനാ പ്രവർത്തനം. 1975–ൽ ന്യൂയോർക്കിൽ എത്തിയത് മുതൽ ജോലിക്കൊപ്പം സാമൂഹ്യ സംഘടനാ പ്രവർത്തനങ്ങളിൽ സജീവമായ തോമസ് ടി. ഉമ്മൻ സാധാരണ സംഘടനാ പ്രവർത്തകൻ ആയിരുന്നില്ല. ലോകത്തെ തന്നെ നിയന്ത്രിക്കാൻ കഴിവുള്ള അമേരിക്കൻ മണ്ണിൽ മലയാളികൾ അനുഭവിക്കുന്ന നിരവധി പ്രശ്നങ്ങളിലായിരുന്നു ആദ്യകാലം മുതൽക്കേ തോമസ് ടി. ഉമ്മന്റെ ശ്രദ്ധ. അതുകൊണ്ട് തന്നെ അമേരിക്കൻ മലയാളികൾക്ക് ഒരാവശ്യം വരുമ്പോൾ മുൻപിൽനിന്ന് ധൈര്യമായി നയിക്കാൻ ആദ്യം ഓടിയെത്തുന്നത് തോമസ് ടി. ഉമ്മൻ ആണെന്ന് ഓരോ അമേരിക്കൻ മലയാളികൾക്കും അറിയാം.

ന്യൂയോർക്ക് ലോംഗ് ഐലന്റിൽ ലിംക എന്ന പേരിൽ ഒരു മലയാളി സംഘടനയ്ക്ക് രൂപം നൽകിക്കൊണ്ട് തുടങ്ങിയ സംഘടനാ പ്രവർത്തനങ്ങൾക്ക് ഇടവേളകൾ ഇല്ലായിരുന്നു എന്നതാണ് സത്യം. പുതിയ തലമുറയ്ക്ക് അന്യമായ നമ്മുടെ മലയാള ഭാഷയെ അടുത്തറിയാൻ ക്ലാസുകൾ സംഘടിപ്പിക്കുകയും പ്രധാന അദ്ധ്യാപകനായി ക്ലാസ്സെടുത്തും തുടങ്ങിയ പ്രവർത്തനങ്ങൾ പുതുതലമുറയ്ക്ക് മലയാളത്തോട് ആഭിമുഖ്യം ഉണ്ടാക്കുവാൻ സാധിച്ചു എന്നത് വലിയ നേട്ടമാണ്.

മലയാളത്തിനൊപ്പം തുടങ്ങി മലയാളികൾക്കായി തന്റെ പ്രവർത്തനങ്ങൾ തുടരുമ്പോൾ തോമസ് ടി. ഉമ്മൻ നേതൃത്വം നൽകിയ ചില പ്രവർത്തനങ്ങളെ നാം തിരിച്ചറിയേണ്ടതുണ്ട്.

### പാസ്പോർട്ട് സറണ്ടർ ഫീസിനെതിരെ സമരം

ഇന്ത്യയുടെ നിലനിൽപ്പിന്റെ പ്രധാന ഭാഗവും പ്രവാസികളുടെ നിക്ഷേപം ആണെന്ന് നമുക്കെല്ലാം അറിയാം. പക്ഷെ പല സമയത്തും മാറി മാറി വരുന്ന കേന്ദ്രസർക്കാരുകൾ പ്രവാസികളെ ചൂഷണം ചെയ്യാറുണ്ട്. 2010–ൽ പാസ്പോർട്ട് സറണ്ടർ എന്നപേരിൽ വലിയ ഒരു തുക പ്രവാസികൾ നൽകണം എന്ന് കേന്ദ്രസർക്കാർ ഒരു നിർദ്ദേശം മുന്നോട്ട് വെച്ചു. അതിനെതിരെ ന്യൂയോർക്ക് കോൺസുലേറ്റിന് മുന്നിൽ സമരം നയിക്കാൻ നേതൃത്വം നൽകിയത് തോമസ് ടി. ഉമ്മൻ ആയിരുന്നു. അമേരിക്കൻ കോൺസുലേറ്റിന് മുന്നിൽ അത്തരമൊരു സമരം അതിന് മുമ്പ് നടന്നിരുന്നില്ല എന്നതാണ് സത്യം. ആവശ്യത്തിൽ ഉറച്ചുനിന്നുകൊണ്ട് നടത്തിയ സമരം വിജയിക്കുകയും ഫീസ് ഇളവ് ലഭിക്കുകയും ചെയ്തപ്പോൾ തോമസ് ടി. ഉമ്മൻ എന്ന നേതാവിന്റെ നെറുകയിൽ അതൊരു പൊൻ തൂവലായി മാറി.

### ആനന്ദ് ജോണിനൊപ്പം

പ്രശസ്ത ഫാഷൻ ഡിസൈനറായ ആനന്ദ് ജോണിന് നീതി ലഭിക്കുന്നതിന് വേണ്ടി ജന



# വഴിത്താരകൾ

തയ്യാറാക്കിയത്: **അനിൽ പെണ്ണുക്കര**

ങ്ങളെ സംഘടിപ്പിക്കുന്നതിനും കോടതിയിൽ പോകുന്നതിനും തോമസ് ടി. ഉമ്മൻ മുന്നിലുണ്ടായിരുന്നു. ഒരാൾ തെറ്റുകാരനാണോ അല്ലയോ എന്നതല്ല ഒരു മലയാളിക്ക് അമേരിക്കയിൽ ഒരു പ്രശ്നം നേരിടുമ്പോൾ അവരെ സഹായിക്കുക എന്നതാണ് തന്റെ കടമ എന്ന് അദ്ദേഹം വിശ്വസിക്കുന്നു. ഹഡ്സൺ നദിയിലുണ്ടായ ബോട്ട് അപകടത്തിൽ മലയാളിക്ക് നീതിലഭിക്കാൻ നടത്തിയ പ്രവർത്തനങ്ങളുടേയും നേതൃത്വരംഗത്ത് അദ്ദേഹം ഉണ്ടായിരുന്നു.

## ഇരട്ട പൗരത്വം അമേരിക്കൻ മലയാളികളുടെ അവകാശം

അമേരിക്കയിൽ കുടിയേറിയ മലയാളികൾ തങ്ങളുടെ നിലനിൽപ്പിന് വേണ്ടി അമേരിക്കൻ പൗരത്വം സ്വീകരിക്കുക സ്വാഭാവികമാണ്. കുടുംബമായി അമേരിക്കയിൽ തുടരുന്ന പലർക്കും ജന്മനാട്ടിലേക്ക് പോകാൻ വിസ തുടങ്ങിയ പ്രശ്നങ്ങൾ ഉണ്ടായി. ഇതു സംബന്ധിച്ച ചർച്ചകൾ വർഷങ്ങൾക്ക് മുൻപേ തുടങ്ങിവെച്ച വ്യക്തിയാണ് തോമസ് ടി. ഉമ്മൻ. ഇന്ത്യൻ വിദേശകാര്യ വകുപ്പുമായി നടത്തിയ പല ചർച്ചകളും കാര്യമായ ഫലം കാണുന്നവയായിരുന്നില്ല എങ്കിലും പി.ഐ.ഒ. കാർഡും പിന്നീട് ഒ.സി.ഐ കാർഡും ലഭിക്കുന്നതിനുള്ള ചർച്ചകളിലും പങ്കാളിയാവുകയും ഔദ്യോഗികമായ തടസങ്ങൾ ഉണ്ടായാലും അവിടെയും അദ്ദേഹം ഓടിയെത്തും. ശക്തമായ ഭാഷയുടെ വക്താവായി അദ്ദേഹം മാറുമ്പോൾ അമേരിക്കൻ മലയാളികൾക്ക് അതൊരു തണലാവും

## കോൺസുലേറ്റ് ബന്ധങ്ങൾ

ഇന്ത്യാക്കാരന്റെ അമേരിക്കയിലെ ആവശ്യങ്ങൾ പരിമിതമാണെങ്കിലും ഒരു ഇന്ത്യാക്കാരന് പല സമയത്തും കോൺസുലേറ്റിന്റെ സഹായങ്ങൾ വേണം. അതുകൊണ്ടു തന്നെ അമേരിക്കയിലെ വിവിധ കോൺസുലേറ്റുകളുമായി നല്ല ബന്ധം തോമസ് ടി. ഉമ്മൻ കാത്തുസൂക്ഷിക്കുന്നു. പ്രായാധിക്യത്തിലായവർക്കോ, രോഗികൾക്കോ അടിയന്തിരമായി നാട്ടിൽ പോകേണ്ടതായ സാഹചര്യങ്ങളിൽ ഡോക്കുമെന്റുകൾ തയ്യാറാക്കുന്നതു മുതൽ ഏതൊരാവശ്യത്തിനും അദ്ദേഹം ഒപ്പം ഉണ്ടാവും. പലർക്കും നാട്ടിലേക്കുള്ള യാത്ര ഇത്തരം അവസരങ്ങളിൽ ബുദ്ധിമുട്ടാണ്. വിവിധ കോൺസുലേറ്റിലെ ഉദ്യോഗസ്ഥരുടെ ഫോൺ നമ്പറുകൾ ആവശ്യക്കാർക്ക് നൽകുവാനും അവരെ പരിചയപ്പെടുത്തി കൊടുക്കുവാനും തോമസ് ടി. ഉമ്മന് മടിയില്ല. കാരണം ഒരാളിന്റെ ആവശ്യത്തിന് അദ്ദേഹം കൊടുക്കുന്ന പ്രാധാന്യം അത്രത്തോളം വലുതാണ്.

## കമ്യൂണിറ്റി പ്രവർത്തനങ്ങളിലെ നേതൃത്വ പാടവം

ന്യൂയോർക്കിലെ ഐക്യരാഷ്ട്രസഭയുടെ ആസ്ഥാനത്തിനു മുൻപിൽ മനുഷ്യാവകാശ ധ്വംസനങ്ങൾക്കെതിരെ നടത്തപ്പെട്ട പ്രതിഷേധ റാലികൾക്കു ഒട്ടേറെ തവണ അദ്ദേഹം നേതൃത്വം നൽകിയിട്ടുണ്ട്.

എവിടെ പ്രവർത്തിച്ചാലും അത് ആത്മാർത്ഥതയോടെ വേണം എന്നതാണ് തോമസ് ടി. ഉമ്മന്റെ തത്വം. അതുകൊണ്ടുതന്നെ അദ്ദേഹത്തെ തേടി വരാത്ത പദവികളും കുറവാണ്. ഇന്ത്യൻ ഓവർസീസ് കോൺഗ്രസ് കേരളാ ചാപ്റ്റർ ചെയർമാൻ, ഫോമായുടെ പ്രഥമ അഡ്ഹോക്, കോൺസ്റ്റിട്യൂഷൻ കമ്മിറ്റി വൈസ് ചെയർമാൻ, ഫോമാ നാഷണൽ പൊളിറ്റിക്കൽ ഫോറം ചെയർമാൻ, ഫോമാ നാഷണൽ കമ്മിറ്റിയംഗം, ഫോമാ നാഷണൽ അഡ്വൈസറി കൗൺസിൽ ചെയർമാൻ, ഫോമാ നാഷണൽ ട്രഷറർ, ഹെറിറ്റേജ് ഇന്ത്യ ചെയർമാൻ, ഇന്ത്യൻ ക്രിസ്ത്യൻ ഫോറം പ്രസിഡന്റ്, സിഎസ്ഐ സഭയുടെ നോർത്ത് അമേരിക്കൻ കൗൺസിൽ സെക്രട്ടറി, എപ്പിസ്ക്കോപ്പൽ സഭയുടെ ഏഷ്യാ അമേരിക്ക മിനിസ്ട്രി സെക്രട്ടറി, നാലുപതിറ്റാണ്ടോളം ന്യൂയോർക്ക് സ്റ്റേറ്റിൽ ബിസിനസ് ഓഫീസർ, ബഡ്ജറ്റ്, ഫൈനാൻസ്, പേയ്റോൾ, സ്റ്റേറ്റ് കോൺട്രാക്ട്സ്, ഓഡിറ്റിങ് മേഖലകളിൽ പ്രാവീണ്യം, ന്യൂയോർക്കിൽ സീ ഫോർഡ് സിഎസ്ഐ ഇടവകയുടെ സെക്രട്ടറി, വൈസ് പ്രസിഡന്റ്, സീനിയർ സൺഡേ സ്കൂൾ അദ്ധ്യാപകൻ എന്നീ നിലകളിലും പ്രവർത്തിച്ചു.

## പ്രവർത്തന വഴിയിലെ അനുഭവങ്ങൾ

ഒരു വ്യക്തിക്ക് ആവശ്യമുള്ള സമയത്ത് സഹായം എത്തിക്കുക എന്നതാണ് തോമസ് ടി ഉമ്മന്റെ പോളിസി. ഒരിക്കൽ ഒരു പിഞ്ചു കുഞ്ഞിന്റെ ജീവൻ രക്ഷിക്കാൻ നല്ലൊരു തുകയുടെ ആവശ്യം വന്നു. സഹായ അഭ്യർത്ഥന വന്ന സമയം തന്നെ പ്രവർത്തനങ്ങൾ തുടങ്ങി എങ്കിലും പണം നാട്ടിൽ എത്തിക്കാനുള്ള നിയമപരമായ തടസ്സം വലിയ വിഷയമായി പക്ഷെ കൃത്യസമയത്തുതന്നെ മരുന്ന് വാങ്ങാനുള്ള പണം എത്തിക്കാൻ കഴിഞ്ഞ സന്തോഷം പറഞ്ഞറിയിക്കാൻ വയ്യ. അയൽവാസിയുടെ തോക്കിൽ നിന്നുതിർന്ന വെടിയുണ്ട തറച്ച് ഉറങ്ങിക്കിടന്ന ഒരു മലയാളി കുട്ടി മരണപ്പെട്ടപ്പോൾ മൃതദേഹം നാട്ടിലെത്തിക്കുവാൻ പ്രവർത്തിച്ചത് മറക്കാനാവാത്ത മറ്റൊരു അനുഭവമാണെന്ന് അടിവരയിടുമ്പോൾ തോമസ് ടി. ഉമ്മൻ മലയാളികളുടെ പ്രശ്നങ്ങൾക്ക് ഒരു പരിഹാരം കൂടിയാണ്

## ഫോമയുടെ അമരത്തേക്ക് മത്സരിക്കുമ്പോൾ

ഏതാണ്ട് അൻപത് വർഷത്തോട് അടുത്ത സാമൂഹ്യ പ്രവർത്തന ചരിത്രം തോമസ് ടി. ഉമ്മൻ രേഖപ്പെടുത്തുമ്പോൾ നാല്പത് വർഷത്തോളം അവിഭക്ത ഫൊക്കാനയിലും തുടർന്ന് ഫോമയിലേയും നിത്യസാന്നിദ്ധ്യമാണ് അദ്ദേഹം. ഫോമയുടെ തുടക്കത്തിൽ അഡ്ഹോക്, കോൺസ്റ്റിറ്റ്യൂഷൻ ആൻഡ് ബൈലോ കമ്മിറ്റി വൈസ് ചെയർമാൻ, ഫോമാ പൊളിറ്റിക്കൽ അഫേഴ്സ് ചെയർ തുടങ്ങി നിരവധി പദവികൾ ഫോമയിൽ അദ്ദേഹത്തെ തേടിയെത്തിയിട്ടുണ്ട്. അനിയൻ ജോർജ് പ്രസിഡന്റായ കമ്മിറ്റിയിൽ തോമസ് ടി ഉമ്മനായിരുന്നു ട്രഷറാർ. കാൻകൂൺ കൺവൻഷൻ വൻ വിജയമായതിന് പിന്നിലും അദ്ദേഹത്തിന്റെ നിശ്ചയ ദാർഢ്യത്തോടെയുള്ള പ്രവർത്തനങ്ങൾ ഉണ്ടായിരുന്നു. ഈ പ്രവർത്തന പശ്ചാത്തലത്തിലാണ് 2024 – 2026 കാലയളവിലെ പ്രസിഡന്റ് സ്ഥാനാർത്ഥിയായി അദ്ദേഹം മത്സരരംഗത്ത് സജീവമാകുന്നത്. ഫോമയ്ക്കൊപ്പം തുടക്കം മുതലുള്ള താൻ ഇതുവരേയും മാറി നിന്നിട്ടില്ല. ഫോമയ്ക്കൊപ്പം പദവികൾ ഉള്ള സമയത്തും അല്ലാത്ത സമയത്തും തോമസ് ടി. ഉമ്മൻ ഉണ്ടാകും. ഈ വാക്കിലാണ് അദ്ദേഹത്തിന്റെ ഉറപ്പ്. അദ്ദേഹം വിജയിച്ചാൽ ഫോമയിൽ നടപ്പിലാക്കേണ്ട പദ്ധതികളെക്കുറിച്ച് വ്യക്തമായ ധാരണകൾ അദ്ദേഹത്തിനുണ്ട്.

## ക്രിയാത്മകത, വ്യക്തത ഫോമയ്ക്ക് പുതിയ പന്ഥാവ്

അമേരിക്കൻ മലയാളി സംഘടനകളിൽ കഴിഞ്ഞ 15 വർഷത്തിനകം ഏറ്റവും കൂടുതൽ ചാരിറ്റി പ്രവർത്തനങ്ങൾക്ക് നേതൃത്വം നൽകിയത് ഫോമയാണെന്ന് നിസ്സംശയം പറയാം. ഫോമയുടെ സഹായം നേടിയ മനുഷ്യർ അത്രത്തോളം ഫോമയെ സ്നേഹിക്കുന്നവരാണ്. പ്രസിഡന്റായി തെരഞ്ഞെടുക്കപ്പെട്ടാൽ ഹെൽപ്പിംഗ് ഹാൻഡ് പദ്ധതി വിപുലപ്പെടുത്തും. അമേരിക്കയിലെ ഏഴുലക്ഷം മലയാളികളെ ഈ പദ്ധതിയുടെ ഭാഗമാക്കിയില്ലെങ്കിലും പതിനായിരം പേർ നൂറ് ഡോളർ വീതം സഹായം നൽകിയാൽ ഒരു വലിയ ചാരിറ്റി പ്രവർത്തനം സംഘടിപ്പിക്കുവാൻ ഈ തുക മതിയാകും. സാമ്പത്തികമായി പിന്നോക്കം നിൽക്കുന്ന അർഹതയുള്ള എല്ലാ മനുഷ്യരുടേയും സഹായമാകാൻ ഉള്ള ഒരു ബൃഹത് പദ്ധതിയായി അത് മാറ്റാൻ ശ്രമിക്കും.

അമേരിക്കൻ പുതുതലമുറയെ അമേരിക്കൻ രാഷ്ട്രീയത്തിന്റെ ഭാഗമാക്കുവാൻ നിരവധി ഇന്റേൺഷിപ്പ് പരിപാടികൾ സംഘടിപ്പിക്കും. വനിതാ സംരംഭകരുടെ അന്തർദ്ദേശീയ സംഗമം, നേഴ്സിംഗ്, മെഡിക്കൽ, ഐ.ടി, ബിസിനസ് രംഗത്തെ വനിതകൾക്കായി ഒരു വേദി തുറക്കും. കേരളത്തിൽ ഫോമ സംഘടിപ്പിക്കുന്ന മെഡിക്കൽ ക്യാമ്പുകൾ വിപുലമാക്കും, അമേരിക്കയിലെ കലാകാരൻമാരെ ഫോമയുടെ വേദികളിൽ സജീവമാക്കുന്ന പ്രോജക്റ്റിന് രൂപം നൽകും. അമേരിക്കൻ വിദ്യാർത്ഥികൾക്ക് ഇന്ത്യൻ ടൂറിസ്റ്റ് സാധ്യതകൾ മനസിലാക്കുന്നതിന് സമ്മർ ടു കേരള എന്ന പേരിൽ ഒരു പ്രോഗ്രാം നടത്തും. അമേരിക്കയിൽ മുൻപ് എത്തിയ കുടുംബങ്ങളുടെ പുതിയ തലമുറയ്ക്ക് സമ്മർ ടു കേരളാ പ്രോഗ്രാം ഒരു പുതിയ അനുഭവം ആകും.

മുൻപ് ഫോമ ആവിഷ്ക്കരിച്ച ക്യാൻസർ പ്രോജക്ട് പോലെ ഒരു പദ്ധതി വിശാലമായ ഒരു ക്യാൻവാസിൽ തയ്യാറാക്കാൻ പദ്ധതിയുണ്ട്. നിലവിൽ എൺപതിയഞ്ച് അംഗ സംഘടനകൾ ഉള്ള ഫോമയെ പ്രവർത്തന നിരതമായ നൂറ് അംഗസംഘടന എന്ന നിലയിലേക്ക് വളർത്തും. കേരളത്തിന്റെ തീരദേശത്തെ ജനങ്ങൾക്ക് പാർപ്പിട സൗകര്യം ഒരുക്കുന്ന വില്ലേജ് പ്രോജക്ട് മനസ്സിലുണ്ട്.

## ഫോമ ഗ്ലോബൽ ഇനിഷേറ്റീവ്

ഫോമയെ ആഗോള തലത്തിൽ അറിയപ്പെടുന്ന സംഘടനയാക്കി മാറ്റുവാൻ ഫോമാ ഗ്ലോബൽ ഇനിഷേറ്റീവ് എന്ന പദ്ധതിക്ക് തുടക്കം കുറിക്കും. ഏറ്റെടുക്കുന്ന പദ്ധതികൾ ഭരണ കാലാവധിക്കുള്ളിൽ നടപ്പിലാക്കുക എന്നതാണ് ഈ പദ്ധതി കൊണ്ട് ഉദ്ദേശിക്കുന്നത്. അവയെ ആഗോള തലത്തിൽ അവതരിപ്പിച്ച് ഫോമയ്ക്ക് അന്തർദ്ദേശീയ സ്വീകാര്യത ഉറപ്പുവരുത്തും. ഫോമാ കൺവെൻഷൻ വാഷിംഗ്ടൺ ഡിസി, ഫ്ളോറിഡ, ന്യൂയോർക്കിലോ നടത്തണമെന്നാണ് ആഗ്രഹം.

## ഫോമ മില്യൻ ഡോളർ പദ്ധതി

2020 – 2022ൽ അനിയൻ ജോർജ് നേതൃത്വം നൽകിയ ഭരണസമിതിയിൽ ട്രഷറർ ആയപ്പോൾ തോമസ് ടി. ഉമ്മൻ കൊണ്ടുവന്ന ആശയമായിരുന്നു ഫോമ മില്യൻ ഡോളർ പ്രസ്ഥാനം. അതിന് സാധിച്ചു എന്നതായിരുന്നു അദ്ദേഹത്തിന്റെ നേട്ടം. ആദ്യത്തെ ജനറൽ ബോഡിയിൽ മില്യൻ ഡോളർ ബജറ്റ് അവതരിപ്പിച്ചത്




ഫോമയുടെ ചരിത്രത്തിലെ തന്നെ ആദ്യത്തെ സംഭവം ആയിരുന്നു. ശക്തവും കൃത്യവുമായ ഒരു സാമ്പത്തിക മാനേജ്മെന്റ് നടപ്പിലാക്കി. അതുകൊണ്ട് കാൻ കൂൺ ഫോമാ കൺവൻഷന്റെ വിജയം മില്യൻ ഡോളർ പദ്ധതിയുടെ വിജയം കൂടിയായി. ഇതുപോലെ ഒരു മാനേജ്മെന്റ് പദ്ധതി 2024 – 2026–ലും നടപ്പിലാക്കും.

## ടീം ഫോമ

തോമസ് ടി. ഉമ്മന്റെ നേതൃത്വത്തിൽ 2024 – 2026 കാലയളവിലേക്ക് ശക്തമായ ഒരു ടീമിനെയാണ് അദ്ദേഹം അണിനിരത്തുന്നത്. സാമുവൽ മത്തായി (ജനറൽ സെക്രട്ടറി), ബിനൂബ് ശ്രീധരൻ (ട്രഷറർ), സണ്ണി കല്ലൂപ്പാറ (വൈസ് പ്രസിഡന്റ്), ഡോ. പ്രിൻസ് നെച്ചിക്കാട് (ജോ-സെക്രട്ടറി), അമ്പിളി സജിമോൻ (ജോ. ട്രഷറർ) തുടങ്ങിയവരുടെ നേതൃത്വത്തിൽ ഫോമ പുതിയ പന്ഥാവിലേക്ക് വളരുമെന്ന് അദ്ദേഹം ഉറപ്പു നൽകുന്നു.


## കുടുംബം

കഴിഞ്ഞ അൻപത് വർഷം കൊണ്ട് തോമസ് ടി. ഉമ്മൻ നേടിയെടുത്ത വിജയത്തിന് പിന്നിൽ അദ്ദേഹത്തിന്റെ മാതാപിതാക്കൾ, സഹോദരങ്ങൾ എന്നിവരുടെ ശക്തമായ പിന്തുണയിൽ വളർന്ന തോമസ് ടി. ഉമ്മന് 1975 മുതൽ ഭാര്യ ലിസിയുടെ പിന്തുണയും മക്കളായ ലീന (സ്പീച്ച് പതോളജിസ്റ്റ്, അദ്ധ്യാപിക), ജെസ്റ്റിൻ റ്റി. ഉമ്മൻ (നേവൽ ബാങ്കിംഗ് ഫൈനാൻസ് സൈബർ സെക്യൂരിറ്റി ചീഫ്), മരുമക്കളായ സഞ്ജയ് കുര്യൻ (അറ്റോർണി), റ്റാമി (സൈക്കോളജിസ്റ്റ്), ഒപ്പം ആറ് ചെറുമക്കളും തോമസ് ടി. ഉമ്മന്റെ വിജയങ്ങൾക്ക് വഴികാട്ടികളാണ്.

അൻപത് വർഷത്തെ പ്രവർത്തന വിജയം കൈമുതലാക്കി ഫോമയുടെ അമരത്തേക്ക് നടന്നടുക്കുന്ന തോമസ് ടി. ഉമ്മൻ ഇതുവരെ വെറും വാക്ക് പറഞ്ഞിട്ടില്ല. നടത്താൻ പറ്റുന്ന കാര്യങ്ങളേ പറഞ്ഞിട്ടുള്ളു. അതിനായി മാത്രമേ അദ്ദേഹം അഹോരാത്രം കഷ്ടപ്പെട്ടിട്ടുള്ളു. അതേ ഉറപ്പാണ് അദ്ദേഹം ഇപ്പോഴും അമേരിക്കൻ മലയാളികൾക്ക് നൽകുന്നത്. ഒപ്പം നിൽക്കുകയേ വേണ്ടു. തോമസ് ടി. ഉമ്മൻ നയിക്കും. ഫോമയ്ക്ക് പുതിയ പ്രവർത്തന പഥങ്ങൾ തുറന്നിടും. ഇത് നിശ്ചയദാർഢ്യമുള്ള ഒരു നേതാവ് നൽകുന്ന ഉറപ്പാണ്. ധൈര്യമായി ഒപ്പം കൂടാം. കാരണം, പറയുന്നത് തോമസ് ടി. ഉമ്മനാണ്.

© Kerala Express


JB RESTORATION
JB ADJUSTERS
OPTIMUM CONTRACTORS
MATHEW
മത്തായിച്ചൻ
JORGE
MATHEW 630-205-5585 JORGE 630-335-2987
ROOFING & SIDING
We Specialize In Storm Damage Repair
We Work With All Home Insurance
FREE ESTIMATE
COMMERCIAL & RESIDENTIAL
REMODELING
WINDOW & DOOR REPLACEMENT
PAINTING
WATER DAMAGE
AND MORE!


MIDWEST
WINDOWS & DOORS
40% OFF
FOR DOORS & SIDING
45% OFF
FOR WINDOWS
MIDWEST WINDOWS DOORS & SIDING
www.mymidwestwindows.com
Free Estimate Please contact
RAJU NADUVETTIL
Cell: 773 474 9566 | Email: rajuabm@gmail.com


THANNIKKARY
VACATION HOME
S.H.MOUNT P.O., KOTTAYAM 686006, KERALA
FEATURES:
Free Wi-Fi, Plenty of parking, Beautician near by, Mosquito proof house, Currency exchange near by, Cook available to cook with your choice, Kottayam Railway Station & Town near by, Excellent ayurvedic massage place near by,
All Bedrooms are AC with attached bathrooms
For booking:
ABRAHAM THANNIKARI
USA - 630 491-6165
India - +91 815 692-0366 and +91 965 616-8399
athannikari@hotmail.com


പ്രശസ്ത ക്രിസ്തീയ ഗാനകാവ്യരചയിതാവും ക്രൈസ്തവ സാഹിത്യകാരിയുമായ
സിസ്റ്റർ സൂസൻ ബി. ജോൺ ഫ്ളോറിഡ
രചിച്ച് പാരഡൈസ് ഓഡിയോ മിനിസ്ട്രീസ് പുറത്തിറക്കിയ
ഓഡിയോ വീഡിയോ ഗാനങ്ങൾ
മഹത്വചനം
പുസ്തകം ലഭിക്കുന്നതിനായി
ബന്ധപ്പെടുക
Paradise Audio Ministries
Bookstall
26th
North American Church of God
PREPARE CONFERENCE, ATLANTA, GA
www.facebook.com/susan.babu.52493
www.paradiseaudioministries.com
USA - FL
Sis. Susan B. John
Cell: 954 465 5758
Email: susanbabu627@yahoo.com
www.paradiseaudioministries.com
YouTube channel: susan b. john
Paradise
Audio Ministries FL
INDIA
Br. Jimu Saji: 0091 9048803011
Pr. Peter P. John: 0091 9447339991
Br. John David: 0091 7025474120
YouTube
Watch
Many More

ROASTOWN
GLOBAL GRILL
INDULGE. ENRICH. EXPERIENCE.

# കേരളത്തിന്റെ അഭിമാനമായ റോസ്‌ടൗൺ ഗ്ലോബൽ ഗ്രിൽ രുചി സാമ്രാജ്യം വിസ്തൃതമാക്കുന്നു

* 2030–നുള്ളിൽ ഇന്ത്യയിലെ പ്രധാന മെട്രോകളിലും മിഡിൽ ഈസ്റ്റിലെ പ്രധാന നഗരങ്ങളിലും റെസ്റ്റോറന്റുകൾ ആരംഭിക്കും.
* 20–ലേറെ രാജ്യങ്ങളിൽ നിന്നുള്ള അപൂർവ്വ രുചികൾ വിളമ്പുന്ന ഇന്ത്യയിലെ ഏക റെസ്റ്റോറന്റ്.
* 150 സീറ്റിംഗും സൗകര്യപ്രദമായ പാർക്കിംഗ് ഫെസിലിറ്റിയും
* ലൈവ് കിച്ചൻ, ഷെഫ്സ് സ്റ്റുഡിയോ, മിക്സോളജി ബാർ, ഫ്ളാറ്റ് വോക് തുടങ്ങിയ നൂതന എക്സ്പീരിയൻസ് ലഭിക്കുന്നു
* ഫാമിലി ലഞ്ച് & ഡിന്നർ, കോർപ്പറേറ്റ് ലഞ്ച് & ഡിന്നർ എന്നിവയ്ക്ക് അനുയോജ്യം.



കൊച്ചി: രുചികരമായ വിവിധതരം അപൂർവ അന്താരാഷ്ട്ര വിഭവങ്ങൾ ഒരുക്കിക്കൊണ്ട് പ്രസിദ്ധിയാർജ്ജിച്ച റെസ്റ്റോറന്റാണ് റോസ്‌ടൗൺ ഗ്ലോബൽ ഗ്രിൽ റെസ്റ്റോറന്റ്. കേരളത്തിനു പുറത്തും വിദേശത്തും രുചിവൈഭവം പടർത്താൻ ഒരുങ്ങുകയാണ് ഗ്ലോബൽ ഗ്രിൽ റെസ്റ്റോറന്റ്. തൃശൂർ ആസ്ഥാനമായ ഫ്യൂച്ചർ ഫുഡ്സ് കമ്പനിയുടെ ഉടമസ്ഥതയിലുള്ള റോസ്‌ടൗൺ ഗ്ലോബൽ ഗ്രിൽ ഒരു വർഷം മുമ്പാണ് ഇടപ്പള്ളിയിൽ പ്രവർത്തനം ആരംഭിച്ചത്. ടർക്കി, മൊറോക്കോ, ജോർജിയ, കെനിയ, മൊസാമ്പിക്, മെക്സിക്കോ, വിയറ്റ്നാം, ജപ്പാൻ ഉൾപ്പെടെ ഇരുപതിലേറെ രാജ്യങ്ങളിലെ അപൂർവവും രുചികരവുമായ വിഭവങ്ങൾ ആസ്വദിക്കാൻ




**റോസ്‌ടൗൺ ഗ്ലോബൽ ഗ്രില്ലിന്റെ കൊച്ചിയിലെ റെസ്റ്റോറന്റ് ഔദ്യോഗിക പ്രഖ്യാപന വേളയിൽ എ.ജി & എസ് ഗ്രൂപ്പ് എക്സിക്യൂട്ടീവ് ഡയറക്ടർ ജോർജ് ജോഷി, ഫ്യൂച്ചർ ഫുഡ്സ് സെലിബ്രിറ്റി ഷെഫ് മുഹമ്മദ് സിദ്ദിഖ്, എക്സിക്യൂട്ടീവ് ഡയറക്ടർ ബിജു ജോർജ്, റോസ്‌ടൗൺ സീനിയർ കൺസൾട്ടന്റ് അരവിന്ദ് എന്നിവർ.**



സാധിക്കുന്ന ഇന്ത്യയിലെ ഏക റെസ്റ്റോറന്റാണ് റോസ്‌ടൗൺ ഗ്ലോബൽ ഗ്രിൽ.

പ്രവർത്തനം തുടങ്ങി ചുരുങ്ങിയ കാലത്തിനിടയിൽ കേരളത്തിലെ ഭക്ഷണപ്രിയരുടെ പ്രിയപ്പെട്ട രുചികേന്ദ്രമായി ഈ റെസ്റ്റോറന്റ് മാറി. അപൂർവ്വ വിഭവങ്ങൾ മാത്രമല്ല, അനുപമമായ ആംബിയൻസും കൂടാതെ ലൈവ് കിച്ചൻ, മിക്സോളജി ബാർ, ഫ്ളാറ്റ് വോക് പിന്നെ ഷെഫ്സ് സ്റ്റുഡിയോ എന്നിവ റോസ്‌ടൗൺ ഗ്ലോബൽ ഗ്രിൽ റെസ്റ്റോറന്റിലെ രുചി അനുഭവത്തെ വ്യത്യസ്തമാക്കുന്നു. ഒരു സമയം 150 കസ്റ്റമേഴ്സിനെ സർവീസ് ചെയ്യാൻ സാധിക്കുന്ന വിശാല സൗകര്യങ്ങളാണ് ഇവിടെയുള്ളത്.

റെസ്റ്റോറന്റിന് ലഭിച്ച ഈ വൻ സ്വീകരണവും അംഗീകാരവും സംസ്ഥാനത്തിനു പുറത്തും വിദേശത്തും റോസ്‌ടൗൺ ഗ്ലോബൽ ഗ്രിൽ ഔട്ട്‌ലെറ്റുകൾ ഫ്യൂച്ചർ ഫുഡ്സ് ഗ്രൂപ്പിന് പ്രചോദനമായി. സൗത്ത് ഇന്ത്യയിലും മിഡിൽ ഈസ്റ്റിലുമായി പ്രവർത്തനം വ്യാപിപ്പിക്കാനാണ് ഇപ്പോൾ ഗ്രൂപ്പിന്റെ പദ്ധതി.

റെസ്റ്റോറന്റിന്റെ പ്രത്യേകതകളെക്കുറിച്ചും വികസന സ്വപ്നങ്ങളെക്കുറിച്ചും ഫ്യൂച്ചർ ഫുഡ്സിന്റെ പേരന്റ് കമ്പനിയായ AG & S ഗ്രൂപ്പിന്റെ ഡയറക്ടറായ ബിജു ജോർജ് സംസാരിച്ചു.

AG & S ഗ്രൂപ്പിന്റെ ചെയർമാനും MD യുമായ ജോഷി ജോർജിന്റെ സ്വപ്നപദ്ധതിയാണ് റോസ്‌ടൗൺ. തികഞ്ഞ ഫുഡി ആയ അദ്ദേഹം സഞ്ചരിച്ച ലോകരാജ്യങ്ങളിൽ ആസ്വദിച്ച വിവിധതരം വിഭവങ്ങളിൽ നിന്നും തെരഞ്ഞെടുത്ത ഇനങ്ങൾ ഉൾപ്പെടുത്തിയാണ് ഞങ്ങൾ മെനു തയ്യാറാക്കിയിരിക്കുന്നത്.




ജനങ്ങൾ നല്കിയ സ്നേഹവും സ്വീകരണവുമാണ് ഈ കോൺസെപ്റ്റിനെ ഈ നിലയിൽ വ്യാപിപ്പിക്കാൻ ഞങ്ങൾക്ക് ആത്മവിശ്വാസം നല്കിയത്.

സൗത്ത് ഇന്ത്യയിലെ പ്രധാന മെട്രോ നഗരങ്ങളിലായിരിക്കും ആദ്യ ഔട്ട്‌ലെറ്റുകൾ ആരംഭിക്കുക. ഫ്യൂച്ചർ ഫുഡ്സിന്റെ സ്വന്തം ഉടമസ്ഥതയിലും തെരഞ്ഞെടുക്കപ്പെടുന്ന പാർട്ണേഴ്സുമായി ഫ്രാഞ്ചൈസി മോഡലിലും ആയിരിക്കും ഓപ്പറേറ്റ് ചെയ്യുക.

2030–നുള്ളിൽ മിഡിൽ ഈസ്റ്റിലെ പ്രധാന നഗരങ്ങളിൽ റോസ്‌ടൗൺ ഗ്ലോബൽ ഗ്രിൽ ആരംഭിക്കുവാൻ ഞങ്ങൾ ലക്ഷ്യമിടുന്നു. കൊച്ചിയിൽ ലഭിച്ചതുപോലെ എല്ലാ സ്ഥലങ്ങളിലും റെസ്റ്റോറന്റ് വിജയം നേടും എന്ന് ഞങ്ങൾ പ്രതീക്ഷിക്കുന്നു.

ഏതൊരു ഭക്ഷണപ്രേമിക്കും ആസ്വാദ്യമായ എന്തെങ്കിലും ഒന്ന് തീർച്ചയായും റോസ്‌ടൗണിൽ ലഭിക്കും. റെസ്റ്റോറന്റിന്റെ അന്തരീക്ഷവും തെരഞ്ഞെടുക്കാൻ വൈവിദ്ധ്യമാർന്ന വിഭവങ്ങളും ഉള്ളതിനാൽ പ്രത്യേക അവസരങ്ങൾ ആഘോഷിക്കുന്നതിനും സുഹൃത്തുക്കളുമായി ഒത്തുചേരുന്നതിനും കൂടാതെ ബിസിനസ് ലഞ്ചിനും അനുയോജ്യമായ ഇടമാണ് റോസ്‌ടൗൺ ഗ്ലോബൽ ഗ്രിൽ എന്ന് എജി & എസ് ഗ്രൂപ്പിന്റെ എക്സിക്യൂട്ടീവ് ഡയറക്ടർ ജോർജ് ജോഷി പറയുന്നു.

റോസ്‌ടൗണിൽ ഭക്ഷണം കഴിക്കുമ്പോൾ ആ വിഭവം ഉത്ഭവിച്ച രാജ്യത്തു നിന്നും കഴിക്കുന്ന അതേ അനുഭവം ലഭിക്കുന്നു. ഈ അനുഭവത്തെ ആധാരമാക്കിയാണ് ഞങ്ങളുടെ പുതിയ ബ്രാൻഡ് ക്യാമ്പയിൻ- Your Ticket to the World തയ്യാറാക്കിയിരിക്കുന്നത്: അദ്ദേഹം കൂട്ടിച്ചേർത്തു.

രണ്ടു വർഷമെടുത്താണ് റോസ്‌ടൗണിലെ മെനു ക്യൂറേറ്റ് ചെയ്തെടുത്തത്. വിഭവങ്ങളുടെ രുചി കഴിയുന്നത്ര ആധികാരികമാണെന്ന് ഞങ്ങൾ ഉറപ്പ് വരുത്തുന്നു. അതിനു വേണ്ടിയുള്ള ചേരുവകൾ കണ്ടെത്തുന്നത് ഏറെ പ്രയാസമുള്ള കാര്യമായിരുന്നു. തനത് രുചിയിൽ വിഭവങ്ങൾ ഒരുക്കാൻ ഞങ്ങൾ അതത് രാജ്യങ്ങളിൽ നിന്നുതന്നെ പ്രത്യേകം ഇറക്കുമതി ചെയ്ത ചേരുവകളാണ് ഉപയോഗിക്കുന്നതെന്ന് ഫ്യൂച്ചർ ഫുഡ്സ് സെലിബ്രിറ്റി ഷെഫ് മുഹമ്മദ് സിദ്ദിഖ് പറയുന്നു.

രുചിയിലും ഗുണത്തിലും ആംബിയൻസിലും അന്താരാഷ്ട്ര നിലവാരം പുലർത്തുമ്പോൾ തന്നെ ഏവർക്കും അഫോർഡബിൾ ആയ രീതിയിൽ ഒരുക്കിയ റെസ്റ്റോറന്റാണ് റോസ്‌ടൗൺ. കൂടാതെ ലൈവ് കിച്ചൻ, ഷെഫ്സ് സ്റ്റുഡിയോ, മിക്സോളജി ബാർ, ഫ്ളാറ്റ് വോക് തുടങ്ങിയ നൂതന എക്സ്പീരിയൻസുകളും ഇവിടെ ലഭിക്കുന്നു: അദ്ദേഹം പറയുന്നു.



റോസ്‌ടൗൺ ഗ്ലോബൽ ഗ്രില്ലിന്റെ അഭിമാനകരമായ വളർച്ച കേരളത്തിന് അവകാശപ്പെട്ടതാണ്. ഇവിടെ തുടങ്ങിയ ഒരു സംരംഭം സംസ്ഥാനത്തിനു പുറത്തേക്കും സാന്നിദ്ധ്യം വ്യാപിപ്പിക്കുന്നത് മറ്റ് പല ബിസിനസ് സംരംഭങ്ങൾക്കും പ്രചോദനമാകുമെന്ന് മാനേജ്മെന്റ് പ്രതീക്ഷിക്കുന്നു.







For more details, contact Celebrity Chef Mohammed Siddiq at Mobile: +91 89396 74282.

# ഫോമാ സെൻട്രൽ റീജിയൻ കലാമേള; രജിസ്ട്രേഷൻ അവസാനദിവസം ഏപ്രിൽ 28

ചിക്കാഗോ: ഫോമാ സെൻട്രൽ റീജിയന്റെ ആഭിമുഖ്യത്തിൽ നടത്തുന്ന കലാമേളയുടെ രജിസ്ട്രേഷൻ നടത്തേണ്ട അവസാനദിവസം ഏപ്രിൽ 28-നാണെന്ന് സംഘാടകർ അറിയിച്ചു. ഡെസ്പ്ലെയിൻസിലുള്ള ക്നാനായ കമ്യൂണിറ്റി സെന്ററിൽ വെച്ച് മെയ് 4-ന് ശനിയാഴ്ച വിവിധ സ്റ്റേജുകളി

**ജോഷി വള്ളിക്കളം**

ലായാണ് മത്സരങ്ങൾ നടത്തുന്നത്.

പ്രായത്തിന്റെ അടിസ്ഥാനത്തിൽ നാല് വിഭാഗങ്ങളിലായി വിവിധയിനങ്ങളിൽ മത്സരങ്ങൾ നടത്തുന്നുണ്ട്. വ്യക്തിഗത ഇനങ്ങളിൽ ഏറ്റവും കൂടുതൽ പോയിന്റ് നേടുന്ന പെൺകുട്ടിക്ക് കലാതിലകവും ആൺകുട്ടിക്ക് കലാപ്രതിഭയും ഓരോ വിഭാഗത്തിലും ഏറ്റവും കൂടുതൽ പോയിന്റ് നേടുന്ന കുട്ടികൾക്ക് റൈസിംഗ് സ്റ്റാർ അവാർഡും ക്യാഷ് അവാർഡുകളോടെ നല്കുന്നതാണ്. കൂടാതെ വ്യക്തിഗത ഇനങ്ങളിൽ ഒന്നും രണ്ടും സ്ഥാനം ലഭിക്കുന്നവർക്ക് പുന്റാ കാനായിൽ വെച്ച് ഓഗസ്റ്റ് മാസം നടക്കുന്ന ഫോമാ നാഷണൽ കൺവൻഷനിലെ യൂത്ത്ഫെസ്റ്റിവലിലും മത്സരിക്കാവുന്നതാണ്.


ജൂബി വള്ളിക്കളം


ആഷാ മാത്യു


ഡോ. സ്വർണ്ണം ചിറമേൽ


ലിന്റോ ജോളിസ്


ശ്രീജയ നിഷാന്ത്

മത്സരങ്ങളിൽ പങ്കെടുക്കാനുള്ള കുട്ടികൾ എത്രയും വേഗം രജിസ്റ്റർ ചെയ്യേണ്ടതാണെന്ന് ആർവിപി ടോമി എടത്തിൽ അറിയിച്ചു. കൂടുതൽ വിവരങ്ങൾക്കും രജിസ്ട്രേഷൻ ലിങ്കിനുമായി ജന. കോ-ഓർഡിനേറ്റർ ജൂബി വള്ളിക്കളം 312 685 5829, കോ-ഓർഡിനേറ്റേഴ്സ് ആഷാ മാത്യു 612 986 2663, ഡോ. സ്വർണ്ണം ചിറമേൽ 630 244 2068, ലിന്റോ ജോളിസ് 224 432 7602, ശ്രീജയ നിഷാന്ത് 847 769 1672.

## ലത്തീൻ അതിരൂപതയുടെ അക്കൗണ്ടുകൾ മരവിപ്പിച്ചെന്ന്

തിരുവനന്തപുരം: വിഴിഞ്ഞം തുറമുഖത്തിനെതിരെ സമരം ചെയ്തതിനു ശേഷം അതിരൂപതയുടെ അക്കൗണ്ടുകൾ അധികാരകേന്ദ്രങ്ങൾ മരവിപ്പിച്ചെന്ന ഗുരുതര ആരോപണവുമായി തിരുവനന്തപുരം ലത്തീൻ അതിരൂപത ആർച്ച്ബിഷപ് ഡോ. തോമസ് ജെ. നെറ്റോ. തെരഞ്ഞെടുപ്പിനു മുമ്പുള്ള അവസാന ഞായറാഴ്ചയായ ഏപ്രിൽ 21-ന് അതിരൂപതയുടെ കീഴിലുള്ള ഇടവകകളിൽ വായിച്ച ഇടയലേഖനത്തിലാണ് ആർച്ച്ബിഷപ്പിന്റെ ആരോപണം.

സമരത്തിനു പിന്നാലെ കഴിഞ്ഞവർഷം മുതൽ മിഷൻ പ്രവർത്തനങ്ങൾക്കായി ലഭിക്കാറുള്ള സാധാരണ സാമ്പത്തിക സഹായംപോലും സ്വീകരിക്കാൻ കഴിയാത്ത തരത്തിൽ ബാങ്ക് അക്കൗണ്ടുകൾ അധികാരകേന്ദ്രങ്ങൾ മരവിപ്പിച്ചിരിക്കുകയാണെന്ന് ലേഖനത്തിൽ പറയുന്നു. വൈദികവിദ്യാർത്ഥികളുടെ പരിശീലനത്തിനും വിരമിച്ച വൈദികരുടെ പരിചരണത്തിനുമായി 2 കോടിയോളം രൂപയാണ് അതിരൂപത ഓരോ വർഷവും ചെലവിടുന്നത്.

ഇടവകകളിൽ നിന്നും ലഭിക്കുന്ന വിഹിതം ഈ ചെലവുകൾ നിർവഹിക്കുവാൻ പര്യാപ്തമല്ല. ജനങ്ങളിൽ നിന്നുള്ള സഹായംകൊണ്ട് കൂടി മാത്രമേ മുന്നോട്ടു പോകാൻ കഴിയൂ. വൈദിക പരിശീലനവുമായി ബന്ധപ്പെട്ടുള്ള ചെലവുകൾക്ക് പൊതുവായി ഫണ്ട് ഈ വർഷം മുതൽ സമാഹരിക്കുകയാണ്. എല്ലാവരും ഇ◌ോതിനോട് സഹകരിക്കണം. ഒരു വൈദിക വിദ്യാർത്ഥിയെ സ്പോൺസർ ചെയ്യാൻ താല്പര്യമുള്ളവർക്കു സഹകരിക്കാമെന്നും അദ്ദേഹം ചൂണ്ടിക്കാട്ടി.

## വലിയ കുടുംബങ്ങൾക്കായി 50 ലക്ഷത്തിന്റെ പിതൃസ്വത്ത് മാറ്റിവെച്ച് മാർ പെരുന്തോട്ടം

ചങ്ങനാശേരി: അമ്പതു ലക്ഷം രൂപയുടെ പിതൃസ്വത്ത് വലിയ കുടുംബങ്ങളുടെ സംരക്ഷണത്തിനായി മാറ്റിവെച്ച് ചങ്ങനാശേരി ആർച്ച്ബിഷപ് മാർ ജോസഫ് പെരുന്തോട്ടം. ചങ്ങനാശേരി അതിരൂപതാ ഫാമിലി അപ്പോസ്തലേറ്റിന്റെ ആഭിമുഖ്യത്തിൽ ആർച്ച്ബിഷപ്സ് ഹൗസിലെ ഇൻഡോർ സ്റ്റേഡിയത്തിൽ സംഘടിപ്പിച്ച ഹോളി ഫാമിലി ഫ്രറ്റേണിറ്റി എന്ന വലിയ കുടുംബങ്ങളുടെ സംഗമവേദിയിലാണ് ഈ അറിയിപ്പുണ്ടായത്.

അതിരൂപതാ ഫാമിലി അപ്പോസ്തലേറ്റ് കുടുംബ കൂട്ടായ്മാ ഡയറക്ടർ ഫാ. ജോർജ് മാന്തുരുത്തിലാണ് മാർ പെരുന്തോട്ടത്തിന്റെ ആഗ്രഹം യോഗത്തിൽ അറിയിച്ചത്. ആർച്ച്ബിഷപ് മാർ ജോസഫ് പെരുന്തോട്ടം സമ്മേളനം ഉദ്ഘാടനം ചെയ്തു. അടുത്തിടെ നടന്ന അതിരൂപതാ വൈദിക സമ്മേളനത്തിലും അതിരൂപതയിലെ വിവിധ വകുപ്പു മേധാവികളുടെ യോഗത്തിലും മാർ ജോസഫ് പെരുന്തോട്ടം ഇക്കാര്യം അറിയിച്ചിരുന്നു. വലിയ കുടുംബങ്ങൾക്കു വേണ്ടി പ്രാർത്ഥിക്കാനും പ്രോത്സാഹിപ്പിക്കാനും പിന്തുണയ്ക്കാനും ഇടവകകളിലും ഫൊറോനകളിലും കൂട്ടായ്മകളുണ്ടാകണമെന്നും ആർച്ച്ബിഷപ് ഉദ്ബോധിപ്പിച്ചു.

ചങ്ങനാശേരി അതിരൂപതാ മാതൃവേദി, പിതൃവേദി, ജീവൻ ജ്യോതിസ്, പ്രോലൈഫ് സെൽ എന്നിവരാണ് സംഗമം സംഘടിപ്പിച്ചത്. രണ്ടായിരത്തിലോ അതിനുശേഷമോ വിവാഹിതരായവരിൽ നാലോ അതിൽ കൂടുതലോ മക്കളുള്ള കുടുംബങ്ങളുടെ സംഗമത്തിൽ അതിരൂപതയിലെ നൂറിലധികം കുടുംബങ്ങൾ പങ്കുചേർന്നു.



## ഇന്ത്യൻ ഓവർസീസ് കോൺഗ്രസ് മാധ്യമ കുറിപ്പ്

തിരുവനന്തപുരം: ഇന്ത്യയിൽ സ്വതന്ത്രവും സുതാര്യവുമായ തെരഞ്ഞെടുപ്പ് നടത്തണമെന്ന് ഇന്ത്യൻ ഓവർസീസ് കോൺഗ്രസ് ആവശ്യപ്പെട്ടു. ഇന്ത്യയിൽ വോട്ടിംഗ് മെഷീനെ ദുരുപയോഗിച്ചും കൃത്രിമം കാണിച്ചും തെരഞ്ഞെടുപ്പ് അട്ടിമറിക്കപ്പെടരുത്.



രാജീവ് ഗൗഡ, ജോർജ് ഏബ്രഹാം, ആരതി കൃഷ്ണ, എം.എം. ഹസ്സൻ, വീരേന്ദ്ര വസിഷ്ട്, ജോൺ സാമുവൽ

ഇന്ത്യൻ നാഷണൽ കോൺഗ്രസിന്റെ ഔദ്യോഗിക അന്താരാഷ്ട്ര വിഭാഗമാണ് ഡോ. സാം പിട്രോഡ നേതൃത്വം നല്കുന്ന ഇന്ത്യൻ ഓവർസീസ് കോൺഗ്രസ്. ഇന്ത്യൻ ഓവർസീസ് കോൺഗ്രസ് ജനാധിപത്യത്തിനും തുല്യമനുഷ്യാവകാശങ്ങൾക്കും വേണ്ടി ലോകമെങ്ങും പ്രവർത്തിക്കുന്ന വിദേശ ഇന്ത്യക്കാരുടെ ലോകമെങ്ങുമുള്ള പ്രസ്ഥാനമാണെന്ന് കെപിസിസി ആക്ടിംഗ് പ്രസിഡണ്ട് എം.എം. ഹസ്സൻ പത്രസമ്മേളനത്തിൽ പറഞ്ഞു.

ഇന്ത്യയിൽ ഭരണഘടനാ സ്ഥാപനങ്ങളും ഭരണഘടനാ മൂല്യങ്ങളും മൗലിക അവകാശങ്ങളും സംരക്ഷിച്ചാലേ ഇന്ത്യൻ ജനാധിപത്യം നിലനിൽക്കുകയുള്ളുവെന്ന് ഇന്ത്യൻ ഓവർസീസ് കോൺഗ്രസ് വൈസ് ചെയർമാൻ ജോർജ് ഏബ്രഹാം അഭിപ്രായപ്പെട്ടു. മോഡി സർക്കാർ ന്യൂനപക്ഷ അവകാശങ്ങളും മനുഷ്യാവകാശങ്ങളും സംരക്ഷിക്കുന്നില്ല.

വിദേശ ഇന്ത്യക്കാരുടെ ആവശ്യങ്ങൾക്കു വേണ്ടിയും അവരുടെ ആവശ്യങ്ങൾ സംരക്ഷിക്കുന്നതിനു വേണ്ടിയും മോഡി സർക്കാർ മുൻഗണന നല്കുന്നില്ലെന്നു ഇന്ത്യൻ ഓവർസീസ് കോൺഗ്രസിന്റെ ചുമതലയുള്ള എഐസിസി സെക്രട്ടറി ആരതി കൃഷ്ണ പറഞ്ഞു.

ജനാധിപത്യത്തിനു വേണ്ടിയും ഇന്ത്യയിലെ മനുഷ്യാവകാശങ്ങൾക്കു വേണ്ടിയും സംസാരിക്കുന്നവരുടെ ഒഐസി കാർഡ് റദ്ദാക്കുന്ന നടപടി ജനാധിപത്യ വിരുദ്ധമാണെന്ന് ഐഐസി സെക്രട്ടറി വീരേന്ദ്ര വസിഷ്ട് അഭിപ്രായപ്പെട്ടു.

വിവിധ രാജ്യങ്ങളിൽ നിന്ന് ഇന്ത്യൻ ഓവർസീസ് കോൺഗ്രസ് പ്രവർത്തകർ കേരളത്തിൽ ഉൾപ്പെടെ ഇന്ത്യൻ നാഷണൽ കോൺഗ്രസിന്റെയും ഇന്ത്യമുന്നണിയുടെയും പ്രവർത്തനങ്ങളെ ശക്തിപ്പെടുത്തുന്നതിന്റെ ഭാഗമായാണ് വിവിധ സംസ്ഥാനങ്ങളിൽ പ്രവർത്തിക്കുന്നതെന്ന് മാധ്യമസമ്മേളനത്തിനു തുടക്കം കുറിച്ചുകൊണ്ട് കെപിസിസിയിൽ ഇന്ത്യൻ ഓവർസീസ് കോൺഗ്രസ് കോ-ഓർഡിനേറ്ററായ ജെ.എസ്. അടൂർ പറഞ്ഞു.

അമേരിക്കയിലെ ഐഒസി കർണാടക ചാപ്റ്റർ പ്രസിഡണ്ട് രാജീവ് ഗൗഡയും പത്രസമ്മേളനത്തിൽ പങ്കെടുത്തു.

## മാലദ്വീപിൽ മുയിസുവിന്റെ പാർട്ടിക്ക് വൻ വിജയം

മാലെ: മാലദ്വീപ് പാർലമെന്റ് തെരഞ്ഞെടുപ്പിൽ പ്രസിഡണ്ട് മുഹമ്മദ് മുയിസുവിന്റെ പീപ്പിൾസ് നാഷണൽ കോൺഗ്രസ് പാർട്ടിക്ക് വിജയം. 59 സീറ്റ് നേടിയ പാർട്ടി എതിരാളികളെ ബഹുദൂരം പിന്നിലാക്കി.

മാലദ്വീപിലും ഇന്ത്യ, ശ്രീലങ്ക, മലേഷ്യ രാജ്യങ്ങളിലുമായി 602 ബാലറ്റ് പെട്ടികൾ ഒരുക്കിയിരുന്നു. ഇന്ത്യയിൽ തിരുവനന്തപുരത്താണ് വോട്ടെടുപ്പിനു സൗകര്യമൊരുക്കിയത്.

പാർലമെന്റിലെ 93 സീറ്റുകളിലേക്കായി 368 സ്ഥാനാർത്ഥികൾ മത്സരിച്ചു. രണ്ടാം സ്ഥാനത്തെത്തിയ മാൽഡിവിയൻ ഡെമോക്രാറ്റിക് പാർട്ടി പത്തു സീറ്റിൽ വിജയിച്ചു. സ്വതന്ത്രർ ഒമ്പതു സീറ്റും മാൽഡീവ്സ് ഡെവലപ്മെന്റ് അലയൻസ് (എംഡിഎ) രണ്ടു സീറ്റും നേടി. കഴിഞ്ഞ വർഷം നവംബറിലാണ്, ചൈനാ അനുകൂലിയായ മുയിസു അധികാരമേറ്റത്. കടുത്ത ഇന്ത്യാവിരുദ്ധത പ്രകടിപ്പിക്കുന്ന നേതാവാണ് ഇദ്ദേഹം.

# കാനാവിലെ കല്ല്യാണം (PART - 5)

**കാനാവിലെ അത്ഭുതത്തിന്റെ പ്രത്യേകത**

വാക്യം: 11 യോഹന്നാന്റെ വിവരണത്തിൽ കർത്താവ് ഈ അത്ഭുതം അടയാളങ്ങളുടെ ആരംഭമായി ചെയ്തു, തന്റെ മഹത്വം വെളിപ്പെടുത്തി, ശിഷ്യൻമാർ വിശ്വസിച്ചു. മൂന്ന് പ്രധാന ഉദ്ദേശ്യമാണ് ഈ അടയാളത്തിലൂടെ യേശു ക്രിസ്തു വെളിപ്പെടുത്തിയത്.

**1. അടയാളങ്ങളുടെ ആരംഭം:-** ദൈവ പുത്രനായ ക്രിസ്തുവിന്റെ ശുശ്രൂഷയുടെ ആരംഭത്തിൽ ചെയ്ത ഈ അടയാളത്തിന് വളരെ പ്രസക്തിയുണ്ട്. ലോകത്തിലേക്കുള്ള കർത്താവിന്റെ പ്രേക്ഷിത പ്രവർത്തിയുടെ തുടക്കം ഈ അടയാളത്തോട് കൂടിയായിരുന്നു. ഒരു വലിയ ശുശ്രൂഷയുടെ ചെറിയ തുടക്കം. ഉലക ശ്രേഷ്ഠൻമാരായവർ ജനശ്രദ്ധ പിടിച്ചു പറ്റുവാൻ കഴിയുന്ന വഴികളിലൂടെയാണ് തങ്ങളുടെ വ്യക്തിമുദ്ര പതിപ്പിച്ചത്. പൊതു സമൂഹത്തെ അവരിലേക്കടുപ്പിക്കാനാണ് ആശയങ്ങളെ ഉപയോഗിച്ചത്. എന്നാൽ യേശു ക്രിസ്തു അനുയായികളെ സംഘടിപ്പിക്കുവാൻ കുതന്ത്രങ്ങൾ മെനഞ്ഞില്ല. ക്രിസ്തുവിന്റെ ലക്ഷ്യം അനുയായികളുടെ പെരുപ്പമായിരുന്നില്ല, മറിച്ച് അവരുടെ ജീവിതത്തിന്റെ ഗുണവിശേഷമായിരുന്നു. അവിടുത്തെ ആദ്യ അടയാളത്തിനായി തിരഞ്ഞെടുത്തതു വിജ്ഞാനികളുടെ സദസ്സ് ആയിരുന്നില്ല. ക്രിസ്തുവിന്റെ വ്യക്തിത്വപ്രഭ തെളിയിക്കുവാൻ സകലരേയും അമ്പരപ്പിക്കുന്ന അത്ഭുതം പ്രവർത്തിക്കുന്നതിനു പകരം പാവപ്പെട്ട ഒരു കുടുംബത്തിലെ ഇല്ലായ്മയെ പരിഹരിക്കുകയാണ് ചെയ്തത്. ഈ അടയാളം വരുവാനിരിക്കുന്ന അനേകം അടയാളങ്ങളുടെ രത്നചുരുക്കമായിരുന്നു.

**2. മഹത്വം വെളിപ്പെടുത്തി:-** മുൻപ് സൂചിപ്പിച്ചതുപോലെ ഈ അടയാളത്തിലൂടെ കർത്താവ് അവിടുത്തെ മഹത്വത്തെ വെളിപ്പെടുത്തി. ക്രിസ്തുവിന്റെ മഹത്വം വെളിപ്പെടുത്തുവാനായി അവിടുന്ന് ഒരുപറ്റം ആളുകൾക്ക് അത്ഭുതത്തിലൂടെ മദ്യം നൽകി എന്നത് യുക്തിക്ക് നിരക്കുന്നതല്ല. ചിലരുടെ വാദം രുചി നോക്കിയതിനുശേഷം പറഞ്ഞതിനെ ആസ്പദമാക്കിയാണ്.

വാക്യം-10: എല്ലാവരും നല്ല വീഞ്ഞും ലഹരിപിടിച്ചതിനുശേഷം ഇളപ്പമായതും കൊടുക്കാറുണ്ട്; നീ നല്ല വീഞ്ഞ് ഇതുവരെയും സൂക്ഷിച്ചുവെച്ചല്ലോ. വിരുന്നുവാഴിയുടെ വാക്കിൽ യേശു ഉണ്ടാക്കിയ വീഞ്ഞ് ലഹരിക്ക് പര്യാപ്തമായിരുന്നു എന്നാണ് ചിലരുടെ നിഗമനം. ലഹരി കലർന്ന വീഞ്ഞ് എന്നതിനെക്കാൾ ആ പാനീയത്തിന്റെ ഗുണത്തിനാണ് പ്രാധാന്യം. കർത്താവ് അത്ഭുതത്തിലൂടെ ഉണ്ടാക്കിയ ആ വീഞ്ഞ് കാനാൻ ദേശത്തിലെ മുന്തിരിയുടെ ശ്രേഷ്ഠകരമായ രസത്തിനു തുല്യമായിരുന്നു. ഏതു വസ്തുവും അധികമായാൽ ജീവിതത്തിന് വിനാശം വിതയ്ക്കും. കാനാവിലെ കല്ല്യാണ വീട്ടിൽ യേശു ഉണ്ടാക്കിയ വീഞ്ഞ് കുടിച്ച് ബോധം പോയവരെ കുറിച്ച് പരാമർശം ഇല്ല. ക്രിസ്തു ഉണ്ടാക്കിയ വീഞ്ഞിന്റെ അളവ് അവിടുന്ന് നിയന്ത്രിച്ചില്ല കാരണം അതു ഉപഭോക്താവിന്റെ അധികാര പരിധിയിലുള്ളതാണ്. ഏതെങ്കിലും ഒരു വ്യക്തി ക്രമംകെട്ട നിലയിൽ ആ വീഞ്ഞ് ഉപയോഗിച്ച് ലഹരി പിടിച്ചാൽ അത് യേശുവിന്റെ അത്ഭുതത്തിന്റെ ഉദ്ദേശ്യമല്ല. ആ വ്യക്തിയുടെ ഉപയോഗത്തിലെ സദാചാരമില്ലായ്മയെയാണ് കാണിക്കുന്നത്.

**3. ശിഷ്യൻമാർ വിശ്വസിച്ചു:-** പച്ചവെള്ളം വീഞ്ഞായി മാറിയ വസ്തുത ശിഷ്യൻമാർ ഗ്രഹിച്ചപ്പോൾ അവർ യേശുവിൽ വിശ്വസിച്ചു. ഒരു ഭവനത്തിലെ പോരായ്മ യേശു പരിഹരിച്ചെങ്കിലും കർത്താവിൽ വിശ്വസിക്കുവാൻ ചുരുക്കം ചിലരേ ഉണ്ടായിരുന്നുള്ളൂ. യേശുവിൽ വ്യത്യസ്ത നിലയിലാണ് വ്യക്തികൾ വിശ്വസിക്കുന്നത്. ചില ആളുകൾ അവിടുത്തെ വ്യക്തിത്വത്തിൽ വിശ്വസിക്കുമ്പോൾ മറ്റു ചിലർ ദാനങ്ങളിലാണ് വിശ്വസിക്കുന്നത്. ഈ രണ്ടു നിലയിലുള്ള വിശ്വാസവും ഒരു അനുഗാമിയിൽ അത്യന്താപേക്ഷിതമാണ്. ശിഷ്യൻമാർ കർത്താവിൽ വിശ്വസിച്ചത് അവിടുത്തെ അലൗകിക കഴിവ് കൊണ്ടാകാം. എന്നാൽ അവരുടെ ആത്മിക ജീവിതത്തിന്റെ മുന്നോട്ടുള്ള നാൾവഴികളിലെ വിശ്വാസത്തിന്റെ പ്രാധാന്യതയിലേക്ക് ഈ അടയാളം വിരൽ ചൂണ്ടുന്നു. വർദ്ധിച്ചു വരുന്ന ജീവിത തിരക്കിനിടയിൽ ആത്മികർക്ക് നഷ്ടമായിരിക്കുന്നത് വിശ്വാസമാണ്. പിതാക്കൻമാർ ത്യാഗനിർഭരമായ വിശ്വാസ ജീവിതം നയിച്ചു. എന്നാൽ ഇക്കാലത്ത് വിശ്വാസജീവിതം പ്രകടനങ്ങൾക്ക് വഴിമാറിയോ എന്ന് നാം ചിന്തിക്കേണ്ടിയിരിക്കുന്നു. ഇത്തരം വിശ്വാസ പ്രകടനങ്ങൾക്ക് യാഥാർത്ഥ്യവും ഉപദേശവുമായും പുലബന്ധം പോലുമുണ്ടാകില്ല. ഇവയെല്ലാം വിരൽ ചൂണ്ടുന്നത് വിശ്വാസത്തിന്റെ ദുർബലതയും അയഞ്ഞ സമീപനവുമാണ്. ഈ സംസ്കാരത്തിന് വ്യതിയാനം ഉണ്ടാകണമെങ്കിൽ നാം ഓരോരുത്തരും ത്യാഗനിർഭരമായ വിശ്വാസത്തിലേക്ക് മടങ്ങി വരണം. കാനാവിലെ വീട്ടിൽ ശിഷ്യൻമാരിൽ നാമ്പെടുത്ത ആ വിശ്വാസം അന്ത്യംവരെ വിശ്വസ്ത ജീവിതം നയിക്കുവാൻ അവരെ സഹായിച്ചു.



പാസ്റ്റർ സുനിൽ കെ. പി., ചെങ്ങന്നൂർ
Email: sunilkpkp@yahoo.com

കാനാവിലെ കല്ല്യാണ വീട്ടിൽ നടന്ന അത്ഭുതം എത്രയോ ശ്രേഷ്ഠമായ ഗുണപാഠങ്ങളാണ് നമുക്ക് നൽകുന്നത്. ഇല്ലായ്മ അഭിമുഖീകരിച്ച ഭവനം, ആ പരമാർത്ഥം മനസ്സിലാക്കി യേശുവിനോടറിയിച്ച മറിയം, പച്ചവെള്ളം കൊണ്ട് വീഞ്ഞുണ്ടാക്കി മഹത്വവും, വിശ്വാസവും വെളിപ്പെടുത്തിയ ക്രിസ്തു. ശിഷ്യൻമാർ അവരുടെ സമർപ്പണവും ജീവിത രീതിയും മാറ്റുവാൻ ഈ അത്ഭുതത്തെ പ്രചോദനമാക്കി. ചിലർ ഈ അത്ഭുതത്തെ വികലമായി വ്യാഖ്യാനിച്ച് സ്വാർത്ഥ അഭിലാഷങ്ങൾ പൂർത്തികരിക്കുവാൻ പഴുതുകൾ തേടുന്നു. എന്നാൽ ശരിയായ രീതിയിൽ ഈ അത്ഭുതത്തെ വീക്ഷിക്കുകയും പഠിക്കുകയും ചെയ്യുന്നവർക്ക് ക്രിസ്തുവിന്റെ അലിവ്, കരുണ, ദയ, സ്നേഹം, വിശ്വസ്തത, പരോപകാരം ആദിയായ ഉൽകൃഷ്ടഗുണങ്ങളെ ദർശിക്കുവാൻ സാധിക്കും.

# എൻ. എസ്. എസ് ഓഫ് ചിക്കാഗോ വിഷു ആഘോഷിച്ചു





ദുർഗാ പ്രസാദ്

ചിക്കാഗോ: എൻഎസ്എസ് ഓഫ് ചിക്കാഗോ സംഘടിപ്പിച്ച പ്രൗഢഗംഭീരമായ വിഷു ആഘോഷം മലയാളത്തനിമയുടെയും പാരമ്പര്യത്തിന്റെയും പ്രതീകാത്മ ദൃശ്യ ആവിഷ്കാരമായി. ഏപ്രിൽ 13-ന് ലെമോണ്ട് ടെമ്പിളിൽ അരങ്ങേറിയ സമൃദ്ധിയുടെ വിഷുദിനാഘോഷത്തിൽ 600-ൽപരം സഹൃദയർ പങ്കെടുത്തു.

ദൃശ്യചാരുത പകർന്ന 'കോലാട്ടം' എന്ന നൃത്ത ആവിഷ്കാരത്തോട് കൂടി വിഷു ആഘോഷങ്ങൾ സമാരംഭിച്ചു. താള-ലയ സമ്പന്നമായ ചുവടുകൾ, വർണ്ണാഭമായ വസ്ത്രാലങ്കാരങ്ങൾ, ചടുലമായ ചലനങ്ങൾ എന്നിവകൊണ്ട് സമൃദ്ധമായിരുന്നു കോലാട്ടം.

ഈ ദിവ്യാനുഭൂതിയെ രാധാ-മാധവ-വൃന്ദാവന ലീലകളുമായി ബന്ധപ്പെടുത്തി ദൃശ്യാവിഷ്കാരം നടത്തിയത് സഖി എന്ന എൻഎസ്എസ് കൂട്ടായ്മയാണ്. രാധയും കൃഷ്ണനും ആയുള്ള കുട്ടികളുടെ പകർന്നാട്ടം കാണികൾക്ക് ഭക്തിനിർഭരമായ അനുഭൂതി ഉളവാക്കി. ഇതിനോടനുബന്ധിച്ച് സംഘടിപ്പിച്ച സാംസ്കാരിക പരിപാടികളിലേക്ക് ഏവരേയും അനിതാ പിള്ള സ്വാഗതം ചെയ്തു.

സമൃദ്ധിയുടെയും ഐശ്വര്യത്തിന്റെയും പ്രതീകമായി പാരമ്പര്യ രീതിയിൽ കുട്ടികൾക്ക് ശ്രീനിവാസ കുറുപ്പ്, ആർ.കെ. നായർ, വാസുദേവൻപിള്ള എന്നിവരുടെ നേതൃത്വത്തിൽ വിഷുക്കൈനീട്ടം കുട്ടികൾക്ക് നല്കി. മലയാള സാംസ്കാരിക പൈതൃകത്തോടെ നീതിപുലർത്തുന്ന നൃത്ത ആവിഷ്കാരത്തോട്, സംഗീതസാന്ദ്രമായ ഗാനാർപ്പണത്തോടും കൂടിയ ദൃശ്യ സമൃദ്ധി ആഘോഷങ്ങൾക്ക് മാറ്റ്കൂട്ടി.

ഗൃഹാതുരത്വമുണർത്തുന്ന രീതിയിൽ തൂശനിലയിൽ വിളമ്പിയ വിഷു സദ്യ ഏവർക്കും ആസ്വാദ്യകരമായി. സദ്യയ്ക്ക് നേതൃത്വം നല്കിയത് രാജൻ മാടശ്ശേരി, ദിനേഷ് വേണുഗോപാൽ, അനീഷ് പിള്ള, അച്യുത്, രാജീവ് പിള്ള, രമേശ് നായർ, അഞ്ജലി രാജേഷ് എന്നിവരാണ്.

ഡോ. എസ്.കെ. നായരുടെ 'അയ്യപ്പൻ' എന്ന പുസ്തകം ചടങ്ങിൽ വെച്ച് ശ്യാം പരമേശ്വരൻ പ്രകാശനം ചെയ്തു. ഈ ആഘോഷങ്ങൾക്ക് ചുക്കാൻ പിടിച്ചത് ജയൻ മുളങ്ങാട്, ദുർഗാ പ്രസാദ്, ശ്യാം എരമല്ലൂർ, സുജിത് കെനോത്, ദാസ് രാജഗോപാൽ എന്നിവരാണ്. കലാപരിപാടികൾക്ക് മാറ്റുകൂട്ടാൻ പ്രയത്നിക്കുകയും സഹായിക്കുകയും ചെയ്ത എല്ലാ സുമനസ്സുകൾക്കും എൻഎസ്എസ് ചിക്കാഗോയുടെ പേരിൽ പ്രതീഷ് ശാസ്താംകോട്ട നന്ദിയും കടപ്പാടും അറിയിച്ചു. പരിപാടിയുടെ എംസി ശ്രീവിദ്യ വിജയൻ ആയിരുന്നു.

ഒരുമയുടെ, കൂട്ടായ്മയുടെ, സ്നേഹത്തിന്റെ മാസ്മരിക നിമിഷങ്ങൾ സൃഷ്ടിക്കുവാൻ സാധിച്ചത് ഈ ആഘോഷത്തെ സ്വപ്നതുല്യമാക്കി, അർത്ഥസമ്പുഷ്ടമാക്കി.

# സൈമൺ ചാമക്കാലയെ വിജയിപ്പിക്കണം: കേരള അസോസിയേഷൻ ഓഫ് ഡാളസ്

പി.പി. ചെറിയാൻ

ഡാളസ്: കരോൾട്ടൺ സിറ്റി കൗൺസിലിലേക്ക് മത്സരിക്കുന്ന സൈമൺ ചാമക്കാലയെ വിജയിപ്പിക്കണമെന്ന അഭ്യർത്ഥനയുമായി കേരള അസോസിയേഷൻ ഓഫ് ഡാളസ് പ്രസിഡണ്ട് പ്രദീപ് നാഗനൂലിൽ. പ്രസിഡണ്ട് പുറത്തിറക്കിയ പ്രസ്താവനയുടെ പൂർണ്ണരൂപം:

ബഹുമാനപ്പെട്ട അസോസിയേഷന്റെ പ്രസിഡണ്ട് എന്ന നിലയിൽ, ഞങ്ങളുടെ സ്വന്തം സൈമൺ ചാമക്കാല കരോൾട്ടൺ സിറ്റി കൗൺസിലിലേക്ക് മത്സരിക്കുന്നുണ്ടെന്ന് നിങ്ങളെ അറിയിക്കാൻ ഞാൻ ആഗ്രഹിക്കുന്നു.

സൈമൺ വർഷങ്ങളായി സജീവവും അർപ്പണബോധവുമുള്ള ഒരു കമ്മ്യൂണിറ്റി അംഗമാണ്. മറ്റുള്ളവരെ സേവിക്കുന്നതിലൂടെ തന്റെ പ്രതിബദ്ധത സ്ഥിരമായി പ്രകടിപ്പിക്കുന്നു. ഇപ്പോൾ കരോൾട്ടൺ സിറ്റി കൗൺസിലിൽ ഞങ്ങളെ പ്രതിനിധീകരിച്ച് വിശാലമായ സമൂഹത്തിലേക്ക് തന്റെ സേവനം വ്യാപിപ്പിക്കാൻ അദ്ദേഹം ശ്രമിക്കുന്നു.

സൈമണിന്റെ സ്ഥാനാർത്ഥിത്വം ഞങ്ങൾക്ക് പ്രാദേശിക ഭരണത്തിൽ ശബ്ദമുയർത്താനും ഞങ്ങളുടെ കമ്മ്യൂണിറ്റിയുടെ മൂല്യങ്ങളും താല്പര്യങ്ങളും ഫലപ്രദമായി പ്രതിനിധീകരിക്കപ്പെടുന്നുവെന്ന് ഉറപ്പാക്കാനുള്ള അവസരവും നല്കുന്നു.

നമുക്ക് ഒരുമിച്ച് സൈമണിന്റെ പിന്നിൽ അണിനിരക്കുകയും കരോൾട്ടൺ സിറ്റി കൗൺസിലിൽ ഒരു സീറ്റ് ഉറപ്പാക്കാൻ സഹായിക്കുകയും ചെയ്യാം. വരാനിരിക്കുന്ന തെരഞ്ഞെടുപ്പിനുള്ള നേരത്തെയുള്ള വോട്ടെടുപ്പ് ഏപ്രിൽ 22-ന് ആരംഭിച്ച് ഏപ്രിൽ 30 വരെ തുടരും. ഔദ്യോഗിക തെരഞ്ഞെടുപ്പ് ദിവസം മെയ് 4 ആണ്.

ഈ നിർണായക ഘട്ടത്തിൽ നിങ്ങളുടെ വോട്ട് രേഖപ്പെടുത്തി സൈമൺ ചാമക്കാലയ്ക്ക് നിങ്ങളുടെ പിന്തുണ അറിയിക്കണമെന്ന് കേരള അസോസിയേഷൻ ഓഫ് ഡാളസിലെ സഹപ്രവർത്തകർ എന്ന നിലയിൽ ഞങ്ങളുടെ ഓരോ കരോൾട്ടൺ നിവാസികളോടും ഞാൻ അഭ്യർത്ഥിക്കുന്നു.

കരോൾട്ടണിലെ നിങ്ങളുടെ സുഹൃത്തുക്കളെയും കുടുംബാംഗങ്ങളെയും സമീപിക്കുന്നതും സൈമണിനെ പിന്തുണയ്ക്കാൻ അവരെ പ്രോത്സാഹിപ്പിക്കുന്നതും ഇതിൽ ഉൾപ്പെടുന്നു.

ഈ സുപ്രധാന വിഷയത്തിൽ നിങ്ങൾക്ക് എന്തെങ്കിലും ചോദ്യങ്ങളുണ്ടെങ്കിൽ അല്ലെങ്കിൽ കൂടുതൽ വിവരങ്ങൾ ആവശ്യമുണ്ടെങ്കിൽ ബന്ധപ്പെടാൻ മടിക്കരുതെന്നും പ്രസിഡണ്ട് സന്ദീപ് നാഗനൂലിൽ അറിയിച്ചു.



സൈമൺ ചാമക്കാല



പ്രദീപ് നാഗനൂലിൽ

# തോമസ് മാലക്കരയുടെ നോവൽ ലൈവ്സ് ബിഹൈൻഡ് ദി ലോക്കഡ് ഡോർസ് പ്രകാശനം ചെയ്തു

ജോസഫ് ജോൺ, കാൽഗറി

എഡ്മന്റൻ: മാത്യു മാലക്കര എഴുതിയ ലൈവ്സ് ബിഹൈൻഡ് ദി ലോക്കഡ് ഡോർസ് എന്ന നോവൽ എഡ്മന്റണിൽ ഏപ്രിൽ പതിമൂന്നാം തീയതി പ്രകാശനം ചെയ്തു. മെഡോസ് ലൈബ്രറി ഹാളിൽ നടന്ന ചടങ്ങിൽ എഴുത്തുകാരിയായ ഗ്ലെന്ന ഫിപ്പെൻ, പാസ്റ്റർ സാം വർഗീസിനു നല്കിയാണ് പുസ്തകം പ്രകാശനം ചെയ്തത്. അമ്പതു വർഷത്തിലധികമായി ആൽബെർട്ടയിൽ താമസിക്കുന്ന മാത്യുവും (ജോയ് അങ്കിൾ) ഭാര്യ റെയ്ച്ചലും (മോളി ആന്റി) മലയാളികളുടെ ഇടയിൽ അവരുടെ സേവന മനോഭാവം കൊണ്ട് ഏറെ സുപരിചിതരാണ്.




മാത്യുവിന്റെ മുപ്പതുവർഷം നീണ്ട മാനസിക ആരോഗ്യ കേന്ദ്രത്തിലെ ജോലിയുടെ അനുഭവത്തിന്റെ വെളിച്ചത്തിലാണ് നോവൽ രചിച്ചിരിക്കുന്നത്. കേരളത്തിൽ നിന്നും കാനഡയിലെത്തി ജീവിതം കരുപ്പിടിച്ച ഒരാളുടെ കാഴ്ചപ്പാടിലൂടെയാണ് നോവൽ വികസിക്കുന്നത്. ഒരു മാനസിക ആരോഗ്യ കേന്ദ്രത്തിലെ ദൈനംദിന ജീവിതവും രോഗികളുടെ സ്വഭാവ സവിശേഷതകളും ജോലിക്കാരുടെ അനുഭവങ്ങളും കൂടി, ജീവിതത്തിന്റെ പ്രസാദാത്മകത തുടിക്കുന്ന ഒരു വായനാ അനുഭവമാണ് ഈ നോവൽ. തെറാപ്യൂട്ടിക് കമ്മ്യൂണിക്കേഷന്റെ നിരവധി ഉദാഹരണങ്ങൾ ഈ നോവലിൽ കാണാമെന്ന് അവതാരിക എഴുതിയ ഡോ. പി.വി. ബൈജു പറഞ്ഞു.

ചാപ്ലെൻ ഡെയിൻസ് കുര്യൻ, പാസ്റ്റർ കെൻ മക്ഡൊണാൾഡ് എന്നിവർ ചടങ്ങിൽ സംസാരിച്ചു. ശ്രുതി ഹരിഹരനും അർപ്പിത തോമസും പുസ്തകത്തിലെ തെരഞ്ഞെടുത്ത ഭാഗങ്ങൾ വായിച്ചു. പുസ്തകരചനയുടെ അനുഭവങ്ങളെക്കുറിച്ച് ഗ്രന്ഥകർത്താവ് സംസാരിച്ചു. മേരി തോമസ് അവതാരക ആയിരുന്നു. മനോജ് മാത്യു ചടങ്ങിന് നന്ദി പറഞ്ഞു. ലൈവ്സ് ബിഹൈൻഡ് ദി ലോക്കഡ് ഡോർസ് ഇന്ത്യയിലും നോർത്ത് അമേരിക്കയിലും ആമസോണിൽ ലഭ്യമാണ്.



## വിനിമയ നിരക്ക്

| | |
|---|---|
| യു.എസ്. ഡോളർ | 83.41 |
| യൂറോ | 88.94 |
| സ്റ്റെർലിംഗ്പൗണ്ട് | 103.27 |
| സ്വിസ് ഫ്രാങ്ക് | 91.44 |
| സിംഗപ്പൂർ ഡോളർ | 61.27 |
| കനേഡിയൻ ഡോളർ | 60.74 |
| ഒമാൻ റിയാൽ | 216.66 |
| ബഹ്റൈൻ ദിനാർ | 221.28 |
| സൗദി റിയാൽ | 22.23 |
| യു.എ.ഇ. ദിർഹം | 22.71 |
| കുവൈത്ത് ദിനാർ | 270.61 |



# ഓർമാ ഇന്റർനാഷണൽ അമേരിക്കാ റീജിയണ് പുതിയ നേതൃത്വം

**പി.ഡി. ജോർജ് നടവയൽ**

ന്യൂയോർക്ക്: ഓർമാ ഇന്റർനാഷണൽ അമേരിക്കാ റീജിയൺ, സാമൂഹിക പ്രവർത്തകൻ അലക്സ് തോമസിന്റെ നേതൃത്വത്തിൽ നവ ഭരണസമിതി ചുമതലയേറ്റു. സാർജന്റ് ബ്ലസൺ (വൈസ് പ്രസിഡണ്ട്), അലക്സ് ഏബ്രഹാം (സെക്രട്ടറി), ഷൈലാ രാജൻ (ജോ. സെക്രട്ടറി), റോബർട്ട് ജോൺ അരീച്ചിറ (ട്രഷറർ).

ജനറേഷൻ ആൽഫാ എന്നുള്ള ഇന്നത്തെ കാലഘട്ടത്തിൽ മലയാളികളുടെ സകല-രാജ്യ-കുടിയേറ്റ വ്യാപ്തിക്കനുസൃതമായി, രാജ്യാന്തര സംഘടനയെന്ന നിലയ്ക്ക് ഓവർസീസ് റസിഡന്റ് മലയാളീസ് അസോസിയേഷൻ ഇന്റർനാഷണൽ (ഓർമാ ഇന്റർനാഷണൽ) വളരണമെന്ന കാഴ്ചപ്പാടോടെ ഓർമാ ഇന്റർനാഷണലിന്റെ തലസ്ഥാന രാജ്യമായ അമേരിക്കയിലെ പ്രവർത്തനങ്ങൾക്ക് വളർച്ച പകരുകയാണ് ദൗത്യം എന്ന് അലക്സ് തോമസ് പറഞ്ഞു. ന്യൂയോർക്ക് കേന്ദ്രമാക്കി, ഫൊക്കാനയിലും മലയാളി സംഘടനകളിലും ജീവകാരുണ്യ പ്രവർത്തനങ്ങളിലും ശ്രദ്ധയൂന്നി, നേതൃരംഗത്ത് തിളക്കം പുലർത്തുന്ന സാമൂഹിക, സാംസ്കാരിക പ്രവർത്തകനാണ് അലക്സ് തോമസ്.

ഫാമിലി നേഴ്സ് പ്രാക്ടീഷണറായ അലക്സ് ഏബ്രഹാം (സെക്രട്ടറി), കേരള നേഴ്സിങ് മേഖലയിൽ വിദ്യാഭ്യാസ പുരോഗമന മാറ്റങ്ങൾക്കുള്ള ചാലക നേതൃത്വം വഹിച്ച് സംഘാടക പാടവം മുദ്രയാക്കി ഫൊക്കാനയിലും വ്യക്തിത്വം ഉറപ്പിച്ചിട്ടുണ്ട്.

ന്യൂയോർക്കിലെ ഹഡ്മയുടെ പ്രസിഡണ്ട് എന്ന നിലയിൽ പ്രാഗത്ഭ്യം തെളിയിച്ച റോബർട്ട് അരീച്ചിറ (ട്രഷറർ) പ്രസംഗകല, ചെസ്സ് ഗെയിം, കാവ്യാലാപന ചാതുര്യം, ജേസീസ്, വൈ. എം.സി.എ എന്നിങ്ങനെ വിവിധ രംഗങ്ങളിൽ മികവു പുലർത്തുന്ന സംഘാടകനാണ്.

സാർജന്റ് ബ്ലസൻ മാത്യു (വൈസ് പ്രസിഡണ്ട്) അമേരിക്കയിൽ പോലീസ് സേവനരംഗത്ത് സാർജന്റ് ആണ്. വിവിധ നേതൃരംഗങ്ങളിൽ യുവതയുടെ വക്താവായി ശോഭിക്കുന്നു. ഷൈലാ രാജൻ (ജോ. സെക്രട്ടറി) മെഡിക്കൽ പ്രഫഷണൽ ആയി സേവനം ചെയ്യുന്നു. കലാകാരിയാണ്. വിവിധ സംഘടനകളിൽ നേതൃപാടവം പുലർത്തുന്നു.

മനുഷ്യസ്നേഹ നിർഭരമായ കേരളാ-പാരമ്പര്യ-പുരോഗമന-സേവന കുടുംബമൂല്യങ്ങൾക്ക് പ്രാധാന്യം നല്കി, പുതുതലമുറയെ മലയാള സാഹോദര്യത്തിന്റെയും ലോകസേവന ഔത്സുക്യങ്ങളുടെയും സംഘചേതനയിൽ പരിശീലിപ്പിക്കുക എന്ന ദൗത്യത്തിലാണ്, ഓർമാ ഇന്റർനാഷണൽ പ്രവർത്തിക്കുന്നത്. 2009-ൽ ഫിലാഡൽഫിയയിലാണ് ഓർമാ ഇന്റർനാഷണൽ ആരംഭം കുറിച്ചത്. വിവിധ രാജ്യങ്ങളിൽ ഓർമാ ഇന്റർനാഷണലിന്റെ റീജിയണുകളും ചാപ്റ്ററുകളും യൂണിറ്റുകളും പ്രവർത്തിക്കുന്നുണ്ട്. ലയൺസ് ഇന്റർനാഷണൽ, ജേസീസ് ഇന്റർനാഷണൽ എന്നീ പ്രസ്ഥാനങ്ങൾ അമേരിക്കയിൽ ആരംഭിച്ച് ലോകമെമ്പാടും പ്രസക്തമായതുപോലെ, വിശ്വജനീന മലയാളികളുടെ ആധുനിക രാജ്യാന്തര സംഘടന എന്ന ദീർഘകാല ലക്ഷ്യത്തെ മുൻനിർത്തിയാണ് ഓർമാ ഇന്റർനാഷണൽ നിലകൊള്ളുന്നത്. പ്രഗത്ഭരായ മലയാളി യുവാക്കളുടെ മികവുകളെ സ്വരുക്കൂട്ടി സാഹോദര്യത്തിന്റെ ആഗോള മലയാള യുഗം കൈവരിക്കുന്നതിന്റെ തുടക്കമെന്ന നിലയിൽ ആരംഭിച്ച ഓർമാ ഇന്റർനാഷണൽ സ്പീച്ച് കോമ്പറ്റീഷൻ മുഖ്യ അജണ്ടയായി മാറിയിരിക്കുന്നു.

മോട്ടിവേഷണൽ എഡ്യൂക്കേറ്ററും അമേരിക്കയിൽ അദ്ധ്യാപകനുമായ ജോസ് തോമസിന്റെ നേതൃത്വത്തിൽ ഓർമാ ഇന്റർനാഷണൽ സ്പീച്ച് കോമ്പറ്റീഷൻ, ആഗോള മലയാളികളുടെ പങ്കാളിത്തം കൊണ്ട് വിജയപതാക ഉയർത്തുന്ന വേളയിൽ, ഓർമാ ഇന്റർനാഷണൽ അമേരിക്കാ പ്രോവിൻസിന്റെ പുതിയ ഭാരവാഹികൾക്ക് ട്രസ്റ്റീ ബോർഡ് ചെയർമാൻ ജോസ് ആറ്റുപുറം, ഓർമാ ഇന്റർനാഷണൽ പ്രസിഡണ്ട് ജോർജ് നടവയൽ, സെക്രട്ടറി ഷാജി അഗസ്റ്റിൻ, ട്രഷറർ റോഷിൻ പ്ലാമൂട്ടിൽ, പബ്ലിക് അഫയേഴ്സ് ചെയർ വിൻസന്റ് ഇമ്മാനുവേൽ, ടാലന്റ് പ്രൊമോഷൻ ഫോറം ചെയർ ജോസ് തോമസ്, ലീഗൽ ഫോറം ചെയർ അറ്റേണി ജോസ് കുന്നേൽ, ഫിനാൻഷ്യൽ മാനേജ്മെന്റ് ചെയർ സജി സെബാസ്റ്റ്യൻ, ജോ തോമസ്, കേരളാ ചാപ്റ്റർ പ്രസിഡണ്ട് കുര്യാക്കോസ് മാണിവയലിൽ എന്നിവർ വീഡിയോ കോൺഫറൻസിൽ ആശംസകൾ അറിയിച്ചു.


അലക്സ് തോമസ്


സാർജന്റ് ബ്ളെസ്സൺ മാത്യു


അലക്സ് ഏബ്രഹാം


ഷൈലാ രാജൻ


റോബർട്ട് അരീച്ചിറ

## ഇന്ത്യയിൽ എയർടാക്സി സർവീസ് 2026 മുതൽ

ന്യൂഡൽഹി: എയർലൈൻ കമ്പനിയായ ഇൻഡിഗോയുടെ കീഴിലുള്ള ഇന്റർഗ്ലോബ് എന്റർപ്രൈസസ് യുഎസ് കമ്പനിയായ ആർച്ചർ എവിയേഷൻ എന്നിവർ 2026-ൽ ഇലക്ട്രിക് എയർ ടാക്സി സർവീസ് ഇന്ത്യയിൽ കൊണ്ടുവരും. ഡൽഹിയിലെ കൊണാട്ട് പ്ലേസിൽ നിന്നു ഹരിയാനയിലെ ഗുരുഗ്രാമിലേക്ക് 7 മിനിറ്റിൽ യാത്ര ഇതോടെ സാദ്ധ്യമാകും. 2000 മുതൽ 3000 രൂപ വരെയായിരിക്കും നിരക്ക്. 27 കിലോമീറ്റർ വരുന്ന ഈ ദൂരം കാറിൽ പോകാൻ തിരക്കുള്ള സാഹചര്യത്തിൽ ഒന്നര മണിക്കൂർ വേണ്ടിവരും. ഡൽഹി കൂടാതെ മുംബൈയിലും ബെംഗ്ളൂരുവിലും ആദ്യഘട്ടത്തിൽ എയർ ടാക്സി സർവീസ് വരും.

വെർട്ടിക്കൽ ടേക്ക്ഓഫ്, ലാൻഡിംഗ് ശേഷിയുള്ള 200 ഇലക്ട്രിക് വിമാനങ്ങൾ ആർച്ചർ ഏവിയേഷൻ നല്കും. പൈലറ്റ് കൂടാതെ നാല് പേർക്ക് യാത്ര ചെയ്യാം. പ്ലെയിൻ ചാർജ് ചെയ്യാൻ 30 മുതൽ 40 മിനിറ്റാണ് വേണ്ടത്.

## ആദ്യഘട്ടത്തിൽ 62 ശതമാനം പോളിംഗ്

ന്യൂഡൽഹി: ലോക്സഭാ തെരഞ്ഞെടുപ്പിന്റെ ഏപ്രിൽ 19ന് നടന്ന ആദ്യഘട്ട പോളിംഗിൽ 62.37 ശതമാനം പോളിംഗ്. 79.9 ശതമാനം പേർ വോട്ട് രേഖപ്പെടുത്തിയ ത്രിപുരയിലാണ് ഏറ്റവും കൂടുതൽ. 2019-ലെ ആദ്യഘട്ടത്തിൽ 69.43 ശതമാനമായിരുന്നു പോളിംഗ്.



കനത്ത സുരക്ഷകൾക്കിടയിലും കലാപഭൂമിയായ മണിപ്പൂരിലും ഛത്തീസ്ഗഢിലെ മാവോയിസ്റ്റ് മേഖലയായ ബസ്തറിലും പ. ബംഗാളിലും അങ്ങിങ്ങ് അക്രമങ്ങളുണ്ടായി. 21 സംസ്ഥാനങ്ങളിലെയും കേന്ദ്രഭരണ പ്രദേശങ്ങളിലെയും 102 മണ്ഡലങ്ങളിലാണ് 19-ന് ജനവിധി പൂർത്തിയായത്. പശ്ചിമ ബംഗാളിൽ 77.57 ശതമാനവും തമിഴ്നാട്ടിൽ 72.09 ശതമാനവും പോളിംഗ് രേഖപ്പെടുത്തി. നാലു സീറ്റുകളിലെ വോട്ടെടുപ്പ് നടന്ന ബിഹാറിൽ 46.32 ശതമാനമാണ് പോളിംഗ്. ആദ്യഘട്ടത്തിലെ ഏറ്റവും കുറവ് പോളിംഗാണിത്. രണ്ട് പോളിംഗ് സ്റ്റേഷനുകളിൽ അക്രമം റിപ്പോർട്ട് ചെയ്തെങ്കിലും മണിപ്പൂരിൽ 67.46 ശതമാനം പോളിംഗ് രേഖപ്പെടുത്തി.

മണിപ്പൂരിലെ ബിഷ്ണുപൂരിൽ ബൂത്ത് പിടിക്കാൻ ശ്രമം നടക്കുന്നതിനിടെ പോലീസ് ആകാശത്തേക്ക് വെടിയുതിർത്തു. ഇംഫാൽ ഈസ്റ്റിലെ ഖുറായിൽ അക്രമികൾ വെടിയുതിർക്കുകയും പോളിംഗ് സ്റ്റേഷൻ നശിപ്പിക്കുകയും രേഖകൾ കത്തിക്കുകയും ചെയ്തു.



KERALA EXPRESS കേരളം

# ബീഹാറിൽ പകുതിയിലേറെപ്പേരും വോട്ടുചെയ്തില്ല

ഗയ: ഒന്നാംഘട്ടത്തിൽ ഏറ്റവുംകുറവ് പോളിങ് രേഖപ്പെടുത്തിയത് ബീഹാറിൽ. നാലു സീറ്റിലേക്കുനടന്ന തെരഞ്ഞെടുപ്പിൽ 49 ശതമാനത്തിൽത്താഴെയാണ് പോളിങ്. പകുതിയിലേറെപ്പേരും വോട്ട് ചെയ്തില്ല. കഴിഞ്ഞ തവണത്തെക്കാൾ അഞ്ചു ശതമാനത്തോളം കുറവാണിത്. ആദ്യഘട്ടത്തിൽ ദേശീയ ശരാശരി 60 ശതമാനമാണ്.

ജോലിക്കായി യുവാക്കൾക്ക് അന്യനാടുകളെ ആശ്രയിക്കേണ്ടിവരുന്നതാണ് പോളിങ് ശതമാനം കുറയാൻ മുഖ്യകാരണമെന്ന് പട്നയിലെ മുതിർന്ന ഇംഗ്ലീഷ് മാധ്യമപ്രവർത്തകൻ രമാശങ്കർ പറയുന്നു. ജോലിക്കായി പുറത്തുപോകുന്നത് കോവിഡ് കാലത്തിനുശേഷം ബീഹാറിൽകൂടി വരുകയാണ്. ഉന്നതപഠനത്തിനോ ജോലിക്കോ വേണ്ടി കേരളം ഉൾപ്പെടെ ഇതരസംസ്ഥാനങ്ങളിലേക്കോ ബീഹാറിലെതന്നെ പട്ന പോലുള്ള നഗരങ്ങളിലേക്കോ പോയ യുവാക്കളിൽ ഭൂരിഭാഗവും വോട്ട് ചെയ്യാനെത്തുന്നില്ല.

യുവാക്കളുടെ കുടിയേറ്റംതന്നെയാണ് പോളിങ് കുറയാൻ കാരണമെന്ന് ഇംഗ്ലീഷ് വാർത്താ ഏജൻസിയുടെ റിപ്പോർട്ടർ രമണും പറഞ്ഞു. അഞ്ചു ശതമാനം വോട്ട് കുറഞ്ഞത് കൂടുതൽ ബാധിക്കുക തങ്ങളെയാണെന്നാണ് ബിജെപി വിലയിരുത്തുന്നത്.

ആർജെഡിയുടെ കേഡർ വോട്ടുകൾ കൃത്യമായി പോൾ ചെയ്തിട്ടുണ്ട്. അതിനാൽ വരുന്ന ഘട്ടങ്ങളിൽ പോളിങ് ശതമാനം ഉയർത്താനും യുവാക്കളെ നാട്ടിലെത്തിക്കാനുമാണ് ബിജെപി ശ്രമിക്കുന്നതെന്നും രമൺ പറയുന്നു.

ആളുകൾക്ക് താത്പര്യമില്ലാത്തതുകൊണ്ടല്ല പോളിങ് ശതമാനം കുറഞ്ഞതെന്ന് ഗയയിൽ ടാക്സി സർവീസ് നടത്തുന്ന രാഹുൽകുമാർ പറഞ്ഞു. താനുൾപ്പെടെ നൂറുകണക്കിനാളുകളാണ് വോട്ടർപട്ടികയിൽ പേര് കണ്ടെത്താനാകാതെ പോളിങ് സ്റ്റേഷനിൽനിന്ന് മടങ്ങിയത്. രണ്ട് പോളിങ് കേന്ദ്രങ്ങളിൽ പോയി പരതിയെങ്കിലും തന്റെയും കുടുംബത്തിന്റെയും പേര് കണ്ടെത്താനായില്ല. പാർട്ടിക്കാർ ആരും സ്ലിപ് നൽകാൻ എത്തിയില്ലെന്നും രാഹുൽ ചൂണ്ടിക്കാട്ടി.

# പോളിങ് ശതമാനത്തിലെ കുറവിൽ പാർട്ടികൾക്ക് ആശങ്ക

ന്യൂഡൽഹി: തെരഞ്ഞെടുപ്പിന്റെ ആദ്യഘട്ട വോട്ടെടുപ്പിൽ പോളിങ് ശതമാനം കുറഞ്ഞതിൽ രാഷ്ട്രീയപാർട്ടികൾ ആശങ്കയിൽ.സുരക്ഷിതമെന്ന് പുറമേ ആശ്വസിക്കുന്നുണ്ടെങ്കിലും എല്ലാ പാർട്ടിയും പോളിങ് കുറഞ്ഞതിന്റെ കാരണം തേടി ജയസാധ്യത പരിശോധിച്ചുകൊണ്ടിരിക്കുകയാണ്.

പാർട്ടികൾ മാത്രമല്ല, തെരഞ്ഞെടുപ്പ് കമ്മീഷനും പോളിങ് കുറഞ്ഞതിന്റെ ക്ഷീണത്തിലാണ്. കേരളമടക്കം 13 സംസ്ഥാനങ്ങളിൽ 26-ന് നടക്കുന്ന രണ്ടാം ഘട്ടത്തിൽ ഈ കുറവ് മറികടക്കാൻ കമ്മീഷൻ തന്ത്രങ്ങൾ ആവിഷ്കരിക്കുന്നുണ്ട്. 102 മണ്ഡലങ്ങളിലേക്കാണ് ഒന്നാംഘട്ടത്തിൽ തെരഞ്ഞെടുപ്പ് നടന്നത്. 65.5 ശതമാനം പോളിങ്ങാണ് രേഖപ്പെടുത്തിയത്. 2019-ലെ കംക്കുപ്രകാരം ഈ മണ്ഡലങ്ങളിൽ 69.9 ശതമാനം പോളിങ് ഉണ്ടായിരുന്നു. പ്രതികൂല കാലാവസ്ഥയാണ് പോളിങ് കുറഞ്ഞതിന്റെ കാരണങ്ങളിലൊന്നായി കണക്കാക്കുന്നത്.

കൊടുംചൂടിൽ ജനം പുറത്തിറങ്ങാതിരുന്നതാണ് കാരണമായി കരുതുന്നത്. വിട്ടുനിന്ന വോട്ടർമാരുടെ പ്രായം എത്രയെന്ന് തിരിച്ചറിയാനായിട്ടില്ല. അതുണ്ടെങ്കിൽ ആ വിഭാഗത്തെ ലക്ഷ്യമിട്ടുള്ള പ്രചാരണം കമ്മീഷൻ പരിഗണിക്കുന്നുണ്ട്. തെരഞ്ഞെടുപ്പിൽ ജനങ്ങൾക്ക് വലിയ താല്പര്യമില്ലാത്തതിനാലാണ് പോളിങ് കുറഞ്ഞതെന്ന് രാഷ്ട്രീയ നിരീക്ഷകർ വിലയിരുത്തുന്നു. വോട്ടിങ് യന്ത്രവുമായി ബന്ധപ്പെട്ട് ഉയർന്ന വിവാദങ്ങളും ജനങ്ങളെ സ്വാധീനിച്ചിട്ടുണ്ടോയെന്നു വ്യക്തമാകേണ്ടതുണ്ട്.

# മലങ്കര ഓർത്തഡോക്സ് സഭാ അധ്യക്ഷന് റഷ്യൻ സഭയുടെ ബഹുമതി



ഓർത്തഡോക്സ് സഭാ അധ്യക്ഷൻ മോർ ബസേലിയോസ് മാർത്തോമാ മാത്യൂസ് ത്രിതീയൻ കാതോലിക്കാബാവാ, റഷ്യൻ ഓർത്തഡോക്സ് സഭാ തലവൻ കീറിൽ പാത്രിയർക്കീസ് ബാവായ്ക്കൊപ്പം

കോട്ടയം: മലങ്കര ഓർത്തഡോക്സ് സഭയുടെ പരമാദ്ധ്യക്ഷൻ മോർ ബസേലിയോസ് മാർത്തോമാ മാത്യൂസ് ത്രിതീയൻ കാതോലിക്കാ ബാവായ്ക്ക് റഷ്യൻ ഓർത്തഡോക്സ് സഭയുടെ പരമോന്നത ബഹുമതിയായ ഗ്ലോറി ആൻഡ് ഹോണർ.

മോസ്കോയിൽ നടന്ന ചടങ്ങിൽ റഷ്യൻ ഓർത്തഡോക്സ് സഭാതലവൻ കീറിൽ പാത്രിയർക്കീസാണ് കാതോലിക്കാ ബാവയ്ക്ക് ബഹുമതി സമ്മാനിച്ചത്.

മലങ്കര ഓർത്തഡോക്സ് സഭയും റഷ്യൻ ഓർത്തഡോക്സ് സഭയും തമ്മിലുള്ള ബന്ധം ശാക്തീകരിക്കാൻ നടത്തുന്ന പ്രവർത്തനങ്ങൾ കണക്കിലെടുത്താണ് ബഹുമതി.

# സംവിധായകൻ ജോഷിയുടെ വീട്ടിലെ മോഷണം: ബീഹാർ സ്വദേശി പിടിയിൽ

കൊച്ചി: സംവിധായകൻ ജോഷിയുടെ വീട്ടിൽനിന്ന് ഒരു കോടി രൂപയോളം വിലവരുന്ന വജ്ര, സ്വർണാഭരണങ്ങൾ കവർന്ന മോഷ്ടാവ് പിടിയിൽ. കുപ്രസിദ്ധ കവർച്ചക്കാരൻ 'ബീഹാർ റോബിൻഹുഡ്' എന്നറിയപ്പെടുന്ന ബീഹാർ സ്വദേശി മുഹമ്മദ് ഇർഫാനാണ് കർണാടകയിലെ ഉഡുപ്പിയിൽനിന്നു പോലീസിന്റെ പിടിയിലായത്. ഇയാളിൽനിന്ന് ജോഷിയുടെ വീട്ടിൽനിന്നു കവർന്ന ആഭരണങ്ങളും കണ്ടെടുത്തു.

ഏപ്രിൽ 20-ന് പുലർച്ചെ രണ്ടരയോടെയാണ് ജോഷിയുടെ പനമ്പിള്ളിനഗറിലെ 'അഭിലാഷം' വീട്ടിൽ കവർച്ച നടന്നത്.

സംഭവത്തിൽ ജോഷിയുടെ മകൻ അഭിലാഷിന്റെ പരാതിയിൽ കേസെടുത്ത എറണാകുളം സൗത്ത് പോലീസ് ഉടൻ അന്വേഷണം ആരംഭിച്ചു. ആദ്യം മോഷ്ടാവിന്റെ സിസിടിവി ദൃശ്യങ്ങളും പിന്നാലെ പ്രതി സഞ്ചരിച്ചിരുന്ന കാറിന്റെ ദൃശ്യങ്ങളും പോലീസിന് ലഭിച്ചു. ഇതിൽനിന്നും മഹാരാഷ്ട്ര രജിസ്ട്രേഷനിലുള്ള കാറാണെന്നു വ്യക്തമായി. തുടർന്ന് മോഷ്ടാവിന്റെയും കാറിന്റെയും വിവരങ്ങൾ സൗത്ത് പോലീസ് മഹാരാഷ്ട്ര, കർണാടക, ഗോവ സംസ്ഥാനങ്ങളിലെ പോലീസിനു കൈമാറി. വാഹനം കേരള അതിർത്തി കടന്നതായും മംഗളൂരു ഭാഗത്തേക്ക് സഞ്ചരിക്കുന്നതായുമുള്ള വിവരം കർണാടക പോലീസിനു നൽകി.

20-ന് ദേശീയപാതയിൽ കോട്ടയിൽവെച്ച് പോലീസ് ഇർഫാന്റെ കാർ നാലുഭാഗത്തുനിന്നും വളഞ്ഞ് പിടികൂടുകയായിരുന്നു. ഇർഫാനെ കസ്റ്റഡിയിലെടുത്തശേഷം കാർ പരിശോധിച്ച പോലീസ് ബാഗിൽ സൂക്ഷിച്ചിരുന്ന ആഭരണങ്ങൾ കണ്ടെടുത്തു.

## ശക്തിപ്രകടനം

(3-ാം പേജിൽനിന്നും)

പന്ത്രണ്ടു വർഷമായി ഇൻസുലിൻ ഉപയോഗിക്കുന്ന അരവിന്ദ് കെജ്രിവാളിന് ജയിലിൽ അത് നിഷേധിക്കുന്നത് അദ്ദേഹത്തിന്റെ ജീവൻ അപകടത്തിൽപ്പെടുത്താനാണ്"- സുനിത കെജ്രിവാൾ പറഞ്ഞു.

പ്രതിപക്ഷകക്ഷികളുടെ നേതൃത്വത്തിലുള്ള സംസ്ഥാന സർക്കാരുകളെ താഴെയിറക്കാൻ ബിജെപി ശ്രമിക്കുകയാണെന്നും എന്നാൽ ജനാധിപത്യം തകരാൻ അനുവദിക്കില്ലെന്നുമുള്ള ഹേമന്ത് സോറന്റെ സന്ദേശം ഭാര്യ കൽപന വായിച്ചു. ജെഎംഎം സ്ഥാപകൻ ഷിബു സോറൻ, നാഷണൽ കോൺഫറൻസ് അധ്യക്ഷൻ ഫറൂഖ് അബ്ദുള്ള, ആർജെഡി നേതാവും ബിഹാർ മുൻ ഉപമുഖ്യമന്ത്രിയുമായ തേജസ്വി യാദവ്, സമാജ്വാദി പാർട്ടി അധ്യക്ഷൻ അഖിലേഷ് യാദവ്, പഞ്ചാബ് മുഖ്യമന്ത്രി ഭഗ്വന്ത് മൻ ഉൾപ്പെടെ 28 പ്രതിപക്ഷ കക്ഷികളുടെ നേതാക്കൾ റാലിയിൽ പങ്കെടുത്തു.

വേദിയിൽ കെജ്രിവാളിനും സോറനും കസേരകൾ ഒഴിച്ചിട്ടിരുന്നു. ഭൂമി കുംഭകോണവുമായി ബന്ധപ്പെട്ട സാമ്പത്തിക ക്രമക്കേടിന്റെ പേരിൽ ജനുവരി 31-നാണു സോറനെ ഇഡി അറസ്റ്റ് ചെയ്തത്. ഡൽഹി മദ്യനയക്കേസിൽ കഴിഞ്ഞ മാർച്ച് 21-നു കെജ്രിവാളും അറസ്റ്റിലായി.

## ആവേശമാക്കി മുന്നണികൾ

(3-ാം പേജിൽനിന്നും)

മുൻതൂക്കം പറയുന്നുണ്ടെങ്കിലും കഴിഞ്ഞതവണത്തെ പത്തൊൻപത് സീറ്റ് ഇത്തവണ നിലനിർത്തിയില്ലെങ്കിൽ യുഡിഎഫിന് ക്ഷീണമാകും. ഒരു സീറ്റിൽ കൂടുതൽ ലഭിച്ചില്ലെങ്കിൽ എൽഡിഎഫിനും മുഖ്യമന്ത്രി പിണറായി വിജയനും രാഷ്ട്രീയമായി പരാജയമാകും.

ഇതിനിടെ, തെരഞ്ഞെടുപ്പ് പ്രചാരണം അവസാന ലാപ്പിലേക്ക് കടന്നപ്പോൾ രാഹുൽ ഗാന്ധിയും മുഖ്യമന്ത്രി പിണറായി വിജയനും പരസ്പരം കടന്നാക്രമിച്ച് രാഷ്ട്രീയപ്പോര് കടുപ്പിച്ചു. ഇരുപക്ഷത്തെയും നേതാക്കൾ ഇവർക്കൊപ്പം ചേർന്നപ്പോൾ യുഡിഎഫും എൽഡിഎഫും തമ്മിലുള്ള നേർക്കുനേർ പോരാട്ടമായി അതു മാറുകയാണ്. ഇതിനിടെ മഹാരാഷ്ട്രയിൽ നടന്ന പൊതുയോഗത്തിൽ രാഹുൽ ഗാന്ധിക്കെതിരെ രൂക്ഷമായ കടന്നാക്രമണം നടത്തി പ്രധാനമന്ത്രി നരേന്ദ്രമോദിയും കേരളത്തിലെ കളത്തിൽ നിലയുറപ്പിച്ചു.

പിണറായി വിജയനെ എന്തുകൊണ്ട് ഇഡി ചോദ്യം ചെയ്യുന്നില്ലെന്ന രാഹുൽഗാന്ധിയുടെ ചോദ്യമാണ് മുഖ്യമന്ത്രി പിണറായി വിജയനെയും ഇടതുപക്ഷത്തെയും ചൊടിപ്പിച്ചത്. നിങ്ങൾക്ക് നേരത്തെ ഒരു പേരുണ്ടല്ലോ എന്നു പരിഹസിച്ചുകൊണ്ടായിരുന്നു പിണറായി വിജയൻ രാഹുലിനു മറുപടി കൊടുത്തത്.

ഏപ്രിൽ 20-ന് കേരളത്തിലെത്തിയ പ്രിയങ്ക ഗാന്ധിയും മൂന്നിടങ്ങളിൽ നടത്തിയ പൊതുയോഗങ്ങളിൽ മുഖ്യമന്ത്രിക്കെതിരെ അതിരൂക്ഷമായ വിമർശനങ്ങളാണ് അഴിച്ചുവിട്ടത്. മുഖ്യമന്ത്രി പിണറായി വിജൻ രാഹുൽ ഗാന്ധിയെ മാത്രം വിമർശിക്കുന്നു എന്നാണ് കോൺഗ്രസിന്റെ ആരോപണം. ഇതു മോദിയെ പേടിച്ചിട്ടാണെന്നാണ് കോൺഗ്രസിന്റെ വിമർശനം. വേറെ ആരോപണങ്ങൾ വന്നിട്ടും പിണറായി വിജയനെ ഇതുവരെ ഇഡി ചോദ്യം ചെയ്തിട്ടില്ലെന്നു പ്രിയങ്ക പറഞ്ഞു.

മോദിയെ പേടിച്ചു കഴിയുന്ന മുഖ്യമന്ത്രി എന്നു വിളിച്ചാണ് പ്രതിപക്ഷ നേതാവ് വി.ഡി. സതീശൻ പിണറായി വിജയനെ പരിഹസിച്ചത്. ഇലക്ടറൽ ബോണ്ടിൽ അഴിമതിയുണ്ടെന്നു പറഞ്ഞു പോസ്റ്ററിട്ടയാൾ മോദിയുടെ സൽപ്പേരിനു കളങ്കമുണ്ടാക്കിയെന്നു പറഞ്ഞാണ് കേസെടുത്തത്. താൻ നല്കിയ പത്തു പരാതികളിൽ ഒന്നിൽപോലും കേസെടുത്തില്ലെന്നു സതീശൻ പറഞ്ഞു. നരേന്ദ്രമോദിയും പിണറായി വിജയനും ഒരേപോലെയാണ് രാഹുൽ ഗാന്ധിയെ വിമർശിക്കുന്നതെന്ന് രമേശ് ചെന്നിത്തല പറഞ്ഞു.

# കെജ്രിവാളിനെ മരണത്തിലേക്ക് തള്ളിവിടുന്നു: ആം ആദ്മി പാർട്ടി

ന്യൂഡൽഹി: ഡൽഹി മുഖ്യമന്ത്രി അരവിന്ദ് കെജ്രിവാളിനെ തിഹാർ ജയിലധികൃതർ ഇൻസുലിൻ നല്കാതെ മരണത്തിലേക്ക് തള്ളിവിടുകയാണെന്ന് ആം ആദ്മി പാർട്ടി. ഡൽഹി മദ്യനയ കേസുമായി ബന്ധപ്പെട്ട സാമ്പത്തിക തട്ടിപ്പ് കേസിൽ ജയിലിൽ കഴിയുന്ന കെജ്രിവാളിന് ടൈപ്പ് 2 പ്രമേഹമുണ്ടെന്നും ഇൻസുലിൻ ആവശ്യപ്പെട്ടിട്ട് ജയിലധികൃതർ നല്കിയില്ലെന്ന് പാർട്ടി വക്താവ് സൗരഭ് ഭരദ്വാജ് വാർത്താസമ്മേളനത്തിൽ പറഞ്ഞു.

കഴിഞ്ഞ 30 വർഷമായി കെജ്രിവാൾ പ്രമേഹരോഗിയാണ്. കെജ്രിവാളിനെ മരണത്തിലേക്ക് തള്ളിവിടുന്നതിനുള്ള ഗൂഢാലോചനയാണ് തിഹാർ ജയിലിൽ നടക്കുന്നത്-ഭരദ്വാജ് ആരോപിച്ചു. ടൈപ്പ് 2 പ്രമേഹമുണ്ടെങ്കിലും കെജ്രിവാൾ മാമ്പഴവും മധുരപലഹാരങ്ങളും കഴിക്കുന്നുണ്ടെന്ന് ഇഡി കോടതിയിൽ വ്യക്തമാക്കിയിരുന്നു. ഡോക്ടർ നല്കിയ ഭക്ഷണക്രമമനുസരിച്ചാണ് താൻ ആഹാരം കഴിക്കുന്നതെന്ന് കെജ്രിവാൾ കോടതിയിൽ വ്യക്തമാക്കി.

## ജേതാവായി ഡി. ഗുകേഷ്

(3-ാം പേജിൽനിന്നും)

രണ്ടുപേരിൽ ആരെങ്കിലും ജയിച്ചിരുന്നെങ്കിൽ ടൈ ബ്രേക്കർ ആവശ്യമായി വരുമായിരുന്നു. കാൻഡിഡേറ്റ്സ് ജേതാവിന് 48 ലക്ഷത്തോളം രൂപ സമ്മാനം ലഭിക്കും. രണ്ടാമന് 28.6 ലക്ഷം രൂപയും മൂന്നാമന് 21.5 ലക്ഷം രൂപയും ലഭിക്കും. പന്ത്രണ്ടാം വയസിൽ ഗ്രാൻഡ്മാസ്റ്റർ പട്ടം നേടുന്ന പ്രായംകുറഞ്ഞ മൂന്നാമത്തെ താരമെന്ന നേട്ടം സ്വന്തമാക്കിയ ഗുകേഷ് കഴിഞ്ഞ വർഷം ഹാങ്ചൗ ഏഷ്യൻ ഗെയിംസിൽ വെള്ളിയും നേടിയിരുന്നു. നേരത്തെ 13-ാം റൗണ്ടിൽ ഫ്രഞ്ച് താരം അലിറെസ ഫിറോസ്ജെയ്ക്കെതിരെ ജയിച്ചതോടെ 8.5 പോയിന്റുമായി ഗുകേഷ് ഒന്നാമതെത്തിയിരുന്നു.

## ഇന്ത്യക്ക് ഐഎംഎഫ് പ്രശംസ

വാഷിങ്ടൺ: തെരഞ്ഞെടുപ്പുവർഷമായിട്ടും ധനകാര്യ അച്ചടക്കം പാലിച്ചതിനു രാജ്യാന്തര നാണ്യനിധി (ഐഎംഎഫ്) ഇന്ത്യയെ അഭിനന്ദിച്ചു. ഇന്ത്യൻ സമ്പദ് വ്യവസ്ഥ മികച്ച വളർച്ചയുടെ പാതയിലാണെന്നും ഇതു ലോക സമ്പദ് വ്യവസ്ഥയ്ക്ക് ശുഭസൂചനയാണെന്നും ഐഎംഎഫ് ഏഷ്യ ആൻഡ് പസിഫിക് ഡിപ്പാർട്ടുമെന്റ് ഡയറക്ടർ കൃഷ്ണ ശ്രീനിവാസൻ പറഞ്ഞു. നാണ്യപ്പെരുപ്പം നിയന്ത്രിച്ചു നിർത്താനും ഇന്ത്യക്ക് കഴിഞ്ഞിട്ടുണ്ട്. വിദേശനാണ്യ ശേഖരവും ഭദ്രമാണെന്ന് അദ്ദേഹം പറഞ്ഞു.

# SEEKING BRIDEGROOM

*Pentecostal Family, residing in the US, is inviting proposals for their born again, baptized daughter (30/ 5'4). Born and brought up in California, she works as an Optometrist (Eye Doctor). She is God fearing and Family oriented. Seeking suitable proposals from parents of Pentecostal ,Family oriented and professional boys preferably based in the US. Please respond with photo and details to **shajeepmathew@gmail.com** or contact **1-972- 342-4297.**

*Pentecostal parents settled in the USA invite proposal for their daughter, 28 year old, 5' 2": born again, water baptized and leading a model christian life. Born and brought up in the USA. Masters in Speech Language Pathology. Seeking suitable proposals from qualified boys from the USA or Canada. Please respond with details and pictures to **foreverulove2023@gmail.com** or **469-371-7023**.

*Roman Catholic parents invite proposals for their daughter who is working as Pham-D. She is 38 and 5'-3" fair complex. She is born and brought up in U.S.A. We are seeking suitable alliance from professionally qualified Engineers, Doctors, Pharmacists, MBA accountants , IT professionals born and raised in U.S.A. who are Catholics and God-fearing and family oriented. Interested please respond with details including a recent picture to: **cyriac78@hotmail.com**

*Pentecostal parents settled in USA invite proposal for their daughter 28 years old, 5' born again, baptized and spirit filled. Born and brought up in USA. Masters in Accounting, working as a corporate senior tax accountant, pursuing CPA. Parents of qualified boys ( from USA or Canada) with good spiritual background may please respond with details and pictures to **smat16ab@gmail.com**

*USA Settled family seeking proposal for their daughter, 28 years old 5' 3" born and raised here in the US. She has graduated from medical school, and currently doing 2nd year residency in Family Medicine. She is born again, baptized, and has a heart for medical missions. Looking for proposals from interested parties. Please respond with contact number, picture/s and or with any online profile, if one available. Contact- **Plavilakandan@gmail.com**

*U.S. settled, professional, Keralite Hindu parents invite proposals for their US-born and raised only child, Architect (M. Arc.), pretty, accomplished: singer, Indian Classical dancer, and pianist. 30,5', currently working in Southwest (willing to relocate to southern region) from professionals (preferably US citizens). Interested parties kindly contact us with details and a recent picture to: **bejeweledsnow@hotmail.com**

*Seeking suitable groom for 25 yrs old daughter (Oct 1998) - Pentacostal background. She is currently doing her masters in social work and working full time as a case worker with a human trafficking organization. She graduated with bachelors degree in health science from Texas A&M. She is born again, spirit filled and has a heart for ministry, very active in church, Sunday school and youth groups. She has been to several mission trips overseas and has a heart to mentor, teach the word and minister to the youth. She organizes and motivates the youth to spend time in prayer and the word. Born in the middle east, raised in US since 5yrs of age. Looking for someone who has similar interests and loves the Lord and the church. We are settled in Dallas. If interested please email information to **annoov17@gmail.com.**

*Malayalee Born-Again girl 24, MIS, USA born, employed with a reputed firm — seeks Born-Again, Malayalee professional, 25-28 yrs, US born or came to US at young age. Contact **863-513-3759** or **johjohns46@yahoo.com**

*We are looking for a god-fearing Protestant Christian groom for our daughter. She is 25, slim, 5'6 and is working as a researcher in a biotech company. We would prefer someone born and raised in the US, at least 5'10 and is working or studying in the US. Please contact **(408) 203-6088** if interested.

*Christian Pentecostal parents inviting proposals for their daughter who is born again, baptized and spirit filled. 29 years (DOB: April 25, 1994). Graduated in Psychology and working as Family counselor. Seeking proposals from suitable boys professionally qualified (born and brought up in USA or Canada is preferred), good family backgrounds and born again, baptized and Spirit filled. Interested parents contact at **alexmat1963@gmail.com.**

*Pentecostal family settled in USA seeks proposal for their daughter, 24 years old, 5'5". Born and raised in the US and graduated with a Bachelor's from a prestigious university in the US and currently works in financial services at a well established professional bank. She is also pursing Masters in Evangelism. Seeking God fearing, born again Christian boys from USA or Canada with a professional background. If interested, please email at **k64abraham@gmail.com** or **630-748-9314.**

**Visit Our Website:
www.keralaexpress.com
for Matrimonial Advt.**

# SEEKING BRIDE

*Professionally qualified Pentacostal boy working and studying in USA (fair/36/ 78kg/182cm/ divorced) seeking suitable proposal from parents of born again, spirit filled and professionally qualified girls live in United States. Contact: **(832) 340-0672**

*Double board certified physician currently working as a Medical Director at the VA. Beyond the realm of medicine, I prioritize strong family values and faith. I'm seeking a meaningful connection with someone who shares these principles, someone who values integrity, compassion, and growth. If you're ready to embark on a journey of companionship rooted in mutual respect and shared beliefs, I'd love to hear from you. Age 45 and 5' 7". Please respond with details and recent picture to **pvcglorytogod@gmail.com**

*Brother settled in the U.S. invites marriage proposal for Knanaya Catholic widower (U.S. returned, doing business, 2 sons, 1 in Canada & other one in Bangalore), 55, 5'8", 150lb from Knanya women or widows with or without children. Please contact us on **+1 863-447-0691 or email at joscoveneers@gmail.com.**

*Jacobite parents invite marriage proposals for their son 43 years old. Born and raised in Dubai, graduated from Czech medical university, P.G from New York. Innocently divorced. Presently working as a professor in one of the reputed medical schools in New York as professor, U.S. citizen. Interested parties contact. **91-9400026888**.

*Born Again Pentacostal church member, citizen of USA, 39 years old, single, working in USA as software engineer seeking born again Pentacostal girl from USA, looking for spiritually inclined, working professionally in USA. Please contact **deniscyrus@gmail.com / 609-968-1097.**

*Pentecostal parents are searching for a suitable match for their son, born in August 1991, 5'10" tall, an Attorney with a Juris Doctor degree. He works in Corporate Compliance and Privacy at a major hospital in the USA. He is dedicated to his church and enthusiastic about mission work. If interested please send details and recent pictures WhatsApp: **+91 9810701777.**
Email: **glorya9307@gmail.com**

*Christian professional parents looking for a match for our 31-year-old son: Born again, US born, physician in Internal Medicine residency – 2nd year, 6ft tall. Looking for Christian, US born, professional women age 24-31. Please send bio with family information and picture to **Marriage1292@gmail.com.**

*Pentecostal parents invite proposal for their son (age 25, h-175 cm), who is born-again, baptized, Holy Spirit-filled, raised in traditional Syrian Christian family, heavily involved in Church and mission activities, and has finished Masters in Medical Engineering from UK (currently in UK) from parents of God fearing educated Pentecostal girls settled in US and Canada. If interested, please contact **rinojjohn82@gmail.com,**
**+44 7776814498, +91 9846130814** with details and pictures.

*USA settled Christian family seeking proposal for their 34 year old son who was born in Sultanate of Oman and moved to US at the age of 6. He is 5'7", born again/ baptized and in fellowship with a Pentecostal Church in Florida. He has Masters degree from Georgia Tech and currently working with Lockheed Martin as a Senior Software Engineer since several years. He had to undergo a Kidney transplant in 2010 (his only sister donated her kidney). He is in very good health, athletic and socially active. We are looking for a born again, educated girl from US or elsewhere. Those who are interested, please text, whatsapp at **863-709-6031** or email to **mathewg1956@gmail.com.**

*Pentecostal parents seek a proposal for their 30-year-old son currently doing business in Kuwait. He was born and raised in Kerala and educated in Bangalore. He has a BBA and Hotel Management degree, is 5'7" tall, and has a fair complexion. Invite proposals from born-again, baptized, Holy Spirit-filled, and educated girls from the USA.
Email: **glorygeorge2255@gmail.com**
Phone: **+91 96058 05845 (India)**
**5867419373 (USA)**

**Visit Our Website:
www.keralaexpress.com
for Matrimonial Advt.**

## SEEKING BRIDEGROOM CONTD.....

*Christian parents settled in USA since 1997 invite proposals for their daughter, 37 years old, 5'3", born again and baptized and in fellowship with a Pentecostal Church.Our daughter has multiple degrees including law degree and working with State government (Florida) for the last seven years. She was raised in the Middle East until 10 years of age and moved to US in 1997. Parents of born again, educated boys from US or Canada with good spiritual background may respond to me directly at

**mathewg1956@gmail.com** or

text at **863-709-6031.**

# നിര്യാതരായി

## എ.ടി. ആന്റണി

**രാമപുരം:** ആലനോലിക്കൽ എ.ടി. ആന്റണി (93) അന്തരിച്ചു. ഭാര്യ കിഴക്കുംപുറം പീടികയിൽ മറിയാമ്മ. മക്കൾ: ഗ്രേസി (യുഎസ്), റോസിലി, സണ്ണി, ജെസി (ഡൽഹി), ജോസ് ആന്റണി (പെന്റാ ഓഫ്സെറ്റ്). മരുമക്കൾ: ഡേവിസ് മാത്തൻ മോളേൽ (നെല്ലിമറ്റം), തോമസ് കിങ്ങിണംചിറ (പായിപ്പാട്), ഷേർളി മണിയംപാറയിൽ (കല്ലൂർക്കാട്),കുര്യാക്കോസ് ഈരൂരിക്കൽ (ഡൽഹി), റെജീന പൊട്ടനാനി (തിടനാട്).

## അന്നക്കുട്ടി ജോൺ

**മേമടങ്ങ്:** നെല്ലിക്കുന്നേൽ അന്നക്കുട്ടി ജോൺ (85) അന്തരിച്ചു. പെരിയപ്പുറം പുലവേലിൽ കുടുംബാംഗമാണ്. ഭർത്താവ് പരേതനായ ഉലഹന്നാൻ ജോൺ. മക്കൾ: ബിനോയി, ലാലി, നൈസി (ഇരുവരും യുഎസ്), ഷിബി. മരുമക്കൾ: ആയവന കൈനിക്കൽ മേഴ്സി, ജോസ് തൊണ്ടിയാംതടത്തിൽ, ജെറ്റ് കൂനമ്പറമ്പിൽ (ഇരുവരും യുഎസ്), പെരിയപ്പുറം പുത്തൻപുരയിൽ റെജി.

## അന്നമ്മ ജോസഫ്

**ഉഴവൂർ:** നെല്ലിക്കാട്ടിൽ അന്നമ്മ ജോസഫ് (87) അന്തരിച്ചു. ഉഴവൂർ കളരിക്കൽ കുടുംബാംഗമാണ്. ഭർത്താവ് പരേതനായ എൻ.കെ. ജോസഫ്. മക്കൾ: എൻ.ജെ. ജോൺ (യുഎസ്), സെലിൻ സാജ്, മേഴ്സി ജോർജ്, ബാബു ജോസഫ് (യുകെ), പരേതരായ എൻ.കെ. ജോർജ്, എൻ.കെ. ജേക്കബ്, മോളി. മരുമക്കൾ: മേരി ജോർജ് തേക്കുമലയിൽ (പൂഞ്ഞാർ), ആലീസ് ജോൺ മുല്ലപ്പള്ളിയിൽ, സാജ് ഏബ്രഹാം ചക്കാലയിൽ (മറ്റക്കര), ജോർജ് ലൂക്കോസ് മൂന്നുപറയിൽ (കൈപ്പുഴ), ഷൈനി ബാബു പഴയപുരയിൽ (ഉഴവൂർ).

**മുണ്ടക്കയം ഈസ്റ്റ്:** 34-ാം മൈൽ കണ്ടൻകുളത്ത് വീട്ടിൽ കെ.വി. മാത്യു (84) അന്തരിച്ചു.

**തിരുവനന്തപുരം:** കുണ്ടറ നാരായണമംഗലത്ത് റിട്ട. എക്സൈസ് ഇൻസ്പെക്ടർ എൻ. ബാലകൃഷ്ണപിള്ള (80) അന്തരിച്ചു.

## റോയി ആൻഡ്രൂസ്



**ന്യൂജേഴ്സി:** വാകത്താനം വള്ളിക്കാട്ട് പുതുവേലിൽ പരേതനായ പി.വി. അന്ത്രയോസിന്റെയും മറിയാമ്മ അന്ത്രയോസിന്റെയും മകൻ റോയി ആൻഡ്രൂസ് (54) അന്തരിച്ചു.ഭാര്യ തലയോലപ്പറമ്പ് കരിപ്പാടം കിഴക്കേപ്പറമ്പിൽ സിനി റോയ് (റോക്ക്ലാൻഡ് സൈക്യാട്രിക് സെന്റർ) മക്കൾ: ജെറി റോയി (സീറ്റൺ ഹാൾ യൂണിവേഴ്സിറ്റി വിദ്യാർത്ഥി), റിയാ റോയി (റട്ഗേഴ്സ് യൂണിവേഴ്സിറ്റി വിദ്യാർത്ഥി). സഹോദരങ്ങൾ: റെജി ദാസ്, മായാ ജേക്കബ് (ഇരുവരും ന്യൂജേഴ്സി), ഓമന സാജൻ (യുകെ). ദീർഘകാലം കുവൈറ്റ് മഹായിടവകാംഗവും 2013 വർഷം മാനേജിംഗ് കമ്മിറ്റി അംഗവുമായിരുന്നു. അമേരിക്കയിൽ മൗണ്ട് ഒലിവ് സെ. തോമസ് ഓർത്തഡോക്സ് ഇടവകാംഗവും മാനേജിംഗ് കമ്മിറ്റി അംഗവുമായ പരേതൻ എം.റ്റി.എയിൽ ഉദ്യോഗസ്ഥനായിരുന്നു.

## വർഗീസ് മാത്യു

**കുമ്മനം:** കോൺഗ്രസ് കോട്ടയം നിയോജകമണ്ഡലം മുൻ ജനറൽ സെക്രട്ടറി വാളംപറമ്പിൽ വർഗീസ് മാത്യു (കുമ്മനം വർഗീസ്-75) അന്തരിച്ചു. ഭാര്യ അക്കാമ്മ വർഗീസ് (യുഎസ്). മക്കൾ: മാത്യു വർഗീസ്, കുര്യൻ വർഗീസ്, മെറീന വി. ഫിലിപ്പ് (എല്ലാവരും യുഎസ്). മരുമക്കൾ: എമിലി വർഗീസ്, സജു ഫിലിപ്പ് (ഇരുവരും യുഎസ്).

**മീനടം:** പുല്ലിക്കോട്ടായ തെക്കേടത്ത് ഏലിയാമ്മ തോമസ് (83) അന്തരിച്ചു.

**പ്രവിത്താനം:** കവിയിൽ കളപ്പുരയ്ക്കൽ കെ.ജെ. തോമസ് (പാപ്പച്ചൻ-83) അന്തരിച്ചു.

## ലീലാമ്മ കുരുവിള അന്തരിച്ചു



**ഡാളസ്:** മണ്ണംപറമ്പിലായ തകിടിയിൽ പരേതനായ കുരുവിളയുടെ ഭാര്യ ലീലാമ്മ കുരുവിള (74) ഡാളസിൽ അന്തരിച്ചു. കോട്ടയം പള്ളം പുത്തൻപുരയ്ക്കൽ കുടുംബാംഗമാണ്. മക്കൾ: സിജിൻ കുരുവിള-ഷെറി കുരുവിള (കാലിഫോർണിയ), സ്മിത-ബിബി ജോൺ. 19-ന് വെള്ളിയാഴ്ച ബാക്സ്റ്റർ വെൽ സെ. പോൾസ് ഓർത്തഡോക്സ് ചർച്ചിൽ പൊതുദർശനം നടത്തി. ഏപ്രിൽ 24-ന് ബുധനാഴ്ച രാവിലെ 8ന് കോട്ടയം വെള്ളൂർ സെ. തോമസ് പള്ളിയിൽ പ്രാർത്ഥനയ്ക്കുശേഷം മൃതദേഹം സംസ്കരിക്കും. കൂടുതൽ വിവരങ്ങൾക്ക്: സിജിൻ കുരുവിള 562 481 6420, വെരി റവ. രാജു ഡാനിയേൽ കോർ എപ്പിസ്കോപ്പ 214 476 6584.

## ഏലിയാമ്മ ഈപ്പൻ

**വടവാതൂർ:** കൈതമറ്റത്ത് കൊച്ചുപുരയ്ക്കൽ ഏലിയാമ്മ ഈപ്പൻ (93) അന്തരിച്ചു.വാകത്താനം വാഴക്കാല കുടുംബാംഗമാണ്. ഭർത്താവ് പരേതനായ കെ.സി. ഈപ്പൻ. മക്കൾ: പാസ്റ്റർ ബാബു കൈതമറ്റം (യുഎസ്), വർഗീസ് കെ. ഈപ്പൻ, ജേക്കബ് കെ. ഈപ്പൻ, കുഞ്ഞുമോൾ. മരുമക്കൾ: കുഞ്ഞൂഞ്ഞമ്മ സ്കറിയ മേലേതിൽ (കുമ്പനാട്), ആലീസ് വർഗീസ് മുണ്ടുപൊയ്കയിൽ (ആനത്താനം), അന്നമ്മ ജേക്കബ് കണിയാംപുഴയ്ക്കൽ (മുക്കൂട്ടുതറ), സ്കറിയ കരിങ്ങണാംപൊയ്കയിൽ (എസ്എൻപുരം).

## കെ.കെ. മാത്യൂസ്



**ഡാളസ്:** കായംകുളം കൊച്ചാലുംമൂട് കെ.കെ. മാത്യൂസ് (84) അന്തരിച്ചു. ഡാളസ്-മെക്കിനി സെ. പോൾസ് ഓർത്തഡോക്സ് ചർച്ച് മുൻസെക്രട്ടറി സിബി മാത്യുവിന്റെ പിതാവാണ് പരേതൻ. ഭാര്യ ലീലാമ്മ മാത്യു കല്ലുപ്പാറ അടങ്ങാപുറം കുടുംബാംഗമാണ്. മക്കൾ: സിബി മാത്യു-മറിയാമ്മ മാത്യു (ഡാളസ്), എബി മാത്യു-മേരി മാത്യു (ചെന്നൈ), സൂസൻ മാത്യു-ശ്രീനിവാസ് (തിരുവനന്തപുരം).

**അരുവിത്തുറ:** ഫ്രാൻസിസ്കൻ ക്ലാരിസ്റ്റ് കോൺഗ്രിഗേഷൻ മുനിപ്പാറ സെ. ക്ലെയർ ക്ലോയ്സ്റ്റേഡ് ഭവനാംഗം സിസ്റ്റർ സിസിലി ജോൺ (83) അന്തരിച്ചു.

## ഉലഹന്നാൻ കുര്യാക്കോസ്

**ഞീഴൂർ:** മരങ്ങോലി നിരപ്പിൽ ഉലഹന്നാൻ കുര്യാക്കോസ് (95) അന്തരിച്ചു. ഭാര്യ ഇലഞ്ഞി ആലപുരം കോലാക്കൽ മറിയക്കുട്ടി. മക്കൾ: ആലീസ്, ഫാ. കുര്യാക്കോസ് (ബെംഗ്ളൂരു), മാത്യു, ജോസ് (യുകെ), ജോർജ് തോമസ് (യുഎസ്). മരുമക്കൾ: ജോർജ് പാറക്കാലായിൽ (കോതനല്ലൂർ), ലിസി പാലക്കുന്നേൽ (ഇലഞ്ഞി), ലിൻസ മഠത്തിൽ ( നിലമ്പൂർ), ജെസി കല്ലറക്കൽ (കലയന്താനി), ടാനിയ കോഴിക്കോട്ട് (കടനാട്).

**കാരിത്താസ്:** റിട്ട. ആർമി ഓഫീസർ മണപ്പുറത്ത് എം.ജെ. ചാക്കുണ്ണി (91) അന്തരിച്ചു.

**കോഴിക്കോട്:** മേരിക്കുന്ന് ബ്രിജിറ്റൈൻ സന്യാസിനി സഭാംഗം സിസ്റ്റർ ജോസഫിറ്റ കാക്കതൂക്കിയിൽ (63) അന്തരിച്ചു.

## ഫ്രാൻസിസ് ജോസഫ്



**ന്യൂയോർക്ക്:** ആലപ്പുഴ അർത്തുങ്കൽ സ്വദേശിയും ന്യൂയോർക്ക് ലാറ്റിൻ കാത്തലിക് കമ്യൂണിറ്റിയിൽ സജീവപ്രവർത്തകനുമായിരുന്ന ഫ്രാൻസിസ് ജോസഫ് (രാജു കാക്കിരി-78) യോങ്കേഴ്സിൽ അന്തരിച്ചു. ഭാര്യ എമിൽഡ. മക്കൾ: റോഡ്നി, റെൻസിൽ. മരുമക്കൾ: ക്രിസ്, മേരിയാൻ. സഹോദരങ്ങൾ: ഫിലോമിന ബെൻ കൊച്ചീക്കാരൻ, സിസിലി വിൻസെന്റ് (യോങ്കേഴ്സ്), ജോജി കാസ്പർ, പരേതയായ സിസ്റ്റർ എലിസബേത്ത് പീറ്റർ. സംസ്കാരം കേരളത്തിലെ അർത്തുങ്കൽ ബസിലിക്കയിൽ.

**അടൂർ:** കൊന്നമങ്കര ജോൺസൺ ബംഗ്ലാവിൽ ഐക്കാട് കോട്ടമുകളിൽ അന്നമ്മ (97) അന്തരിച്ചു.

## ശ്രീദേവി അന്തർജനം

**ഒല്ലൂക്കര:** ചെമ്പുക്കാവ് മനയ്ക്കൽ ശ്രീദേവി അന്തർജനം (93) അന്തരിച്ചു. ഭർത്താവ് പരേതനായ പരമേശ്വരൻ നമ്പൂതിരി. മക്കൾ: കൃഷ്ണൻ നമ്പൂതിരി (ദുബായ്),ഹരിദാസ് നമ്പൂതിരി (യുഎസ്), പരമേശ്വരൻ നമ്പൂതിരി, ജയശ്രീ, ഗീത, രതി, പരേതനായ വാസുദേവൻ നമ്പൂതിരി. മരുമക്കൾ: ഡോ. ഗീത (തൃപ്പൂണിത്തുറ കോവിലകം), വനജ (ചെറുപ്പോയിലത്ത് മന), സന്ധ്യ (ചേന്നാത്ത് മന), പരമേശ്വരൻ നമ്പൂതിരി (നാറാത്ത് മന), പരേതരായ ഉദയഭാനു (വെങ്കിലോട്ടില്ലം), മുരളി (പൊതിയിൽ മന), സതി (പെരിയമന).

## ഓമന സഖറിയ

**ചിങ്ങവനം:** കൊണ്ടൂർ ഓമന സഖറിയ (78) അന്തരിച്ചു. ചിങ്ങവനം ഓണാട്ട് കുടുംബാംഗമാണ്. ഭർത്താവ് പരേതനായ കെ.ടി. സഖറിയ. മക്കൾ: റാണിമോൾ സഖറിയ (യുകെ), സോമോൻ സഖറിയ (കാനഡ),പുന്നൂസ് സെഡ് കൊണ്ടൂരാൻ (യുഎസ്). മരുമക്കൾ: ബിജു മാത്യു തോട്ടപ്പുറത്ത് (യുകെ), ആശ തെക്കേച്ചിറയിൽ (ഉഴവൂർ), സിബി പുതുപ്പറമ്പിൽ പത്തനാപുരം (യുഎസ്).

**മല്ലപ്പള്ളി:** യാക്കോബായ സഭയിലെ മുതിർന്ന വൈദികൻ ആനിക്കാട് പാലത്തിങ്കൽ ഫാ. പി.എം. ഫിലിപ്പ് (72) അന്തരിച്ചു.

**വൈക്കം:** ആലുങ്കര ജോസ് കുരുവിള (കാക്കിച്ചൻ കാഞ്ഞൂപ്പറമ്പിൽ-72) അന്തരിച്ചു.

## ദേവസ്യ ജോസഫ്

**ചോലത്തടം:** വിളക്കുന്നേൽ ദേവസ്യ ജോസഫ് (കുഞ്ഞ്-79) അന്തരിച്ചു. ഭാര്യ കുന്നോന്നി കൊല്ലംപറമ്പിൽ പരേതയായ മേരി. മക്കൾ: ബെന്നി (യുഎസ്), ജെസി കുമ്പളന്താനം (വേലനിലം), വിൽസൺ, ബിജി കൊച്ചുപറമ്പിൽ (കുളപ്പുറം), ജോണി, സിനി, റാണി (ഇരുവരും യുകെ). മരുമക്കൾ: ലിസി കത്തിലാങ്കൽ (യുഎസ്), ബെന്നി കുമ്പളന്താനം (വേലനിലം), ലീന കരിമ്പനക്കുഴിയിൽ (കൊല്ലമുള), ജോയിസ് കൊച്ചുപറമ്പിൽ (കുളപ്പുറം),സോണിയ മുണ്ടന്താനം (അഴങ്ങാട്), ടോബി പുളിക്കൽ, ജോബിൻസ് മേമന (ഇരുവരും യുകെ).

## ഡോ. സി. തോമസ് പീറ്റർ

**കാലിഫോർണിയ:** കുന്നംകുളം കൊട്ടിലിൽ ഡോ. സി. തോമസ് പീറ്റർ (രാജു-80) ലോസാഞ്ചലസിൽ അന്തരിച്ചു. സിഡാർ-സിനായ് മെഡിക്കൽ സെന്ററിൽ രണ്ടര പതിറ്റാണ്ടിലേറെ ഇലക്ട്രോ കാർഡിയോഗ്രാഫി ആൻഡ് ഇലക്ട്രോ ഫിസിയോളജി വിഭാഗം തലവനായിരുന്നു. ഭാര്യ കോട്ടയം വേളൂർ കൊന്നയിൽ സാറാ പീറ്റർ. മക്കൾ: ഡോ. അനീഷ് തോമസ് പീറ്റർ, ഡോ. അശോക് ചെറിയാൻ പീറ്റർ. മരുമക്കൾ: കാൻഡസ് പീറ്റർ, ബ്രിജറ്റ് പീറ്റർ (എല്ലാവരും യുഎസ്).

**പാലാ:** കെഎസ്ആർടിസി റിട്ട. ഡ്രൈവർ മുണ്ടുപാലം കണ്ടംപറമ്പിൽ കെ.എം. തോമസ് (അപ്പച്ചൻ-82) അന്തരിച്ചു.

## സൂസൻ ഫിലിപ്പ്



**ന്യൂജേഴ്സി:** മാരേട്ട് പാറക്കടവിൽ പരേതനായ പി.പി. നൈനാന്റെ പുത്രയും വെൺമണി ആലുംമൂട്ടിൽ മലയിൽ പരേതനായ ഫിലിപ്സ് ഫിലിപ്പിന്റെ ഭാര്യയുമായ സൂസൻ ഫിലിപ്പ് (81) ന്യൂജേഴ്സിയിൽ അന്തരിച്ചു.

## കെ. സുനിൽ

**ചങ്ങനാശേരി:** പെരുന്ന കിഴക്ക് ഷൺമുഖ വിഹാറിൽ പരേതനായ പ്രഭാകരൻ നായരുടെ മകൻ കെ. സുനിൽ (60) ദുബായിൽ അന്തരിച്ചു. ഭാര്യ ബിന്ദു തിരുവനന്തപുരം. മകൻ: ഡോ. വിഷ്ണു സുനിൽ (യുഎസ്).

**വാഴൂർ:** റിട്ട. ഹെൽത്ത് ഇൻസ്പെക്ടർ പുളിക്കൽകവല വടക്കേത്ത് വി.ജെ. മത്തായി (88) അന്തരിച്ചു.

## മേരിക്കുട്ടി ഈറാനിമോസ്

**കൊഴുവനാൽ:** നരിവേലിൽ മേരിക്കുട്ടി (100) അന്തരിച്ചു. ചിറക്കടവ് വെട്ടിക്കാട്ട് കുടുംബാംഗമാണ്. ഭർത്താവ് പരേതനായ ഈറാനിമോസ്. മക്കൾ: ഡോ. സെബാസ്റ്റ്യൻ നരിവേലിൽ, ഡോ. വി.ജെ. സക്കറിയാസ്, ജോസഫ് നരിവേലി (യുഎസ്), ത്രേസ്യാമ്മ ചെറിയാൻ, ചിന്നമ്മ ജോർജ്, മേരി ജെറോം, ലിസമ്മ ഇമ്മാനുവേൽ, മോളി രാജു, സണ്ണി ജെറോം (ബെംഗ്ളൂരു). മരുമക്കൾ: തെയ്യാമ്മ മുതുകാട്ടിൽ (യുഎസ്), ത്രേസ്യാമ്മ മാടപ്പള്ളിമറ്റം പള്ളിക്കത്തോട്, ഏലമ്മ തലോടിൽ മാൻവെട്ടം (യുഎസ്), പരേതനായ ചെറിയാൻ മാത്യു വടാന ചേർപ്പുങ്കൽ, ജോർജുകുട്ടി തോട്ടുങ്കൽ കരിങ്കുന്നം, ഡോ. സിറിയക് മാത്യു മണ്ണനാൽ കുരുവിനാൽ, അഡ്വ. എമ്മാനുവൽ ജോൺ മച്ചിയാനിക്കൽ അരുണാപുരം. രാജു വർഗീസ് കാഞ്ഞിരംകുന്നേൽ വാഴക്കുളം, പ്രീതി മാത്യു വല്ലാട്ട് കുറുപ്പന്തറ, പരേതയായ ലില്ലി ഈറ്റാനിയേൽ കുര്യനാട്.

## ക്യാപ്റ്റൻ വർഗീസ് കുരുവിള

**കൊച്ചി:** കൊച്ചിൻ പോർട്ട് ട്രസ്റ്റ് റിട്ട. ഡെപ്യൂട്ടി കൺസർവേറ്ററും ജർമ്മൻ എക്സ്പ്രസ് ഷിപ്പിങ് കമ്പനി മുൻ വൈസ് പ്രസിഡണ്ടുമായ പാണ്ടൻപടവിൽ കോട്ടപ്പുറത്ത് ക്യാപ്റ്റൻ വർഗീസ് കുരുവിള (രാജൻ-85) അന്തരിച്ചു. വല്ലാർപാടം കണ്ടെയ്നർ ടെർമിനലിന്റെ ആദ്യറിപ്പോർട്ട്, എട്ടാം പഞ്ചവത്സര പദ്ധതിയുടെ ഡ്രഡ്ജിങ്, ഉൾനാടൻ ജലഗതാഗതം എന്നിവയുടെ കമ്മിറ്റി അംഗം, സോമാലിയൻ പോർട്ടിന്റെ യുഎൻ കൺസൾട്ടന്റ്, മാസ്റ്റർ മറൈൻ ഇന്ത്യ ചെയർമാൻ, കേരള മാരിടൈം ഫോറം ചെയർമാൻ, രാജൻ ആൻഡ് ഗ്രേയ്സ് ഫൗണ്ടേഷൻ മാനേജിങ് ട്രസ്റ്റി എന്നീ നിലകളിൽ പ്രവർത്തിച്ചു. ഭാര്യ കോഴഞ്ചേരി കോലത്ത് ഗ്രേയ്സ് കുരുവിള (പാചകവിദഗ്ദ്ധ). സഹോദരങ്ങൾ: രഞ്ജിത് കുരുവിള (യുഎസ്), പരേതരായ ഡോ. ജോർജ് കുരുവിള, ലിസി ഫിലിപ്പോസ്.

## ആന്റണി കുളങ്ങര

**വൈക്കം:** കുളങ്ങര ആന്റണി (93) അന്തരിച്ചു. ഭാര്യ ആർപ്പൂക്കര പ്ലാക്കിയിൽ റാണി ആന്റണി. മക്കൾ: സാജൻ ആന്റണി (യുഎസ്), പരേതനായ സോണി ആന്റണി. മരുമകൾ: മിനു സാജൻ (യുഎസ്).

**ചങ്ങനാശേരി:** പുഴവാത് കോയിലടത്ത് പേൾ ഹിൽ (പള്ളിപ്പുറത്തുശേരി) കെഎസ്ഇബി റിട്ട. അസി. എഞ്ചിനീയർ പരേതനായ കെ.ജെ. ജോസഫിന്റെ ഭാര്യ കുഞ്ഞമ്മ ജോസഫ് (78) അന്തരിച്ചു.

**അയർക്കുന്നം:** തൊണ്ടംപള്ളിൽ ത്രേസ്യാ വർക്കി (95) അന്തരിച്ചു.

# CAREGIVERS (FEMALE) NEEDED IN THE DC AREA

We are looking for a live-in person for an 87-year-old Mom (dementia patient). Willing to cook light meals and taking care of her of daily needs.

**Call 301 651 6049 or**

**Thomasjacob1955@gmail.com**

# CAREGIVER WANTED IN HOUSTON

Looking for a Caregiver for an adult male who lives with his wife in Houston. The couple are independent and only minimal help would be needed. We are open to both a live in or live out option.

**Please contact us at**

**713-885-6016**

# RENTAL VACATION PROPERTY IN SIESTA BEACH FLORIDA

4 bedroom, 3 full bath waterfront with mango and coconut etc. trees. Walking distance to number one beach in America siesta beach.

**Contact phone number:**

**847-508-5405**

# NANNY WANTED IN NEW JERSEY

Young couple residing at New Jersey looking for a Nanny (live-in or come and go Monday through Friday) to help take care of their 3 kids two of them are going to Daycare School and mother is also at home.

**Interested parties please contact**

**Marina @ 845-270-4426**

**Baby @. 845-270-4310**

# CAREGIVER WANTED IN NORTH CAROLINA

Live-in help needed to give company for a 80 year old healthy male with early signs of dementia living in Raleigh, North Carolina. Tasks include cooking Kerala style meals and administering medications (oral only) on time. Spacious room with private bathroom provided. Attractive compensation.

**Call or text Finny @ 919-446-4640**

## *Favors Received*



*Inserted by: Firm Believer, Atlanta*

## *Favors Received*



*Inserted by: Firm Believer, Atlanta*

## *Favors Received*



*Inserted by: Firm Believer, New York*

## പരിശുദ്ധാത്മാവിനോടുള്ള പ്രാർത്ഥന

പരിശുദ്ധാത്മാവേ, എനിക്കു എല്ലാം വെളിപ്പെടുത്തുകയും എനിക്കു വഴി കാണിച്ചു തരികയും എന്നോടു മറ്റുള്ളവർ ചെയ്യുന്നതെല്ലാം ക്ഷമിക്കുവാനും മറക്കുവാനും കഴിവു തരുന്ന ദൈവീക ദാനം തരുകയും എന്റെ ജീവിതത്തിൽ എന്റെ എല്ലാ ചിന്തകളിലും ഉള്ളവനുമായ അങ്ങേയക്ക് ഞാൻ നന്ദി പറയുന്നു. എത്രയോ വലിയ ഭൗതികാഗ്രഹങ്ങൾ എന്നിലുണ്ടായാലും ഒരു നിമിഷം പോലും അങ്ങയിൽ നിന്നു അകലുവാനോ വേർപെടുവാനോ ഞാൻ ആഗ്രഹിക്കുന്നില്ലഎന്നു ഞാൻ തീർത്തു പറയുന്നു. നിത്യ മഹത്വത്തിൽ അങ്ങയോടുകൂടെ ആയിരിക്കുവാൻ ഞാൻ ആഗ്രഹിക്കുന്നു. ദൈവത്തിൽ വിധേയപ്പെട്ടു കൊണ്ട് ഞാൻ അങ്ങയോട് മാപ്പ് ചോദിക്കുന്നു.

ഈ പ്രാർത്ഥന വിശ്വാസത്തോടെ മുന്നു ദിവസം അടുപ്പിച്ചു ചെല്ലുക. മുന്നു ദിവസത്തിനു ശേഷം നിങ്ങളുടെ അപേക്ഷ തീർച്ചയായും സഫലീകരിക്കും. അപേക്ഷിക്കുന്നതിന് മുൻപ് താഴെ പറയുന്ന രണ്ടു കാര്യങ്ങളിൽ ഒന്ന് ചെയ്തിരിക്കുമെന്ന് ഉറപ്പു നൽകുക.

1. അപേക്ഷ സാദ്ധ്യമായാൽ ഈ പ്രാർത്ഥന പ്രസിദ്ധീകരിക്കും

2. ഈ പ്രാർത്ഥനയുടെ പകർപ്പുകൾ എത്ര അധികം ആളുകളിൽ എത്തിക്കാമോ അത്ര അധികം ആളുകളിൽ എത്തിക്കും.

ഇത് പരിശുദ്ധാത്മാവിന്റെ അത്ഭുതങ്ങൾ പ്രചരിപ്പിക്കാൻ വേണ്ടി ആണ്. താമസിച്ചതിന് ക്ഷമാപണം.

*Inserted by: Firm Believer, New York*

## ഉപകാരസ്മരണ



### വി. യൂദാശ്ലീഹായുടെ നൊവേന

മിശിഹായുടെ സ്നേഹിതനും വിശ്വസ്ത ദാസനുമായ വി. യൂദാശ്ളീഹായേ, ഏറ്റവും കഷ്ടപ്പെടുന്ന എനിക്കുവേണ്ടി അപേക്ഷിക്കണെമെ. യാതൊരു സഹായവും ഫല സിദ്ധിയുമില്ലാതെവരുന്ന സന്ദർഭത്തിൽ ഏറ്റവും ത്വരിതവും ഗോചരവുമായ സഹായം ചെയ്യുന്നതിന് അങ്ങേയ്ക്ക് വിശേഷവിധിയായി കിട്ടിയിരിക്കുന്ന അനുഗ്രഹത്തെ അങ്ങ് ഉപയോഗിക്കണെമെ. എന്റെ എല്ലാ ആവശ്യങ്ങളിലും വിശിഷ്യ (ആവശ്യം പറയുക) അങ്ങയുടെ സഹായം ഞാൻ അപേക്ഷിക്കുന്നു. ഭാഗ്യപ്പെട്ട യൂദാശ്ളീഹായെ, അങ്ങയുടെ ഈ അനുഗ്രഹത്തെ ഞാൻ സദാ ഓർക്കുമെന്നും അങ്ങേ സ്തുതികളെ ലോകമെങ്ങും അറിയിക്കുമെന്നും ഞാൻ വാഗ്ദാനം ചെയ്യുന്നു. ആമേൻ.

(ദിവസം ഒൻപതു പ്രാവശ്യം ഈ പ്രാർത്ഥന ചൊല്ലുക. എട്ടാം ദിവസം നിങ്ങളുടെ പ്രാർത്ഥനയ്ക്ക് നിവൃത്തിയുണ്ടാകും. ഒൻപതു ദിവസം ചൊല്ലുക. അത് ഒരു കാലവും സഫലമാകാതിരിക്കില്ല) താമസിച്ചതിനു ക്ഷമാപണം

*Inserted by: Firm Believer, Dallas*

## ഉപകാരസ്മരണ



### വി. യൂദാശ്ലീഹായുടെ നൊവേന

മിശിഹായുടെ സ്നേഹിതനും വിശ്വസ്ത ദാസനുമായ വി. യൂദാശ്ളീഹായേ, ഏറ്റവും കഷ്ടപ്പെടുന്ന എനിക്കുവേണ്ടി അപേക്ഷിക്കണെമെ. യാതൊരു സഹായവും ഫല സിദ്ധിയുമില്ലാതെവരുന്ന സന്ദർഭത്തിൽ ഏറ്റവും ത്വരിതവും ഗോചരവുമായ സഹായം ചെയ്യുന്നതിന് അങ്ങേയ്ക്ക് വിശേഷവിധിയായി കിട്ടിയിരിക്കുന്ന അനുഗ്രഹത്തെ അങ്ങ് ഉപയോഗിക്കണെമെ. എന്റെ എല്ലാ ആവശ്യങ്ങളിലും വിശിഷ്യ (ആവശ്യം പറയുക) അങ്ങയുടെ സഹായം ഞാൻ അപേക്ഷിക്കുന്നു. ഭാഗ്യപ്പെട്ട യൂദാശ്ളീഹായെ, അങ്ങയുടെ ഈ അനുഗ്രഹത്തെ ഞാൻ സദാ ഓർക്കുമെന്നും അങ്ങേ സ്തുതികളെ ലോകമെങ്ങും അറിയിക്കുമെന്നും ഞാൻ വാഗ്ദാനം ചെയ്യുന്നു. ആമേൻ.

(ദിവസം ഒൻപതു പ്രാവശ്യം ഈ പ്രാർത്ഥന ചൊല്ലുക. എട്ടാം ദിവസം നിങ്ങളുടെ പ്രാർത്ഥനയ്ക്ക് നിവൃത്തിയുണ്ടാകും. ഒൻപതു ദിവസം ചൊല്ലുക. അത് ഒരു കാലവും സഫലമാകാതിരിക്കില്ല) താമസിച്ചതിനു ക്ഷമാപണം

*Inserted by: Firm Believer, Dallas*

**Visit Our Website:** **www.keralaexpress.com for Classified Advt.**

KERALA EXPRESS

## നോവൽ

# കാണാത്ത തീരങ്ങൾ

**ജോയ്സി**

### കഥ ഇതുവരെ

**പത്രപ്രവർത്തകനായ സന്ദീപും സുന്ദരിയായ അല്ലിമയും പ്രണയത്തിലാണ്. എറണാകുളം മനയ്ക്കക്കടവ് ഹരിതം കോളനിയിൽ അങ്കിളിന്റെ ഗൃഹപ്രവേശനച്ചടങ്ങിൽവെച്ചാണ് സന്ദീപ് അല്ലിമയെ കണ്ടുമുട്ടിയത്. വിവാഹത്തിന് സന്ദീപിന്റെ അച്ഛൻ ഹൈക്കോടതി ജഡ്ജി ജയദേവൻ നമ്പ്യാർ ജാതകത്തിനു നിർബന്ധം പിടിച്ചപ്പോൾ അല്ലിമ ദത്തുപുത്രിയാണെന്ന് അവളുടെ അച്ഛൻ രാജഗോപാലിനു തുറന്നു പറയേണ്ടിവന്നു. അല്ലിമയുടെ മാതാപിതാക്കളെ കണ്ടുപിടിക്കാനുള്ള അന്വേഷണവുമായി പോണ്ടിച്ചേരിയിലെത്തിയ സന്ദീപും ബന്ധുവായ കിഷോറും അല്ലിമയെ പ്രസവിച്ചത് മുത്തശ്ശിയുടെ അനുജത്തി മല്ലികച്ചിറ്റയുടെ മകൾ മാളവികയാണെന്നു മനസ്സിലാക്കി. അവിടെ അഞ്ജനയുടെ ഭർത്താവ് ഹേമചന്ദ്രൻ ഡിവൈഎസ്പിയാണ്. ബസ് കണ്ടക്ടറായിരുന്ന ചന്ദ്രബാബുവിനെ പ്രണയിച്ച് രജിസ്റ്റർ വിവാഹം കഴിച്ച മാളവിക, വീട്ടുകാരെ ഭയന്ന് ഭർത്താവിന്റെ കുടുംബത്തോടൊപ്പം നാടുവിട്ടുപോകുകയായിരുന്നു. ഒരുദിവസം ചന്ദ്രബാബുവിനെ കാണാതായി. ഹോസ്പിറ്റലിൽനിന്ന് അവർക്കു വിവരങ്ങൾ നൽകിയ നേഴ്സ് സോഫിയായ്ക്കു ജോലി നഷ്ടപ്പെട്ടു. കിഷോർ ആലുവായിൽ അവൾക്കു ജോലി ശരിയാക്കി. സന്ദീപും സംഘവും അന്വേഷണം തുടർന്നു. ഇടുക്കിയിലെ പെരിയാർവാലിയിൽ സന്ദീപും സംഘവും അല്ലിമയുടെ മുത്തച്ഛനെയും മുത്തശ്ശിയെയും കണ്ടെത്തി. മാളവികയുടെ ആഭരണങ്ങളും വസ്ത്രങ്ങളുമടങ്ങുന്ന പെട്ടി ശേഖരൻകുട്ടി അല്ലിമയ്ക്കു സമ്മാനിച്ചു. കിഷോറും സോഫിയായും തമ്മിലുള്ള പ്രേമബന്ധം ദൃഢമായി. ചന്ദ്രബാബുവിന്റെ സഹോദരൻ അനിബാബു അല്ലിമയെ കാണാനെത്തി. അയാളെക്കൊണ്ട് സന്ദീപ് പീരുമേട്, പെരുവന്താനം പോലീസ് സ്റ്റേഷനുകളിൽ പരാതി കൊടുപ്പിച്ചു. ഹേമചന്ദ്രൻ നൽകിയ പരാതിപ്രകാരം അനിബാബുവിനെയും മാതാപിതാക്കളെയും കസ്റ്റഡിയിലെടുത്തത് പോലീസിനു പൊല്ലാപ്പായി. അല്ലിമയെ അഡോപ്റ്റ് ചെയ്തതാണെന്ന് രാജഗോപാൽ മക്കളെ അറിയിച്ചു. കിഷോറും സോഫിയായും തമ്മിലുള്ള പ്രണയം പരിഭവങ്ങളും പ്രതീക്ഷകളുമൊക്കെയായി തുടരുന്നു....**

### 93

സെല്ലിന്റെ മുൻപിൽ വന്ന് വാർഡൻ പേരു വിളിച്ചപ്പോൾ തടവുപുള്ളികൾക്കിടയിൽനിന്ന് അനിബാബു എഴുന്നേറ്റു.

“ഇറങ്ങി വാടാ.” വാർഡൻ ഉത്തരവിട്ടു.

അനിബാബു അഴിവാതിൽക്കലെത്തി.

“നിനക്കു ജാമ്യം.” വാർഡൻ പറഞ്ഞു. “പത്രത്തിലൊക്കെ വാർത്തേം പടോം അച്ചടിച്ചു വന്നിട്ട് നീയിപ്പോ വല്യ സ്റ്റാറല്ലേ. കള്ളനു കഞ്ഞിവെച്ച റാസ്ക്കൽ.”

അനിബാബു ചെറുതായൊന്നു ചിരിച്ചു. വാതിൽ കടന്നിട്ട് അവൻ തിരിഞ്ഞുനിന്ന് അകത്തെ ആളുകളുടെ നേർക്കു വലതുകൈപ്പടം ഉയർത്തിക്കാട്ടി.

“സൂർത്തുക്കളേ... എനിക്കു ജാമ്യം. പോട്ടെ, നമുക്കിനീം കാണാം.”

“കാണണം...” ഒരാൾ വിളിച്ചു പറഞ്ഞു.

“ഞാൻ ചെലപ്പോ വിയ്യൂരിലായിരിക്കും. നീ അങ്ങോട്ടു വന്നാ മതി.”

വേറൊരാൾ ആശംസിച്ചു.

അഴിവാതിൽ അടഞ്ഞു. പൂട്ട് വീണു.

“കഴുവേർട മോനെ. നീ രക്ഷപ്പെട്ടല്ലോടാ.” മറ്റൊരാൾ അസൂയപ്പെട്ടു. വാർഡന്റെ ഒപ്പം ജയിൽ വരാന്തയിൽകൂടി നടക്കുമ്പോൾ അനിബാബു ആകാംക്ഷയോടെ തിരക്കി:

“ആരാ സാറെ ജാമ്യത്തിലെടുക്കാൻ വന്നിരിക്കുന്നെ?”

“നിന്റെ അപ്പൂപ്പൻ... മിണ്ടരുത് റാസ്ക്കൽ. പോലീസുകാരനെ ഇടിച്ചിട്ട് നീ ഞെളിഞ്ഞു നടക്കുന്നോടാ?”

“അതു പോലീസുകാരനല്ല സാറെ. ഒന്നാന്തരം കള്ളനാ. കില്ലറാ... അയാളെന്റെ ചേട്ടനെ കൊന്നവനാ.”

“ആര്? ഹേമചന്ദ്രൻ സാറോ?”

“തെളിയിക്കും സാറെ. ഇപ്പം അയാള് സസ്പെൻഷനിലാ. ഇനിയാ തൊപ്പി തലയിൽവെക്കാൻ ഞങ്ങള് സമ്മതിക്കത്തില്ല.”

“പോടാ അവിടുന്ന് തെണ്ടീ... നീ അങ്ങേരെ എന്നാ ചെയ്യാനാ?”

“സാറ് പത്രത്തിലെ റിപ്പോർട്ടൊന്നും വായിച്ചില്ലാരുന്നോ? അയാള് കുടുങ്ങും. എല്ലാം വെളിയിൽ വരും സാറെ. സാറ് നോക്കിക്കോ...” വാർഡൻ അനിബാബുവിനെ സംശയദൃഷ്ടിയോടെ നോക്കി. ഇവൻ പറയുന്നതൊക്കെ സത്യമാണോ?

സബ്ജയിൽ സൂപ്രണ്ടിന്റെ ഓഫീസ് റൂമിൽ അഡ്വക്കറ്റ് സുഷമാ മഹേഷും സന്ദീപും ഇരിപ്പുണ്ടായിരുന്നു. ജാമ്യം അനുവദിച്ചുകൊണ്ടുള്ള കോടതി ഉത്തരവ് സൂപ്രണ്ടിനു സമർപ്പിച്ചു കഴിഞ്ഞു. ഇനി തടവുപുള്ളിയെ ഐഡന്റിഫൈ ചെയ്ത് വിട്ടയയ്ക്കുക എന്ന കർമം മാത്രമേ ബാക്കിയുള്ളൂ.

അനിബാബു വിനീതവിധേയനായി വേണ്ടിവന്നാൽ ഏതു നിമിഷവും ജയിൽ സൂപ്രണ്ടിന്റെ നേർക്കു കൈകൂപ്പാൻ പാകത്തിൽ കൈകൾ കോർത്തു നിന്നു. അനിബാബു സന്ദീപിനെ ഇടയ്ക്കിടെ പാളി നോക്കുന്നുണ്ടായിരുന്നു. സന്ദീപ് ഗൗരവത്തിൽത്തന്നെ ഇരുന്നു.

സബ്ജയിലിലെ നടപടികൾ പൂർത്തിയാക്കിയശേഷം അനിബാബു സന്ദീപിനും അഡ്വക്കറ്റിനുമൊപ്പം വെളിയിൽ വന്നു. സുഷമാ മഹേഷിന്റെ കാറിൽ കയറി അവർ പൊൻകുന്നം ടൗണിലെത്തി.

സന്ദീപും അനിബാബുവും ടാക്സി സ്റ്റാൻഡിനു സമീപം ഇറങ്ങി സുഷമാ മഹേഷിനു നന്ദി പറഞ്ഞ് പിരിഞ്ഞു.

“സാറിന്റെ കാറെവിടെയാ?” അനിബാബു ചോദിച്ചു.

“മിഡാസിലാ... അവിടെയാണു റൂം. ചേട്ടന് എന്തെങ്കിലും കഴിക്കണ്ടേ?”

“ഉച്ചയ്ക്ക് ചോറുണ്ടാരുന്നു.”

“ജയിലീന്ന് അടി കിട്ടിയോ?” സന്ദീപ് ചോദിച്ചു.

“ഇല്ല.”

“തല്ല് കിട്ടാതിരിക്കാൻ വേണ്ടത് ചെയ്തിട്ടുണ്ടാരുന്നു. എന്തെങ്കിലും ക്ലൂ കിട്ടിയോ?”

“കൂട്ടിക്കൽ സുകു എന്നൊരുത്തനെ പരിചയപ്പെട്ടു. പണ്ടുമുതലേ ക്വട്ടേഷന്റെ ആളാ. വേറെ പഴയ ആൾക്കാരൊന്നും ഇല്ലാരുന്നു.”

“നമുക്കൊരു ടാക്സിപിടിച്ച് ഒന്നു കറങ്ങാം.”

“സാറിന്റെ ഇഷ്ടം.”

“പോലീസ് സ്റ്റേഷനീന്ന് അടി കിട്ടി, അല്ലേ?”

“അതൊന്നും പ്രശ്നമല്ല. അവരുടെ കൈക്കാ കേട്.” അനിബാബു അതു നിസ്സാരമാക്കി. സന്ദീപ് ഒരു ടാക്സി വിളിച്ചു.

രണ്ടുപേരും അതിൽ കയറി.

“നേരെ മണിമലയ്ക്കു വിട്ടോ.”

സന്ദീപ് ഡ്രൈവറോടു നിർദേശിച്ചു.

“നമ്മളെന്തിനാ സാറെ അങ്ങോട്ടു പോകുന്നത്?” അനിബാബു ചോദിച്ചു.

“പ്രത്യേകിച്ച് ഒന്നിനുമല്ല. വെറുതെ. നിങ്ങൾ പണ്ട് താമസിച്ചിരുന്ന സ്ഥലങ്ങളൊക്കെ ഒന്നു കാണാം.”

“അവിടൊക്കെ ഇപ്പം ഭയങ്കരമായിട്ട് മാറിപ്പോയില്ലേ സാറെ... ഇനി അതൊക്കെ കണ്ടിട്ടെന്താ കാര്യം?”

“കണ്ടു നോക്കാം. ചില കാര്യങ്ങളൊക്കെ ഓർമ വരും. പണ്ടു കണ്ട് പരിചയമുള്ള ആരെയെങ്കിലും കണ്ടുമുട്ടിയെന്നു വരാം. എന്തെങ്കിലുമൊക്കെ സംഭവങ്ങൾ മനസ്സിലേക്കു വന്നെന്നിരിക്കും – ഒരു കാറ്റായിരിക്കും ചിലപ്പോ ഒരോർമ കൊണ്ടുവരുന്നത്. അല്ലെങ്കിൽ ഓർക്കാപ്പുറത്തു പെയ്ത മഴയായിരിക്കും. പണ്ടു നീന്തിക്കുളിച്ച പുഴയായിരിക്കും. നമ്മൾ അന്വേഷിക്കുന്നത് ചന്ദ്രബാബുവിനെയാണ്.” അനിബാബു അനുകൂല ഭാവത്തിൽ തലയാട്ടി.

ടാക്സികാർ പൊൻകുന്നം-മണിമല റോഡിലൂടെ ഓടിക്കൊണ്ടിരുന്നു.

*** *** ***

രാജഗോപാലും ശ്രീലക്ഷ്മിയും ലീവെടുത്തു വീട്ടിൽത്തന്നെ ഇരിക്കുകയാണ്. വിന്ദാരയും വിശാഖും സ്കൂളിലും പോയില്ല. ഫോൺ താഴെ വെച്ചിട്ട് അവർക്ക് ഒന്നിനും സമയമില്ലായിരുന്നു.

സന്ദീപ് എഴുതിയ അന്വേഷണ പരമ്പരയുടെ നാലാമത്തെയും അവസാനത്തെതുമായ ഭാഗം രാവിലെ പത്രത്തിൽ കണ്ടതുമുതൽ ഫോൺകോളുകളുടെ പ്രവാഹമായിരുന്നു. ബന്ധുജനങ്ങളുടെ ചോദ്യങ്ങൾ... സഹപ്രവർത്തകരുടെ അന്വേഷണങ്ങൾ... സ്നേഹിതരുടെ ജിജ്ഞാസകൾ... ഇവരെ എല്ലാം തൃപ്തിപ്പെടുത്താനാകാതെ രാജഗോപാലും ശ്രീലക്ഷ്മിയും വലഞ്ഞു.

രാജഗോപാലിന്റെയും ശ്രീലക്ഷ്മിയുടെയും ദത്തുപുത്രിയാണ് അല്ലിമ എന്ന രഹസ്യത്തിന്റെ മറനീങ്ങിയത് അന്വേഷണപരമ്പരയുടെ അവസാന ലക്കത്തിലായിരുന്നു. ആ വെളിപ്പെടുത്തൽ, രാജഗോപാലിന്റെ കുടുംബത്തെ അടുത്തറിയാവുന്ന സകലരെയും അമ്പരപ്പിച്ചു കളഞ്ഞു. ബന്ധുജനങ്ങളിൽ പലർക്കും അതു വിശ്വസിക്കാൻതന്നെ കഴിയുന്നില്ല.

പോണ്ടിച്ചേരിയിൽവെച്ച് ഗർഭിണിയായിരുന്നെങ്കിൽ എന്തുകൊണ്ടു നാട്ടിൽ അറിയിച്ചില്ല എന്ന ബന്ധുജനങ്ങളുടെ സംശയം ദൂരീകരിക്കാൻ വേണ്ടി അക്കാലത്ത് ശ്രീലക്ഷ്മി ഒരൊറ്റ വാചകമേ പറഞ്ഞുള്ളൂ– തന്റെ വയറ്റിൽ വളരുന്ന കുഞ്ഞിനെ ജീവനോടെ പ്രസവിക്കാൻ തനിക്കു കഴിയുമെന്ന് ഡോക്ടർമാർക്കുപോലും ഉറപ്പില്ലായിരുന്നു. കുഞ്ഞിനെ പ്രസവിച്ച വിവരം വീട്ടിലറിയിച്ചതും പ്രസവം കഴിഞ്ഞിട്ടിപ്പോൾ ഒരു മാസമായി. മാസം തികയാതെയുള്ള പ്രസവമായിരുന്നതിനാൽ ആരെയും ഒന്നും അറിയിക്കാൻ പറ്റിയില്ല എന്ന മട്ടിലായിരുന്നു. അതിനുശേഷം രണ്ടുമാസക്കാലം ലീവെടുത്ത് കോയമ്പത്തൂരിൽനിന്നു മധുരയിലേക്കു മാറിത്താമസിക്കുകയും ചെയ്തു രാജഗോപാലും ശ്രീലക്ഷ്മിയും.

രാജഗോപാലിന്റെയും ശ്രീലക്ഷ്മിയുടെയും അകന്നു നിൽക്കലും അസാധാരണമായ പെരുമാറ്റവും അടുത്ത ചില ബന്ധുജനങ്ങൾക്കിടയിൽ അതൃപ്തിയും സംശയവും ഉളവാക്കിയിരുന്നെങ്കിലും കാലാന്തരത്തിൽ അത് അമർന്നു പോയി.

എന്നാൽ, ഇപ്പോൾ അവർ മാരകായുധം കയ്യിൽ കിട്ടിയവരെപ്പോലെ തിരിച്ചടിക്കുകയാണ്. ശ്രീലക്ഷ്മിയുടെ അമ്മ നെഞ്ചത്തടിച്ചെന്നപോലെ ഫോണിൽകൂടി നിലവിളിക്കുകയായിരുന്നു.

“ഒരു വാക്ക് നീ ഞങ്ങളോടു പറഞ്ഞില്ലല്ലോടീ... നിന്റെ പെറ്റമ്മയല്ലേ ഞാൻ. വല്ലവന്റേം കുഞ്ഞിനെ ഞാനും നിന്റച്ഛനും നിന്റാങ്ങളമാരുമൊക്കെ എന്തുമാത്രം താലോലിച്ചു. എങ്ങനെയെല്ലാം പുന്നാരിച്ചു മടിയിൽവെച്ച് – വല്ലവന്റേം മകളെ... ഇരുപത്തി രണ്ടു വർഷം... നീയും ഒരമ്മയല്ലേടീ... നിനക്കെങ്ങനെ തോന്നി?” ഇങ്ങനെയെല്ലാമുള്ള പ്രതികരണങ്ങൾ പ്രതീക്ഷിച്ചിരുന്നതിനാൽ ശ്രീലക്ഷ്മി അക്ഷോഭ്യയായി നിന്നു.

“സോറി അമ്മേ... അതൊരു ഉപേക്ഷിക്കപ്പെട്ട കുഞ്ഞാരുന്നു. ആർക്കും അതിനെ വേണ്ടായിരുന്നു. എനിക്ക് അതിന്റെ അമ്മയാകണമെന്നു തോന്നി. അതിന്റെ അച്ഛനാകാൻ രാജേട്ടനും സമ്മതമായിരുന്നു. ഇപ്പോഴും ഞങ്ങൾക്കതിൽ സന്തോഷമേയുള്ളൂ. ആരോടെങ്കിലും തെറ്റ് ചെയ്തതായി തോന്നുന്നുമില്ല.”

“ഇല്ലേ... ഞങ്ങളോടു ചെയ്തില്ലേടീ നീ? നിനക്ക് ഒരു വാക്ക് പറയാരുന്നല്ലോ– അമ്മേ ഞങ്ങളീ കുഞ്ഞിനെ എടുത്തു വളർത്തീതാണെന്ന്. എന്നിട്ട് നിന്റെ ഇഷ്ടംപോലെ വളർത്തിക്കോ. അമ്മയായിട്ടോ, അച്ഛനായിട്ടോ സ്വന്തമായിട്ടോ ഒക്കെ ഞങ്ങളെ ഇങ്ങനെ പറ്റിക്കണാരുന്നോ നിനക്ക്.” ശ്രീകുമാരിയമ്മ കരച്ചിലും ദേഷ്യവുംകൊണ്ട് വീർപ്പുമുട്ടിയാണ് മകളോടു കയർക്കുന്നത്. “ഞങ്ങളെന്തെല്ലാം അവൾക്കു വാങ്ങിച്ചു കൊടുത്തു. എത്രമാത്രം ഡ്രസ്,

## നോവൽ

എത്രപവന്റെ സ്വർണം. കഴിഞ്ഞ ഓണത്തിനുംകൂടി ഒന്നര പവന്റെ സ്വർണ പാദസരം വാങ്ങിച്ചു കൊടുത്തല്ലോ ഞാൻ... വിഷുവിനു സ്വർണമോതിരം. നിന്റെ മൂത്ത മകളാണല്ലോന്നു വിചാരിച്ചിട്ടല്ലേ... അല്ലെങ്കി വല്ലവന്റേം മകൾക്കു വാങ്ങിച്ചു കൊടുക്കാൻ ഞങ്ങൾക്കെന്തു സൂക്കേടാ... അപ്പഴൊന്നും നീ ഒരു വാക്ക്പോലും ഞങ്ങളോടു പറഞ്ഞില്ല."

"അല്ലിമോളറിയരുതെന്ന് വിചാരിച്ചാ അമ്മേ പറയാതിരുന്നെ... സോറി..."

"അവളറിഞ്ഞാലെന്താ... അവൾടെ തല പൊട്ടിത്തെറിക്കോ? ഇപ്പോ എല്ലാരും അറിഞ്ഞില്ലേ. പൊട്ടിത്തെറിച്ചോ? നാണമില്ലാരുന്നല്ലോ പറയാൻ. അല്ലിമോള്! പല്ലിമോളെന്നു പറയടീ."

"അമ്മ അവൾക്കു വാങ്ങിക്കൊടുത്തതൊക്കെ തിരിച്ചുതന്നേക്കാം. അല്ലെങ്കി അതിന്റെ വെല എത്രയാന്നുവെച്ചാ അതു തന്നേക്കാം."

"എന്തൊക്കെ തിരിച്ചുതന്നാലും ഈ അപമാനം ഈ ജന്മത്ത് തീരുവോടീ. ആളുകളൊക്കെ എന്നേം നിന്റച്ഛനേം വിളിച്ചോണ്ടിരിക്യാ. അയ്യേ - നിങ്ങടെ ലക്ഷ്മീടെ മോളല്ലായിരുന്നോ അത്. കഷ്ടം! നിങ്ങളുപോലും അറിഞ്ഞില്ലാരുന്നു അല്ലേ... എന്താ കഥ... സ്വന്തക്കാരെക്കൂടി പറ്റിച്ചു കളഞ്ഞല്ലോ എന്നൊക്കെ... അച്ഛനിവിടെ ചീറി നിൽക്കണൊണ്ട്. ചെലപ്പോ അങ്ങോട്ടുവരും... ചോദിക്കാൻ."



"ആരു വേണെങ്കിലും വന്നോട്ടെ അമ്മേ." ശ്രീലക്ഷ്മി ശാന്തസ്വരത്തിൽ പറഞ്ഞു: "ഞാനും രാജേട്ടനും ഒരു തെറ്റും ചെയ്തിട്ടില്ല. ഞങ്ങൾക്കതിൽ ഒറച്ച വിശ്വാസമൊണ്ട്. അതൊരു പെൺകുഞ്ഞല്ലേ അമ്മേ. അതിന്റെ അച്ഛനും അമ്മേമായിട്ടാ ഞങ്ങളിതുവരെ ജീവിച്ചെ. ഇനീം അങ്ങനെത്തന്നെ ജീവിക്കും."

"നാണമില്ലേടീ നിനക്കിതു പറയാൻ... നിന്റെ സ്വന്തം മക്കളെക്കാളും നീ എഴുന്നള്ളിച്ചോണ്ടു നടന്നത് അവളെയാണല്ലോ - റോഡീന്നു പെറുക്കിയെടുത്തവളെ. വല്ലവന്റേം സന്തതിയെ..."

"മതിയമ്മേ... നിർത്ത്. ഇതിന്റെ പേരിൽ നിങ്ങളെല്ലാരുംകൂടി, എന്താ ശിക്ഷേന്നു വെച്ചാ ഞങ്ങളെയങ്ങ് ശിക്ഷിക്ക്. ഞാൻ ഫോൺ വെക്കുവാ."

ശ്രീലക്ഷ്മി കോൾ കട്ട് ചെയ്തിട്ടു നോക്കിയപ്പോൾ അല്ലിമ വാതിലിനരികെ സംഭാഷണം കേട്ടു നിൽക്കുന്നു. ഫോണിലേക്കു വരുന്ന അടുത്ത കോൾ അവഗണിച്ചിട്ട് ശ്രീലക്ഷ്മി അവളെ അടുത്തേക്കു കൈകാട്ടി വിളിച്ചു. അല്ലിമ മുന്നിലേക്കു വന്നു.

അവളുടെ മിഴി നിറഞ്ഞിരിക്കുന്നതു കണ്ട് ശ്രീലക്ഷ്മി ശാസിച്ചു.

"ആളുകള് പല രീതിയിൽ പ്രതികരിക്കും. അതിനൊപ്പിച്ച് വെഷമിക്കാൻ നിന്നാൽ അതിനേ നേരംണ്ടാവൂ..."

"അപ്പുറത്ത് അച്ഛൻ ആരോടോ ഷൗട്ട് ചെയ്യുന്നു. അച്ഛനെ ഇത്രേം ദേഷ്യത്തിൽ കണ്ടിട്ടില്ല."

അല്ലിമയുടെ കണ്ഠമിടറി.

ശ്രീലക്ഷ്മി ഗൗരവം വെടിഞ്ഞ് വാത്സല്യത്തോടെ അവളെ ആശ്ലേഷിച്ചു.

അവളുടെ നെറ്റി തലോടിക്കൊണ്ടു പറഞ്ഞു:

"സത്യം പറഞ്ഞാ ഇന്നു മുതൽക്കാ നീ ശരിക്കും ഞങ്ങടെ മോളായത്. ഇത്രയും കാലം ഞങ്ങൾ പലരോടും ഒളിച്ചുവെച്ചു. മനസ്സില് ആ ഭാരംണ്ടാരുന്നു. ഇപ്പോ അതെല്ലാം മാറി. നീയും അങ്ങനെ കാണണം... കേട്ടോ."

അല്ലിമ കണ്ണീരോടെ തലയാട്ടി.

ശ്രീലക്ഷ്മി അവളുടെ തുനെറ്റിയിൽ ഒരുമ്മ നൽകി.

"അച്ഛനു ദേഷ്യം വരുന്നത് - ആരെങ്കിലും വിളിച്ച് കളിയാക്കീട്ടാരിക്കും. സ്വന്തക്കാരിൽനിന്നാ ഏറ്റോം കൂടുതൽ പരിഹാസം. അവർക്കാ അംഗീകരിക്കാൻ വല്യ പ്രയാസം. അല്ലാത്തവരൊക്കെ നന്നായീന്നാ പറയുന്നെ. എത്ര ഫ്രണ്ട്സ് എന്നെ വിളിച്ച് പ്രെയ്സ് ചെയ്തു പറഞ്ഞു... നിന്നെ ആരും വിളിച്ചില്ലേ?"

"എന്റെ ക്ലാസ്മേറ്റ്സും ടീച്ചേഴ്സും ഒക്കെ വിളിച്ചിട്ടുണ്ടാരുന്നു. അവർക്കെല്ലാം വല്യ സർപ്രൈസാ... ഇന്ദുമതി ടീച്ചർ എന്നോട് യൂ ആർ വെരി ലക്കി എന്നാ പറഞ്ഞത്. എന്താന്നു ഞാൻ ചോദിച്ചപ്പോ പറ്യാ-ഇത്രയും നല്ല അച്ഛനേം അമ്മേം കിട്ടിയില്ലേ... ഈശ്വരന്റെ പ്രത്യേക അനുഗ്രഹമാണെന്ന്... അതൊക്കെ എനിക്കു നല്ലോണം അറിയാം അമ്മേ."

"നല്ല മനുഷ്യർ ഒരുപാടൊണ്ട്. അതുമതി നമുക്ക് ധൈര്യമായിട്ട് ജീവിക്കാൻ... എന്നോടു മിണ്ടാതെ നടന്നിരുന്ന ഒരു സ്ത്രീയുണ്ട് ഓഫീസിൽ. പ്രസന്നകുമാരി. ഓഫീസ് ഇൻചാർജ് ആയിട്ട് അവൾക്കു നോട്ടമുണ്ടായിരുന്നു. പക്ഷേ, കമ്പനി എന്നെയാ പ്രമോട്ട് ചെയ്തത്. പ്രസന്ന ഇന്നെന്നെ ഫോണിൽ വിളിച്ചു. ശരിക്കും ഇപ്പഴാ എന്നോട് അസൂയ തോന്നുന്നതെന്നു പറഞ്ഞു. അവൾക്കെന്നോടുള്ള എല്ലാ ദേഷ്യോം പോയി."

"ചില ഫ്രണ്ട്സൊക്കെപറ്യാണ്-എന്നോടിപ്പഴാ കൂടുതൽ ഇഷ്ടം തോന്നുന്നേന്ന്."

അല്ലിമ പറഞ്ഞപ്പോൾ ശ്രീലക്ഷ്മിയുടെ കണ്ണുകൾ നിറഞ്ഞു.

"അങ്ങനെയാ മോളെ നന്മയുള്ളവർ."

"ചേച്ചിക്ക് കോൾ..." വിന്ദാര ഫോണുമായി ഊണ്മുറിയിലേക്കു വന്നു. അല്ലിമ ഫോൺ വാങ്ങി കോൾ അറ്റൻഡ് ചെയ്തു. അപ്പുറത്ത് ആലുവ റൂറൽ എസ്പിയുടെ മകൾ മധുബാലയായിരുന്നു. അവൾ വലിയ സന്തോഷത്തിലായിരുന്നു.

"അല്ലീ ഞാനിത് ഇപ്പോ എത്ര തവണ വായിച്ചൂന്നറിയോ? എന്റടുത്തുന്നുപോലും ഹൈഡ് ചെയ്തില്ലേ. ബട്ട് അയാം പ്രൗഡ് ഓഫ് യൂ ആൻഡ് യുവർ ഫാമിലി. എന്നെയും കുറച്ചുപേരൊക്കെ വിളിക്കണൊണ്ട്ട്ടോ. നീയെന്റെ ബെസ്റ്റ് ഫ്രണ്ടാണെന്ന് അറിയാവുന്നവർ... ഞാനിങ്ങനെ ഞെളിഞ്ഞ് നടക്കാ... നീയെന്റെ ഇന്റിമേറ്റാണല്ലോന്ന് ഓർത്ത്." അല്ലിമ മൂളിക്കേട്ടുകൊണ്ട് ഡൈനിങ്റൂമിൽനിന്നു ഹാളിലേക്കിറങ്ങി.

"അവൾടെ കൂടെ നിൽക്കണം കേട്ടോ."

ശ്രീലക്ഷ്മി വിന്ദാരയോടു പറഞ്ഞു.

"എന്റമ്മേ ചേച്ചീടെ കോള് പകുതീം അറ്റൻഡ് ചെയ്യണത് ഞാനും വിശുവും കൂടിയാ ഞങ്ങൾക്ക് നല്ല ത്രില്ലാണ്."

വിന്ദാര ചിരിച്ചുകൊണ്ടു പറഞ്ഞു.

"അമ്മേടെ ഫോൺ റിങ് ചെയ്യുന്നു."

അവൾ ടേബിളിലേക്കു വിരൽ ചൂണ്ടി.

ശ്രീലക്ഷ്മി അടുത്ത കോളിനു നേർക്കു നീങ്ങി. രാജഗോപാലിനു രണ്ടു ഫോണുള്ളതിൽ രണ്ടിലും ഒരേ സമയം കോൾ വന്നുകൊണ്ടിരുന്നു. ആദ്യം ഓരോന്നും മാറിമാറി എടുത്തു സംസാരിച്ച രാജഗോപാൽ പിന്നെ രണ്ടു ഫോണും ഒരേ സമയം അറ്റൻഡ് ചെയ്ത് രണ്ടു ചെവിയിലും പിടിച്ചു സംസാരിക്കാൻ തുടങ്ങി. രാജഗോപാലിന്റെ ബന്ധുജനങ്ങളുടെ വിളികളായിരുന്നു. ഏറെയും പരാതികൾ, പരിഭവങ്ങൾ, പരുഷ വാക്കുകൾ, കർക്കശമായ ശാസനകൾ, മുന്നറിയിപ്പുകൾ.... അതിനിടയിൽ സ്നേഹിതരുടെയും മറ്റു പരിചയക്കാരുടെയും അഭിനന്ദനങ്ങൾ. ഇതിനിടയിൽ അയൽക്കാരായ ചില സന്ദർശകരും വന്നു വിവരങ്ങൾ തിരക്കി പോകുന്നുണ്ടായിരുന്നു.

*** *** ***

ഗോപികയുടെ കയ്യിലായിരുന്നു ന്യൂസ് പേപ്പർ. അവൾ ടീപ്പോയിൽ പത്രം നിരത്തി വിടർത്തിവെച്ച് അതിൽ കണ്ണുനട്ടിരിക്കുകയാണ്.

"നിന്റെ വായന ഇതുവരെ കഴിഞ്ഞില്ലേ?"

ഊണുകഴിഞ്ഞു കൈ കഴുകി വന്ന കിഷോർ ചോദിച്ചു.

"ഞാനീ പടങ്ങളൊക്കെ കാണുവാ കിച്ചുവേട്ടാ." ഗോപിക പറഞ്ഞു.

സന്ദീപിന്റെ ലേഖന പരമ്പരയിൽ അല്ലിമയുടെ ശൈശവം മുതൽ പല പ്രായത്തിലുള്ള ഫോട്ടോകൾ കൊടുത്തിട്ടുണ്ട്. രാജഗോപാലിന്റെയും ശ്രീലക്ഷ്മിയുടെയും ചിത്രങ്ങളും.

"അല്ലിച്ചേച്ചി ഏതു പ്രായത്തിലും എത്ര സുന്ദരിക്കുട്ടിയായിരുന്നെന്നു നോക്കിക്കേ..."

കിഷോർ അതെല്ലാം രാവിലെതന്നെ കണ്ടതും വായിച്ചതുമാണ്.

സിറ്റൗട്ടിൽനിന്നു വൈഷ്ണവി പെട്ടെന്ന് അകത്തേക്കു കയറിവന്നു.

"കിച്ചു... അല്ലീടെ വീട്ടിൽ പോലീസ് വന്നിരിക്കുന്നു."

"ഓ-ഇനീപ്പോ കേസും അന്വേഷണോം ഒക്കെണ്ടാവും."

കിഷോർ പറഞ്ഞു.

"എന്തായാലും ഒരു വല്യ കോളിളക്കം ഉണ്ടായതുപോലെയാ..." വൈഷ്ണവി അഭിപ്രായപ്പെട്ടു. "അവിടെ രാവിലെ മുതൽക്ക് ആരൊക്കെയോ വന്നുപോകുന്നൊണ്ട്. എന്റെ പേടി ആരെങ്കിലും വേഷം മാറിവന്ന് ആ പെങ്കൊച്ചിനെ കൊന്നു കളയുമോന്നാ. ഇന്നത്തെക്കാലത്ത് അതൊക്കെ ക്വട്ടേഷനെടുത്തു ചെയ്യാനും ആളുണ്ടല്ലോ."

"അതൊന്നും ഇനിയത്ര ഈസിയല്ല മ്മേ."

കിഷോർ സിറ്റൗട്ടിലേക്കിറങ്ങി.

അവന്റെ ഫോൺ റിങ് ചെയ്തു തുടങ്ങി. കിഷോർ ഡിസ്പ്ലേ നോക്കി. സന്ദീപാണ്.

"ഹലോ സന്ദുവേട്ടാ... എവിടെയാ?"

"ഞാനിപ്പോ മണിമലയിലാ. നീയെവിടാ?"

"വീട്ടിൽ... എന്റെ സന്ദുവേട്ടാ... ഇന്നാണ് ശരിക്കുള്ള ബോംബ് പൊട്ടിയത്. അല്ലിമേടെ വീട്ടിൽ എന്തൊരു ബഹളമാ... എത്ര ആളുകളാ വരികേം പോവുകേം ചെയ്യുന്നെ. മീഡിയാക്കാരെക്കൊണ്ടു തോറ്റു."

"നിനക്ക് ഉച്ചകഴിഞ്ഞ് ഓഫീസിൽ പോണോ?"

"എന്താ. കാര്യം പറ."

"അല്ലീടെ വീട്ടിൽ പോലീസ് വന്നിട്ടൊണ്ട്. ഇടുക്കീന്ന്. നീ അല്ലീടെ വീട്ടിലേക്കു ചെന്നു കാര്യങ്ങളൊക്കെ തിരക്ക്. അവരുടെ കൂടെ നിക്കണം. വേറെയാരും ഇല്ല. രാജഗോപാലങ്കിൾ കുറച്ച് ടെൻഷനിലാണ്."

"ഞാനങ്ങോട്ട് പോകാം. പോലീസ് എന്തിനാ വന്നതെന്ന് അറിയോ?"

"അവര് സംസാരിക്കുന്നതേയൊള്ളു. നീയങ്ങോട്ടു ചെല്ല്."

"സന്ദുവേട്ടൻ എപ്പോ വരും?"

"ഞാൻ വരാൻ ലേറ്റാകും. ഇവിടുന്ന് ചില ക്ലൂസ് കിട്ടാനൊണ്ട്."

"സാരമില്ല. ഞാനങ്ങോട്ടു ചെല്ലാം. എന്നെയാരും അറസ്റ്റ് ചെയ്യാൻ പോകുന്നില്ലല്ലോ."

"ഓക്കെഡാ. റൈറ്റ്."

കോൾ കട്ടായി.

"അമ്മേ ഞാൻ അല്ലിമേടെ വീട്ടിലേക്കു പോവ്വാ... ഇപ്പോ വരാം." പിന്തിരിഞ്ഞു നോക്കാതെ പറഞ്ഞിട്ട് കിഷോർ ഇറങ്ങി ഗേറ്റ് കടന്ന് അല്ലിമയുടെ വീടിനു നേർക്കു നടന്നു. അവിടെ ഗേറ്റിനു മുന്നിൽ രണ്ടു പോലീസ് വാഹനങ്ങൾ നിർത്തിയിട്ടിട്ടുണ്ടായിരുന്നു.

(തുടരും)

# ബെംഗ്ളൂരു വിമാനത്താവളത്തിന് പുരസ്കാരം

ബെംഗ്ളൂരു: ഇന്ത്യയിലെയും ദക്ഷിണേഷ്യയിലെയും ഏറ്റവും മികച്ച വിമാനത്താവളത്തിനുള്ള പുരസ്കാരം സ്വന്തമാക്കി ബെംഗ്ളൂരു കെംപെഗൗഡ രാജ്യാന്തര വിമാനത്താവളം. ഇതോടൊപ്പം വിമാനത്താവളത്തിലെ രണ്ടാമത്തെ ടെർമിനലിന് ലോകത്തെ ഏറ്റവും മികച്ച പുതിയ വിമാനത്താവള ടെർമിനലിനുള്ള പുരസ്കാരവും ലഭിച്ചു. 2024-ലെ സ്കൈട്രാക്സ് വേൾഡ് എയർ പോർട്ട് അവാർഡ്സിലാണ് ബെംഗ്ലൂരു വിമാനത്താവളത്തിന്റെ നേട്ടം. മികച്ച ഉപഭോക്തൃ അനുഭവങ്ങൾ നല്കുന്ന വിമാനത്താവളങ്ങൾക്കും വിമാന കമ്പനികൾക്കും അംഗീകാരം നല്കുന്ന യുകെ ആസ്ഥാനമായ കൺസൾട്ടൻസിയാണ് സ്കൈട്രാക്സ്.

വിമാനത്താവളത്തിലെ സൗകര്യങ്ങൾ, ജീവനക്കാരുടെ സേവനങ്ങൾ, യാത്രക്കാരുടെ അനുഭവം തുടങ്ങിയ കാര്യങ്ങൾ കണക്കിലെടുത്താണ് പുരസ്കാരങ്ങൾ പ്രഖ്യാപിച്ചത്. ജർമ്മനിയിലെ ഫ്രാങ്ക്ഫർട്ട് പാസഞ്ചർ ടെർമിനൽ എക്സ്പോയിൽ നടന്ന അവാർഡ് ദാനച്ചടങ്ങിൽ ബെംഗ്ലൂരു ഇന്റർനാഷണൽ എയർപോർട്ട് ലിമിറ്റഡ് (ബിഐഎഎൽ) സിഇഒ ഹരി മാരാർ പുരസ്കാരം ഏറ്റുവാങ്ങി.

# ശ്രീഗുരുവായൂരപ്പൻ ക്ഷേത്രോത്സവം

(15-ാം പേജിൽനിന്നും)

അത് ജാതിയുടെയും മതത്തിന്റെയും അതിർവരമ്പുകൾക്കും അതീതമായി ആത്മീയതയുടെ യോജിപ്പുള്ള ആഘോഷത്തിൽ ആളുകളെ ഒരുമിച്ചു കൊണ്ടുവരുന്നു. ദൈവിക കൃപയുടെയും അനുഗ്രഹങ്ങളുടെയും ഓർമ്മകൾ അവശേഷിപ്പിച്ച് ഭക്തിഗാനങ്ങളുടെ പ്രതിധ്വനികൾ രാത്രിയിലേക്ക് മടങ്ങുമ്പോൾ ഉത്സവത്തിന്റെ ചൈതന്യം ദശലക്ഷക്കണക്കിന് ഹൃദയങ്ങളിൽ പ്രതിധ്വനിക്കുന്നത് തുടരുന്നു. അവരുടെ ആത്മീയ യാത്രയിൽ അവരെ പ്രചോദിപ്പിക്കുന്നു. പ്രസ്തുത ആഘോഷവേളകളിൽ ഭാഗഭാക്കാകുവാൻ ഓരോരുത്തരെയും സ്നേഹാദരങ്ങളോടെ സവിനയം ക്ഷണിച്ചുകൊള്ളുന്നു. കൂടുതൽ വിവരങ്ങൾക്ക് ബന്ധപ്പെടുക: 713 729 8994.

# കേരളത്തിൽ പ്രചാരണം അവസാനഘട്ടത്തിലേക്ക്

(9-ാം പേജിൽനിന്നും)

## എറണാകുളത്ത് എല്ലാം വ്യക്തമാണ്

മുന്നണി സ്ഥാനാർത്ഥികൾ പ്രചാരണത്തിൽ ഉഷാർ, പ്രചാരണ പരിപാടികൾ ചിട്ടയായി നടക്കുന്നു. സ്ഥാനാർത്ഥികൾക്കായി സംസ്ഥാന ദേശീയ നേതാക്കൾ എറണാകുളത്ത് വന്നുപോയി സാമൂഹിക മാധ്യമങ്ങളിലും സ്മാർട്ട് കാമ്പയിനുകളുടെ വൈബുമുണ്ട്. ഇതൊക്കെയാണെങ്കിലും കേരളത്തിലെ പകുതിയിലധികം മണ്ഡലങ്ങളിലേതു പോലെ കടുത്ത മത്സരമാണ് ഇവിടെയെന്ന് എറണാകുളത്തുകാർ വിശ്വസിക്കുന്നില്ല.

മുൻ എംപി ജോർജ് ഈഡന്റെ മകൻ, ദേശീയതലത്തിലും ശ്രദ്ധേയനായ യുവനേതാവ് എന്നീ നിലകളിലുള്ള ഹൈബി ഈഡന്റെ വ്യക്തിപ്രഭാവത്തെ യുഡിഎഫ് ഉയർത്തിക്കാട്ടുമ്പോൾ ഈ പ്രാഭവംകൊണ്ട് എറണാകുളത്തിനു കാര്യമായ നേട്ടമുണ്ടായിട്ടില്ലെന്ന് ഇടതുപക്ഷം പ്രചരിപ്പിക്കുന്നു.



ഹൈബി ഈഡൻ



കെ.ജെ. ഷൈൻ



ഡോ. കെ.എസ്. രാധാകൃഷ്ണൻ

എറണാകുളത്തെ ഇടതുമുന്നണി പെൺകരുത്തിന്റെ പ്രതീകമായാണ് സ്ഥാനാർത്ഥി കെ.കെ. ഷൈൻ ടീച്ചറെ അവതരിപ്പിക്കുന്നത്. അദ്ധ്യാപനത്തിലും സംഘടനാരംഗത്തും തിളങ്ങിയ കെ.ജെ ഷൈൻ അപ്രതീക്ഷിത സ്ഥാനാർത്ഥിയായാണ് രംഗത്തെത്തിയത്. അക്കാദമിക് മേഖലകളിൽ പതിപ്പിച്ച വ്യക്തിമുദ്രയുടെ പ്രഭാവമാണ് ബിജെപി സ്ഥാനാർത്ഥി ഡോ. കെ.എസ്. രാധാകൃഷ്ണന്റെ പ്രചാരണ വിഷയങ്ങളിൽ മുന്നിട്ടു നിൽക്കുന്നത്.

തങ്ങളുടെ കുത്തകസീറ്റ് ഈ നഗരത്തെ കൂടുതൽ സ്മാർട്ടാക്കിയ ഹൈബി ഈഡനിലൂടെ നിലനിർത്തുമെന്ന് യുഡിഎഫ് ക്യാമ്പ് ആത്മവിശ്വാസത്തോടെ പറയുന്നു.

പ്രചാരണവേദികളിൽ സ്മാർട്ടായും മികച്ച പ്രസംഗകയുമായൊക്കെ വോട്ടർമാരുടെ മനസ്സുകളിൽ വേഗത്തിൽ ഇടംനേടിയ കെ.ജെ ഷൈൻ അട്ടിമറിവിജയം നേടുമെന്നാണ് എൽഡിഎഫ് വാദം. വോട്ടുവിഹിതം ഉയർത്താനുള്ള വലിയ നിയോഗം ഡോ. കെ.എസ്. രാധാകൃഷ്ണനിലൂടെ ലക്ഷ്യം കാണുമെന്നാണ് എൻഡിഎ കണക്കുകൂട്ടുന്നത്.

## ആലത്തൂർ ആർക്കൊപ്പം

എൽഡിഎഫ് കോട്ടയായി കണക്കാക്കുന്ന ആലത്തൂരിൽ സമ്പൂർണ ആധിപത്യം നേടിയാണു കോൺഗ്രസിന്റെ രമ്യ ഹരിദാസ് കഴിഞ്ഞതവണ വിജയിച്ചത്. എൽഡിഎഫ് മാത്രമല്ല, യുഡിഎഫും ഞെട്ടിത്തരിച്ച വിജയം. കഴിഞ്ഞതവണ കോഴിക്കോട്ടുനിന്നു പുതുമുഖമായെത്തി മണ്ഡലത്തിൽ സൃഷ്ടിച്ച അട്ടിമറി വെറുതെയല്ലെന്നു തെളിയിക്കേണ്ട ബാധ്യത രമ്യക്കും യുഡിഎഫിനുമുണ്ട്.



രമ്യ ഹരിദാസ്



കെ. രാധാകൃഷ്ണൻ



ഡോ. ടി.എൻ. സരസു

വലിയൊരു ദൗത്യത്തിനു പിന്നാലെയാണു കെ. രാധാകൃഷ്ണനും സിപിഎമ്മും. കഴിഞ്ഞ തവണ നഷ്ടപ്പെട്ട ഇടതുകോട്ട തിരിച്ചുപിടിക്കുക എന്നതു തന്നെയാണ് ഇതിൽ പ്രധാനം. സംസ്ഥാന മന്ത്രിയും കേന്ദ്ര കമ്മിറ്റിയംഗവുമായ കെ. രാധാകൃഷ്ണൻ സ്പീക്കറായും മന്ത്രിയായും മികവു കാട്ടിയ വ്യക്തിയാണ്.

പ്രസ്റ്റീജ് മണ്ഡലമല്ലെങ്കിലും കഴിഞ്ഞതവണ ബിഡിജെഎസിനു നൽകിയ സീറ്റ് തിരിച്ചെടുത്താണു ബിജെപി ഇത്തവണ മത്സരിക്കുന്നത്. നിയമസഭാ തെരഞ്ഞെടുപ്പിൽ മണ്ഡലത്തിലുണ്ടായ അമ്പതിനായിരം വോട്ടിന്റെ മുന്നേറ്റമാണ് കാരണം.

## കാസർഗോഡ് രണ്ടും കൽപിച്ച്

കോൺഗ്രസിന്റെ രാജ്മോഹൻ ഉണ്ണിത്താൻ കഴിഞ്ഞ ലോക്സഭാ തെരഞ്ഞെടുപ്പിൽ ഉത്തരകേരളത്തിലെ കാസർഗോഡ് നേടിയ വിജയം 2019-ലെ വലിയ അട്ടിമറികളിലൊന്നായിരുന്നു. മൂന്നു പതിറ്റാണ്ടുകാലം ഇടതുമുന്നണി കുത്തകയാക്കിവെച്ച കോട്ടയിൽ യുഡിഎഫ് കടന്നുകയറുകയായിരുന്നു. നിയമസഭയിൽ മത്സരിച്ച് രണ്ടുതവണയും പരാജയമേറ്റുവാങ്ങേണ്ടിവന്ന ഉണ്ണിത്താന് ലോക്സഭാ തെരഞ്ഞെടുപ്പിലെ കന്നിയങ്കത്തിൽ സ്വപ്നതുല്യമായ വിജയമാണ് കാസർഗോഡ് സമ്മാനിച്ചത്.



രാജ്മോഹൻ ഉണ്ണിത്താൻ



എം.വി. ബാലകൃഷ്ണൻ



എം.എൽ. അശ്വിനി

മറുഭാഗത്ത് കഴിഞ്ഞതവണ അപ്രതീക്ഷിതമായി ഏറ്റുവാങ്ങേണ്ടിവന്ന കനത്ത തോൽവി മറക്കാൻ എൽഡിഎഫിനു മണ്ഡലം തിരിച്ചുപിടിച്ചേ തീരൂ. അതിനാൽത്തന്നെ ശക്തമായ ഒരു മത്സരത്തിനാകും ഇത്തവണ തുളുനാട് വേദിയാകുക. സിപിഎം കാസർഗഡ് ജില്ലാ സെക്രട്ടറിയും മുതിർന്ന നേതാവുമായ എം.വി. ബാലകൃഷ്ണനെയാണ് അവർ കളത്തിലിറക്കിയിരിക്കുന്നത്.

രണ്ടു നിയമസഭാ മണ്ഡലങ്ങളിൽ രണ്ടാം സ്ഥാനത്തുണ്ടെങ്കിലും ലോക്സഭാ തെരഞ്ഞെടുപ്പിൽ ഒരു ത്രികോണമത്സരം കാഴ്ചവെക്കാവുന്ന നിലയിലേക്ക് ബിജെപി ഇനിയും ഉയരേണ്ടിയിരിക്കുന്നു. മുഴുവൻ പാർട്ടി വോട്ടുകളും സമാഹരിക്കുക എന്നതാകും അവരുടെ മുഖ്യലക്ഷ്യം. മഹിളാമോർച്ച ദേശീയ നിർവാഹകസമിതിയംഗം എം.എൽ. അശ്വിനിയാണ് എൻഡിഎയുടെ സ്ഥാനാർത്ഥി.

## പാലക്കാട്ട് ത്രികോണമത്സരം

കേരളത്തിൽ ശക്തമായ ത്രികോണമത്സരം നടക്കുന്ന മണ്ഡലങ്ങളുടെ പട്ടികയിൽ പാലക്കാടുമുണ്ട്. ജനകീയ എംപി എന്നു പേരെടുത്ത സിറ്റിംഗ് എംപി വി.കെ. ശ്രീകണ്ഠനെ ഇത്തവണ നേരിടുന്നത് മുൻ എംപി കൂടിയായ സിപിഎം പോളിറ്റ്ബ്യൂറോ മെമ്പർ എ. വിജയരാഘവൻ. ബിജെപിക്കായി കച്ചമുറുക്കിയിരിക്കുന്നത് കഴിഞ്ഞ തെരഞ്ഞെടുപ്പിൽ അപ്രതീക്ഷിത മുന്നേറ്റം നടത്തിയ, മണ്ഡലത്തിനു സുപരിചിതനായ സി. കൃഷ്ണകുമാറും.



വി.കെ.ശ്രീകണ്ഠൻ



എ. വിജയരാഘവൻ



സി. കൃഷ്ണകുമാർ

# ഇന്ത്യ ഉൾപ്പെടെ രക്ഷാസമിതിയിൽ വേണമെന്ന് യുഎസ്

വാഷിങ്ടൺ: യുഎൻ രക്ഷാസമിതിയിൽ സ്ഥിരാംഗത്വത്തിനുള്ള ഇന്ത്യയുടെ നീക്കത്തെ വീണ്ടും പിന്തുണച്ച് യുഎസ്. 70 വർഷം മുമ്പത്തെ രാഷ്ട്രീയ സാഹചര്യമല്ല ഇപ്പോഴെന്നും ജി-4 രാജ്യങ്ങളായ ജപ്പാൻ, ജർമനി, ഇന്ത്യ, ബ്രസീൽ എന്നീ രാജ്യങ്ങളെ രക്ഷാസമിതിയിൽ സ്ഥിരാംഗങ്ങളാക്കാൻ വൈകരുതെന്നും യുഎന്നിലെ യുഎസ് അംബാസഡർ ലിൻഡ തോമസ് ഗ്രീൻഫീൽഡ് ടോക്കിയോയിൽ പറഞ്ഞു.

രക്ഷാസമിതിയിലെ 15 അംഗങ്ങളിൽ റഷ്യയും ചൈനയും മാത്രമാണ് ഇതിനെ എതിർക്കുന്നതെന്നും അവർ പറഞ്ഞു.

SUBSCRIPTION FORM

I.D. # ______ Date ______ Expiration Date ______

Name ______

Address ______

City ______ State ______ Zip ______

Phone: ______ Email: ______

Signature: ______

❑ Enclosing $ 200.00 for five years.
❑ Enclosing my subscription of $ 54.00 for one year.
❑ Enclosing my subscription of $99.00 for two years.
❑ Please don't send newspaper to my address.

Take Advantage Of Our New Low Rates

| Yearly | 2 Years | 5 Years |
|---|---|---|
| $ 54 00 | $ 99 00 | $ 200 00 |

Payment Method ❑ Cheque Cheque # ______

❑ Visa ❑ Mastercard ❑ Discover ❑ AMEX. Exp. Date ______

CARD ACCOUNT NUMBER

SEC. CODE:

Please make the Cheque payable to

KERALA EXPRESS

3425 CLEVELAND ST, SKOKIE, ILLINOIS 60076

630 728 7956 FAX : 773 304 1917

Subscription fee non-refundable


B&M
AUTO COLLISION CTR
Anish Eapen and Bob Trytko want
to wish you a Happy New Year
Fast and
EFFICIENT
Quality
REPAIR
4440 West Addison
Chicago, IL 60641
Tel: 773-685-3200
Fax: 773-685-7388
www.bmautocollision.com
WE WORK WITH ALL INSURANCE COMPANIES,
CALL ANISH EAPEN @ 773-263-9863


കൈരളി ടി. വി.
KAIRALI
THE MALAYALAM CHANNEL
ഒരു ജനതയുടെ ആത്മാവിഷ്ക്കാരം
എന്നും ജനങ്ങളോടൊപ്പം
KAIRALI
KAIRALI NEWS
ARABIA
Mammootty
Chairman, Kairali TV
John Brittas
Managing Director, Kairali TV
+VE VIBES
@INDIANA
Jose Kadapuram
Director in USA
Tel: 914 954 9586
email: kairalitvny@gmail.com
Jose Plackatt,
Director - Production
Tel: 972 839 9080
AMERICAN CAFE
Call:1855-734-0444
Time: SUNDAY - 9.00PM to 10.00PM.
Eastern time zone (New York)
American Cafe
AMERICAN FOCUS
Time: SUNDAY 8.30PM to 9.00PM
Eastern time zone (New York)
AMERICAN Focus
KAIRALI NEWS USA
Time: SATURDAY 8.30PM to 9.00PM
Eastern time zone (New York)
USA WEEKLY NEWS
PRODUCTION TEAM
New York:- Binu Thomas Tel: 516 322 3919.
New York:- Jacob Manuel Tel: 516 418 8406
Houston:- Abyson Abraham Tel: 914 439 6715.
Chicago:- Dominic Chollampel Tel: 847 436 6199
Pennsylvania:- Giji. Tel: 215 820 2125.
KAIRALI
THE MALAYALAM CHANNEL
dish NETWORK
Tel:1-888-605-7572
WATCH LIVE MALAYALAM CHANNELS 1 (888) 363-1777
sling മലയാളം
TELEVISION




Printed at **GRACE PRINTING**, Skokie, Illinois and Published by Grace Publications Inc. Tel: (630) 728-7956. Chief Editor : **K.M. EAPEN**. Executive Editor : **JOSE KANIYALY**